# മഴത്തുള്ളികൾ

## മലയാള പാഠാവലി

ഏഴാം പുസ്തകം

# അധ്യാപക സഹായി

IDEAL ASSOCIATION FOR MINORITY EDUCATION (IAME)
ISO 9001 - 2008 Certified

**Published by**

**IDEAL ASSOCIATION FOR MINORITY EDUCATION (IAME)**
**ISO 9001 - 2008 Certified**
**Markaz Complex Annex, Room No.B. 14, 11 Floor**
**Indiran Gandhi Road, Kozhikode 673 004**
**Phone :0495 27223208, Email: iame313@gmail.com**

**First Edition May 2019**
**Free Copy for Teachers**

# ആമുഖം

പ്രിയ അധ്യാപകരേ,

മാതൃഭാഷാപഠനം കുട്ടികളുടെ വ്യക്തിത്വവളർച്ചയിൽ ചെലുത്തുന്ന നിർണായകമായ സ്വാധീനത്തെക്കുറിച്ച് കൂടുതൽ വിവരിക്കേണ്ടതില്ലല്ലോ. മാതൃഭാഷാപഠനം കേവലമൊരു ഭാഷയെക്കുറിച്ചുള്ള പഠനം മാത്രമല്ല, നമ്മുടെ സാംസ്കാരിക സത്തയെ അടുത്തറിയാനും സ്വായത്തമാക്കാനുമുള്ള അവസരം കൂടിയാണ്. പഠിതാവിൽ മാനവിക മൂല്യങ്ങളെക്കുറിച്ചും ഭരണഘടനാ മൂല്യങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുക, സാമൂഹിക പ്രതിബദ്ധത വളർത്തുക, സേവനതല്പരതയുണ്ടാക്കുക, പൈതൃക സംസ്ക്കാരത്തെക്കുറിച്ചുള്ള തിരിച്ചറിവുണ്ടാക്കുക, ധാർമ്മിക സദാചാരബോധമുണർത്തുക തുടങ്ങിയ പാഠ്യപദ്ധതിയുടെ മുഖ്യപരിഗണനാവിഷയങ്ങൾ ഫലപ്രദമായി സാധിപ്പിച്ചെടുക്കുന്നതിലും ഭാഷാപഠനത്തിനു വലിയ പങ്കുണ്ട്.

IAME മഴത്തുള്ളികൾ- മലയാളപാഠാവലി തയ്യാറാക്കിയത് പ്രസ്തുത ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ സഹായകമാവും വിധത്തിലാണ്. ഇതു സംബന്ധമായി മഴത്തുള്ളികൾ - അഞ്ചാം പുസ്തകത്തിന്റെ ആമുഖത്തിൽ വിശദമാക്കിയിട്ടുണ്ട്. അധ്യാപകർ ആ ഭാഗം വായിച്ചു മനസ്സിലാക്കേണ്ടതാണ്.

ആറാംക്ലാസിലെ വ്യവഹാര രൂപങ്ങളുടെ തുടർച്ച തന്നെയാണ് ഏഴാംക്ലാസിലെ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഉയർന്ന ക്ലാസുകളിലേക്കെത്തുമ്പോൾ അതിനനുസരിച്ച് കുട്ടികളുടെ പഠനനിലവാരത്തിലും മാറ്റം വരുത്തേണ്ടതുണ്ട്. ആ നിലയ്ക്കുള്ള പ്രവർത്തനങ്ങൾ കണ്ടെത്തി കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കാൻ അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

അധ്യാപകർക്കായി തയ്യാറാക്കിയ ഈ കൈപ്പുസ്തകം പാഠപുസ്തകത്തിന്റെ വ്യഖ്യാനമോ പഠിപ്പിക്കേണ്ട കാര്യങ്ങളുടെ പൂർണവിവരണമോ കവിതകളും കഥകളും മറ്റുമുൾക്കൊള്ളുന്ന ആശയതലങ്ങളുടെ അവസാനവാക്കോ അല്ല. വെറുമൊരു പ്രവേശകം മാത്രമാണ്. പാഠഭാഗങ്ങൾ ഫലപ്രദമായി എങ്ങനെ അവതരിപ്പിക്കണമെന്നും ക്ലാസ്റൂം പ്രവർത്തനങ്ങൾ എങ്ങനെ രസകരവും മടുപ്പുളവാക്കാത്തതും ശിശുകേന്ദ്രീകൃതവുമാക്കാമെന്നും തീരുമാനിക്കേണ്ടതും നടപ്പിൽ വരുത്തേണ്ടതും അധ്യാപകരാണ്. അതിനുള്ള പൂർണസ്വാതന്ത്ര്യം അധ്യാപകർക്കുണ്ട്. അധ്യാപകസഹായിയുടെ വലയത്തിനുള്ളിൽ ഒതുങ്ങരുതെന്നർത്ഥം. നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി വിനിമയം ചെയ്യുന്നതിൽ ശ്രദ്ധചെലുത്തണം. വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയാൽ ക്ലാസ്റൂം പ്രവർത്തനങ്ങൾ കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കാൻ കഴിയും. എങ്ങനെയായാലും കുട്ടികളിൽ ഭാഷാപഠനത്തോടൊപ്പം മൂല്യബോധം കൂടി വളർത്താനുള്ള ശ്രമങ്ങൾ അധ്യാപകരുടെ ഭാഗത്തുനിന്നുണ്ടാവണം. അതിനു കഴിയട്ടെ എന്ന് ആശംസിക്കുന്നു.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് നമ്പർ |
| **യൂണിറ്റ് 1** | **സ്നേഹം താൻ ശക്തി** | **5** |
| 1. | രണ്ടു കുട്ടികൾ | 9 |
| 2. | അമ്മയും മകനും | 16 |
| 3. | കരുണയുടെ കരങ്ങൾ | 23 |
| **യൂണിറ്റ് 2** | **മലയാളത്തിൻ മാദകഭംഗി** | **30** |
| 4. | ചിങ്ങപ്പുലരി | 34 |
| 5. | കേളികേട്ട കലകൾ | 38 |
| 6. | അമ്മ മലയാളം | 44 |
| 7. | അറബിമലയാളത്തിന്റെ മധുരം | 50 |
| **യൂണിറ്റ് 3** | **നല്ല കാഴ്ച, നല്ല കേൾവി** | **55** |
| 8. | ആയിരത്തൊന്നു രാവുകൾ | 59 |
| 9. | മരുഭൂമിയിലെ കാഴ്ച | 64 |
| 10. | നിത്യമാകുന്നതീശ്വരൻ | 69 |
| 11. | ദയാനിധിയായ പ്രവാചകൻ | 73 |
| **യൂണിറ്റ് 4** | **സ്വാതന്ത്ര്യം തന്നെ ജീവിതം** | **80** |
| 12. | ഗാന്ധിജിയും അഹിംസയും | 85 |
| 13. | നാവടക്കം | 89 |
| 14. | ഉമർഖാസി – ധീരനായ സമരനായകൻ | 95 |
| 15. | പതിനാലാമത്തെ മെമ്പർ | 99 |
| **യൂണിറ്റ് 5** | **നമ്മേ നമ്പി നാടിരുക്ക്** | **106** |
| 16. | പണിതീരാത്ത വീട് | 110 |
| 17. | ജലഗോപുരം തകരുമ്പോൾ | 116 |
| 18. | വെള്ളപ്പൊക്കമാല | 123 |

## യൂണിറ്റ്-1

# സ്നേഹം താൻ ശക്തി

**ആമുഖം**

സ്നേഹമാണ് ജീവിതത്തിന്റെ അന്തർധാര. ജീവിതത്തിനു മൂല്യവും ചൈതന്യവും നൽകുന്നതും ചലനാത്മകമാക്കുന്നതും സ്നേഹം തന്നെ. സ്നേഹത്തിന് പല മുഖങ്ങളുണ്ട്. മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളോടുള്ള സ്നേഹം, മക്കൾക്ക് മാതാപിതാക്കളോടുള്ള സ്നേഹം, ഭാര്യാഭർത്താക്കന്മാർ പരസ്പരമുള്ള സ്നേഹം, കാമുകീകാമുകന്മാർ തമ്മിലുള്ള സ്നേഹം, സഹോദരീസഹോദരന്മാർ തമ്മിലുള്ള സ്നേഹം, സുഹൃത്തുക്കൾ പരസ്പരമുള്ള സ്നേഹം, സർവ്വ മനുഷ്യരോടുമുള്ള സ്നേഹം, സഹജീവി സ്നേഹം, പ്രകൃതി സ്നേഹം, മഹാത്മാക്കളോടുള്ള സ്നേഹം, സർവ്വോപരി സ്രഷ്ടാവായ ഈശ്വരനോടുള്ള സ്നേഹം എന്നിങ്ങനെ സ്നേഹത്തിന്റെ മുഖങ്ങളും തലങ്ങളും വിശാലമാണ്. ഇവയിലോരോ സ്നേഹത്തിന്റെയും പ്രകടനരീതികളും വ്യത്യസ്തമാണ്. ആ വ്യത്യാസം തിരിച്ചറിഞ്ഞുകൊണ്ട് സ്നേഹങ്ങളെയെല്ലാം നിലനിർത്തുകയെന്നതാണ് ഉത്തമമനുഷ്യന്റെ ലക്ഷണം.

സ്നേഹമാണു ജീവിതത്തിന് ശക്തി പകരുന്നത്. പ്രതീക്ഷയും ശുഭാപ്തിവിശ്വാസവും സൗഖ്യവും സമാധാനവും നൽകുന്നതും സ്നേഹം തന്നെ. സ്നേഹിക്കാനൊരാളുമില്ലെങ്കിൽ, ആരാലും സ്നേഹിക്കപ്പെടുന്നില്ലെങ്കിൽ ഈ ജീവിതം അർത്ഥശൂന്യമാവും. അത്തരമൊരാൾക്ക് ജീവിതം തുടരാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. സ്നേഹത്തിന്റെ ഈ വൈവിധ്യവും വൈപുല്യവും അനിവാര്യതയും കുട്ടികളുടെ മനസ്സിൽ രൂഢമൂലമാവേണ്ടതുണ്ട്. അവർ സ്നേഹത്തെ അറിയുകയും സ്നേഹം ഉൾക്കൊള്ളുകയും സ്ന്ഹിക്കുകയും വേണം. അതിനു സഹായകമായിരിക്കണം വിദ്യാഭ്യാസരീതികളും പാഠ്യപദ്ധതികളുമെല്ലാം.

സ്നേഹത്തിന്റെ ഈ പ്രാധാന്യം പരിഗണിച്ചുകൊണ്ടാണ് മഴത്തുള്ളികൾ - മലയാള പാഠാവലി ഏഴാം പുസ്തകത്തിൽ ഒന്നാമത്തെ യൂണിറ്റ് സംവിധാനം ചെയ്തിരിക്കുന്നത്. ബാലാമണിയമ്മയുടെ 'രണ്ടു കുട്ടികൾ' എന്ന കവിതയാണ് ഒന്നാമത്തെ പാഠം. ഇണക്കവും പിണക്കവും കുട്ടികൾക്കിടയിൽ സർവസാധാരണമാണ്, പിണക്കത്തിന്റെ നിമിഷങ്ങളിൽ അനുഭവിക്കുന്ന മാനസികപ്രയാസവും മന:സാക്ഷിക്കുത്തും വീണ്ടും അടുക്കാനുള്ള ത്വരയും പിണങ്ങിക്കടന്നുപോകുന്ന നിമിഷങ്ങളെക്കുറിച്ചുള്ള വ്യഥയുമാണ് കവിതയിലെ പ്രതിപാദ്യം.

'അമ്മയും മകനും' കമലാസുരയ്യയുടെ നൊമ്പരമുണർത്തുന്ന ഒരു കഥയാണ്. അമ്മ മകനെ അഗാധമായി സ്നേഹിക്കുന്നു. അവനുവേണ്ടി സമർപ്പിതമാണവരുടെ ജീവിതം. ജീവിതത്തിലെ സുഖങ്ങൾപോലും ത്യജിച്ച് മകനുവേണ്ടി ജീവിക്കുന്ന അമ്മ. ആ അമ്മയെ വെറുക്കുന്ന മകൻ, മകന്റെ സ്നേഹശൂന്യത തിരിച്ചറിഞ്ഞ് നൊമ്പരത്തിലാകുന്ന അമ്മ, അമ്മയുടെ ദാരുണ മരണം......... ഇങ്ങനെ സ്നേഹത്തിന്റെ മറ്റൊരു മുഖമാണ് ഈ കഥയിൽ തെളിയുന്നത്.

മൂന്നാമത്തേത് ഒരു ലേഖനമാണ്. സാന്ത്വനപരിചരണ സംവിധാനത്തിലേക്കു നയിച്ച അനുഭവ വിവരണത്തിൽ തുടങ്ങി കേരളത്തിൽ വലിയൊരു പ്രസ്ഥാനമായി വളർന്ന പാലിയേറ്റീവ് കെയറിന്റെ ലക്ഷ്യവും പ്രവർത്തനരീതിയും വ്യക്തമാക്കുന്നുണ്ട് ഈ ലേഖനത്തിൽ. സ്നേഹത്തിന്റെ മറ്റൊരു മുഖമാണ് ഈ പാഠഭാഗത്തു കാണുന്നത്. അവശതയനുഭവിക്കുന്നവരെ കാരുണ്യത്തോടെ കാണാനും ദയാപൂർവ്വം അവർക്കു തുണയാവാനും പ്രചോദനമേകുന്ന സ്നേഹത്തിന്റെ വിശാലമായ മാനവികമുഖം നമുക്കിവിടെ ദർശിക്കാം. കുട്ടികളുടെ മനസ്സിൽ ദയയും കാരുണ്യവും അങ്കുരിപ്പിക്കാനും ജനസഹായ വീഥിയിലേക്ക് അവരെ പ്രോത്സാഹിപ്പിച്ചിറക്കാനും ഈ പാഠഭാഗം പ്രയോജനകരമാകണം.

**പ്രവേശക പ്രവർത്തനം**

കുമാരനാശാന്റെ 'ചണ്ഡാലഭിക്ഷുകി' എന്ന കവിതയിൽ നിന്നെടുത്ത നാലുവരിയാണ് പ്രവേശകമായി നൽകിയിരിക്കുന്നത്. സ്നേഹത്തിന്റെ മാഹാത്മ്യം സൂചിപ്പിക്കുന്ന വരികളാണിവ. സ്നേഹത്തിന്റെ വിശാലമായ ആശയതലങ്ങളിലേക്കു ശ്രദ്ധ തിരിക്കുന്നുണ്ട് ഈ നാലുവരി കവിത. സ്നേഹത്തിൽനിന്നാണു ലോകം ഉദയം കൊള്ളുന്നത്. ജീവജാലങ്ങളുടെയെല്ലാം പിറവി സ്നേഹപൂർണമായ സംഗമത്തിൽ നിന്നാണ്. പിന്നീട് സ്നേഹപൂർണമായ പരിചരണത്തിലൂടെയാണ് കുഞ്ഞുങ്ങൾ വളർച്ച നേടുന്നത്. ലോകത്തിനു ശക്തി നൽകുന്നതും സ്നേഹസംഗമങ്ങൾ തന്നെയാണ്. ആർക്കും ഏകനായി, മറ്റാരെയും ആശ്രയിക്കാതെ ജീവിക്കാനൊക്കില്ല. ആവശ്യങ്ങൾക്കായി മറ്റുള്ളവരെ, മറ്റുള്ളവയെ ആശ്രയിക്കുമ്പോൾ തന്നെ അന്തർധാരയായി സ്നേഹം വന്നുചേരും. അവിടെ സ്നേഹത്തിന്റെ നീരുറവയില്ലെങ്കിൽ എല്ലാം ശിഥിലമായിപ്പോകും. മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കുമെല്ലാം ആനന്ദം പകരുന്നതും സ്നേഹം തന്നെ.

കുട്ടികൾ കവിതാവരികൾ വായിക്കട്ടെ.

എന്തൊക്കെയാണ് ആ വരികളിൽ സൂചിപ്പിക്കുന്നത്?

ക്ലാസിൽ തുറന്ന ചർച്ച നടക്കട്ടെ. സ്നേഹത്തെക്കുറിച്ച് കുട്ടികൾ മനസ്സിലാക്കിയിട്ടുള്ളതെല്ലാം തുറന്നു പറയട്ടെ.

ടീച്ചർ ക്രോഡീകരിക്കുന്നു: ഈ ലോകത്തിൽ ജീവജാലങ്ങളെല്ലാം പിറക്കുന്നത് സ്നേഹപൂർണമായ ഒത്തുകൂടലിലൂടെയാണ്; സ്നേഹപൂർണമായ പരിചരണത്തിലൂടെയാണ് എല്ലാ വിഭാഗവും വളർന്നു വരുന്നതും. സ്നേഹപൂർണമായ സഹകരണമുണ്ടാകുമ്പോഴാണ് ലോകത്തിന്റെ ശക്തി വെളിപ്പെടുന്നത്; എല്ലാവർക്കും ആനന്ദം പകരുന്നതും സ്നേഹം തന്നെ.

കുട്ടികൾ മനസ്സിലാക്കിയ ആശയമനുസരിച്ച് കുറിപ്പ് തയ്യാറാക്കട്ടെ.

യൂണിറ്റ് 1

# യൂണിറ്റ് വിശകലനം

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ വ്യവഹാര /പ്രകടിതരൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • കവിതകളുടെ കാലം, ചമത്കാരഭംഗി തുടങ്ങിയവമനസ്സിലാക്കുകയും കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>•കവിത ഉൾക്കൊള്ളുന്ന ആശയത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് ജീവിതസന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.<br>•ശീർഷകത്തിന്റെ പ്രാധാന്യം തിരിച്ചറിയുകയും കണ്ടെത്തുകയും ചെയ്യുന്നു.<br>•ക്രിയ എന്തെന്ന് മനസ്സിലാക്കുന്നു | രണ്ടു കുട്ടികൾ | •സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും പ്രാധാന്യം വിളംബരം ചെയ്യുന്നവയാണ് ബാലാമണിയമ്മയുടെ കവിതകൾ<br>•ജീവിതത്തിലെ ഓരോ നിമിഷവും വിലപ്പെട്ടതാണ്. പരസ്പരം പിണങ്ങിയും പഴിപറഞ്ഞും ഒരു നിമിഷവും നഷ്ടപ്പെടുത്തരുത്<br>•ശബ്ദതലത്തിലും ആശയതലത്തിലും അലങ്കാരങ്ങളുണ്ട്. അവ കവിതയെ ആകർഷകമാക്കുന്നു. | കവിതാവായനയും വിശകലനവും<br>വിശകലനക്കുറിപ്പ് തയ്യാറാക്കൽ<br>സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും പ്രാധാന്യം ചർച്ചചെയ്യൽ.<br>അലങ്കാരപ്രയോഗങ്ങൾ കണ്ടെത്തൽ<br>അനുഭവക്കുറിപ്പ് തയ്യാറാക്കൽ. | കവിതാലാപനം<br>വിശകലനക്കുറിപ്പ്<br>ചർച്ചക്കുറിപ്പ്<br>കുറിപ്പ്<br>അനുഭവക്കുറിപ്പ് | വിശകലനക്കുറിപ്പ്<br>•ആശയ വ്യക്തത<br>•വിശകലനശേഷി<br>•അഭിപ്രായങ്ങളുടെ യുക്തി<br>•അനുയോജ്യഭാഷ<br>ചർച്ചാകുറിപ്പ്<br>•ആശയവ്യക്തത<br>•പങ്കാളിത്തം<br>•ഭാഷ<br>അലങ്കാര-ചർച്ചക്കുറിപ്പ്<br>•ശബ്ദാവർത്തനം<br>•അക്ഷരാവർത്തനം<br>•അർത്ഥാലങ്കാരം |
| •കഥകൾ, നോവലുകൾ, തുടങ്ങിയ സർഗ്ഗാത്മകരചനകൾ വായിക്കുകയും അവയിലെ പ്രമേയം, ഭാഷ തുടങ്ങിയവ മനസ്സിലാക്കുകയും ചെയ്യുന്നു.<br>•കഥയിലെ പ്രമേയം ചർച്ചാവിഷയമാക്കി പാഠങ്ങൾ ഉൾക്കൊള്ളുന്നു.<br>•സാഹിത്യകാരന്മാരുടെ ജീവചരിത്രക്കുറിപ്പുകൾ തയ്യാറാക്കുന്നു<br>•വിഭക്തിയും പ്രത്യയവും തിരിച്ചറിയുന്നു. വാക്യപ്രയോഗ പരിശീലനം നേടുന്നു<br>•ഡയറി, പ്രതികരണക്കുറിപ്പ്, നിരൂപണം എന്നീ വ്യവഹാര രൂപങ്ങളെക്കുറിച്ച് മനസ്സിലാക്കി രചനയിലേർപ്പെടുന്നു. | അമ്മയും മകനും | •മാതാവിന് സ്വന്തം കുഞ്ഞുങ്ങളോടുള്ള സ്നേഹവാത്സല്യങ്ങൾ അപാരമാണ്. എന്നാൽ മക്കൾ പലപ്പോഴും അതു തിരിച്ചറിയുന്നില്ല<br>•അമ്മയുടെ അഭാവത്തിലാണ് ആ സാന്നിധ്യത്തിന്റെ മൂല്യം പലരും മനസ്സിലാക്കുന്നത്<br>•മാതൃസ്നേഹത്തിനും വാത്സല്യത്തിനും കഥകളിൽ ഏറെ പ്രാധാന്യം നൽകിയ കഥാകാരിയാണ് കമല സുരയ്യ.<br>•ഭാഷ ഫലപ്രദമായി പ്രയോഗിക്കാൻ വ്യാകരണപഠനം അനിവാര്യമാണ്. | കഥ ഭാവമുൾക്കൊണ്ടു വായിക്കൽ<br>കഥാപാത്ര വിശകലനം<br>ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ<br>പ്രതികരണക്കുറിപ്പ് തയ്യാറാക്കൽ<br>ഡയറി എഴുതൽ<br>ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കൽ /പുതിയ ശീർഷകം കണ്ടെത്തൽ | കഥാപാത്രനിരൂപണം<br>ജീവചരിത്രക്കുറിപ്പ്<br>പ്രതികരണക്കുറിപ്പ്<br>ഡയറിക്കുറിപ്പ്<br>ശീർഷകം | കഥാപാത്ര നിരൂപണം<br>•സ്വഭാവസവിശേഷതകൾ<br>•കഥയിലെ സ്ഥാനം<br>•വികാസപരിണാമങ്ങൾ<br>•മറ്റു കഥാപാത്രങ്ങളുമായുള്ള ബന്ധം<br>•ഭാഷ<br>പ്രതികരണക്കുറിപ്പ്<br>•സ്വാഭിപ്രായ സമർത്ഥനം<br>അനുയോജ്യ ഭാഷ<br>ശീർഷകത്തിന്റെ ഔചിത്യം<br>•ഔചിത്യഭംഗി<br>•ശീർഷകത്തിന് കഥയിലെ ആശയവുമായുള്ള ബന്ധം |

# യൂണിറ്റ് വിശകലനം

യൂണിറ്റ് 1

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ വ്യവഹാരപ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • ലേഖനം, ഉപന്യാസം എന്നിവ വായിച്ച് ആശയമുൾക്കൊള്ളുകയും അവ ജീവിതത്തിൽ അനുയോജ്യ സന്ദർഭങ്ങളിൽ പ്രയോഗവത്കരിക്കുകയും ചെയ്യുന്നു.<br>•കവിതാവരികളും നിർദ്ദിഷ്ട ആശയങ്ങളും താരതമ്യം ചെയ്തു കുറിപ്പ് തയ്യാറാക്കുന്നു.<br>•അഭിമുഖ ചോദ്യാവലി, പ്രതികരണക്കുറിപ്പ് എന്നിവ തയ്യാറാക്കാനുള്ള പരിശീലനം നേടുന്നു.<br>•വിഭക്തി പ്രത്യയങ്ങൾ തിരിച്ചറിയുന്നു<br>•തെറ്റായ പ്രയോഗങ്ങൾ കണ്ടെത്തുകയും തിരുത്തുകയും ചെയ്യുന്നതിൽ പരിശീലനം നേടുന്നു. | കരുണയുടെ കരങ്ങൾ | •സ്വന്തം താല്പര്യങ്ങളിൽ മാത്രം മുഴുകി ജീവിക്കുന്നവർ ജീവിതസാഫല്യം കണ്ടെത്തുന്നില്ല.<br>•സാന്ത്വനവും സഹായവും അർഹിക്കുന്നവർ നമ്മുടെ ചുറ്റും ധാരാളമുണ്ട്. അവരെ കണ്ടെത്തി സഹായവും സാന്ത്വനവും നൽകുമ്പോഴാണ് ജീവിതം അർത്ഥപൂർണ്ണമാകുന്നത്.<br>•കൂട്ടായ്മയിലൂടെ നമുക്കു വലിയ സേവനങ്ങൾ ചെയ്യാൻ കഴിയും<br>•ഭാഷാപ്രയോഗത്തിൽ ധാരാളം അപാകതകൾ കണ്ടെത്താറുണ്ട്. | ഗദ്യഭാഗം ആശയമുൾക്കൊണ്ടുകൊണ്ടുള്ള വായന<br><br>താരതമ്യക്കുറിപ്പ് തയ്യാറാക്കൽ<br><br>ഡയറിക്കുറിപ്പ് തയ്യാറാക്കൽ<br><br>എഡിറ്റിംഗ്<br><br>അഭിമുഖചോദ്യാവലി തയ്യാറാക്കൽ<br><br>വിശകലനക്കുറിപ്പ് തയ്യാറാക്കൽ | വായന<br><br>താരതമ്യക്കുറിപ്പ്<br><br>ചോദ്യാവലി<br><br>ഡയറിക്കുറിപ്പ്<br><br>എഡിറ്റ് ചെയ്ത വാക്യങ്ങൾ<br><br>വിശകലനക്കുറിപ്പ് | താരതമ്യ ക്കുറിപ്പ്<br>•ആശയം വ്യക്തമാക്കിയിട്ടുണ്ട്.<br>• ആശയങ്ങൾ താരതമ്യം ചെയ്തിട്ടുണ്ട്<br>•സ്വാഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.<br>•അനുയോജ്യമായ ഭാഷ പ്രയോഗിച്ചിട്ടുണ്ട്.<br><br>എഡിറ്റിംഗ്<br>•ആശയവ്യക്തത.<br>•പരസ്പര ബന്ധം.<br>•അനുയോജ്യമായ ഭാഷ.<br><br>വിശകലന ക്കുറിപ്പ്<br>•ആശയവ്യക്തത.<br>•വിശകലനശേഷി.<br>•അഭിപ്രായങ്ങളുടെ യുക്തി.<br>•അനുയോജ്യ ഭാഷ. |

പാഠം -1

# രണ്ടു കുട്ടികൾ

ബാലാമണിയമ്മയുടെ 'സോപാനം' എന്ന കവിതാസമാഹാരത്തിൽ നിന്നെടുത്തതാണ് രണ്ടുകുട്ടികൾ എന്ന കവിത. 'മാതൃത്വത്തിന്റെ കവി' എന്നാണ് ബാലാമണിയമ്മ അറിയപ്പെടുന്നത്. കുട്ടികളുടെ ഭാവചലനങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും അതിന്റെ സ്ഫുരണങ്ങൾ കവിതയിൽ ആവാഹിച്ചെടുക്കുകയും ചെയ്തിട്ടുണ്ടവർ.

'രണ്ടു കുട്ടികൾ' കുട്ടികൾക്കിടയിൽ സാധാരണയുണ്ടാവുന്ന പിണക്കത്തെ പ്രമേയമാക്കി രചിച്ച കവിതയാണ്. ഇണക്കവും പിണക്കവും കുട്ടികൾക്കിടയിൽ നൈമിഷികമായുണ്ടാവുന്നതാണെങ്കിലും പിണക്കം മനസ്സുകളിൽ തീർക്കുന്ന നീറ്റലുകളും നൊമ്പരങ്ങളും ഭാവാത്മകമായി ഈ കവിതയിൽ അവതരിപ്പിച്ചിരിക്കുന്നു.

മനോഹരമായ പുഴവക്കത്ത് കളിക്കാൻ വന്നതാണവർ. എന്തോ കാരണത്താൽ അവർ പിണങ്ങി. കഠിനമായ വാക്കുകൾ കൊണ്ടവർ പരസ്പരം കുത്തിനോവിച്ചു. ഒന്നും സംസാരിക്കാതെ, ഓടിച്ചാടിക്കളിക്കാതെ മുഖം വീർപ്പിച്ചിരുന്നു. എത്രനേരമാണിങ്ങനെയിരിക്കുക; കളിക്കാനായി നീക്കിവച്ച വിലപ്പെട്ട സമയം വെറുതെ നഷ്ടമായിപ്പോകുന്നു. അതിനിടെ ഒരു കുട്ടിയുടെ മനസ്സിലുണ്ടായ കുറ്റബോധത്തിൽ നിന്നാണു കവിതയാരംഭിക്കുന്നത്.

**ആശയം:** എന്റെ പ്രിയപ്പെട്ട കൂട്ടുകാരാ, വെറുതെയുള്ള ഈ മത്സരം മതിയാക്കൂ. മനോഹരമായ ഈ പുൽച്ചാർത്തിൽ ഉരുണ്ടുകളിക്കാൻ വരൂ. നമുക്കു വീണ്ടും കളി തുടങ്ങാം.പരസ്പരം പുൽകിക്കൊണ്ട് മനോഹരമായ ഈ പുഴയോരത്ത് കളിക്കാൻ വന്നതാണല്ലോ നമ്മൾ.

എന്നിട്ടോ, പുഴവക്കത്ത് വിരിഞ്ഞും തേൻനിറഞ്ഞ് വിരിയാറായും വിളങ്ങുന്ന പൂക്കൾ പറിച്ചുകൂട്ടാതെ, മഴവില്ലിന്റെ ശോഭ വിതറിപ്പറന്നുപോകുന്ന പറവകളുടെ പിന്നാലെ പായാതെ കൊടുംവാക്കുകൾ പറഞ്ഞു പരസ്പരം കുത്തിനോവിക്കുന്നതും ചിന്തകളാൽ ചരൽക്കല്ലെടുത്തെറിയുന്നതും എന്തിനാണ്? ഈ പിണക്കത്തിലൂടെ, ഭൂമി ഇതേവരെയറിഞ്ഞ വേദനകളെല്ലാം നാം അനുഭവിച്ചുകഴിഞ്ഞല്ലോ. (കഠിനമായ മനോവേദനയെ സൂചിപ്പിക്കുന്നു.)

മൃദുവായി തലോടാറുള്ള കൈകൾകൊണ്ട് ചെറിയൊരു ഉന്തലുണ്ടായത് ഇത്ര വലിയ യാതനയായി കാണേണ്ടതുണ്ടോ? (പിണക്കത്തിന് അത്ര വലിയ കാരണമൊന്നുമുണ്ടായിട്ടില്ലെന്ന് സൂചന.)

വരൂ പ്രിയപ്പെട്ട ചങ്ങാതീ, വെറുതെയുള്ള ഈ മത്സരം ഒഴിവാക്കി ഇളം പുൽക്കൂട്ടത്തിൽ ഉരുണ്ടു കളിക്കാൻ വരൂ. കുഞ്ഞുമക്കളുടെ കുസൃതികൾ നോക്കിക്കാണുന്ന അമ്മയുടെ വിടർന്ന കണ്ണുകൾപോലെ വാനം മിന്നുന്നതു കാണുന്നില്ലേ! വാനത്തിന്റെ പ്രേമപൂർണമായ ആ സൗമ്യനോട്ടത്തിൻ മുന്നിൽ ഒന്നും അപരാധവും അപമാനവുമായി കാണേണ്ടതില്ലല്ലോ.

നേരം പോകുന്നു. ഇതാ വെയിലിനു ചൂടുപിടിച്ചു കഴിഞ്ഞു. നട്ടുച്ചയായി, വടവൃക്ഷത്തിനു മുകളിലിരുന്നു ഗരുഡൻ ശബ്ദിക്കുന്നതു കേട്ടില്ലേ! അല്പം കഴിയുമ്പോൾ പറവകളുടെ സായാഹ്നസമയത്തെ പാട്ടുകൾ കേൾക്കാൻ തുടങ്ങും. അങ്ങനെ വിചിത്രമായ അനുഭൂതികളുമായി ഒരു ദിവസം കടന്നുപോകും.

ഇതും നമുക്ക് ഒരു കളിയായി കാണാം. ഈ കളി കഴിഞ്ഞു നാം പരസ്പരം കൈവിരലുകൾ കോർക്കുമ്പോൾ അതിലൂടെ സ്നേഹം വന്നുചേരുമല്ലോ. അങ്ങനെ ശണ്ഠകൂടി വെറുതെ ഒരുദിവസം നഷ്ടപ്പെടുത്തിയ, പക്വതയെത്തിയിട്ടില്ലാത്ത രണ്ടുപേരുടെ ശാശ്വതമായ നേട്ടമായി ആ സ്നേഹം മാറുമല്ലോ.

മനോഹരമായ അലങ്കാരകല്പനകളാൽ സമ്പന്നമാണ് ഈ കവിത. ചിലയിടത്ത് ഉയർന്ന ഭാവതലത്തിലേക്ക് വിചാരങ്ങൾ ഉയർന്നുപോകുന്നുണ്ടെങ്കിലും ആശയതലം കുട്ടികളുടെ മനോഭാവത്തിൽ തന്നെ ഒതുങ്ങുന്നുണ്ട്. ആ നിലയിൽ തന്നെ കവിതയുടെ ആശയം അവതരിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഗഹനമായ ആശയതലത്തിലേക്കു നയിക്കാൻ ശ്രമിക്കേണ്ടതില്ല.

## പാഠാവതരണം

കുട്ടികളുമായി സൗഹൃദസംഭാഷണത്തിലൂടെ ആരംഭിക്കുന്നു.

- കൂട്ടുകാരുമായി പിണങ്ങാറുണ്ടോ നിങ്ങൾ?
- നിങ്ങളിൽ ആരൊക്കെയാണിപ്പോൾ പിണങ്ങിക്കഴിയുന്നത്?
- പിണങ്ങിയാൽ നിങ്ങൾക്കെന്തനുഭവമാണ് ഉണ്ടാവാറുള്ളത്; സങ്കടമോ ദു:ഖമോ മനോവേദനയോ വെറുപ്പോ അതോ സന്തോഷമോ?
- പെട്ടെന്നു പിണക്കം തീർക്കാൻ തോന്നാറുണ്ടോ?
- കൂട്ടുകാരൻ/കൂട്ടുകാരി പിണക്കം തീർക്കാൻ വന്നാൽ നിങ്ങളവരെ സ്വീകരിക്കുതെങ്ങനെ?

പിണക്കത്തെക്കുറിച്ചുള്ള കവിതകൾ പഠിച്ചിട്ടുണ്ടോ നിങ്ങൾ? അത്തരമൊരു കവിത വായിക്കാം. ടീച്ചറുടെ നിർദ്ദേശപ്രകാരം കുട്ടികൾ മൗനമായി കവിത വായിക്കുന്നു.

## ആശയവിശകലനം

ആദ്യവരികളിലെ പോരും, പോരൂ എന്നീ പദങ്ങളുടെ അർത്ഥം വ്യക്തമാക്കിക്കൊടുക്കാം

:

- പോരും+ ഇപ്പാഴ്മത്സരം, പോരും+എൻ പ്രിയതോഴാ (പോരും = മതിയായി)
- പുൽച്ചാർത്തിന്മേൽ ഉരുളാൻ പോരൂ (പോരൂ=വരൂ)
- പോരും +ഇപ്പോരിങ്കൽ (ഈ പോരിങ്കൽ = ഈ കലഹത്താൽ)

ആശയഗ്രഹണത്തിനു സഹായകമായി ചോദ്യങ്ങൾ ചോദിക്കാം:

- കുട്ടികൾ പുഴവക്കത്തെത്തിയതെന്തിനാണ്?
- എന്തെല്ലാം കളികളാണവർ കളിക്കാറുള്ളത്?
- ഇപ്പോഴവർ എന്തുചെയ്യുകയാണ്?
- അവർ കഠിനമായ മനോവേദന അനുഭവിക്കുന്നുവെന്ന് എങ്ങനെയാണ് സൂചിപ്പിക്കുന്നത്?
- പിണങ്ങാൻ വലിയ പ്രശ്നമൊന്നുമുണ്ടായിട്ടില്ലെന്ന് സൂചിപ്പിക്കുന്ന വരികളേത്?
- മിന്നുന്ന വാനത്തെ സങ്കൽപ്പിച്ചിരിക്കുന്നതെങ്ങനെ?
- പിണങ്ങിയിരുന്നു സമയം കടന്നുപോകുന്നു എന്ന് ഏതെല്ലാം വരികളിലൂടെ സൂചിപ്പിക്കുന്നു?
- വീണ്ടും അവർക്കിടയിൽ സ്നേഹം കടന്നുവരുന്നതെപ്പോഴായിരിക്കും?
- തിരിച്ചുവരുന്ന സ്നേഹം കൂടുതൽ ശക്തമായിരിക്കും എന്നു കവയിത്രി സൂചിപ്പിച്ചിരിക്കുന്നതെങ്ങനെ?

ചോദ്യങ്ങളിലൂടെ, ചർച്ചകളിലൂടെ കവിതയുടെ ആശയം ടീച്ചർ വ്യക്തമാക്കുന്നു.

**ഈണത്തിൽ ചൊല്ലാം**

ടീച്ചർ കവിത ഈണത്തിൽ ചൊല്ലിക്കേൾപ്പിക്കുന്നു.

മറ്റേതെങ്കിലും ഈണത്തിൽ ഈ കവിത ചൊല്ലി അവതരിപ്പിക്കാമോ?

കുട്ടികൾ ഗ്രൂപ്പിൽ കവിതയ്ക്ക് ഈണം കണ്ടെത്തട്ടെ. ടീച്ചർ അവതരിപ്പിച്ച ഈണത്തിലായാലും മതി. എല്ലാ ഗ്രൂപ്പുകളും കവിത അവതരിപ്പിക്കണം.

ഓരോ ഗ്രൂപ്പിന്റെയും അവതരണം മറ്റു ഗ്രൂപ്പുകൾ വിലയിരുത്തട്ടേ.

**വിലയിരുത്തൽ സൂചനകൾ നൽകാം:**

- അനുയോജ്യമായ ഈണം, താളം
- അക്ഷര സ്ഫുടത
- സ്വരച്ചേർച്ച
- ആശയവ്യക്തത
- ഒഴുക്ക്

**വരികൾ കണ്ടെത്താം**

കവിതയുടെ ആശയം ഒന്നുകൂടി മനസ്സിലുറപ്പിക്കാനുള്ള പ്രവർത്തനമാണിത്.

ആശയം ടീച്ചർ വായിക്കുന്നു. എല്ലാ കുട്ടികളും ആ ആശയമുൾക്കൊള്ളുന്ന വരികൾ കണ്ടെത്തട്ടെ. പരസ്പരം കാണാതെ വരികളുടെ ആദ്യഭാഗങ്ങൾ ഒരിടത്തു കുറിച്ചു വയ്ക്കട്ടെ. കുറിച്ചു കഴിഞ്ഞാൽ പേന താഴെവയ്ക്കണം.

നിശ്ചിത ആശയമുള്ള വരികൾ ടീച്ചർ BBയിൽ കുറിക്കുന്നു. അതേ വരികൾ കണ്ടെത്തിയവർ കൈപൊക്കട്ടെ.

(എല്ലാ കുട്ടികളെയും പ്രവർത്തനത്തിൽ പങ്കാളികളാക്കുവാനുള്ള മറ്റു രീതികളും ആവാം.)

**ഉത്തരം കണ്ടെത്താം**

ആശയം വ്യക്തമായി മനസ്സിലാക്കാനുതകുന്ന പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞല്ലോ. ഈ പ്രവർത്തനം ഹോംവർക്കായി നൽകാം. അടുത്ത ദിവസം ക്ലാസിൽ വിലിരുത്തണം. കുട്ടികൾ നോട്ടുബുക്കുകൾ പരസ്പരം കൈമാറട്ടെ.

ടീച്ചർ ഓരോ ചോദ്യവും വായിക്കുന്നു. കൈയിലുള്ള നോട്ടുബുക്കിൽ നോക്കി ഉത്തരം വായിക്കാൻ കുട്ടികളോടു നിർദ്ദേശിക്കുന്നു. അപാകതകൾ ചൂണ്ടിക്കാട്ടാനും കൂട്ടിച്ചേർക്കലുകൾ നടത്താനും അവസരം നൽകണം.

- മറ്റു കുട്ടികൾ തന്റെ നോട്ടുബുക്കു പരിശോധിക്കുമല്ലോ എന്ന വിചാരം ഉത്തരങ്ങൾ കൃത്യമായും വ്യക്തമായും എഴുതാനുള്ള പ്രചോദനമായേക്കാം. അതേ സമയം ഇത്തരം പ്രവർത്തനങ്ങൾ തെറ്റായ വിധത്തിൽ ഉപയോഗപ്പെടുത്താതിരിക്കാൻ ടീച്ചർ ശ്രദ്ധിക്കുകയും വേണം.

## ആശയം വിവരിക്കാം

"തങ്ങളിൽ പുൽകിക്കൊണ്ടീ ..................ചരൽക്കല്ലെടുത്തെറിയുന്നു"

ആശയഭംഗി കണ്ടെത്താനാണ് ഈ പ്രവർത്തനം.

പുഴയോരത്ത് പല കളികളിലുമേർപ്പെടാൻ വന്ന കുട്ടികൾ പരസ്പരം പിണങ്ങി കുത്തു വാക്കുകൾ പറയുകയും കൂട്ടുകാരനെ വേദനിപ്പിക്കാനുള്ള കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നു എന്നാണ് സാരം.

ഈ കാര്യങ്ങൾ കവി അവതരിപ്പിച്ചിരിക്കുന്നത് ശ്രദ്ധിക്കുക:

- പരസ്പരം പുൽകിക്കൊണ്ട് കളിക്കാൻ വന്നവർ (അവർ തമ്മിലുള്ള സ്നഹം സൂചിപ്പിക്കുന്നു.)
- വിരിഞ്ഞതും വിരിയാറായതുമായ പൂക്കൾ കൈനിറയെ പറിച്ചെടുത്തും മനോഹരങ്ങളായ പറവകളെ പിന്തുടർന്നും കളിക്കേണ്ടവർ കൊടുംവാക്കാൽ കുത്തിനോവിക്കുന്നു. (മനസ്സുകളിൽ വേദനയുണ്ടാക്കുന്ന ചീത്ത വാക്കുകൾ പറയുന്നു)
- ചിന്തകളാൽ ചരൽകല്ലെടുത്തെറിയുന്നു. (കൂട്ടുകാരനെ വേദനിപ്പിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നു.)ചർച്ചയിൽ വ്യക്തമായ ആശയമുൾക്കൊള്ളിച്ച് കുട്ടികൾ വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കട്ടെ.  ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തട്ടെ. ടീച്ചർ വിലയിരുത്തണം.

"തന്മണിക്കുഞ്ഞുങ്ങൾ ......................ആരുടേതപമാനം?"

കൊച്ചുകുഞ്ഞുങ്ങളുടെ കുസൃതിത്തരങ്ങൾ നോക്കിക്കാണുന്ന അമ്മയുടെ വിടർന്നു മിന്നുന്ന കണ്ണുകൾപോലെ വാനം നമ്മുടെ കുസൃതികൾ കാണാൻ വിടർന്ന കണ്ണുകളോടെ നോക്കിനിൽക്കുന്നു. പ്രേമപൂർണമായ ആ സൗമ്യനോട്ടത്തിനു മുന്നിൽ അപരാധവും അപമാനവുമില്ല. അമ്മയുടെ വീക്ഷണത്തിൽ എല്ലാം തുല്യമാണല്ലോ.

കൗതുകത്താൽ വിടർന്നുമിന്നുന്ന അമ്മയുടെ കണ്ണുകളോട് വാനത്തിനു സാദൃശ്യം കല്പിച്ചിരിക്കുന്നു. 'സൗമ്യനോട്ടം' എന്ന പ്രയോഗത്തിൽ മക്കളെല്ലാം അവർക്കു തുല്യരാണെന്ന സൂചനയുണ്ട്.

## സമാനപദങ്ങൾ കണ്ടെത്താം

കവിതയിൽ പ്രയോഗിച്ച പദങ്ങളുടെ അർത്ഥമാണിവിടെ നൽകിയിരിക്കുന്നത്. പദങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ. അർത്ഥം കണ്ടെത്തുന്നതിനെക്കാൾ പ്രയാസകരമാണീ പ്രവർത്തനം. എങ്കിലും പദബോധമുണ്ടാക്കാൻ ഏറെ സഹായകമാണിത്. കണ്ടെത്തിയ പദങ്ങൾ ശരിയാണെന്നുറപ്പു വരുത്തി നോട്ടുബുക്കിൽ എഴുതട്ടെ. ടീച്ചർ വിലിരുത്തണം.

## ശീർഷകം നൽകാം

കവിതക്കു കവയിത്രി നൽകിയ ശീർഷകം ഉചിതമാണോ?

രണ്ടു കുട്ടികൾക്കിടയിലുണ്ടായ പിണക്കമാണ് കവിതയുടെ പ്രമേയം. പിണക്കം അവരിലുണ്ടാക്കിയ ആത്മസംഘർഷങ്ങൾ വരികളിലൂടെ അനാവൃതമാകുന്നു. മറ്റാരും കഥാപാത്രങ്ങളായി ഇവിടെ കടന്നുവരുന്നില്ല. ആ നിലക്ക് 'രണ്ടു കുട്ടികൾ' എന്ന ശീർഷകം ഉചിതമാണ് എന്നു പറയാം.

രണ്ടു കുട്ടികളുടെ പരസ്പര പിണക്കവും അതു കാരണമുണ്ടായ മനോവേദനയുമാണല്ലോ കവിതയിലെ മുഖ്യാശയം. ആ നിലയ്ക്ക് പിണക്കത്തിനും മനോവേദനയ്ക്കും പ്രാധാന്യം നൽകിക്കൊണ്ട് മറ്റൊരു ശീർഷകം കണ്ടെത്തിക്കൂടേ?

കുട്ടികൾ ആലോചിച്ച് കണ്ടെത്തട്ടെ. കണ്ടെത്തിയ ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുകയും വേണം.

**ക്രിയയെന്നാൽ**

ക്രിയയെക്കുറിച്ചുള്ള സാമാന്യബോധമുണ്ടാക്കുക മാത്രമാണിവിടെ ഉദ്ദേശ്യം. ക്രിയ എന്നാൽ പ്രവൃത്തി എന്നാണു സാധാരണ വിവക്ഷിക്കാറുള്ളത്. എന്നാൽ വ്യാകരണ നിയമപ്രകാരം ക്രിയ പ്രവൃത്തിയെ മാത്രമല്ല സ്ഥിതിയെയും കുറിക്കുന്ന ശബ്ദമാണ്. അപ്പോൾ ഇല്ല, ഉണ്ട്, ആകുന്നു, ആണ് തുടങ്ങിയ ശബ്ദങ്ങളെയും ക്രിയയായി പരിഗണിക്കാം.

പ്രവർത്തനത്തിനായി നൽകിയ വാക്യങ്ങൾ കുട്ടികൾ കർത്താവ്, ക്രിയ എന്നിവ വേർതിരിച്ചു പറയട്ടെ. ടീച്ചർ അവ BBയിൽ കുറിച്ച് വ്യക്തമാക്കിക്കൊടുക്കണം.

**വർക്കുബുക്കിലെ പ്രവർത്തനങ്ങൾ**

വർക്കുബുക്കിലെ പ്രവർത്തനങ്ങൾ പലതും കുട്ടികൾക്കു സ്വയം ചെയ്യാനുതകും വിധം ലളിതവും ആവർത്തിച്ചു വരുന്നതുമാണ്. പര്യായം, നാനാർത്ഥം, വിപരീതപദം തുടങ്ങിയവ കണ്ടെത്തുക, സമാസിച്ചും വിഗ്രഹിച്ചുമെഴുതുക, പിരിച്ചെഴുതുക, വാക്യത്തിൽ പ്രയോഗിക്കുക തുടങ്ങിയവ ഉദാഹരണം. ഈ പ്രവർത്തനങ്ങൾ ഓരോന്നും പ്രത്യേകം എടുത്തുകാണിച്ചു വിശദീകരിക്കേണ്ടതില്ലാത്തതിനാൽ പ്രധാനപ്പെട്ടവ മാത്രമേ വിശദീകരിക്കുന്നുള്ളൂ.

**ഒറ്റവാക്യമെഴുതുക**

സമസ്തപദം എഴുതാനുള്ള പ്രവർത്തനമാണിത്. മുൻക്ലാസുകളിലേ തുടർന്നു വരുന്ന പ്രവർത്തനമായതുകൊണ്ട് കുട്ടികൾ പ്രയാസമില്ലാതെ സമസ്തപദങ്ങൾ എഴുതിയേക്കും. എന്നാലും സമാസത്തെക്കുറിച്ചുള്ള സാമാന്യബോധം നൽകേണ്ടതാണ്.

വിശേഷണവും നാമവും ചേർത്തു സമാസിക്കുന്നതാണ് തൽപുരുഷസമാസം. വിശേഷണം ആദ്യമോ അവസാനമോ വരാം. ഘടകപദങ്ങൾ എല്ലാം വിശേഷണമായാലും തൽപുരുഷ സമാസം തന്നെയാണ്. പ്രാധാന്യം വിശേഷ്യത്തിനായിരിക്കും.

ഉദാ:

| | | |
|---|---|---|
| അധ്യക്ഷ സ്ഥാനം | - | അധ്യക്ഷന്റെ സ്ഥാനം |
| മഴവില്ലൊളി | - | മഴവില്ലിന്റെ ഒളി |
| വഴിവിളക്ക് | - | വഴിയിലെ വിളക്ക് |
| മിഥ്യാബോധം | - | മിഥ്യയായ ബോധം |
| സുന്ദരലോകം | - | സുന്ദരമായ ലോകം |

ചില സമാസങ്ങളിൽ പൂർവോത്തരപദങ്ങളെ പരസ്പരം ഘടിപ്പിക്കുന്ന ഒരാശയം അന്തർലീനമായിരിക്കും. എന്നാൽ അതിനെ കുറിക്കാനുള്ള പദം സമാസത്തിന്റെ നടുവിൽ പ്രയോഗിച്ചിട്ടുണ്ടാവില്ല. സമാസത്തിൽ മധ്യപദം ലോപിച്ചതിനാൽ ഇവയ്ക്ക് മധ്യപദലോപി എന്നു പറയും.

ഉദാ:

| | | |
|---|---|---|
| കുടിവെള്ളം | - | കുടിക്കാനുള്ള വെള്ളം |
| സ്വർണ്ണപ്പല്ല് | - | സ്വർണം കൊണ്ടുണ്ടാക്കിയ പല്ല് |

## അനുഭവക്കുറിപ്പ് തയ്യാറാക്കുക

പിണക്കത്തെ സംബന്ധിച്ചുള്ള തുറന്ന ചർച്ച പാഠാരംഭത്തിൽ നടത്തിയിട്ടുണ്ടല്ലോ. പിണങ്ങിയപ്പോഴുള്ള മാനസികാവസ്ഥ എന്തായിരുന്നു? കുട്ടികൾ സ്വന്തം അനുഭവം വിവരിച്ചെഴുതട്ടെ. അപ്പോൾ മനസ്സിൽ തോന്നിയ ചിന്തകളും മറ്റു പ്രയാസങ്ങളുമെല്ലാം തുറന്നെഴുതാൻ നിർദ്ദേശിക്കണം. ഹോംവർക്കായി നൽകാം. ടീച്ചർ വിലയിരുത്തണം.

## വാക്യത്തിൽ പ്രയോഗിക്കുക

പ്രയോഗിക്കാൻ നൽകിയിരിക്കുന്ന പദത്തിന്റെ ഉദ്ദേശ്യാർത്ഥം ഉൾക്കൊണ്ടിട്ടുണ്ടോ എന്നു വിലയിരുത്തണം. പദത്തിന്റെ ബാഹ്യാർത്ഥം മാത്രം പരിഗണിച്ച് എഴുതാതിരിക്കാനാണിത്.

ഉദാ: കുത്തിനോവിക്കുക : ഏതെങ്കിലും പ്രവൃത്തി, അല്ലെങ്കിൽ ആരുടെയെങ്കിലും വാക്കുകൾ, സമീപനം മറ്റൊരാളുടെ മനസ്സിൽ അസ്വസ്ഥതയും വിഷമവുമൊക്കെയുണ്ടാക്കുന്ന അവസ്ഥയ്ക്കാണ് ഈ ശൈലി പ്രയോഗിക്കുന്നത്. അവനെന്നെ പെൻസിൽകൊണ്ട് 'കുത്തിനോവിച്ചു' എന്നോ മറ്റോ പ്രയോഗിച്ചാൽ വാക്യം ശരിയാകുമെങ്കിലും ഉദ്ദേശ്യാർത്ഥം വരുന്നില്ലല്ലോ.

## പര്യായപദങ്ങൾ കണ്ടെത്തുക

ഒരേ അർത്ഥമുള്ള പദങ്ങളെയാണു പര്യായങ്ങൾ എന്നുപറയുന്നത്. പാഠഭാഗത്തു തന്നെ വ്യത്യസ്തസന്ദർഭങ്ങളിൽ ഇത്തരം പദങ്ങൾ പ്രയോഗിച്ചിട്ടുണ്ടാവും. പദങ്ങൾ സ്വയം കണ്ടെത്താൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. ചോദിച്ചറിഞ്ഞോ നിഘണ്ടു പരതിയോ അവർ കണ്ടെത്തട്ടെ. ഗ്രൂപ്പിൽ ചർച്ചചെയ്തു വ്യക്തത വരുത്തട്ടെ. ടീച്ചർ വിലയിരുത്തണം.

| | | |
|---|---|---|
| പക്ഷി | :- | ഖഗം, വിഹംഗം, ശകുന്തം |
| പകൽ | :- | വാസരം, അഹ്നം, അഹസ് |
| ചിറക് | :- | പക്ഷം, പത്രം, പർണ്ണം |
| കൂട്ടുകാരൻ | :- | ചങ്ങാതി, തോഴൻ, സുഹൃത്ത് |

## സന്ധി-ലഘുവിവരണം

സന്ധിയെക്കുറിച്ചുള്ള സാമാന്യബോധം നൽകാൻ ഈ അവസരം ഉപയോഗപ്പെടുത്തണം. പാഠഭാഗത്ത് പലയിടങ്ങളിലായി സന്ധിയെക്കുറിച്ച് പരാമർശമുണ്ട്. ചില നിയമങ്ങൾ അതാതു സന്ദർഭങ്ങളിൽ വിവരിച്ചിട്ടുമുണ്ട്. പിരിച്ചെഴുത്ത് ചെറിയ ക്ലാസുകളിലേ പരിശീലിച്ചു വരുന്നതുമാണ്. സന്ധിയെക്കുറിച്ചുള്ള ചില സാമാന്യനിയമങ്ങൾ പ്രതിപാദിക്കാം. അതാതു സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്തുമല്ലോ.

വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോഴുണ്ടാകുന്ന മാറ്റമാണു സന്ധി എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഉച്ചാരണസൗകര്യത്തിനാണ് പദങ്ങൾ സന്ധിചെയ്ത് ചേർക്കുന്നത്. അക്ഷരങ്ങളെ വർണ്ണങ്ങളാക്കിത്തിരിക്കുന്നത് മുൻക്ലാസുകളിൽ പരിചയപ്പെട്ടതാണ്. സന്ധിയിൽ വർണങ്ങളാണ് കൂടിച്ചേരുന്നത്.

വർണങ്ങൾ സ്വരം, വ്യഞ്ജനം എന്നിങ്ങനെ രണ്ടുതരമുണ്ട്.

ഇവ

- സ്വരം + സ്വരം
- വ്യഞ്ജനം + സ്വരം
- സ്വരം + വ്യഞ്ജനം
- വ്യഞ്ജനം + വ്യഞ്ജനം

എന്നിങ്ങനെ നാലുതരത്തിൽ കൂടിച്ചേരാം.

- വ്യഞ്ജനവും സ്വരവും തമ്മിൽ ചേർന്നാൽ സാധാരണഗതിയിൽ അവ ഒന്നിക്കുമെന്നല്ലാതെ മറ്റു മാറ്റങ്ങളൊന്നുമുണ്ടാവില്ല. ഉദാ: അവൻ + അല്ല = അവനല്ല

  അത് + ഇല്ല = അതില്ല

- രണ്ടുസ്വരങ്ങൾ അടുത്തടുത്തു വന്നാൽ ഉച്ചരിക്കാൻ പ്രയാസമാണ്. അപ്പോൾ ഒന്നുകിൽ ആ സ്വരങ്ങളിലൊന്ന് ലോപിക്കും. അല്ലെങ്കിൽ അവയ്ക്കിടയിൽ ഒരു വ്യഞ്ജനം കടന്നുവരും.

രണ്ടു സ്വരങ്ങൾ തമ്മിൽ ചേരുമ്പോൾ ഒന്നു ലോപിക്കുന്നതാണ് ലോപസന്ധി.

ഉദാ : കണ്ടു + ഇല്ല = കണ്ടില്ല

പത്ത് + ആയി = പത്തായി

രണ്ടു സ്വരങ്ങൾ തമ്മിൽ ചേരുമ്പോൾ ഇടയ്ക്കൊരു വ്യഞ്ജനം ആഗമിക്കുന്നത് ആഗമസന്ധി.

ഉദാ : തിരു + ഓണം = തിരുവോണം

വഴി + ഇല്ല = വഴിയില്ല

വ്യഞ്ജനങ്ങൾ തമ്മിൽ ചേരുമ്പോൾ അവയിലൊന്ന് മറ്റൊന്നായി മാറുന്നതാണ് ആദേശസന്ധി.

ഉദാ: ആണ്ട് + പിറന്നാൾ = ആട്ടപ്പിറന്നാൾ

വെൺ + ചാമരം = വെഞ്ചാമരം

സ്വരവും ദൃഢവ്യഞ്ജനവും തമ്മിൽ ചേരുമ്പോൾ ദൃഢവ്യഞ്ജനം ഇരട്ടിക്കുന്നത് ദ്വിത്വസന്ധി.

ഉദാ : പച്ച + തത്ത = പച്ചത്തത്ത

നീല + തിമിംഗലം = നീലത്തിമിംഗലം

**പിരിച്ചെഴുതുക**

ഏതാനും പദങ്ങൾ BBയിൽ കുറിച്ച് കുട്ടികളോട് പിരിച്ചുപറയാൻ ആവശ്യപ്പെടാം. കുട്ടികൾ പദങ്ങൾ പിരിച്ചു പറയുന്നു.

ടീച്ചർ അവ BBയിൽ എഴുതുന്നു.

പിരിച്ചെഴുതിയപ്പോൾ എന്തുമാറ്റമാണ് വന്നത്? കുട്ടികൾ നിരീക്ഷിച്ചു പറയട്ടെ.

ടീച്ചർ ശരിയായ രൂപത്തിൽ പിരിച്ചെഴുതി മാറ്റങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ പെടുത്തുന്നു. സന്ധിയെക്കുറിച്ചുള്ള സാമാന്യവിവരണം നൽകുന്നു.

തുടർന്നു വർക്കുബുക്കിലെ പദങ്ങൾ കുട്ടികൾ പിരിച്ചെഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

## പാഠം -2

# അമ്മയും മകനും

കമലാ സുരയ്യയുടെ 'അമ്മയും മകനും' അമ്മമാർ അനുഭവിക്കുന്ന അവഗണനനയിലേക്കും മാനസിക പ്രയാസങ്ങളിലേക്കും ശ്രദ്ധതിരിക്കുന്ന കഥയാണ്. മാതൃത്വത്തിന്റെ വേദനയൂറുന്ന അനുഭവങ്ങൾ കമലാസുരയ്യയുടെ പല കഥകളിലും തീക്ഷ്ണമായ ശൈലിയിൽ ആവിഷ്കൃതമായിട്ടുണ്ട്. നെയ്പായസം, കോലാട് തുടങ്ങിയ കഥകൾ ഉദാഹരണം. അമ്മയാവുക എന്നത് ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം മധുരതരമായ അനുഭൂതിയാണ്. എത്ര നൊമ്പരം സഹിച്ചാലും പ്രസവത്തിലൂടെ തന്റെ ജന്മം സഫലമായെന്ന ആത്മനിർവൃതിയടയുന്ന പ്രകൃതമാണ് സ്ത്രീയുടേത്. എന്നാൽ ഒരമ്മയായിക്കഴിഞ്ഞാലോ?

അവരുടെ നൊമ്പരം അവസാനിക്കുന്നില്ല. മക്കൾക്കുവേണ്ടി ജീവിതം തന്നെ സമർപ്പിക്കുന്ന ത്യാഗിനിയായി മാറുകയാണവർ. സ്വന്തം താല്പര്യങ്ങളെല്ലാം ബലികഴിച്ചുകൊണ്ടവർ മക്കൾക്കു വേണ്ടി ജീവിക്കുന്നു. ഊണും ഉറക്കവും മറ്റു ജീവിതസുഖങ്ങളുമൊക്കെ ത്യജിച്ചുകൊണ്ടവർ മക്കളുടെ പരിപാലനത്തിൽ മുഴുകുന്നു. രാവും പകലും ഒരു ശരാശരി വീട്ടമ്മയെ സംബന്ധിച്ചിടത്തോളം വിശ്രമമില്ലാത്ത ജോലികളാണ്. മക്കൾക്കും ഭർത്താവിനും ബന്ധുക്കൾക്കും ഭക്ഷണമൊരുക്കണം, അവരുടെ വസ്ത്രങ്ങളലക്കണം, വീടും പരിസരവും വൃത്തിയാക്കണം......... എന്നിങ്ങനെ അറ്റമില്ലാത്ത ജോലികൾ. അങ്ങനെയവർ ഉരുകിയുരുകിത്തീരുന്നു; അല്ലെങ്കിൽ തേഞ്ഞുതേഞ്ഞ് ശോഷിക്കുന്നു.

മക്കളുടെ, ഭർത്താവിന്റെ സംതൃപ്തി, മനം തെളിഞ്ഞ ഒരു വാക്ക്, ഒരു പുഞ്ചിരി, സ്നേഹപൂർണമായ ഒരഭിനന്ദനം, ഒരു തലോടൽ, ഒരു ചുംബനം.......ഒക്കെ അവരെ ആനന്ദനിർവൃതിയിലാറാടിക്കുന്നു. എന്നാൽ അവർക്കത്തരമൊരു സമീപനം മക്കളിൽ നിന്നും മറ്റു വേണ്ടപ്പെട്ടവരിൽ നിന്നും ലഭിക്കുന്നുണ്ടോ? രാവിലെ മുതൽ അവർ കേൾക്കുന്നത് കുറ്റപ്പെടുത്തലുകളായിരിക്കും. എല്ലാവരും ഉറങ്ങാൻ കിടക്കുമ്പോഴും തീരാത്ത പണികളിൽ മുഴുകി, ക്ഷീണിതയായി, വൈകിയുറങ്ങി എല്ലാവരും എഴുന്നേൽക്കുന്നതിനു മുമ്പുണർന്ന് വീണ്ടും പണികളിൽ മുഴുകുന്ന അവരുടെ വിശ്രമമില്ലാത്ത ജോലിയും ശാരീരികവും മാനസികവുമായ പ്രയാസവും അധികമാരും കണ്ടറിയുന്നില്ല. പരിഗണിക്കുന്നില്ല. ഭക്ഷണത്തിന് രുചി കുറഞ്ഞെന്ന്, അലക്കിയത് ശരിയായില്ലെന്ന്, വേണ്ടതെല്ലാം ഒരുക്കി വച്ചില്ലെന്ന്, സമയത്തിന് പുറത്തിറങ്ങാൻ കഴിയുംവിധം ഭക്ഷണമൊരുക്കിത്തന്നില്ലെന്ന്, ഒന്നും ശരിയാവുന്നില്ലെന്ന്, നിനക്കെന്താണിവിടെ പണിയെന്ന് ഭർത്താവും മക്കളും മത്സരിച്ച് അവരെ കുറ്റപ്പെടുത്തും, ആക്ഷേപിക്കും. വീട്ടമ്മമാരുടെ ഈ ദുരിതപൂർണമായ അവസ്ഥയാണ് കമലാസുരയ്യ തന്റെ ശ്രദ്ധേയമായ കഥകളിലൂടെ വായനക്കാരുടെ മുമ്പിൽ തുറന്നുവയ്ക്കുന്നത്.

ഈ കഥയിലെ ഉണ്ണിയുടെ അമ്മയും വ്യത്യസ്തയല്ല. അവരുടെ ഭർത്താവ് കുവൈത്തിലാണ്. ഏകമകനാണ് ഉണ്ണി. അവനുവേണ്ടിയാണവർ ജീവിക്കുന്നത് എന്നു പറയാം. അവന്റെ ഇഷ്ടാനിഷ്ടങ്ങൾ പരിഗണിച്ച് ഭക്ഷണമൊരുക്കുന്നതിലും മറ്റു സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിലും തല്പരയാണവർ. അവന്റെ വിദ്യാലയത്തെക്കുറിച്ചും കൂട്ടുകാരെക്കുറിച്ചും അധ്യാപകരെക്കുറിച്ചും പഠനത്തെക്കുറിച്ചും അവർ ഉൽകണ്ഠപ്പെടുന്നു. അവന്റെ മിടുക്കുകൾ കാണാനും ആസ്വദിക്കാനും അവർ കൊതിക്കുന്നു.

എന്നാൽ ഉണ്ണി മുതിർന്നുവരുമ്പോൾ അമ്മയെ വെറുക്കുകയാണ്. അവരുടെ ക്ഷീണിച്ച രൂപവും ഗ്രാമീണ സംസാരവും പത്രാസില്ലാത്ത വേഷവും തേഞ്ഞ പല്ലുകളും കുഴിയിലാണ്ട കണ്ണുകളും ഉണ്ണി ഏറെയേറെ വെറുക്കുന്നു.. അവരുടെ വാക്കുകൾ കേൾക്കുന്നതുപോലും അവന് അസഹ്യമായിത്തീരുന്നു. അവരുണ്ടാക്കുന്ന രുചികരമായ ഭക്ഷണത്തിൽപോലും അവൻ രുചി യില്ലായ്മ ആരോപിക്കുന്നു. തന്റെ കൂട്ടുകാരും അധ്യാപകരും അവരെ കാണുന്നതുപോലും നാണ ക്കേടാണെന്ന് അവൻ കരുതുന്നു. അവരുടെ വാക്കുകളെ തെറ്റായി വ്യാഖ്യാനിച്ച് പരിഹസിക്കു ന്നു. ഈ സ്നേഹമില്ലായ്മ തിരിച്ചറിയുന്ന അമ്മയുടെ മനോവേദന കഥാവസാനത്തിൽ സാവി ത്രിയോടുള്ള സംസാരത്തിൽ പ്രകടമാവുന്നുണ്ട്. അപ്പോഴും വേദനിക്കുകയല്ലാതെ മകനെ കുറ്റ പ്പെടുത്താൻ ആ അമ്മ തയ്യാറാവുന്നില്ല. അവസാനം അവർ ബസ് തട്ടി മരിക്കുന്നു. കേവലമൊരു അപകടമരണം മാത്രമാണോ അത്? കഠിനമായ മാനസികവ്യഥ അവരെ മരണത്തിലേക്കു നയി ക്കുകയായിരുന്നില്ലേ? സംശയം വായനക്കാരുടെ മനസ്സിലേക്കിട്ടുകൊണ്ടാണ് കഥയവസാനിക്കു ന്നത്. ഞാനാണ് അമ്മയെ കൊന്നത് എന്ന ഉണ്ണിയുടെ വാക്കുകളിൽ വേണ്ടത്ര കുറ്റബോധം പ്രകടമാവുന്നുമില്ല. സമകാലികസമൂഹത്തിൽ സാർവത്രികമായ ഇത്തരം കുടുംബാവസ്ഥകൾ ഇത്തിരി നേരത്തെ ദീർഘദർശനം ചെയ്യുകയായിരുന്നു കമലാ സുരയ്യ.

മാതാക്കൾ മക്കൾക്കു വേണ്ടി സഹിക്കുന്ന ത്യാഗത്തിന്റെ ആഴം കുട്ടികളുടെ മനസ്സി ലേക്കു കടത്തിവാടാൻ, തങ്ങളുടെ സമീപനത്തിൽ വരുന്ന മാറ്റങ്ങളെക്കുറിച്ച് അവബോധമു ണ്ടാക്കാൻ, മാതാപിതാക്കളെ സ്നേഹിക്കാനും അവർക്കു സേവനം ചെയ്യാനുമുള്ള മനസ്സു ണർത്താൻ ഈ പാഠഭാഗം പ്രയോജനപ്പെടുത്തേണ്ടതാണ്.

## പാഠാവതരണം

അമ്മ നിങ്ങളുടെ സ്കൂൾ വിശേഷങ്ങൾ ചോദിക്കുന്നു; നിങ്ങളുടെ അധ്യാപകരെകുറിച്ചും കൂട്ടുകാരെക്കുറിച്ചും അവരുടെ വീടുകളെക്കുറിച്ചുമൊക്കെ. നിങ്ങൾ എല്ലാ വർത്തമാനങ്ങളും അവർക്ക് പറഞ്ഞുകൊടുക്കാറുണ്ടോ? നിങ്ങളുടെ കാര്യങ്ങളെല്ലാം അമ്മ ചോദിക്കുന്നതും അമ്മയ്ക്കു പറഞ്ഞുകൊടുക്കുന്നതും നിങ്ങൾക്കിഷ്ടമാണോ? സ്കൂൾ വാർഷികാഘോഷത്തിൽ നിങ്ങൾ അവതരിപ്പിക്കുന്ന പരിപാടികൾ കാണാൻ അമ്മ വരുന്നതിൽ നിങ്ങൾക്കു സന്തോ ഷമോ പ്രയാസമോ? അമ്മയെ കൂട്ടുകാർക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നത് നിങ്ങൾക്കിഷ്ട മാണോ?

അമ്മയെക്കുറിച്ചുള്ള നിങ്ങളുടെ മനോഭാവവും പ്രതീക്ഷയും ആഗ്രഹവും എഴുതിനോ ക്കുക.

ടീച്ചറുടെ നിർദ്ദേശപ്രകാരം കുട്ടികൾ വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കട്ടെ. ഏതാനും പേർക്ക് ആ കുറിപ്പുകൾ അവതരിപ്പിക്കാൻ അവസരം നൽകാം.

'നമുക്കിനി ഒരമ്മയുടെയും മകന്റെയും കഥ വായിക്കാം' എന്ന ആമുഖത്തോടെ പാഠ ഭാഗം മൗനമായി വായിക്കാൻ നിർദ്ദേശിക്കാം.

എല്ലാ കുട്ടികളും വായിച്ചു കഴിഞ്ഞശേഷം 'കണ്ടെത്താം' എന്ന ശീർഷകത്തിൽ നൽകിയ അവധാരണ ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്താൻ ടീച്ചർ ചോദ്യങ്ങൾ ചോദിക്കുന്നു; നിർദ്ദിഷ്ട കുട്ടികൾ ഉത്തരം പറയുന്നു.

കൂടുതൽ ചോദ്യങ്ങൾ ചേർത്തുകൊണ്ട് അവധാരണം സമഗ്രമാക്കാം.

- ഉണ്ണി അച്ഛനെ വെറുക്കാത്തതെന്തുകൊണ്ട്?
- അമ്മയെക്കുറിച്ച് ഉണ്ണിയുടെ വിചാരമെന്തൊക്കെയാണ്?
- സ്കൂൾ വാർഷികാഘോഷത്തിൽ അമ്മ വരരുതെന്ന് ഉണ്ണി പറയുന്നതെന്തുകൊണ്ട്?
- അമ്മ സ്കൂളിലേക്കു പുറപ്പെട്ടാൽ എന്തു ചെയ്യുമെന്നാണ് ഉണ്ണി പറയുന്നത്?

ഇങ്ങനെ കഥയുടെ എല്ലാ ഭാഗങ്ങളിലേക്കും കുട്ടികളുടെ ശ്രദ്ധ കൊണ്ടുവരും വിധം ചോദ്യങ്ങളുന്നയിക്കാം. എല്ലാ കുട്ടികളോടും ചോദ്യം ചോദിക്കണം. ഉത്തരം പറയിക്കണം. ഈ പ്രവർത്തനത്തിലൂടെ കഥയിലെ ഓരോ അംശവും കുട്ടികൾക്ക് പരിചിതമാക്കണം.
തുടർന്ന് 'കണ്ടെത്താം' എന്ന പ്രവർത്തനം കുട്ടികൾ ആത്മഗതമായി നിർവഹിക്കട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്താൻ അവസരം നൽകണം. ടീച്ചർ വിലയിരുത്തണം.

ചർച്ച ചെയ്യാം

- ഉണ്ണിയുടെ പെരുമാറ്റ രീതികൾ ശ്രദ്ധിച്ചില്ലേ?
- നിങ്ങൾ അമ്മയോടെങ്ങനെയാണ് പെരുമാറുന്നത്?
- അമ്മയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളെന്തൊക്കെയാണ്?
- ഉണ്ണിയെപ്പോലെ പെരുമാറാറുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ടാണത്?

കുട്ടികളുടെ പ്രതികരണങ്ങൾ സത്യസന്ധമായിരിക്കാൻ നിർദ്ദേശിക്കണം.
ടീച്ചർ ചർച്ച സംഗ്രഹിക്കുന്നു:

ഉണ്ണിയുടെ അമ്മ ഉണ്ണിക്ക് വേണ്ടിയാണു ജീവിക്കുന്നത്. ഉണ്ണിയുടെ സന്തോഷത്തിനും സുഖത്തിനും വേണ്ടി അവർ സദാസമയവും പാടുപെടുന്നു. അവന്റെ സ്നേഹപൂർണമായ വാക്കുകളും സമീപനവും കൊതിക്കുന്നു. ഉണ്ണിയുടെ ഓരോ പ്രവർത്തനവും പുരോഗതിയും കാണാനും അനുഭവിക്കാനും ആഗ്രഹിക്കുന്നു. എന്നാൽ അവൻ അതൊന്നും ഉൾക്കൊള്ളാതെ അമ്മയെ വെറുക്കുന്നു. തന്നെ പ്രസവിച്ചതിന് അമ്മ നന്ദിപ്രകടനം പ്രതീക്ഷിക്കുന്നുവെന്നും തന്റെ ജീവിതത്തിന്റെ മാധുര്യം കെടുത്തുന്ന വിധം അധികാരം ചെലുത്തുന്നുവെന്നും തെറ്റിദ്ധരിക്കുന്നു.ഉണ്ണിയുടെ ഈ നടപടികൾ ഒരിക്കലും ന്യായീകരിക്കാൻ പറ്റില്ല.

മക്കൾക്ക് അമ്മയോട് തീർത്താൽ തീരാത്ത കടപ്പാടുണ്ട്. അവർ കഠിനമായ ബുദ്ധിമുട്ടുകൾ സഹിക്കാൻ തയ്യാറായിരുന്നില്ലെങ്കിൽ നിങ്ങളാരും ഈ വിധം വളരുമായിരുന്നില്ല. അവരോട് ആദരവു കാണിക്കണം. അങ്ങേയറ്റം സ്നേഹിക്കണം. വിശേഷങ്ങളെല്ലാം തുറന്നു പറയുകയും അവരുടെ അഭിപ്രായം തേടുകയും വേണം. അവരെ സന്തോഷിപ്പിക്കുന്ന കാര്യങ്ങൾ പ്രവർത്തിക്കുകയും പറയുകയും വേണം. കൂട്ടുകാരോടും മററും അവരെക്കുറിച്ച് മമതയോടെ സംസാരിക്കണം. അഭിമാനത്തോടെ അവരെ പരിചയപ്പെടുത്തണം. എങ്കിൽ നമ്മുടെ ജീവിതം സംതൃപ്തവും സഫലവുമായിത്തീരും.
കുട്ടികൾ വ്യക്തിഗതമായി ചർച്ചാകുറിപ്പ് തയ്യാറാക്കട്ടെ.
ടീച്ചർ വിലയിരുത്തണം.

വിശകലനക്കുറിപ്പ് തയ്യാറാക്കാം

നൽകിയിരിക്കുന്ന വരികൾ കുട്ടികൾ വായിക്കട്ടെ

വള്ളത്തോളിന്റെ 'തറവാട്ടമ്മ' എന്ന കവിതയിൽ നിന്നെടുത്തതാണ് ഈ വരികൾ. മാതൃഭാഷയുടെ പ്രാധാന്യം പ്രതിപാദിക്കുന്നതിനിടയിലാണ് അമ്മ ഒരാളുടെ ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് കവി സൂചിപ്പിക്കുന്നത്. എന്താണ് ഈ വരികളുടെ ആശയം?

മാതാവിന്റെ വാത്സല്യപൂർണമായ മുലപ്പാൽ നുകർന്നു വളർന്നാലേ കുഞ്ഞുങ്ങൾ പൂർണ്ണവളർച്ച നേടുകയുള്ളൂ. എത്ര രുചികരവും വിശിഷ്ടവുമായ ആഹാരമാണെങ്കിലും അത് അമ്മ തന്നെ വിളമ്പിത്തന്നാലേ രുചികരമായി അനുഭവപ്പെടുകയുള്ളൂ.
കവിയുടെ ഈ കണ്ടെത്തൽ ശരിയല്ലേ?

കുഞ്ഞിന്റെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് അമ്മയുടെ മുലപ്പാൽ തന്നെ കുടിക്കണം.

ഏതാഹാരവും അമ്മ വിളമ്പിത്തന്ന് കഴിപ്പിക്കുമ്പോൾ അതിന്നൊരു പ്രത്യേക രുചി തന്നെയാണ്. അങ്ങനെയല്ലേ? എന്തുകൊണ്ടാണത്? കുട്ടികൾ അഭിപ്രായങ്ങൾ പ്രകടിപ്പിക്കട്ടെ.

അമ്മയുടെ സ്നേഹവാത്സല്യങ്ങളാണതിനു കാരണം. നമ്മെ ആരോഗ്യവാന്മാരും മിടുക്കന്മാരുമാക്കുന്നതിൽ അമ്മയ്ക്കുള്ള പങ്കാണ് ഈ വരികളിൽ വ്യക്തമാകുന്നത്. പ്രയാസമുണ്ടായാലും അമ്മയുടെ മടിത്തട്ടിലെത്തുമ്പോൾ ആശ്വാസം അനുഭവപ്പെടാറില്ലേ? അമ്മയുടെ ഒരു തലോടൽ, ഒരു ചുംബനം, ഒരു വാക്ക് എത്ര സന്തോഷവും ആത്മവിശ്വാസവുമാണ് നിങ്ങൾക്കു നൽകാറുള്ളത്? ഇങ്ങനെ വളർന്ന് അല്പം മുതിരുമ്പോൾ ആ അമ്മയെ അവഗണിക്കുന്നത് ശരിയാണോ?

ചോദ്യങ്ങളിലൂടെ ആശയബോധമുണ്ടാക്കാം. കുട്ടികൾ വ്യക്തിഗതമായി വിശകലനകുറിപ്പ് തയ്യാറാക്കട്ടെ.

ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തിയ ശേഷം ഓരോ ഗ്രൂപ്പും ഏറ്റവും നല്ല കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കട്ടെ.

**ജീവചരിത്രക്കുറിപ്പ് തയ്യാറാക്കാം**

കമലാസുരയ്യയുടെ ജീവിതത്തെക്കുറിച്ചുള്ള സൂചനകളാണു നൽകിയിരിക്കുന്നത്. അവ ക്രമാനുഗതം സ്വന്തം വാക്യങ്ങളിലാക്കി ജീവചരിത്രക്കുറിപ്പാക്കണം. തന്നിരിക്കുന്ന ചൂചനകൾ കൂടാതെ ശേഖരിക്കാൻ കഴിയുന്നവ ഉൾപ്പെടുത്തുകയും വേണം.

- എങ്ങനെയാണ് ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക? ചർച്ച ചെയ്യാം.
- ജീവിതത്തിന്റെ തുടക്കം മുതൽ ക്രമാനുഗതമായിട്ടാവണം വിവരണം.

ഉദാ: ജനനം, മാതാപിതാക്കൾ, വിദ്യാഭ്യാസം, രചനകൾ, അവാർഡുകൾ, മരണം.....)
ടീച്ചർ വേർഷൻ പ്രദർശിപ്പിക്കാം.

**കമലാസുരയ്യ**

പ്രശസ്ത കവയിത്രി ബാലാമണിയമ്മയുടെയും മാതൃഭൂമി മാനേജിംഗ് എഡിറ്ററായിരുന്ന വി.എം. നായരുടെയും മകളായി കമല 1934 മാർച്ച് 31ന് നാലപ്പാട്ടു തറവാട്ടിൽ ജനിച്ചു. ജന്മനാട്ടിൽ നിന്നുതന്നെ പ്രാഥമിക വിദ്യാഭ്യാസം നേടി. ചെറുപ്രായത്തിൽ കഥകളും കവിതകളും എഴുതിത്തുടങ്ങി. പത്താം വയസ്സിലെഴുതിയ 'അവളുടെ വിധി' എന്ന കഥ 1944 ആഗസ്റ്റിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് നിരന്തരം കഥകളെഴുതി. കമലാദാസ് എന്ന പേരിൽ ഇംഗ്ലീഷിലും കഥകളും കവിതകളും എഴുതിയിട്ടുണ്ട്. ഇസ്ലാംമതം സ്വീകരിച്ചതോടെ കമലാസുരയ്യ എന്ന പേര് സ്വീകരിച്ചു. 2009 മെയ് 31 നായിരുന്നു അവരുടെ മരണം. തിരുവനന്തപുരം പാളയംപള്ളി ശ്മശാനത്തിൽ അവർ അന്ത്യവിശ്രമം കൊള്ളുന്നു.

കുട്ടികൾ വ്യക്തിഗതമായി ജീവചരിത്രക്കുറിപ്പ് തയ്യാറാക്കട്ടെ. ഏതാനും കുറിപ്പുകൾ ക്ലാസിൽ അവതരിപ്പാക്കാൻ അവസരം നൽകണം.

**കണ്ടെത്തി എഴുതുക** WB

പാഠഭാഗം വീണ്ടും വായിക്കാനുള്ള പ്രവർത്തനമാണിത്.
നൽകിയിരിക്കുന്ന വാക്യങ്ങൾ ഏത് സന്ദർഭത്തിൽ ആര്, ആരോട് പറഞ്ഞുവെന്ന് കുട്ടികൾ കണ്ടെത്തി എഴുതട്ടെ. ഹോംവർക്കായി നൽകാം. പിന്നീട് വിലയിരുത്തിയാൽ മതി.

**ഡയറി എഴുതാം** WB

ഡയറിക്കുറിപ്പ് മുൻക്ലാസുകളിൽ പരിചയപ്പെട്ട പ്രവർത്തനമാണ്. എങ്കിലും ഉയർന്ന ക്ലാസുകളിലെത്തുമ്പോൾ അതിനനുസരിച്ച പുരോഗതി കുറിപ്പുകളിൽ പ്രകടമാവേണ്ടതുണ്ട്.

അമ്മ മരിച്ച ദിവസം ഉണ്ണിയുടെ മാനസികനില എങ്ങനെയായിരിക്കണം? കഥയിൽ അവസാനഭാഗത്ത് അതിന്റെ സൂചനയുണ്ട്. തന്റെ ക്രൂരമായ പെരുമാറ്റങ്ങളാണ് അമ്മയുടെ മരണത്തിന് കാരണമായത് എന്ന വിചാരമുണ്ടവന്. എങ്കിലും അത് മനസ്സിനെ അത്രയൊന്നും സ്വാധീനിച്ചിട്ടില്ലെന്നല്ലേ അവന്റെ പ്രവൃത്തികൾ സൂചിപ്പിക്കുന്നത്? ആ ദിവസം തന്നെ അവൻ ബിംബീസിൽ പോയി ചിക്കൻ കഴിക്കുകയും സിഗരറ്റ് വലിക്കുകയും ചെയ്യുന്നു.
കുട്ടികൾ ഉണ്ണിയുടെ മാനസികാവസ്ഥ വിലയിരുത്തി ഡയറിക്കുറിപ്പുകൾ തയ്യാറാക്കട്ടെ. ടീച്ചർ വിലയിരുത്തണം.

**പ്രതികരണക്കുറിപ്പ്** WB

- അമ്മയ്ക്കു സൗന്ദര്യവും വിദ്യാഭ്യാസവും കുറവായതുകൊണ്ടാണ് ഉണ്ണി അമ്മയെ വെറുത്തത്. ഈ അഭിപ്രായം ശരിയാണോ?

കഥാസന്ദർഭത്തിൽ നിന്ന് എന്താണു മനസ്സിലാവുന്നത്? ചർച്ച ചെയ്യാം.
ക്രോഡീകരണം :-

- അമ്മയുടെ വേഷവും ശരീരപ്രകൃതിയും ഉണ്ണിയ്ക്കു വെറുപ്പുണ്ടാക്കുന്നുണ്ട്.
- ഗ്രാമീണ ശൈലിയിലുള്ള സംസാരവും അവനിഷ്ടമല്ല.
- മറ്റു കുട്ടികളുടെ പത്രാസുള്ള അമ്മമാരുമായാണ് അവൻ തന്റെ അമ്മയെ താരതമ്യപ്പെടുത്തുന്നത്. എന്തുകൊണ്ട് തന്റെ അമ്മയ്ക്കും അങ്ങനെയായിക്കൂടാ എന്നാണവന്റെ ചോദ്യം. ഉണ്ണിയുടെ ഈ മനോഭാവങ്ങൾ ശരിയാണോ?
  ഗ്രൂപ്പിൽ വിശകലനം ചെയ്ത് കണ്ടെത്തിയ വസ്തുതകൾ കുട്ടികൾ രേഖപ്പെടുത്തട്ടെ.
- അമ്മ ഖത്തറിൽ പോകാത്തത് എന്തുകൊണ്ടാവാം?
  അച്ഛനോട് സ്നേഹമില്ലാഞ്ഞിട്ടാണെന്ന് ഉണ്ണി പറയുന്നു. ഇതു ശരിയാണോ?
  മറ്റുള്ളവർക്ക് ഒരു ഭാരമാവാൻ അമ്മ ആഗ്രഹിക്കുന്നില്ല.
  അവർ വിനയമുള്ളവരും വിനീതയുമാണ്. ചമഞ്ഞു നടക്കാനുള്ള താല്പര്യമില്ല.
  ഉണ്ണിയുടെ സംരക്ഷണവും അവനെ പരിചരിക്കലുമാണ് അവരുടെ ലക്ഷ്യം.
  മറ്റൊന്നും ചിന്തിക്കാൻ അവർക്കു കഴിയുന്നില്ല.
  ഇതൊക്കെയല്ലേ കാരണങ്ങൾ? ഗ്രൂപ്പിൽ വിശകലനം ചെയ്ത് അഭിപ്രായമെഴുതട്ടെ.
- “ഞാനാണ് അമ്മയെ കൊന്നത്.”

ഉണ്ണിയുടെ ഈ വാക്കുകളുടെ അർത്ഥമെന്താണ്? ഇങ്ങനെ പറയുന്നത് ശരിയാണോ?

അമ്മയ്ക്ക് ഉണ്ണിയോട് അഗാധമായ സ്നേഹമുണ്ട്. ഉണ്ണിക്കാവട്ടെ അമ്മയോട് ഒട്ടും ഇഷ്ടമില്ല. ഈ കാര്യം മനസ്സിലാക്കിയപ്പോൾ അമ്മയുടെ ഹൃദയം തകർന്നു പോയിട്ടുണ്ടാവില്ലേ?

ഉണ്ണിയുടെ ഇഷ്ടാനിഷ്ടങ്ങളറിഞ്ഞു വിഭവങ്ങളുണ്ടാക്കിക്കൊടുക്കുന്ന അമ്മ. അതൊക്കെ പുച്ഛത്തോടെ കാണുകയും അവഗണിക്കുകയും ചെയ്യുന്ന മകൻ. അമ്മയുടെ മനസ്സ് തകരാൻ ഇതൊക്കെ കാരണമല്ലേ?

അങ്ങനെയാണെങ്കിൽ മനസ്സു തകർന്ന് അമ്മ സുബോധം നഷ്ടപ്പെട്ടു നടക്കുന്നതിനിടയിൽ സംഭവിച്ചതായിരിക്കുമല്ലോ ആ മരണം. അതുകൊണ്ട് പ്രത്യക്ഷമായല്ലെങ്കിലും പരോക്ഷമായി ആ മരണത്തിനുത്തരവാദി ഉണ്ണി തന്നെയാണെന്നു കരുതിക്കൂടേ?

ഗ്രൂപ്പിൽ ചർച്ച ചെയ്ത് പ്രതികരണക്കുറിപ്പ് തയ്യാറാക്കട്ടെ.

കുട്ടികൾ ഗ്രൂപ്പുകളായി ഇരുന്നശേഷം ഓരോ ചോദ്യവും ചർച്ചയ്ക്കു വിധേയമാക്കുകയും സൂചനകൾ നൽകുകയും ചെയ്യുന്നതാണ് നല്ലത്.

ഗ്രൂപ്പിൽ എല്ലാ അംഗങ്ങളുടെയും വ്യക്തിഗതപങ്കാളിത്തം ഉറപ്പാക്കണം.

<u>കഥാപാത്ര നിരൂപണം തയ്യാറാക്കുക</u>

അമ്മയുടെ സവിശേഷ ഗുണങ്ങൾ കണ്ടെത്താൻ കഥയെക്കുറിച്ചു വീണ്ടും ചർച്ചയാവാം.

- അമ്മയും ഉണ്ണിയുമാണ് മുഖ്യകഥാപാത്രങ്ങൾ. അച്ഛൻ, സാവിത്രി എന്നിവർ ആനുഷംഗികമായി കടന്നു വരുന്നേയുള്ളൂ.
- അമ്മ സ്നേഹവതിയാണ്, ഉണ്ണിയോട് അങ്ങേയറ്റത്തെ സ്നേഹവും വാത്സല്യവും അവർക്കുണ്ട്.
- ഉണ്ണിക്ക് വേണ്ടിയാണവർ ജീവിക്കുന്നത്.
- വീട് പരിചരണത്തിലും അടുക്കളപ്പണിയിലുമാണവർ സദാസമയവും. അതിലവർ സന്തോഷവും സമാധാനവും കണ്ടെത്തുന്നു.
- പുസ്തകം വായനയോ മറ്റു വിനോദങ്ങളോ അവർക്കില്ല.
- ഉണ്ണിയുടെ മിടുക്കും കഴിവുകളും പഠനനിലവാരവും അറിയാൻ അവർക്കാഗ്രഹമുണ്ട്.
- ഭർത്താവിനടുക്കലേക്കു പോകുന്നത് അദ്ദേഹത്തിനു ബുദ്ധിമുട്ടാകുമെന്നു കരുതുന്നതിനാലാണ് ആ മോഹവും അവർ ഉപേക്ഷിക്കുന്നത്.
- ഉണ്ണിക്ക് തന്നോട് ഒട്ടും സ്നേഹമില്ലെന്ന് തിരിച്ചറിയുന്നതോടെ അവർ മാനസികമായി തളർന്നു പോകുന്നുണ്ട്.

ചർച്ചയിലൂടെ കണ്ടെത്തിയ വസ്തുതകൾ ഉൾപ്പെടുത്തി കുട്ടികൾ കാഥാപാത്ര നിരൂപണം തയ്യാറാക്കട്ടെ.

വിലയിരുത്തൽ സൂചനകൾ :-

- കഥാപാത്രത്തിന് കഥയിലുള്ള സ്ഥാനം കണ്ടെത്തിയിട്ടുണ്ട്.
- കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
- പരസ്പരബന്ധം പാലിച്ചുകൊണ്ട് ക്രമത്തിൽ അവതരിപ്പിച്ചിട്ടുണ്ട്.
- അനുയോജ്യമായ ഭാഷ പ്രയോഗിച്ചിട്ടുണ്ട്.

<u>വിഭക്തിയും പ്രത്യയവും</u> TB

ടീച്ചർ ഏതാനും പദങ്ങൾ BBയിൽ കുറിക്കുന്നു:

- ഷീന ഷാനി സ്കൂൾ മിടുക്കർ കുട്ടികൾ
- അസഹ്യം തലവേദന ഷീന ഇന്നലെ സ്കൂൾ വന്നില്ല
- ഷാനി അവൾ വീട് സന്ദർശനം ചെന്നു

ഈ പദങ്ങൾ വായിച്ചിട്ട് നിങ്ങൾക്കെന്തു മനസ്സിലായി?

ഇവ ആശയപൂർണമായ വാക്യങ്ങളാക്കാൻ എന്താണ് ചെയ്യേണ്ടത്? ചർച്ച ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നു.

- ഷീനയും ഷാനിയും സ്കൂളിലെ മിടുക്കരായ കുട്ടികളാണ്.
- അസഹ്യമായ തലവേദനയാൽ ഷീന ഇന്നലെ സ്കൂളിൽ വന്നില്ല.
- ഷാനി അവളുടെ വീട്ടിലേക്ക് സന്ദർശനത്തിനായി ചെന്നു.

ക്രോഡീകരണം:

- ഇങ്ങനെ ഒരാശയം ലഭിക്കാൻ പദങ്ങളെ പരസ്പരം ബന്ധിപ്പിക്കാനായി വരുത്തുന്ന മാറ്റങ്ങൾക്ക് വിഭക്തി എന്നു പറയുന്നു.
- ഈ മാറ്റത്തിനുപയോഗിക്കുന്ന അക്ഷരരൂപത്തെ പ്രത്യയം എന്നും പറയുന്നു.

തുടർന്നു പാഠഭാഗത്തെ 'വിഭക്തിയും പ്രത്യയവും' എന്ന ഭാഗം വായിക്കാം.
കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്താം.

പാഠം -3

# കരുണയുടെ കരങ്ങൾ

സാമൂഹിക ജീവിതത്തിന്റെ മുഖ്യപ്രയോജനം പരസ്പരം താങ്ങും തണലുമാവുക എന്നതാണ്. മനുഷ്യർ സാമൂഹിക ജീവികളാണ്, എന്ന നിലയ്ക്ക് എല്ലാവരും പരസ്പരം താങ്ങും തണലുമായി സഹകരിച്ചും സഹായിച്ചും കഴിയേണ്ടവരാണ്. എന്നാൽ ഈ സഹകരണവും സഹായങ്ങളും പലപ്പോഴും ചുരുങ്ങിയ വൃത്തത്തിൽ ഒതുങ്ങിപ്പോകുന്നു. അന്ധമായ സ്വാർത്ഥത സ്വന്തംകാര്യം, സ്വന്തം ഭാര്യയുടെയും മക്കളുടെയും കാര്യം, സ്വന്തം കുടുംബത്തിന്റെ കാര്യം എന്നൊക്കെയുള്ള വൃത്തത്തിനപ്പുറത്തേക്കു കടക്കാൻ വ്യക്തികളെ അനുവദിക്കുന്നില്ല. അതുകൊണ്ടുതന്നെ ആവശ്യത്തിലധികം സമ്പത്തുണ്ടായാലും വിഭവങ്ങളുണ്ടായാലും മാനവവിഭവശേഷിയുണ്ടായാലും സമൂഹത്തിൽ, രാജ്യത്ത് കഷ്ടപ്പെടുന്നവരുടെയും ദുരിതമനുഭവിക്കുന്നവരുടെയും നിരാലംബരുടെയും എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഒറ്റപ്പെടുന്നവർ പെരുകിക്കൊണ്ടിരിക്കുന്നു.

ശാസ്ത്ര സാങ്കേതിക രംഗത്തെ പുരോഗതിയോടൊപ്പം തന്നെ ദുരിതങ്ങൾ പേറുന്നവരുടെ സംഖ്യയും പെരുകിക്കൊണ്ടിരിക്കുകയാണ്. വാഹനാപകടങ്ങൾ, പലതരം യന്ത്രങ്ങളിൽ നിന്നുണ്ടാകുന്ന അപകടങ്ങൾ, അന്തരീക്ഷമലിനീകരണത്തിന്റെയും കൃത്രിമ ഔഷധങ്ങളുടെ ഉപയോഗത്തിന്റെയും പാർശ്വഫലങ്ങളെന്നോണം വ്യാപകമായ മാരകരോഗങ്ങൾ എന്നിങ്ങനെ പല കാരണങ്ങളാൽ കിടപ്പിലാകുന്നവരുടെ എണ്ണം ദിനംതോറുമെന്നോണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പല രോഗങ്ങളുടെയും ചികിത്സാചെലവ് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം താങ്ങാൻ കഴിയാത്തതാണ്. ഇങ്ങനെ ദുരിതം പേറുന്നവരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വമാർക്കാണ്? സാമൂഹികബോധമുള്ളവരുടെ മനസ്സിൽ ഇത്തരം ഒട്ടേറെ കേസുകൾ ചോദ്യചിഹ്നമുയർത്തിയപ്പോഴാണ് അവശരെ പരിചരിക്കുന്ന കാര്യത്തിൽ ഒരേകീകരണമുണ്ടാവണമെന്നും സംഘടിതമായ പ്രവർത്തനം ഈ രംഗത്ത് അനിവാര്യമാണെന്നുമുള്ള ചിന്തകളുണ്ടായത്. ഈ അടിസ്ഥാനത്തിലാണ് 'സാന്ത്വനമേകാൻ അയൽകണ്ണികൾ' എന്ന കൂട്ടായ്മ രൂപം കൊണ്ടത്. സാമൂഹികബോധമുള്ളവരുടെ മനസ്സിൽ ആ കൂട്ടായ്മയുടെ പ്രസക്തി ബോധ്യമായപ്പോൾ കേരളത്തിലെങ്ങും അതേ മോഡലിലുള്ള കൂട്ടായ്മകൾ രൂപംകൊള്ളാൻ താമസമുണ്ടായില്ല. പാലിയേറ്റീവ് കെയർ എന്ന പേരിൽ ഈ കൂട്ടായ്മ ഇന്ന് വ്യവസ്ഥാപിതമായി കേരളത്തിലും പുറത്തും പ്രചാരം നേടിയ വലിയൊരു പ്രസ്ഥാനമായി മാറിയിരിക്കുന്നു. മനുഷ്യമനസ്സിൽനിന്നു കാരുണ്യവും ദയയും സഹകരണമനോഭാവവും സഹായ മന:സ്ഥിതിയും ത്യാഗബോധവും നീങ്ങിപ്പോയിട്ടില്ല എന്നതിന് ഉത്തമനിദർശനമാണ് പാലിയേറ്റിവ്കെയർ പദ്ധതി.

പാലിയേറ്റിവ് കെയർ പദ്ധതിയുടെ രൂപീകരണത്തിലേക്ക് നയിച്ച ചില സംഭവങ്ങളെയും അതിന്റെ പ്രചാരണത്തെയും പ്രവർത്തനരീതിയെയും കുറിച്ചു സാമാന്യ ബോധം കുട്ടികളുടെ മനസ്സിലുണർത്തുന്ന പാഠഭാഗമാണ് 'കരുണയുടെ കരങ്ങൾ.' കുട്ടികളുടെ ശ്രദ്ധ ഈ മേഖലയി

ലേക്ക് തിരിക്കുന്നതോടൊപ്പം ഇത്തരം പ്രവർത്തനങ്ങളിൽ പങ്കാളികളാവാനുള്ള പ്രചോദനം നൽകുകകൂടി ചെയ്യേണ്ടതുണ്ട്. ഇന്ന് ഈ രംഗത്ത് കുട്ടികളുടെ പങ്കാളിത്തം ഏറെ പ്രസക്തമാണ്. സ്കൂൾതലങ്ങളിൽ തന്നെ നടക്കുന്ന ഇത്തരം പ്രവർത്തനങ്ങൾക്കുള്ള പണസമാഹരണവും വീടുനിർമ്മാണവും കണക്കെടുപ്പുകളും മറ്റും ഇതിനകം ശ്രദ്ധ നേടിക്കഴിഞ്ഞതാണല്ലോ. ദയ, കാരുണ്യം, സഹജീവിസ്നേഹം, സഹകരണം, സഹായമനഃസ്ഥിതി തുടങ്ങിയ മാനവിക മൂല്യങ്ങൾ കുട്ടികളുടെ മനസ്സിലേക്കു സന്നിവേശിപ്പിക്കാൻ ഈ പാഠഭാഗത്തിലൂടെ ശ്രദ്ധിക്കേണ്ടതുണ്ട്.

**പാഠാവതരണം**

ടീച്ചർ ചില ചോദ്യങ്ങളുന്നയിക്കുന്നു:

- നിങ്ങളുടെ ഒരു കൂട്ടുകാരൻ/ കൂട്ടുകാരി, അല്ലെങ്കിൽ അയൽക്കാരിലൊരാൾ, നാട്ടിലൊരാൾ മാരകരോഗിയായി കിടക്കുന്നു. അയാളെ പരിചരിക്കാനാളില്ല. ചികിത്സിക്കാൻ പണവുമില്ല. ചികിത്സയാവട്ടെ വലിയ പണച്ചെലവുള്ളതുമാണ്. നിങ്ങളെന്തു ചെയ്യും?
- അയാളുടെ കാര്യത്തിൽ നിങ്ങൾക്കു വല്ല ബാധ്യതയുമുണ്ടോ?
- വലിയവരാരെങ്കിലും എന്തെങ്കിലും ചെയ്തുകൊള്ളട്ടെ, എനിക്കതിനൊന്നും കഴിയില്ലല്ലോ എന്ന നിലയിൽ നിങ്ങൾ ഒഴിഞ്ഞുമാറുകയാണോ ചെയ്യുക?

കുട്ടികൾ പ്രതികരിക്കട്ടെ.

- അയാളെ സഹായിക്കേണ്ടത് തങ്ങളുടെ ബാധ്യതയാണ്.
- അതിനുള്ള വഴികൾ തേടണം.
- കുട്ടികളെന്ന നിലക്ക് ഒഴിഞ്ഞുമാറാൻ പറ്റില്ല, തങ്ങളാൽ കഴിയുന്നത് ചെയ്യണം.
- മറ്റുള്ളവരുടെ ശ്രദ്ധയിൽ പെടുത്തി സഹായിക്കാൻ ആവശ്യപ്പെടാം. പണം പിരിച്ചു നൽകാം.
- ഇത്തരം രോഗികളെ പരിചരിക്കുന്ന കേന്ദ്രങ്ങളിലെത്തിക്കാം എന്നിങ്ങനെയുള്ള നിഗമനങ്ങളിലേക്കു ചർച്ച ക്രോഡീകരിക്കുന്നു.

'ഇതു സംബന്ധമായ വിവരങ്ങൾ നേടാനുതകുന്ന ഒരു പാഠഭാഗം വായിക്കാം' എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ ടീച്ചർ നിർദ്ദേശിക്കുന്നു.

കുട്ടികൾ പാഠഭാഗം മൗനമായി വായിക്കട്ടെ.

തുടർന്ന് ഗ്രൂപ്പിൽ ആശയമുൾക്കൊണ്ടുള്ള വായന നടക്കുന്നു. നന്നായി വായിക്കുന്ന ഒരാൾക്ക് ഓരോ ഗ്രൂപ്പിൽ നിന്നും ശ്രാവ്യവായനക്ക് അവസരം നൽകുന്നു.

പാഠഭാഗം മുന്നോട്ടു വയ്ക്കുന്ന ആശയതലങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ.

കുട്ടികളുടെ അവതരണം - ചർച്ച

ടീച്ചർ അവ ക്രോഡീകരിക്കുന്നു:

- ദുരിതത്തിലകപ്പെട്ട് ജീവിതം വഴിമുട്ടിയവരെ എങ്ങനെ രക്ഷിക്കും എന്ന ചിന്തയാണ് പാലിയേറ്റീവ് കെയർ കൂട്ടായ്മകളിലേക്കു നയിച്ചത്.
- മരണം മാത്രം മുമ്പിൽ കണ്ട അനേകായിരങ്ങൾക്ക് പാലിയേറ്റീവ് കെയർ ജീവിതം തിരിച്ചു നൽകുന്നു.
- രോഗിയെ പരിചരിക്കുക മാത്രമല്ല, അവരുടെ പുനരധിവാസവും ജീവിതായോധന മാർഗ്ഗം കണ്ടെത്തലുമൊക്കെ ഈ പദ്ധതിയുടെ ഭാഗമാണ്.
- അപകടങ്ങളും മാരകരോഗങ്ങളും കാരണം തളർന്നുപോയവരെ കൈപിടിച്ചു ജീവിതത്തിലേക്കു കൊണ്ടുവരേണ്ട ബാധ്യത എല്ലാവർക്കുമുണ്ട്.
- കുട്ടികൾക്കും ഇക്കാര്യത്തിൽ വലിയ പങ്കുവഹിക്കാൻ കഴിയും

## കണ്ടെത്താം

വിശകലനത്തിലൂടെ പാഠഭാഗത്തെ പ്രധാനാശയങ്ങൾ കുട്ടികൾ മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടാകുമല്ലോ. ഇനി ഈ പ്രവർത്തനത്തിൽ നൽകിയ ചോദ്യങ്ങൾ എഴുതിയെടുത്ത് ഉത്തരം കണ്ടെത്തി എഴുതട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്തട്ടെ.
ഉത്തരം വിലയിരുത്തുമ്പോൾ:

- പാഠഭാഗത്തെ വരികൾ അതേവിധം പകർത്തിയെഴുതുന്നത് പ്രോത്സാഹിപ്പിക്കരുത്.
- ആശയം മനസ്സിലാക്കി സ്വന്തം വാക്കുകളിൽ എഴുതണം.
- ആശയം പൂർണ്ണമായിരിക്കണം.

## വായിക്കാം, ആശയം കണ്ടെത്താം

"ആർത്തസ്വരം ..........................ബാഹുബാഹു"

ഉള്ളൂരിന്റെ ഈ നാലുവരി കവിത എഴുതിയ ചാർട്ട് ടീച്ചർ പ്രദർശിപ്പിക്കുന്നു. വരികൾ വായിച്ച് കുട്ടികൾ ആശയം മനസ്സിലാക്കി പറയട്ടെ.
അർത്ഥമറിയാത്ത പദങ്ങളുണ്ടാവാം. ടീച്ചർ വ്യക്തമാക്കിക്കൊടുക്കണം.

ദൃഷ്ടി = കാഴ്ച, ആർത്തസ്വരം = കരച്ചിൽ
സാന്ത്വോക്തി = സമാധാനിപ്പിക്കുന്ന വാക്ക്
ജിഹ്വ = നാവ്, ബാഹു= കൈ

എന്താണ് ഈ വാക്കുകളിലൂടെ കവി നൽകുന്ന സൂചന?

- മറ്റുള്ളവരുടെ കരച്ചിൽ കേൾക്കാൻ കഴിയുന്ന കാതാണ് കാത്
- മറ്റുള്ളവരെ കാരുണ്യത്തോടെ നോക്കാൻ കഴിയുന്ന കണ്ണാണ് കണ്ണ്
- മറ്റുള്ളവരെ സമാധാനിപ്പിക്കാൻ നല്ല വാക്കുകൾ പറയുന്ന നാവാണു നാവ്
- സാധുക്കളെ സഹായിക്കുന്ന കൈയാണു കൈ.

കാത്, കണ്ണ്, നാവ്, കൈ എന്നീ അവയവങ്ങളുടെ യഥാർത്ഥ ധർമ്മമാണ് കവി സൂചിപ്പിക്കുന്നത്. കേൾക്കാൻ കാതുകൾക്കും കാണാൻ കണ്ണുകൾക്കും സംസാരിക്കാൻ നാവുകൾക്കും പിടിക്കാൻ കൈകൾക്കും ശേഷിയുണ്ടാവും. എന്നാൽ അവ മനുഷ്യന് ഈശ്വരൻ സമ്മാനിച്ചത് സ്വന്തം കാര്യങ്ങൾക്ക് മാത്രമല്ല, പ്രസ്തുത ധർമ്മങ്ങൾകൂടി നിറവേറ്റാനാണ്. അവ യഥാവിധി നിറവേറ്റുമ്പോൾ മാത്രമേ അവയുടെ യഥാർത്ഥ ധർമ്മം നിർവഹിച്ചവരാവൂ എന്നു സൂചന.

മറ്റുള്ളവരെ കാരുണ്യത്തോടെ നോക്കാനും ദുരിതമനുഭവിക്കുന്നവരുടെ കരച്ചിൽ കേൾക്കാനും സാന്ത്വനവാക്കുകൾ പറഞ്ഞ് അവരെ സമാധാനിപ്പിക്കാനും അവരെ സഹായിച്ചും പുനരധിവസിപ്പിച്ചും പ്രവർത്തനനിരതരാവാനുമുള്ള പരിശ്രമമാണ് പാലിയേറ്റീവ് കെയർ നടത്തുന്നത്. കവി സൂചിപ്പിച്ചതും ഇതേ ആശയം തന്നെയാണ്. മനുഷ്യധർമ്മങ്ങൾ യഥാവിധി നിർവഹിക്കാൻ പാലിയേറ്റീവ് കെയർ നമ്മെ പ്രാപ്തരാക്കുന്നു എന്നു ചുരുക്കം.

## അഭിമുഖ ചോദ്യാവലി തയ്യാറാക്കാം

സാന്ത്വനപരിചരണ കേന്ദ്രങ്ങൾ പല പ്രദേശത്തുമുണ്ട്. അത്തരം കേന്ദ്രങ്ങളിലേക്ക് ഒരു യാത്ര സംഘടിപ്പിക്കുന്നത് നല്ല അനുഭവമായിരിക്കും. വിവരണാതീതമായ കാര്യങ്ങൾ നേരിട്ടു കാണാൻ അത് അവസരമൊരുക്കും.
സാന്ത്വന പരിചരണകേന്ദ്രത്തിലെ രോഗിയുമായും വളണ്ടിയറുമായും അഭിമുഖം നടത്താനുള്ള വ്യത്യസ്ത ചോദ്യാവലികൾ തയ്യാറാക്കണം. എന്തൊക്കെയാണ് ചോദിക്കേണ്ടത്? ക്ലാസിലൊരു ചർച്ച സംഘടിപ്പിക്കാം.

- പേര്, നാട്, വീട് തുടങ്ങിയ കാര്യങ്ങളെക്കുറിച്ചൊന്നും ചോദിക്കേണ്ടതില്ല.
- രോഗി അനുഭവിക്കുന്ന പ്രയാസങ്ങൾ
- രോഗത്തിന്റെ അവസ്ഥ
- പരിചരണകേന്ദ്രത്തിൽ കിട്ടുന്ന സഹായങ്ങൾ
- പരിചരണം കൊണ്ടു വന്ന മാറ്റങ്ങൾ
- വളണ്ടിയർമാരുടെ പ്രവർത്തനത്തെക്കുറിച്ചു പറയാനുള്ളത്
- സാന്ത്വനകേന്ദ്രത്തിൽ എത്തിപ്പെട്ടില്ലായിരുന്നെങ്കിൽ .............. തുടങ്ങിയ കാര്യങ്ങളെക്കുറിച്ചു രോഗിയോടു ചോദിക്കം.

- സാന്ത്വന വളണ്ടിയറായി സേവനമനുഷ്ഠിക്കാൻ തയ്യാറായത്,
- എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്,
- ഇവയ്ക്കു സാമ്പത്തികസഹായങ്ങൾ എവിടെ നിന്നാണ് ലഭിക്കുന്നത്
- ജനങ്ങൾ എതെല്ലാം വിധത്തിൽ സഹകരിക്കുന്നു,
- സാന്ത്വന പ്രവർത്തനങ്ങളിലൂടെ എന്തെങ്കിലും ഗുണം ലഭിക്കുന്നുണ്ടോ,
- രോഗികൾ എങ്ങനെയാണ് പെരുമാറുന്നത്,
- എന്തൊക്കെ പ്രയാസങ്ങളാണ് നിങ്ങൾ അനുഭവിക്കുന്നത്........ തുടങ്ങിയ കാര്യങ്ങൾ വളണ്ടിയറോട് ചോദിക്കാം.

ചർച്ചയിൽ നിന്നു വ്യക്തമായ വസ്തുതകൾ ഉൾപ്പെടുത്തി കുട്ടികൾ ഗ്രൂപ്പടിസ്ഥാനത്തിൽ ചോദ്യങ്ങൾ തയ്യാറാക്കട്ടെ. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തണം.

**സന്ദർഭം കണ്ടെത്താം, സ്വാഭിപ്രായമെഴുതാം**

ഏതു സന്ദർഭത്തിൽ നിന്നെടുത്തതാണ് വാക്യമെന്നു കുട്ടികൾ പാഠഭാഗം പരിശോധിച്ചു കണ്ടെത്തട്ടെ.

- 'ഒന്നു കൊന്നു തരാമോ' എന്ന ചോദ്യത്തിന് ഡോക്ടർമാർക്ക് എന്തുകൊണ്ടാണ് ഉത്തരം നൽകാൻ കഴിയാതിരുന്നത്?

കുട്ടികൾ അഭിപ്രായങ്ങൾ പറയട്ടെ.

- ഒരാളെ കൊല്ലാനുള്ള അധികാരം ഡോക്ടർമാർക്കുണ്ടോ?
- ജീവിതം വഴിമുട്ടിയതുകൊണ്ടാണല്ലോ അയാൾ മരണം കൊതിക്കുന്നത്. അയാളുടെ ജീവിതം മുന്നോട്ടു നയിക്കാനുള്ള വല്ല മാർഗവും അവർക്കു നിർദ്ദേശിക്കാനുണ്ടായിരുന്നോ?
- അയാളെ മറ്റേതെങ്കിലും വിധത്തിൽ സഹായിക്കാൻ അവർക്കു കഴിയുമായിരുന്നോ?

**ക്രോഡീകരണം:**

- അയാളുടെ ചോദ്യത്തിനു മുമ്പിൽ ഡോക്ടർമാർക്ക് നിസ്സഹായരായി ഇരിക്കാനേ കഴിഞ്ഞുള്ളൂ. കാരണം, ഒരാളെയും കൊല്ലാനുള്ള അധികാരം അവർക്കില്ല.
- ചികിത്സിക്കാനല്ലാതെ അയാളുടെ ജീവിതാവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാനുള്ള സംവിധാനം അവർക്കുണ്ടായിരുന്നില്ല.
- ചികിത്സ ചെലവേറിയതാണെങ്കിൽ അതും നൽകാൻ അവർക്കു കഴിയുമായിരുന്നില്ല.
- പാലിയേറ്റീവ് കെയർ സംവിധാനങ്ങൾ വന്നതിനുശേഷമാണ് ഇത്തരം സഹായങ്ങൾ രോഗികൾക്കെത്തിച്ചുകൊടുക്കാൻ ഡോക്ടർമാർക്കും സാധ്യമായത്.

ചർച്ചയുടെ അടിസ്ഥാനത്തിൽ കുട്ടികൾ സ്വാഭിപ്രായം എഴുതട്ടെ.

## പ്രതികരണകുറിപ്പ് തയ്യാറാക്കാം

അപകടം സംഭവിക്കുന്നതുവരെ അയാൾ ആരോഗ്യവാനായിരുന്നു. നല്ല നിലയിൽ ഭാര്യയെയും കുട്ടികളെയും സംരക്ഷിച്ചിരുന്നു. സുഖത്തിലും ദു:ഖത്തിലും പങ്കുചേരേണ്ടവരാണ് ഭാര്യയും മക്കളും കുടുംബാംഗങ്ങളുമെല്ലാം. അയാൾ ഇപ്പോൾ നിസ്സഹായനാണ്. പണമില്ല, ആരോഗ്യമില്ല, അവയവങ്ങൾക്കു ചലനശേഷിയുമില്ല. ഭക്ഷണം കഴിക്കാമെങ്കിലും മറ്റാവശ്യങ്ങൾ നിർവഹിക്കണമെങ്കിൽ അയാൾക്കു പരസഹായം വേണം.

- ഈ സാഹചര്യത്തിൽ എത്ര മടുപ്പുതോന്നിയാലും ഭാര്യ മക്കളെയുമായി അയാളെ ഉപേക്ഷിച്ചു പോകാമോ?
- ഈ മനുഷ്യന്റെ അവസ്ഥകളൊന്നും പരിഗണിക്കാതെ പോകുന്നതു മനുഷ്യത്വമാണോ?
- എല്ലാവരും ഇങ്ങനെ ചിന്തിച്ചാൽ ഭൂമിയിലെ അവസ്ഥ എന്തായിരിക്കും?

ചർച്ചയിലൂടെ വ്യക്തമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ കുട്ടികൾ പ്രതികരണക്കുറിപ്പ് തയ്യാറാക്കട്ടെ. വ്യക്തിപരമായി തയ്യാറാക്കിയ കുറിപ്പ് ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തട്ടെ. ഏതാനും കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിക്കട്ടെ.
ടീച്ചർ വിലയിരുത്തണം.

## വിശകലനം ചെയ്യുക

'ആധുനിക വൈദ്യശാസ്ത്രം ചികിത്സിക്കുന്നത് രോഗത്തെയാണ്, രോഗിയെയല്ല.' ഈ പ്രസ്താവന ഉൾക്കൊള്ളുന്ന ആശയങ്ങളെന്തൊക്കെയാണ്?
പല തരത്തിൽ വിശകലനം ചെയ്യാം :

- പ്രയോഗിക്കുന്ന ഔഷധങ്ങളും മറ്റും രോഗിയിൽ എന്തെല്ലാം പ്രതികരണങ്ങളാണു സൃഷ്ടിക്കുകയെന്നു പരിഗണിക്കുന്നില്ല. വന്നുപെട്ട രോഗത്തെ തൽക്കാലം ഇല്ലാതാക്കാനുള്ള ശ്രമങ്ങളായിരിക്കും നടത്തുന്നത്. ആ ശ്രമത്തിനിടയിൽ വന്നുപെടുന്ന മറ്റു പ്രശ്നങ്ങൾ (പാർശ്വഫലങ്ങൾ) പലപ്പോഴും വിലയിരുത്താറില്ല. പലരെയും പിന്നീട് മാരകരോഗങ്ങളിലേക്കു തള്ളിവീഴ്ത്തുന്നത് ഇത്തരം ചികിത്സകളാണെന്നു കണ്ടെത്തിയിട്ടുണ്ട്. ഇതൊരു വശം.

രോഗിയുടെ അവസ്ഥകൾ സമഗ്രമായിക്കണ്ട് ചികിത്സിക്കുന്നില്ല ആധുനിക വൈദ്യശാസ്ത്രം. രോഗം രോഗിയെയും കുടുംബത്തെയും തളർത്തിക്കളയുന്നുണ്ടാവും. രോഗിയിൽ അത് പലതരം മാനസികപ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ടാവും. സാമ്പത്തിക ബാധ്യതകളുണ്ടാക്കുന്നുണ്ടാവും. സാമൂഹികമായ ഒറ്റപ്പെടലുകളും മറ്റും നേരിടേണ്ടി വരുന്നുണ്ടാവും. ഇതൊന്നും പരിശോധിക്കുകയോ പരിഗണിക്കുകയോ വിലയിരുത്തുകയോ ചെയ്യേണ്ട ആവശ്യം വൈദ്യശാസ്ത്രത്തിനില്ല.

ഈ സാഹചര്യത്തിൽ രോഗാനുബന്ധ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള സംവിധാനം ആവശ്യമാണെന്ന സൂചനയാണ് പ്രസ്തുത വരികളിലുള്ളത്.

- വസ്തുതകളിലേക്കു ടീച്ചർ കുട്ടികളുടെ ശ്രദ്ധ തിരിക്കുന്നു.
- ചില രോഗികളുടെ കഥകൾ പരോക്ഷമായി അവതരിപ്പിക്കുന്നു.
- രോഗികൾക്ക് രോഗാവസരത്തിലും രോഗശമനശേഷവും ആവശ്യമായ സഹായങ്ങളെക്കുറിച്ചും പിന്തുണകളെക്കുറിച്ചും വിവരിക്കുന്നു.

ഈ വസ്തുതകൾ ഉൾപ്പെടുത്തി കുട്ടികൾ കുറിപ്പ് തയ്യാറാക്കട്ടെ.
വ്യക്തിഗതമായി തയ്യാറാക്കിയ കുറിപ്പ് പരസ്പരം കൈമാറി കൂട്ടുകാരുടെ അഭിപ്രായമാരായട്ടെ.
ഏതാനും കുറിപ്പുകൾ ക്ലാസിലവതരിപ്പിച്ചു ചർച്ച ചെയ്യാം, കൂട്ടിച്ചേർക്കലുകൾ നടത്താം.

**വിഭക്തികൾ, പ്രത്യയങ്ങൾ**

മുൻപാഠഭാഗത്തു ചർച്ച ചെയ്തതിന്റെ തുടർച്ചയാണിത്.

വിഭക്തികളുടെ പേരും പ്രത്യയവും നൽകിയിരിക്കുന്നു. പട്ടിക നോക്കി മനസ്സിലാക്കട്ടെ. വർക്കുബുക്കിൽ 'വിഭക്തി പ്രത്യയങ്ങൾ വേർതിരിച്ചെഴുതുക' എന്ന പ്രവർത്തനവും ഇതോടനുബന്ധിച്ചു നിർവഹിക്കാം. അപ്പോൾ കൂടുതൽ വ്യക്തതയുണ്ടാവും.

ആവശ്യമായ വിശദീകരണം ടീച്ചർ നൽകണം.

**കണ്ടെത്താം, എഴുതാം** WB

പാഠഭാഗത്തേക്ക് ഒരിക്കൽകൂടി ശ്രദ്ധ തിരിക്കാനുള്ള പ്രവർത്തനമാണിത്. പാഠഭാഗം വീണ്ടും വായിച്ച് സാന്ത്വന പരിചരണ പദ്ധതികൾക്ക് തുടക്കം കുറിക്കാനിടയായ സംഭവം കുട്ടികൾ സംഗ്രഹിച്ചെഴുതട്ടെ.

പാഠഭാഗം പകർത്താതെ ആശയച്ചുരുക്കം സ്വന്തംവാക്കുകളിൽ കുറിക്കാൻ പ്രത്യേകം നിർദ്ദേശിക്കണം.

**ഊഹിച്ചെഴുതാം** WB

ഏറെ നേരം ആലോചിച്ചിരുന്ന ശേഷം ഡോക്ടർമാർ അയാൾക്കു നൽകിയ മറുപടി എന്തായിരിക്കാം?

പിന്നീടുള്ള വിവരണത്തിൽ നിന്ന് കുട്ടികൾ ഊഹിച്ചുപറയട്ടെ.

- അയാളെ സമാധാനിപ്പിച്ചിരിക്കാം.
- അയാളുടെ സംരക്ഷണം ഏറ്റെടുത്ത് വിവരം അറിയിച്ചിരിക്കാം. ഇങ്ങനെയുള്ള സാധ്യതകൾ എഴുതട്ടെ.

**പദങ്ങൾ വിഗ്രഹിച്ചെഴുതുക**

സമാസത്തെക്കുറിച്ചു മുൻ പാഠഭാഗത്ത് വിവരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| നിർമ്മാണത്തൊഴിലാളി | - | നിർമ്മാണ പ്രവർത്തനത്തിലേർപ്പെട്ട തൊഴിലാളി |
| ചക്രക്കസേര | - | ചക്രങ്ങൾ ഘടിപ്പിച്ച കസേര |
| സാമൂഹികജീവി | - | സമൂഹമായി ജീവിക്കുന്നവർ |
| സമ്പൂർണപരിചരണം | - | സമ്പൂർണമായ പരിചരണം |
| ഭവനസന്ദർശനം | - | ഭവനങ്ങൾ സന്ദർശിക്കൽ |
| സഹായസഹകരണങ്ങൾ | - | സഹായവും സഹകരണവും |
| പരിശീലനപരിപാടികൾ | - | പരിശീലനത്തിനായുള്ള പരിപാടികൾ |

**വാക്യങ്ങൾ രചിക്കാം**

പുനരധിവാസം, നിരാലംബർ, ജാഗ്രത എന്നീ പദങ്ങളുൾക്കൊള്ളുന്ന അർത്ഥ വത്തായ വാക്യങ്ങൾ രചിക്കണം.

ഗ്രൂപ്പിൽ ചർച്ച ചെയ്ത് വാക്യങ്ങൾ കണ്ടെത്തട്ടെ.

ഓരോ ഗ്രൂപ്പും കണ്ടെത്തിയ വാക്യങ്ങൾ ക്ലാസിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്താം.

ടീച്ചർ വിലയിരുത്തണം.

**<u>തെറ്റുതിരുത്തി എഴുതുക</u>**

വാക്യങ്ങളിൽ വന്ന തെറ്റുകൾ കുട്ടികൾ കണ്ടെത്തട്ടെ.

സൂചനകൾ നൽകാം :

- ഇന്നത്തെ ചർച്ചാവിഷയം കാരുണ്യപ്രവർത്തനങ്ങൾ എന്നതാണ്.
  ഇന്നത്തെ ചർച്ച കാരുണ്യപ്രവർത്തനങ്ങൾ എന്നതിനെക്കുറിച്ചാണ്.
- ആഹാരത്തിനു മുമ്പു വെള്ളവും ആഹാരത്തിനുശേഷം പഴങ്ങളും പതിവായി കഴിക്കണം.
  വെള്ളം ആഹാരത്തിനു മുമ്പും പഴങ്ങൾ ആഹാരത്തിനു ശേഷവുമാണ് പതിവായി കഴിക്കേണ്ടത്.
- സമൂഹത്തിലെ ദുർബലർ എല്ലാ കാലത്തും അവഗണിക്കപ്പെടുന്നു
  സമൂഹത്തിലെ ദുർബലരെ എല്ലാ കാലത്തും അവഗണിക്കുന്നു.
- രാവിലെ വീട്ടിൽ നിന്നു പുറപ്പെട്ട ഞാൻ പത്തു മണിക്കാണ് ക്ലാസിലെത്തിയത്.
  (വീട്ടിൽ നിന്നും എന്ന് പ്രയോഗിക്കേണ്ടതില്ല).

## യൂണിറ്റ് – 2

# മലയാളത്തിൻ മാദകഭംഗി

### ആമുഖം

മലയാള ഭാഷയുടെയും മലയാള ദേശത്തിന്റെയും മനോഹാരിത അവർണ്ണനീയം തന്നെയാണ്. കവികളും കലാകാരൻമാരും എത്രയെത്ര വർണ്ണിച്ചാലും അതിന്റെ ആസ്വാദ്യത പൂർണ്ണമാകുന്നില്ല. വികസനത്തിന്റെ പേരിൽ വന്നുചേർന്ന കൈയ്യേറ്റങ്ങളും പട്ടണങ്ങളുടെ കടന്നുകയറ്റവും നമ്മുടെ പ്രകൃതിഭംഗിയെ വികൃതമാക്കിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും അനാഘ്രാതപുഷ്പം കണക്കെ ഒളിഞ്ഞിരിക്കുന്ന ഒട്ടേറെ മനോഹാരിതകൾ ഇന്നും മാറ്റമില്ലാതെ നിലകൊള്ളുന്നു എന്നത് അഭിമാനകരം തന്നെയാണ്.

മലയാളഭാഷയുടെ കാര്യവും ഇങ്ങനെത്തന്നെയാണ്. പല വിധത്തിലുള്ള അതിക്രമങ്ങൾ നേരിട്ടിട്ടുണ്ടെങ്കിലും മധുരമനോഹര മലയാളഭാഷ ഇന്നും അതിന്റെ തനതുരൂപത്തിൽ തന്നെ നിലകൊള്ളുന്നുണ്ട്. വിവിധപരിണാമഘട്ടങ്ങൾ കടന്നുവന്നിട്ടുണ്ടെങ്കിലും ആദികാല മലയാളത്തനിമ തെളിഞ്ഞുനിൽക്കുന്ന കൃതികൾ ഇന്നും മലയാളികൾക്ക് പ്രിയപ്പെട്ടവ തന്നെയാണ്. ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിലൂടെ സ്ഥിരപ്രതിഷ്ഠ നേടിയ ലളിതമലയാളത്തിന്റെ തിളക്കമാണ് തുഞ്ചനിലും കുഞ്ചനിലും ചങ്ങമ്പുഴയിലും ആധുനിക കവിതകളിലുംവരെ നമുക്ക് ദർശിക്കാനാകുന്നത്.

മുഖ്യധാരയായി മാറിയ ഈ ഭാഷാസ്വരൂപത്തിനു പുറമെ മലയാളഭാഷയ്ക്കു മറ്റൊരു കൈവഴി കൂടി ഉണ്ടായിരുന്നു എന്ന സത്യം പലപ്പോഴും തമസ്ക്കരിക്കപ്പെട്ടതാണെങ്കിലും പുതിയ പഠനങ്ങൾ അതിന്റെ പ്രസക്തി തെളിയിച്ചുകൊണ്ടിരിക്കുന്നുണ്ട്. അറബിമലയാളം എന്ന സ്വതന്ത്ര ഭാഷയാണത്. മാപ്പിളമാരുടെ ഭാഷ എന്ന നിലയ്ക്കു പാർശ്വവൽക്കരിക്കപ്പെട്ടതു കൊണ്ടു തന്നെ അറബിമലയാളം മുൻകാലങ്ങളിൽ അവഗണിക്കപ്പെട്ടു. മുഖ്യധാരാ ഭാഷയിൽ രചിക്കപ്പെട്ടതിലധികം വൈവിധ്യവും വൈചിത്ര്യവുമാർന്ന രചനകൾ മാപ്പിളമലയാളത്തിൽ രചിക്കപ്പെട്ടിരുന്ന കാര്യം അവഗണിക്കപ്പെട്ടു. അങ്ങനെ അറബിമലയാളം യാഥാസ്ഥിതിക മുസ്ലിംകളുടെ സങ്കുചിത വീക്ഷണത്തിന്റെ അടയാളമായി തെറ്റിദ്ധരിക്കപ്പെടുകയായിരുന്നു.

യഥാർത്ഥത്തിൽ മറ്റെല്ലാ ഭാഷകൾക്കുമൊപ്പം വികസിച്ചു വന്ന പുഷ്കലമായ ഒരു സ്വതന്ത്രഭാഷ തന്നെയായിരുന്നു അറബിമലയാളം എന്നു തെളിയിക്കപ്പെട്ടിട്ടുണ്ട്. ഗദ്യവും പദ്യവുമായി പതിനായിരക്കണക്കിന് ഗ്രന്ഥങ്ങൾ അക്കാലത്ത് ഈ ഭാഷയിൽ രചിക്കപ്പെട്ടിരുന്നു. അതിലെ ഒരു ശാഖയായ മാപ്പിളപ്പാട്ടുവിഭാഗത്തിൽത്തന്നെ അയ്യായിരത്തിലധികം കൃതികൾ രചിക്കപ്പെട്ടിട്ടുണ്ടത്രെ. മാലപ്പാട്ടുകൾ, കെസ്സുപാട്ടുകൾ, കത്തുപാട്ടുകൾ, കല്ല്യാണപ്പാട്ടുകൾ, സർക്കീട്ടു പാട്ടുകൾ എന്നിങ്ങനെ എത്രയോ ഉപവിഭാഗങ്ങളും അവയ്ക്കുണ്ട്. അക്കാലത്തു പ്രചാരത്തിലുണ്ടായിരുന്ന നാടൻപാട്ടുകളുടെ ഗാനാത്മകതയും സൗന്ദര്യവും ഭാവതീവ്രതയും മാപ്പിളപ്പാട്ടുകളിൽ അന്തർലീനമാണ്. മലയാളഭാഷയുടെ മാധുര്യം അറബിമലയാളഭാഷയിലും ഇഴുകിച്ചേർന്നിട്ടുണ്ടെന്നു വ്യക്തം. മലയാളത്തിന്റെ മാദകഭംഗി നിർണ്ണയിക്കുന്നതിൽ അറബിമലയാളത്തിനും

വലിയ പങ്കുണ്ട് എന്ന കാര്യം വിസ്മരിക്കാവുന്നതല്ല. മലയാള ദേശത്തിന്റെയും ഭാഷയുടെയും സംസ്കാരത്തിന്റെയും കലകളുടെയും സൗന്ദര്യവും പ്രാധാന്യവും കുട്ടികളെ ബോധ്യപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ യൂണിറ്റ് സംവിധാനിച്ചിരിക്കുന്നത്. ചിങ്ങപ്പുലരി എന്ന പി. കുഞ്ഞിരാമൻ നായരുടെ കവിത കേരളത്തിന്റെ മനോഹാരിത ആസ്വദനീയമാം വിധം അവതരിപ്പിക്കുന്നു. 'കേളികേട്ട കലകൾ' എന്ന ലേഖനം കേരളത്തിൽ ഉത്ഭവിച്ചു വികാസം പ്രാപിച്ച കലകളെ ഹ്രസ്വരൂപത്തിൽ പരിചയപ്പെടുത്തുന്നു. കുരീപ്പുഴ ശ്രീകുമാറിന്റെ 'അമ്മമലയാളം' മാതൃഭാഷയോടുള്ള മലയാളികളുടെ അവഗണനാ മനോഭാവത്തിനു നേരെ വിരൽചൂണ്ടിക്കൊണ്ട് അതിന്റെ പ്രാധാന്യം വിളംബരം ചെയ്യുന്ന കവിതയാണ്. അറബിമലയാളത്തിന്റെ ഉത്ഭവപശ്ചാത്തലവും സവിശേഷതകളും പ്രാധാന്യവും ചൂണ്ടിക്കാട്ടുന്ന ലേഖനമാണ് 'അറബിമലയാളത്തിന്റെ മധുരം' എന്ന ലേഖനം.

മലയാളത്തിന്റെ പ്രാധാന്യം തിരിച്ചറിയുക, കേരളീയപ്രകൃതി സംരക്ഷിക്കാനുള്ള താല്പര്യം ജനിപ്പിക്കുക, കേരളീയകലകളെ അടുത്തറിയുക, മാതൃഭാഷയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ആ ഭാഷയെ ഉൾക്കൊള്ളാനും പരിപോഷിപ്പിക്കാനും പ്രോത്സാഹനം നൽകുക, അറബിമലയാളഭാഷയെ പരിചയപ്പെടുത്തുക, കേരളത്തിന്റെ സാംസ്ക്കാരിക മണ്ഡലത്തിൽ അറബിമലയാളം ചെലുത്തിയ സ്വാധീനം മനസ്സിലാക്കുക തുടങ്ങിയവയാണ് ഈ യൂണിറ്റിന്റെ പഠനത്തിലൂടെ ലക്ഷ്യമാക്കുന്നത്.

## പ്രവേശക പ്രവർത്തനം

പ്രവേശകമായി നൽകിയിരിക്കുന്ന ഗാനം ടീച്ചർ ആലപിക്കുന്നു. (ICT സാധ്യത ഉപയോഗപ്പെടുത്താം.)

തുടർന്ന് കുട്ടികൾ ഗ്രൂപ്പുകളായി ഈ ഗാനം പാടട്ടെ.

- മലയാള ഭാഷയുടെയും ദേശത്തിന്റെ മനോഹാരിത ഈ ഗാനത്തിൽ വർണ്ണിച്ചിരിക്കുന്നതെങ്ങനെ? കിളികൊഞ്ചും നാട് എന്ന പ്രയോഗത്തിന്റെ സൂചനയെന്ത്?
- ഗാനത്തിൽ സൂചിപ്പിക്കുന്ന മറ്റു സവിശേഷതകൾ എന്തെല്ലാം?

ചർച്ചയിലൂടെ ആശയങ്ങൾ ക്രോഡീകരിക്കുന്നതിന്റെ ഭാഗമായി കേരളത്തിന്റെ സൗന്ദര്യം പ്രകടമാക്കുന്ന മനോഹരദൃശ്യങ്ങൾ പരിചയപ്പെടുത്താം.

- പച്ചപ്പു നിറഞ്ഞ കുന്നും മലകളും വയലേലകളും............
- ദേശത്തിന് അതിരിടുന്ന കടലോരങ്ങളും പുഴകളും തോടുകളും...........

കേരളം അതിമോനഹരമാണ് എന്നു സംഗ്രഹിക്കാം.

യൂണിറ്റ് 2

# യൂണിറ്റ് വിശകലനം

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ വ്യവഹാര /പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| •കവിതകളുടെ കാലം, പ്രയോഗം, ചമത്കാരഭംഗി എന്നിവ കണ്ടെത്തുകയും കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു<br>•കവിത ഈണവും താളവും കണ്ടെത്തി ചൊല്ലി അവതരിപ്പിക്കുന്നു.<br>•കേരളത്തിന്റെ പ്രകൃതി മനോഹാരിത തിരിച്ചറിയുന്നു. | ചിങ്ങപ്പുലരി | •കേരളപ്രകൃതി അതിന്റെ സൗന്ദര്യസമ്പത്തുകൊണ്ട് നമ്മെ പ്രചോദിപ്പിക്കുന്നു.<br>•അതിശയിപ്പിക്കുന്ന കാവ്യബിംബങ്ങളാൽ സമൃദ്ധമാണ് പി.യുടെ കവിതകൾ<br>•സവിശേഷമായ ശബ്ദാർത്ഥ പ്രയോഗങ്ങൾ കവിതയെ മികവുറ്റതാക്കുന്നു. | കവിത ഈണം കണ്ടെത്തി അവതരിപ്പിക്കൽ<br>കാവ്യഭംഗി കണ്ടെത്തൽ<br>പ്രയോഗഭംഗി കണ്ടെത്തൽ<br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | ഈണത്തിലുള്ള ആലാപനം<br>കുറിപ്പ്<br>കുറിപ്പ്<br>ആസ്വാദനക്കുറിപ്പ് | കവിത അവതരണം<br>•ഈണവും താളവും<br>•ഭാവാത്മകത<br>•ഒഴുക്ക്<br>കുറിപ്പ്<br>•ആശയപൂർണത<br>•ഭാഷാശൈലി<br>•പ്രയോഗഭംഗി<br>ആസ്വാദനക്കുറിപ്പ്<br>•ആസ്വാദനാംശം കണ്ടെത്തിയിട്ടുണ്ട്<br>അനുയോജ്യമായ ഭാഷ പ്രയോഗിച്ചിട്ടുണ്ട് |
| •ലേഖനം നിരൂപണം, ഉപന്യാസം, പഠനം തുടങ്ങിയവ വായിച്ച് പ്രമേയപരവും ആസ്വാദനപരവുമായ അംശങ്ങൾ കണ്ടെത്തുകയും കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>•വിവിധ കലകളുടെ ഉത്ഭവ പശ്ചാത്തലം തിരിച്ചറിയുന്നു<br>•കലകൾ ജനകീയമായിരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുന്നു.<br>•തുള്ളൽ കവിതാശകലങ്ങൾ ശേഖരിക്കുകയും ജീവിത സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുന്നു. | കേളി കേട്ട കലകൾ | •കല സാധാരണ ജനങ്ങൾക്കുകൂടി ആസ്വദനീയമാക്കുക എന്ന ലക്ഷ്യമാണ് തുള്ളൽകലയുടെ രൂപീകരണത്തിലേക്കു നയിച്ചത്.<br>•വിവിധ കലകളുടെ സമഞ്ജസ സമ്മേളനത്തിലൂടെ പൂർണത പ്രാപിച്ച കലാരൂപമാണ് കഥകളി.<br>•വള്ളത്തോളും അദ്ദേഹം സ്ഥാപിച്ച കലാമണ്ഡലവും കേരളീയ കലകളെ പുനരുജ്ജീവിപ്പിക്കുന്നതിൽ മുഖ്യപങ്കു വഹിച്ചിട്ടുണ്ട്.<br>•കേരളീയർ കലയോട് ഏറെ താല്പര്യം പ്രകടിപ്പിക്കുന്നവരാണ്. | നിരൂപണങ്ങൾ, പഠനങ്ങൾ മുതലായവയുടെ വായനയും വിശകലനവും<br>കുറിപ്പ് തയ്യാറാക്കൽ<br>വിശകലനക്കുറിപ്പ് തയ്യാറാക്കൽ | വാചികാവതരണം<br>കുറിപ്പ്<br>വിശകലനക്കുറിപ്പ് | വാചികാവതരണം<br>•ആശയവ്യക്തത<br>•ഒഴുക്ക്<br>•സ്വാഭിപ്രായ സമർത്ഥനം<br>•ഉചിതമായ ഭാഷ<br>വിശകലനക്കുറിപ്പ്<br>•ആശയവ്യക്തത<br>•സ്വാഭിപ്രായപ്രകടനം<br>•ഭാഷയുടെ അനുയോജ്യത |

യൂണിറ്റ് 2

# യൂണിറ്റ് വിശകലനം

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനതെളിവുകൾ വ്യവഹാര /പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • കവിതകളുടെ പ്രമേയം, ചമത്കാരഭംഗി, പ്രയോഗസവിശേഷതകൾ എന്നിവ മനസ്സിലാക്കുകയും കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു<br>• സൂചിത കഥകൾ കണ്ടെത്തി വിശകലനം ചെയ്യുന്നു.<br>• മാതൃഭാഷയുടെ പ്രാധാന്യം തിരിച്ചറിയുന്നു<br>• മാതൃഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് സെമിനാർ സംഘടിപ്പിക്കുന്നു. | അമ്മമലയാളം | •മാതൃഭാഷ ആത്മാവിലലിഞ്ഞു ചേർന്ന വികാരമാണ്. ജീവിതഭാവങ്ങൾ അതിന്റെ തീവ്രതയോടെ അവതരിപ്പിക്കാൻ മാതൃഭാഷ കൂടിയേ കഴിയൂ.<br>•മലയാളികൾ മലയാളഭാഷയെ പലപ്പോഴും അവഗണിക്കുന്നു. അത് സ്വന്തം സംസ്കാരത്തെ തന്നെ തള്ളിപ്പറയുന്നതിന് തുല്യമാണ്. | കവിത ഭാവമുൾക്കൊണ്ടു ചൊല്ലൽ<br>കാവ്യഭംഗി കണ്ടെത്തൽ ആശയം വിശകലനം ചെയ്യൽ<br>സെമിനാർ സംഘടിപ്പിക്കൽ നോട്ടീസ് തയ്യാറാക്കൽ കവിതയരങ്ങ് | കവിതാപാരായണം<br>കുറിപ്പ്<br>വിശകലനക്കുറിപ്പ്<br>സെമിനാർ<br>നോട്ടീസ്<br>കവിതയരങ്ങ് | സെമിനാർ<br>•അവതരണം<br>•പങ്കാളിത്തം<br>•റിപ്പോർട്ടുകളുടെ സമഗ്രത<br>•അനുയോജ്യഭാഷ<br>•നിഗമനങ്ങളുടെ മികവ്<br>•ഭാഷാപ്രയോഗം<br>കവിതയരങ്ങ്<br>•പങ്കാളിത്തം<br>•ഈണവും താളവും<br>•വൈവിധ്യം |
| •ലേഖനം നിരൂപണം, പഠനം തുടങ്ങിയവ വായിച്ച് പ്രമേയപരവും ആസ്വാദനപരവുമായ അംശങ്ങൾ തിരിച്ചറിയുന്നു.<br>•അവ സ്വന്തം രചനകളിലും ജീവിത സന്ദർഭങ്ങളിലും പ്രയോജനപ്പെടുത്തുന്നു.<br>•മാപ്പിളപ്പാട്ടുകളുടെ ഇശലുകൾ, വൈവിധ്യങ്ങൾ തുടങ്ങിയവ തിരിച്ചറിഞ്ഞു കുറിപ്പ് തയ്യാറാക്കുന്നു.<br>•അറബിമലയാളത്തെക്കുറിച്ച് തിരിച്ചറിവു നേടുന്നു.<br>•ഗദ്യഭാഗങ്ങൾ ആശയം ഉൾക്കൊണ്ട് ഭാവാത്മകമായി വായിച്ചവതരിപ്പിക്കുന്നു. | അറബി മലയാളത്തിന്റെ മധുരം | •അറബിമലയാളം ഭാഷാസവിശേഷതകളെല്ലാമൊത്ത ഒരു പ്രത്യേക ഭാഷയാണ്<br>•അറബികളോട് ആശയവിനിമയം നടത്താനും അറബിലിപിയിൽ എഴുതിയാൽ മാത്രം കൃത്യത വരുന്ന മതകാര്യങ്ങൾ ആവിഷ്ക്കരിക്കാനുമാണ് അറബിമലയാളത്തിനു രൂപം നൽകിയത്.<br>•അറബിമലയാളത്തിലെ പ്രധാന ശാഖയാണ് മാപ്പിളപ്പാട്ടുകൾ.<br>•തുഞ്ചത്തെഴുത്തച്ഛന്റെ രാമായണത്തിനും മുമ്പെ മാപ്പിളപ്പാട്ടുകളും മാലകളും രചിക്കപ്പെട്ടിട്ടുണ്ട്.<br>•അറബിമലയാളം മാപ്പിളമാരുടേതു മാത്രമല്ല, മലയാളികളുടെയെല്ലാം സ്വത്താണ് | ഗദ്യഭാഗം ഭാവാത്മകമായി വായിക്കൽ<br>കുറിപ്പ് തയ്യാറാക്കൽ<br>മാപ്പിളപ്പാട്ട് ശേഖരണം, അവതരണം, ആസ്വാദനം<br>ഉപന്യാസം തയ്യാറാക്കൽ<br>പ്രഭാഷണം തയ്യാറാക്കൽ | വായന<br>കുറിപ്പ്<br>ഉപന്യാസം<br>പ്രഭാഷണം | ഉപന്യാസം<br>•തലക്കെട്ട്<br>•ഘടന<br>•ആശയങ്ങൾ<br>•ക്രമീകരണം<br>•വിശകലനം<br>•സമഗ്രത<br>•ഭാഷ<br>പ്രഭാഷണം<br>•ആമുഖം<br>•അഭിസംബോധന<br>•ഘടന<br>•ആശയവ്യക്തത<br>•ഒഴുക്ക്<br>•ഉച്ചാരണസ്ഫുടത |

പാഠം 4

# ചിങ്ങപ്പുലരി

പി. കുഞ്ഞിരാമൻ നായരുടെ അതിമനോഹരമായ ഒരു കവിതയാണ് രഥോത്സവം രണ്ടാം ഭാഗത്തിൽ നിന്നെടുത്ത 'ചിങ്ങപ്പുലരി'. മലയാളത്തനിമയുടെ തുടിപ്പുകൾ ആവാഹിച്ചെടുത്ത രചനകളാണ് സമ്പൂർണ്ണസൗന്ദര്യോപസകനായ പി.യുടെ കവിതകൾ. കല്പനാ ചാതുര്യം, വർണ്ണനാപാടവം, നാടൻശീലുകളുടെ മേളനം തുടങ്ങിയവകൊണ്ടു ശ്രദ്ധേയമാണ് അദ്ദേഹത്തിന്റെ ഓരോ കവിതയും.

വർണനാവാക്യങ്ങളുടെ പ്രവാഹമാണ് മറ്റു കവിതകളിലെന്നപോലെ 'ചിങ്ങപ്പുലരിയിലും' കാണുന്നത്. കേരളത്തിന്റെ മനോഹാരിത കവിയെ ലഹരി പിടിപ്പിക്കുന്നു; അതും ചിങ്ങമാസത്തിലെ പ്രഭാതമാകുമ്പോൾ സ്വയംമറന്നു പാടാൻ പ്രേരിപ്പിക്കുന്നു. കർക്കടകത്തിന്റെ ദുർഘടനാളുകൾ പിന്നിട്ട് ചിങ്ങത്തിലേക്ക് പ്രവേശിക്കുമ്പോൾ കേരളം 'പെറ്റുവേതിട്ടുകുളിച്ച പെൺമണിയെപ്പോൽ തെളിഞ്ഞുനിൽക്കുന്നു' എന്ന് ഒ.എൻ.വി നിരീക്ഷിച്ചിട്ടുണ്ട്. പഴയകാല കേരളത്തെ സംബന്ധിച്ചിടത്തോളം അതിമനോഹരമായൊരു ബിംബകല്പന തന്നെയാണത്. മഴക്കാലം പിന്നിട്ട് വസന്തകാലത്തിലേക്കുള്ള പ്രവേശനം, വയലുകളിലും പറമ്പുകളിലുമെല്ലാം വിളഞ്ഞുനിൽക്കുന്ന നെൽക്കതിരുകൾ, കഷ്ടപ്പാടിന്റെ നാളുകൾ കഴിഞ്ഞ് ഓണാഘോഷത്തിന്റെയും കൊയ്ത്തിന്റെയും പ്രതീക്ഷകൾ ജനമനസ്സുകളെ ആഹ്ലാദഭരിതമാക്കുന്ന കാലം, ഉദയസൂര്യന്റെ രശ്മികൾ സസ്യലതാദികളിൽ മുത്തുമണികൾ വിതറുന്ന മനോഹരമായ ദൃശ്യങ്ങൾ.....!

കേരളത്തിന്റെ ഗതകാല മനോഹാരിതയിലേക്കു മനസ്സുതിരിക്കുന്ന ഈ കവിത ആ സൗന്ദര്യങ്ങൾ വീണ്ടെടുക്കുവാനുള്ള പ്രേരണയാവണം. അതിന് ആദ്യമായി വേണ്ടത് ആസ്വാദനശേഷിയുള്ള മനസ്സുകളാണ്. കുട്ടികളുടെ മനസ്സിൽ ആസ്വാദനശേഷി വളർത്തണം. നിത്യവും കാണുന്ന കാഴ്ചകളിൽ തന്നെയുണ്ട് ആസ്വദനീയാംശങ്ങൾ. അതു കാണാനുള്ള കണ്ണുവേണം. പ്രകൃതിയുടെ സംഗീതം കേൾക്കാനുള്ള ചെവി വേണം. കുട്ടികളുടെ ശ്രദ്ധ ഇത്തരം സൗന്ദര്യാംശങ്ങളിലേക്കു തിരിക്കാൻ ഈ പാഠഭാഗം പ്രയോജനപ്പെടുത്തേണ്ടതാണ്.

**പാഠാവതരണം**

സൗഹൃദ ചർച്ചകളിലൂടെ ടീച്ചർ തുടങ്ങുന്നു.

- ഏതു മാസത്തിലാണ് ഓണം?
- ചിങ്ങമാസത്തിൽ നമ്മുടെ പ്രകൃതിയിൽ വരുന്ന മാറ്റങ്ങളെന്തെല്ലാമാണെന്നറിയുമോ?

കുട്ടികൾ പ്രതികരിക്കട്ടെ. ടീച്ചർ സൂചനകൾ നൽകുന്നു. മഴ പിൻവാങ്ങുന്ന കാലമാണത്. എടവം പകുതി മുതൽ തുടങ്ങി കർക്കിടകം തീരുന്നതുവരെ സാധാരണ നല്ല മഴക്കാലമായിരിക്കും. പിന്നെ കുറഞ്ഞുകുറഞ്ഞ് തുലാവർഷത്തോടെ മഴ വിടവാങ്ങും. ഇതാണു പതിവ്.
'ചിങ്ങമാസത്തിന്റെ പ്രകൃതിഭംഗി വർണിക്കുന്ന ഒരു കവിത വായിക്കാം' എന്ന ആമുഖത്തോടെ കവിത വായിക്കാൻ നിർദ്ദേശിക്കാം.

കുട്ടികൾ വ്യക്തിഗതമായി കവിത വായിക്കുന്നു.

ടീച്ചർ ആശയ ഗ്രഹണത്തിനു സഹായകമായ ചോദ്യങ്ങൾ ചോദിക്കുന്നു:

- അമ്പലം എവിടെയാണ് സ്ഥിതി ചെയ്യുന്നത്?
- അമ്പലത്തിൽ എന്താണുള്ളത്?
- പുഴയൊഴുകുന്നതെങ്ങനെ?
- എന്തെല്ലാം ദൃശ്യങ്ങളാണ് അപ്പോൾ കവി കണ്ടുകൊണ്ടിരിക്കുന്നത്?
- 'പൊന്നും തളികയെടുത്തുവരുന്ന കന്യക' എന്നു വിശേഷിപ്പിച്ചതെന്തിനെയാണ്?
- 'പനിമതി തൻ കല കടലലയിൽ ചെറുതോണിയിറക്കുക' എന്ന പ്രയോഗത്തിലെ സൂചനയെന്ത്?
- പൂക്കാലം എന്താണ് അണിഞ്ഞിരിക്കുന്നത്? എന്താണിതിലൂടെ കവി സൂചിപ്പിക്കുന്നത്?
- ചിങ്ങപ്പുലരിയുടെ വരവിനെ ഏതിനോടെല്ലാമാണ് കവി സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?
- ചിങ്ങപ്പുലരി എന്തെല്ലാമാണ് അണിഞ്ഞിരിക്കുന്നത്?
- എങ്ങനെയെല്ലാമാണു ചിങ്ങപ്പുലരി വന്നണഞ്ഞിരിക്കുന്നത്?

ചോദ്യങ്ങളിലൂടെ, വിശദീകരണത്തിലൂടെ കവിതയുടെ ആശയം കുട്ടികളെ ഗ്രഹിപ്പിക്കുന്നു.

- 'മുകിലുകൾ മേയും ........... കവിതകൾ മൂളുന്നു.'

മേഘങ്ങൾ മേഞ്ഞുനടക്കുന്ന കുന്നിൻചരുവിലൊരമ്പലം. മനോഹരമായ പ്രകൃതിയാകുന്ന പൊന്നമ്പലമാണത്. ആ അമ്പലനടയിൽ പന്തലിടുന്ന ഒരു മാമരവുമുണ്ട്; ആകാശം പോലെ പരന്നുകിടക്കുന്ന മാമരം!

- കവിഹൃദയത്തിൽ നിന്നൊഴുകുന്ന കവിതപോലുള്ള പാൽപ്പുഴ. (പ്രകൃതിയുടെ അതിമോനഹരമായ ഭാവമാകാം കവി സൂചിപ്പിക്കുന്നത്) ഒഴുകുമ്പോൾ ദിവ്യമായ ആ രസാനുഭവത്തിൽ ലഹരിപിടിച്ച് കവുങ്ങുകൾ ആടിക്കൊണ്ടിരിക്കുന്നു. കാവിനിറം പൂണ്ട ആകാശത്തിൽ നക്ഷത്രങ്ങൾ നീന്തിക്കളിക്കുന്നു. പ്രഭാതമാകുന്ന ശ്രീകോവിലിനകത്തുനിന്ന് ഉഷസ്സാകുന്ന കന്യക പൊന്നും തളികയുമേന്തി വരുന്നു. (സൂര്യോദയത്തെക്കുറിച്ചുള്ള കവിസങ്കല്പം)
- പനിനീർതുള്ളികൾ മുഖത്തുവീണ മലർമൊട്ടുകൾ ഉറക്കത്തിൽ നിന്നുണരുന്നു. (പ്രഭാതത്തിലെ മഞ്ഞുകണങ്ങളും പൂവിരിയലും)
- ചന്ദ്രക്കലയാകുന്ന ചെറുതോണി കടലലയിൽ ഇറങ്ങുന്നു. (പ്രഭാതത്തിൽ ആകാശത്തു കാണുന്ന ചന്ദ്രക്കലയാവാം ഉദ്ദേശ്യം)
- ആറ്റുനോറ്റു കൊതിച്ചിരുന്ന പൂക്കാലമിതാ പൊൻകിങ്ങിണിയണിഞ്ഞു വന്നിരിക്കുന്നു; ആറ്റിൻകരയിൽ കുഞ്ഞാറ്റക്കിളി കവിതകൾ മൂളുന്നു. (പൊൻകിങ്ങിണി കിളിനാദങ്ങളാവാം) (കഷ്ടപ്പാടുകൾ നിറഞ്ഞ കർക്കിടകം പോയി പൊന്നിൻചിങ്ങത്തിന്റെ വരവാണ് സൂചന. ക്ഷാമം മാറി ക്ഷേമത്തിന്റെ വരവ്. കേരളത്തിൽ പ്രകൃതിയാകെ ഉത്സവത്തിനൊരുങ്ങിയതായുള്ള ഭാവന.)
- "എന്തൊരു മാറ്റം..... പൊന്നും ചിങ്ങപ്പൂങ്കതിരേ!"

പ്രകൃതിയിൽ എന്തൊരു മാറ്റമാണു വന്നിരിക്കുന്നത്! കറുകറുത്ത കർക്കിടകരാത്രിയാകുന്ന പെണ്ണ് ചെമ്പകപ്പൂവിന്റെ കാന്തികലർന്ന മനോമോഹിനിയായ കന്യകയായി മാറിയിരിക്കുന്നു. കാരിരുമ്പ് സ്പർശമണിയുടെ (വിശേഷപ്പെട്ട ഒരു കല്ല്. ഇതുകൊണ്ട് സ്പർശിച്ചാൽ ഇരുമ്പും സ്വർണമാകുമെന്നാണ് സങ്കല്പം) സ്പർശത്താൽ സ്വർണ്ണമായതു പോലെ, കന്യക പുഞ്ചിറയിൽ മുങ്ങിപ്പൊങ്ങി വരുന്നതുപോലെ, കണ്ണീർകടലിൽ നിന്ന് സന്തോഷത്തിന്റെ പുഞ്ചിരി കരയിലേക്കു നീന്തിവരും പോലെ ഇതാ, കുന്നിൻചരിവിലൂടെ ചിങ്ങപ്പുലരി ഉദിച്ചുയർന്നു വന്നിരിക്കുന്നു.

- എവിടുന്നാണ് ചിങ്ങപ്പുലരിക്ക് വിവിധവർണങ്ങളിലുള്ള പൂക്കളാകുന്ന ഈ രത്നക്കല്ലുകൾ കിട്ടിയത്? കസവുകൾ മിന്നുന്ന ഈ പാവുമുണ്ടുകൾ എങ്ങനെയാണ് കിട്ടിയത്?
- പൂത്തുലഞ്ഞ ചെമ്പക മരങ്ങളുടെ കൂട്ടംപോലെ പ്രഭാതമേ, ഈ കുന്നിൻചരിവിൽ അല്പനേരം നീയൊന്നു നില്ക്കൂ, ഞാൻ നിന്റെ മനോഹരരൂപം കണികണ്ടുകൊള്ളട്ടെ.
- വിശാലമായ ആകാശത്തിലാകെ കുങ്കുമവർണം വിതറി, കളഭം ചാർത്തിയ മുമ്മുടി മലയുടെ (മൂന്നു കൊടുമുടികളുള്ള മല - സഹ്യപർവ്വതം) അടിവാരത്തിലൂടെ, കാടിന്റെ ഇരുളടഞ്ഞ മഞ്ഞിൻപുതപ്പുകൾ എടുത്തുമാറ്റികൊണ്ട് എന്റെ ജീവന്റെ ജീവനായ പൊൻചിങ്ങപ്പൂങ്കതിരേ, നീ വന്നു ചേർന്നാലും!

**വരികൾ കണ്ടെത്താം**

ടീച്ചർ കവിതാവരികളുടെ ആശയം വായിക്കുന്നു. കുട്ടികൾ ഈ ആശയമുൾക്കൊള്ളുന്ന വരികൾ കണ്ടെത്തട്ടെ.
ആ വരികൾ ടീച്ചർ ആവശ്യപ്പെടുമ്പോൾ വായിക്കട്ടെ.

**ഈണം കണ്ടെത്താം, കവിത അവതരിപ്പിക്കാം**

ഗ്രൂപ്പുകളിലായി കുട്ടികൾ കവിതയ്ക്ക് ഈണം കണ്ടെത്തട്ടെ.

വ്യത്യസ്ത ഈണങ്ങൾ കണ്ടെത്താൻ നിർദ്ദേശിക്കണം. ഈണമൊപ്പിക്കാൻ പദങ്ങൾ അർത്ഥവ്യത്യാസം വരുംവിധം മുറിക്കാനും നീട്ടാനും ഇടവരരുത്.
ഗ്രൂപ്പുകളായി കവിത അവതരിപ്പിക്കുന്നു. ഓരോ ഗ്രൂപ്പും അവതരിപ്പിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു.

**ഉത്തരം കണ്ടെത്താം**

വ്യക്തിഗതമായി ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തിയ ശേഷം നോട്ടുബുക്കിലെഴുതാം. ടീച്ചർ വിലയിരുത്തണം.

**അലങ്കാര ഭംഗി**

ചിങ്ങപ്പുലരി വന്നെത്തുന്ന ദൃശ്യമാണ് ഈ വരികളിൽ വർണ്ണിച്ചിരിക്കുന്നത്.

- കണ്ണീർകടലിൽ നിന്നൊരു പുഞ്ചിരി കരയണയും പോലെ.

കണ്ണീർകടലിൽ നിന്ന് സന്തോഷത്തിന്റെ പുഞ്ചിരി കരയിലേക്കു നീന്തിയടുക്കുന്നതുപോലെ! ഉൽപ്രേക്ഷാലങ്കാരമാണ് ഇവിടെയുള്ളത്. കർക്കിടകമാസത്തിന്റെ ദുരിതക്കടലിൽ നിന്നു കരകയറി വന്ന പുഞ്ചിരിയാണോ ചിങ്ങപ്പൂമ്പുലരി എന്നു കവി സംശയിക്കുന്നു.

- പൂഞ്ചിറ പൂക്കൊരു കന്യക മുങ്ങിപ്പൊങ്ങി വരുംപോലെ - ഉപമാലങ്കാരം

കന്യക പൂക്കൾനിറഞ്ഞ ചിറയിൽ മുങ്ങിപ്പൊങ്ങി വരുന്നതുപോലെ - ചിങ്ങപ്പുലരിയെ ഇവിടെ ചിറയിൽ മുങ്ങിവരുന്ന കന്യകയോട് ഉപമിച്ചിരിക്കുന്നു.

**ആശയം വിശദമാക്കാം**

ചിങ്ങമാസത്തിലെ പ്രഭാതസൗന്ദര്യം കവിതയിൽനിന്ന് കുട്ടികൾ മനസ്സിലാക്കിക്കഴിഞ്ഞല്ലോ. അവ സ്വന്തം വാക്കുകളിൽ വിശദീകരിക്കുകയാണു വേണ്ടത്.
കവിത വീണ്ടും വായിച്ച് ആശയവ്യക്തത വരുത്തട്ടെ.
അവയുടെ ആശയം സ്വന്തം വാക്കുകളിൽ വിവരിക്കാൻ ശ്രമിക്കട്ടെ.

- ടീച്ചറുടെ നിർദ്ദേശാനുസരണം ഏതാനും കുട്ടികൾ ഈ രണ്ടുവരികൾ വീതം വായിച്ച് ആശയം സ്വന്തംവാക്കുകളിൽ പറയാൻ ശ്രമിക്കുന്നു. ടീച്ചർ ഇടപെട്ട് ആശയവ്യക്തത വരുത്തുകയും കൂട്ടിച്ചേർക്കലുകൾ നടത്തുകയും ചെയ്യുന്നു.
- ശേഷം ഗ്രൂപ്പുകളായിരുന്ന് ആശയം വിശദീകരിക്കുന്ന കുറിപ്പ് തയ്യാറാക്കട്ടെ.

ഓരോ ഗ്രൂപ്പും തയ്യാറാക്കിയ കുറിപ്പുകൾ ക്ലാസിൽ വായിക്കുന്നു.
ടീച്ചർ വിലയിരുത്തണം.

**കവിതയിൽ നിന്നു വിശേഷണങ്ങൾ കണ്ടെത്തി എഴുതുക**

കവിതാവരികളുമായി കൂടുതൽ പരിചയം നേടാനുള്ള പ്രവർത്തനമാണിത്. മാതൃകപ്രകാരം കുട്ടികൾ വ്യക്തിഗതമായി വിശേഷപദങ്ങൾ കണ്ടെത്തി എഴുതട്ടെ.

- പന്തലിടുന്ന മാമരം
- ദിവ്യരസാനുഭവത്തിൽ മദിച്ച കവുങ്ങുകൾ
- കാവിനിറം കലർന്ന തെളിവാനം
- പനിനീർതളിക്കും മലർനിര
- കസവുകൾ മിന്നുന്ന കട്ടിപ്പാവുമുണ്ട്
- കളഭം പൂശിയ മുമ്മുടിമല

**ആശയഭംഗി വിശദീകരിച്ച് ആസ്വാദനമെഴുതുക**

കുട്ടികൾ കവിതാവരികൾ ഈണത്തിൽ ചൊല്ലട്ടെ. കവിതയുടെ ആശയം ഗ്രഹിക്കട്ടെ.

- എങ്ങനെയാണ് ഓണനിലാവ് വന്നത്?
- ഏതു വഴിയിലൂടെയാണ് വന്നത്?
- എന്തുചെയ്തു കൊണ്ടാണ് വന്നത്?
- ആർക്കാണു വിരുന്നൊരുക്കാമെന്ന് പറയുന്നത്?
- എങ്ങനെയൊക്കെ വിരുന്നൊരുക്കാമെന്നാണു പറയുന്നത്?

ക്രോഡീകരണം :

- പൂത്തമരങ്ങൾ നിറഞ്ഞ വഴിയിലൂടെ, വൻവൃക്ഷക്കൂട്ടങ്ങൾക്കിടയിലൂടെയാണ് ഓണനിലാവ് വന്നത്.
- ഓർമ്മയുടെ ഓടക്കുഴലൂതി ചിരിച്ചുകൊണ്ടാണ് വരവ്.
- ഓണക്കളികൾ കളിച്ചും മധുരതരമായ ഓർമ്മകൾ അയവിറക്കിയും ഓണപ്പൂവിനു വിരുന്നൊരുക്കാമെന്നാണ് കവി പറയുന്നത്.
- ആഹ്ലാദപൂർണമായ ഓണത്തിന്റെ വരവും കാഴ്ചയും ഓണത്തപ്പനെ വരവേല്ക്കാനുള്ള സന്നദ്ധതയും ഈ വരികളിൽ മനോഹരമായി ആവിഷ്കരിച്ചിരിക്കുന്നു.

ചർച്ചയിലൂടെ ഉൾക്കൊണ്ട ആശയങ്ങൾ ഉൾപ്പെടുത്തി കുട്ടികൾ വ്യക്തിഗതമായി ആസ്വാദനക്കുറിപ്പ് തയ്യാറാക്കട്ടെ.
ഓണക്കാലത്തെ നിലാവിന്റെ ചിരി, പൂമരങ്ങളിലെ പൂക്കൾ, പച്ചപിടിച്ച മാമരങ്ങൾ, മാവേലിയെക്കുറിച്ചുള്ള ഓർമ്മകൾ, ഓണക്കളികൾ.........തുടങ്ങിയ ആസ്വാദനാംശങ്ങൾ കണ്ടെത്തുമല്ലോ.

## പാഠം -5

# കേളികേട്ട കലകൾ

കേരളം നിരവധി കലകളുടെ ഈറ്റില്ലവും പോറ്റില്ലവുമാണ്. ലോകപ്രശസ്തമായ പല കലാരൂപങ്ങളും രൂപം കൊണ്ടതും വികാസം പ്രാപിച്ചതും കേരളത്തിലാണ്. കേരളത്തിന്റെ പ്രകൃതിയെ എന്ന പോലെ കലകളെയും ലോകം ആദരിക്കുന്നു. അങ്ങനെയാണു കേരളത്തിനു 'ദൈവത്തിന്റെ സ്വന്തം നാട് ' എന്ന വിശേഷണം വന്നുചേർന്നത്. ഈ കലകളിലധികവും അതിപ്രാചീനകാലത്തേ രൂപം കൊണ്ടതാണെന്നു പഠനങ്ങൾ തെളിയിക്കുന്നു. അവയിൽ ക്ഷേത്രങ്ങളുമായും അനുഷ്ഠാനങ്ങളുമായും ബന്ധപ്പെട്ട കലകളാണേറെയും. കൂത്ത്, കൂടിയാട്ടം, തെയ്യം, തിറ, പാഠകം... തുടങ്ങിയവ ഉദാഹരണം. കൂടാതെ സാധാരണ ജനങ്ങൾക്കിടയിൽ രൂപം കൊണ്ട വിനോദപ്രധാനമായ കലകളുണ്ട്, ഇതര മതങ്ങളുമായി ബന്ധപ്പെട്ട വിവിധതരം കലകളുമുണ്ട്; കോൽക്കളി, ഒപ്പന, പരിചമുട്ടുകളി, പൊറാട്ടുനാടകം,.... എന്നിങ്ങനെ അനേകം കലകൾ. ഇവയിൽ സാഹിത്യപ്രധാനമായതും ശ്രദ്ധേയവുമായ കലാരൂപങ്ങളാണ് തുള്ളലും കഥകളിയും. ആദികാലത്തേ പ്രചാരത്തിലുണ്ടായിരുന്ന കൃഷ്ണനാട്ടത്തിന്റെ പരിഷ്കൃത രൂപമാണ് കഥകളി. കൂത്ത്, കൂടിയാട്ടം, പാഠകം, കൃഷ്ണനാട്ടം, കഥകളി എന്നീ കലാരൂപങ്ങളുടെയെല്ലാം അംശങ്ങൾ ഇഴുകിച്ചേർന്നതും അതേസമയം വ്യത്യസ്തവുമായ ഒരു കലാരൂപമാണ് തുള്ളൽ.

കേവലം വിനോദം എന്നതിൽ കവിഞ്ഞ് ജനങ്ങളെ ബോധവൽക്കരിക്കുക എന്ന ഉദ്ദേശ്യം കൂടി തുള്ളലിനുണ്ടെന്ന് അതിന്റെ ഉപജ്ഞാതാവായ കുഞ്ചൻനമ്പ്യാർ തന്നെ ചൂണ്ടിക്കാട്ടുന്നുണ്ട്. വിരസമായ ചാക്യാർകൂത്തിന്റെ മടുപ്പിൽനിന്നാണല്ലോ തുള്ളലിന്റെ ഉയിർത്തെഴുന്നേൽപ്പു തന്നെ.

കേരളത്തിലെ കലകളിലേക്കുള്ള ഒരെത്തിനോട്ടം മാത്രമാണീ പാഠഭാഗം. തുള്ളലിനെയും കഥകളിയെയും കുറിച്ച് അല്പം വിവരണമുണ്ടെങ്കിലും മറ്റു കലകളെക്കുറിച്ചു സൂചനകൾ മാത്രമേയുള്ളൂ. കൂടുതൽ പരിചയപ്പെടാൻ അവസരമൊരുക്കേണ്ടതുണ്ട്. ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തി ഇക്കാര്യത്തിൽ മതിയായ അവബോധമുണ്ടാക്കാൻ അദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

### പാഠാവതരണം

കേരളത്തിന്റെ സ്വന്തമായുള്ള പ്രസിദ്ധമായ പല കലാരൂപങ്ങളുമുണ്ടല്ലോ. അവയിൽ ചിലതിന്റെ പേരു പറയാമോ?

- മോഹിനിയാട്ടം
- കഥകളി
- ഓട്ടൻ തുള്ളൽ
- ഒപ്പന
- കോൽക്കളി

കുട്ടികൾ പറയുന്നതിനനുസരിച്ച് ടീച്ചർ BBയിൽ കുറിക്കുന്നു.

ഇവയിൽ ഏതെങ്കിലുമൊരു കലാപ്രദർശനം നടത്താവുന്നതാണ്.

'ഇത്തരം ധാരാളം കലകൾ കേരളത്തിലുണ്ട്. അവയിൽ ചിലത് പരിചയപ്പെടാം' എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കാം.

പാഠഭാഗം വ്യക്തിഗതവായന നടത്തുന്നു.

തുടർന്ന് പാഠഭാഗത്തെ അടിസ്ഥാനമാക്കി കുട്ടികൾ കുറെ ചോദ്യങ്ങൾ കണ്ടെത്തട്ടെ.

പ്രധാന ആശയങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ കണ്ടെത്താൻ ടീച്ചറുടെ ഇടപെടൽ ആവശ്യമായി വരും.

കുട്ടികളെ നാലോ അഞ്ചോ ഗ്രൂപ്പുകളായി തിരിക്കുന്നു.

വ്യക്തിഗതമായി കണ്ടെത്തിയ ചോദ്യങ്ങൾ അവതരിപ്പിച്ച് ക്രോഡീകരിക്കുന്നു.

ഇനി ചോദ്യോത്തരപ്പയറ്റ് നടത്താം. BBയിൽ ഗ്രൂപ്പുകളുടെ എണ്ണം കോളങ്ങൾ വരയ്ക്കണം. ഓരോ ഗ്രൂപ്പിനും പേരുകൾ നൽകി സ്കോറുകൾ രേഖപ്പെടുത്താനാണിത്. ഗ്രൂപ്പുകൾക്കു നമ്പർ നൽകുകയും വേണം.

ഒന്നാമത്തെ ഗ്രൂപ്പ് ആദ്യം ചോദിക്കട്ടെ, രണ്ടാമത്തെ ഗ്രൂപ്പ് ഉത്തരം പറയണം. അവർക്കു കഴിഞ്ഞില്ലെങ്കിൽ മൂന്നാമത്തെ ഗ്രൂപ്പ്. ഉത്തരം പറയുന്ന ഗ്രൂപ്പിന് ഒരു സ്കോർ. ഒരു ഗ്രൂപ്പും ശരിയായ ഉത്തരം പറഞ്ഞില്ലെങ്കിൽ ചോദ്യം ഉന്നയിച്ചവർ തന്നെ ഉത്തരം പറയണം. ആ ഗ്രൂപ്പിന് ഒരു സ്കോർ നൽകണം. അടുത്ത ചോദ്യം ഉന്നയിക്കേണ്ടത് രണ്ടാമത്തെ ഗ്രൂപ്പാണ്. ഇങ്ങനെ പാഠഭാഗത്തെ ആശയങ്ങൾ പൂർണ്ണമായി വിശകലന വിധേയമാകുന്നതു വരെ ചോദ്യോത്തരപ്പയറ്റ് തുടരട്ടെ.

**കണ്ടെത്താം**

ചോദ്യങ്ങൾ നോട്ടുബുക്കിലെഴുതി കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതട്ടെ. ചോദ്യോത്തരപ്പയറ്റിലൂടെ പാഠഭാഗവുമായി കൂടുതൽ പരിചയപ്പെട്ടതു കൊണ്ട് ഉത്തരം കണ്ടെത്തൽ പ്രയാസമാകാനിടയില്ല. എങ്കിലും കണ്ടെത്തിയ ഉത്തരം ശരിയാണെന്ന് ഗ്രൂപ്പിൽ ചർച്ച ചെയ്ത് ഉറപ്പുവരുത്തട്ടെ.

**ശേഖരിക്കാം, ചർച്ച ചെയ്യാം**

തുള്ളൽ കൃതികളിലെ രസകരമായ ഫലിതങ്ങൾ, ലോകോക്തികൾ, പഴഞ്ചൊല്ലുകൾ, ഗുണപാഠ കഥകൾ, ശ്രദ്ധേയമായ കഥകളിപ്പദങ്ങൾ എന്നിവ ശേഖരിക്കണം.

കുട്ടികൾ ശേഖരിക്കാൻ ശ്രമിക്കട്ടെ. ആവശ്യമായ മാർഗനിർദേശങ്ങൾ നൽകാം.

ശേഖരിച്ചവ ക്ലാസിൽ അവതരിപ്പിക്കുമ്പോൾ ടീച്ചർവേർഷൻ പ്രദർശിപ്പിക്കാം

- ഉള്ളതിലെട്ടും പത്തും കൂട്ടി
  കള്ളക്കത്തു കണക്കുകളെഴുതി
  ഉള്ളിലെ മോഹംപോലെ ദ്രവ്യം
  കള്ളവഴിക്കു കരസ്ഥവുമാക്കി

- രണ്ടു കളത്രത്തെയുണ്ടാക്കി വയ്ക്കുന്ന
  തണ്ടുതപ്പിക്കു സുഖമില്ലൊരിക്കലും

- നായന്മാരെക്കൊണ്ടൊരു ഫലമി-
  ല്ലായുധമുള്ളവർ തന്നെ ചുരുക്കം

- നായർ വിശന്നു വലഞ്ഞു വരുമ്പോൾ
  കായക്കഞ്ഞിക്കരിയിട്ടില്ല

- വണ്ണൻ വാഴ കണക്കെ വളർന്നൊരു
  പൊണ്ണത്തടിയനതാകിന ഭീമൻ

- മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും
  കല്ലിനുമുണ്ടാമൊരു സൗരഭ്യം

**വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കാം**

"ഒരുത്തർക്കും ലഘുത്വത്തെ ....................പ്പറവാനും ഭാവമില്ല."
ടീച്ചർ ഈ വരികൾ BBയിൽ കുറിക്കുന്നു.
വരിയുടെ ആശയത്തെക്കുറിച്ച് ചർച്ച ചെയ്യുന്നു.

ലഘുത്വത്തെ വരുത്തുക എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നത്?
പ്രിയമായി പറയുക എന്നതിന്റെ അർത്ഥമെന്താണ്?

ക്രോഡീകരണം :

സാമൂഹികവിമർശനം നമ്പ്യാർകവിതയുടെ മുഖമുദ്രയാണ്.

സമൂഹത്തിൽ പലതരം തെറ്റുകൾ ചെയ്യുന്നവരുണ്ടാകും. ജനങ്ങളെ വഞ്ചിക്കുന്നവർ, പലതരം സാമൂഹികദ്രോഹങ്ങൾ ചെയ്യുന്നവർ, അഴിമതിക്കാർ, സ്വജനപക്ഷപാതം കാണിക്കുന്നവർ....................ഇവരുടെയൊന്നും തെറ്റുകളെ നിസ്സാരമായിക്കണ്ട് അതിനെക്കുറിച്ച് തന്റെ കവിതയിൽ പരാമർശിക്കാതിരിക്കില്ല.

- രാജാക്കന്മാരുമായും മറ്റ് അധികാരികളുമായുമൊക്കെ നമ്പ്യാർ ബന്ധപ്പെടുന്നുണ്ട്. എന്നാൽ ആരായാലും തെറ്റ് ചെയ്താൽ ചൂണ്ടിക്കാണിക്കും, മുഖം നോക്കാതെ വിമർശിക്കും, ആരുടെയും ഇഷ്ടാനിഷ്ടങ്ങൾ ഇക്കാര്യത്തിൽ പരിഗണിക്കില്ല. നമ്പ്യാർ ഈ വരികളിലൂടെ ഉദ്ദേശിക്കുന്നത് ഇതാണ് എന്നാണു വ്യക്തമാകുന്നത്.

ചർച്ചയിലൂടെ വ്യക്തമായ വസ്തുതകൾ ഉൾപ്പെടുത്തി കുട്ടികൾ വ്യക്തിഗതമായി വിശകലനക്കുറിപ്പ് തയ്യാറാക്കട്ടെ.

**അലങ്കാരഭംഗി വ്യക്തമാക്കാം**

- കൊറ്റിനു...............തുടങ്ങി.
  ഭക്ഷണമില്ലാതെ അവൻ കൊക്കിനെപ്പോലെ മെലിഞ്ഞു - കൊക്കിനോട് ഉപമിച്ചിരിക്കുന്നു.
- വണ്ണാൻവാഴ .........................കിന ഭീമൻ
  വണ്ണമുള്ള വാഴയെപ്പോലെ പൊണ്ണത്തടിയനായി വളർന്ന ഭീമൻ - വണ്ണമുള്ള വാഴയോട് ഉപമിച്ചിരിക്കുന്നു.

ഈ വരികളിലും ശേഷമുള്ള നാലുവരികളിലും ദ്വിതീയാക്ഷരപ്രാസവും പാലിച്ചിരിക്കുന്നു.
ഓരോ വരിയുടെയും രണ്ടാമത്തെ അക്ഷരം ഒരേപോലെ ആകുന്നതാണ് ദ്വിതീയാക്ഷര പ്രാസം.

**ഉത്തരമെഴുതുക**

പാഠഭാഗം ഒരിക്കൽ കൂടി വായിച്ച് കുട്ടികൾ സ്വയം ഉത്തരം കണ്ടെത്തി എഴുതട്ടെ. ഹോംവർക്കായി നൽകാം. ടീച്ചർ വിലയിരുത്തണം.

**ജീവചരിത്രക്കുറിപ്പ്**

മുമ്പു പരിചയിച്ച പ്രവർത്തനമാണിത്. നമ്പ്യാരെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് ഗ്രൂപ്പിൽ ചർച്ച ചെയ്ത് ജീവചരിത്രക്കുറിപ്പ് തയ്യാറാക്കട്ടെ.

ഓരോ ഗ്രൂപ്പും നറുക്കിട്ടെടുത്ത് തങ്ങളുടെ ഗ്രൂപ്പിൽ നിന്നൊരാളുടെ കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുന്നു. ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു. കൂട്ടിച്ചേർക്കലുകൾ നടത്തുന്നു. അപാകതകളുണ്ടെങ്കിൽ തിരുത്താൻ അവസരം നൽകുന്നു.

ഗ്രൂപ്പിൽ ഏറ്റവും മെച്ചപ്പെട്ട കുറിപ്പാണ് സാധാരണ അവതരിപ്പിക്കുക. നറുക്കിട്ടു തീരുമാനിക്കുമ്പോൾ ഈ വിവേചനമുണ്ടാവില്ല. ഏറ്റവും മോശമായി എഴുതിയ കുറിപ്പും അവതരിപ്പിക്കാനും ചർച്ചയ്ക്കു വിധേയമാക്കാനും അവസരം ലഭിക്കും. പരമാവധി മെച്ചപ്പെടുത്തി എഴുതാൻ എല്ലാവരെയും പ്രേരിപ്പിക്കുന്ന ഒരു രീതിയായി ഇതിനെ കാണാം.

**കുറിപ്പ് തയ്യാറാക്കുക**

"ഭടജനങ്ങളെ ............... ചിതം വരൂ"

കവിതാവരികളുടെ ആശയത്തെക്കുറിച്ച് ചർച്ച നടത്താം

നമ്പ്യാരുടെ സംബോധിതർ അധികവും നായർപടയാളികളും സാധാരണ ജനങ്ങളുമാണ്. അവരെ കാര്യങ്ങൾ ബോധിപ്പിക്കാൻ മനോഹരമായ മലയാളഭാഷ തന്നെയാണുചിതം. കടുകടുത്ത സംസ്കൃതപദങ്ങളും മറ്റും കവിതയിൽ ഉൾക്കൊള്ളിച്ചാൽ കേട്ടിരിക്കാൻ ആളെക്കിട്ടില്ല എന്നു നമ്പ്യാർ തുറന്നുപറയുന്നുണ്ട്. തന്റെ രചനയുടെയും കലാപ്രകടനത്തിന്റെയും ലക്ഷ്യം സമൂഹത്തെ ബോധവൽക്കരിക്കലാണെന്നും അതിന് ജനങ്ങൾക്കു മനസ്സിലാവുന്ന ഭാഷ പ്രയോഗിച്ചാലേ ഫലമുള്ളൂ എന്നുമാണ് ഈ വരികളിലൂടെ നമ്പ്യാർ സൂചിപ്പിക്കുന്നത്.

**ലഘു ഉപന്യാസം തയ്യാറാക്കുക**

കുട്ടികൾ പാഠഭാഗം ആവശ്യബോധത്തോടെ വീണ്ടും വായിക്കട്ടെ.

'കേരളം കലകളുടെ നാട് ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുമ്പോൾ എന്തെല്ലാമാണ് ഉൾക്കൊള്ളിക്കേണ്ടത്? ചർച്ച ചെയ്യാം.

- കേരളത്തിൽ പ്രാചീനകാലത്തേ പല കലാരൂപങ്ങളും പ്രചാരത്തിലുണ്ടായിരുന്നു.
- ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട അനുഷ്ഠാനകലകൾക്കായിരുന്നു പ്രാധാന്യം.
- പിന്നീട് അവയിൽ പല പരിഷ്കാരങ്ങളുമുണ്ടായി.
- മതവിഭാഗങ്ങളുമായും ജാതികളുമായും ബന്ധപ്പെട്ട് പല കലാരൂപങ്ങളും ആവിർഭവിച്ചു.
- അങ്ങനെ കലകൾ സമൂഹജീവിതത്തിന്റെ ഭാഗമായി മാറി.

പ്രധാനകലാരൂപങ്ങൾ : കഥകളി, തുള്ളൽ, കൂത്ത്, കൂടിയാട്ടം, തെയ്യവും തിറയും, പടയണി, കൃഷ്ണനാട്ടം, രാമനാട്ടം, മോഹിനിയാട്ടം, കൈകൊട്ടിക്കളി, ചവിട്ടുനാടകം, മാർഗ്ഗംകളി, വേലകളി, പൂരക്കളി, പുലികളി, പാവക്കൂത്ത്, കളരിപ്പയറ്റ്, കാക്കാരശ്ശി നാടകം, ദഫ്മുട്ട്, ഒപ്പന, കോൽക്കളി, പരിചമുട്ട്..........

ചർച്ചയിലൂടെ നേടിയ ധാരണയുടെ അടിസ്ഥാനത്തിൽ പാഠഭാഗം വീണ്ടും വായിക്കട്ടെ.

എന്തൊക്കെ കാര്യങ്ങൾ ഉപന്യാസത്തിൽ ഉൾപ്പെടുത്താമെന്ന് ഗ്രൂപ്പിൽ ചർച്ചചെയ്ത് വ്യക്തിഗതമായി ഉപന്യാസം തയ്യാറാക്കട്ടെ.

എഴുതിയ ഉപന്യാസങ്ങൾ പരസ്പരം കൈമാറി വായിച്ചു വിലയിരുത്തട്ടെ.

സൂചകങ്ങൾ:-
- ഉപന്യാസത്തിന്റെ ഘടന പാലിച്ചിട്ടുണ്ട്.
- പാഠഭാഗത്തു നിന്നുള്ള വസ്തുതകൾ എടുത്തു ചേർത്തിട്ടുണ്ട്.
- കലകളെക്കുറിച്ചു നേടിയ ധാരണകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ഉചിതമായ ഭാഷ പ്രയോഗിച്ചിട്ടുണ്ട്.

## കത്തെഴുതുക

വ്യക്തിഗതമായ കത്താണ് തയ്യാറാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്.
വ്യക്തിഗതമായ കത്തിന്റെ ഘടന എങ്ങനെയായിരിക്കണം ? കുട്ടികൾ പറയട്ടെ.

- തിയ്യതിയും എഴുതുന്ന സ്ഥലവും കാണിക്കണം.
- അഭിസംബോധന വേണം.
- വിശേഷങ്ങൾ അന്വേഷിക്കണം.
- സ്വന്തം വിശേഷങ്ങൾ വിവരിക്കണം.
- കത്ത് എഴുതാനുള്ള കാരണവും വസ്തുതകളും വിവരിക്കണം.
- സുഹൃത്തിനെ പരിപാടിയിൽ പങ്കെടുക്കാൻ വ്യക്തിഗതമായി ക്ഷണിക്കണം.
- ആശംസകൾ നേർന്നു കൊണ്ട് കത്ത് അവസാനിപ്പിക്കണം.
- അടിയിൽ വലതുവശത്ത് പേരും ഒപ്പും ചേർക്കണം.

ചർച്ചയിൽ ലഭിച്ച ധാരണയനുസരിച്ച് കുട്ടികൾ കത്തു തയ്യാറാക്കട്ടെ.

## കുറിപ്പ് തയ്യാറാക്കുക

### മോഹിനിയാട്ടം

സ്വാതിതിരുനാൾ മഹാരാജാവിന്റെ കാലത്താണ് കേരളത്തിന്റെ തനതു കലയായി മോഹിനിയാട്ടം വളർന്നത്. തമിഴ്നാട്ടിലെ ദാസിയാട്ടമാണ് കേരളത്തിലേക്കു കടന്ന് മോഹിനിയാട്ടമായി മാറിയത് എന്ന അഭിപ്രായമുണ്ട്. തഞ്ചാവൂരിൽ നിന്നെത്തിയ കലാകാരന്മാർ സ്വാതിതിരുനാളിന്റെ നിർദ്ദേശപ്രകാരം ഈ നൃത്തം പരിഷ്കരിച്ച് അവതരിപ്പിക്കാൻ തുടങ്ങി. സ്ത്രീകളാണ് മോഹിനിയാട്ടം അവതരിപ്പിക്കുന്നത്. ശബ്ദം, വർണം, പദം, തില്ലാന, ജാവോളി, ശ്ലോകം എന്നിങ്ങനെ ക്രമപ്പെടുത്തിയാണ് നൃത്തമാടുന്നത്. പശ്ചാത്തലസംഗീതമായി വായ്പ്പാട്ട്, മദ്ദളം, കുഴിതാളം എന്നിവയും ഉണ്ടാവും.

### മാർഗ്ഗംകളി

കേരളത്തിലെ ക്രിസ്ത്യാനികളുടെ വിനോദകലയാണിത്. ക്രിസ്തുമത പ്രചാരണാർത്ഥം രചിക്കപ്പെട്ട പാട്ടുകൾ പാടിക്കൊണ്ടുള്ള കളിയാണിത്. അഞ്ഞൂറു വർഷത്തെ പഴക്കമുണ്ടത്രേ ഈ കലാരൂപത്തിന്. യേശുവായി സങ്കല്പിച്ച് ഒരു നിലവിളക്ക് കൊളുത്തി അതിനുചുറ്റും ചുവടുവച്ചും ആംഗ്യം കാണിച്ചും പാട്ടുകൾ പാടിയും കളിക്കുന്ന രീതിയാണിത്. കളിക്കുന്നവർ മുണ്ടാണ് ഉടുക്കുക. ഒരു മുണ്ട് തലയിലും കെട്ടും. അതിൽ മയിൽപ്പീലി തിരുകാറുമുണ്ട്. കഴുത്തിൽ ഉത്തരീയം ധരിക്കും. പാട്ടുകൾ പാടിക്കൊണ്ടുള്ള നൃത്തത്തിനുശേഷം വാളും പരിചയു

മെടുത്ത് ആയുധവിദ്യകൾ പ്രദർശിപ്പിക്കാറുമുണ്ട്. ക്രിസ്തുവിന്റെ ശിഷ്യനായ മാർത്തോമ്മായുടെ കേരളപ്രവേശവും മതപരിവർത്തനത്തിനായുള്ള പ്രവർത്തനങ്ങളുമാണ് മാർഗംകളിയിലെ മുഖ്യവിഷയം. സ്ത്രീകൾ അവതരിപ്പിക്കുന്ന മാർഗ്ഗംകളിക്ക് ഇതിൽനിന്ന് ചില വ്യത്യാസങ്ങൾ കാണാറുണ്ട്.

ദഫ്മുട്ട്

മുസ്ലിംകൾക്കിടയിൽ പ്രചാരമുള്ള കലയാണ് ദഫ്മുട്ട്. ആദ്യകാലത്ത് ഒരു അനുഷ്ഠാനമായിട്ടാണ് ഈ കലാരൂപം അവതരിപ്പിച്ചിരുന്നത്. ദഫ് എന്ന വാദ്യോപകരണം മുട്ടിക്കൊണ്ട് വട്ടത്തിൽ, താളാത്മകമായി ചുവടുവയ്ക്കുന്നു. അറബിബൈതുകളും മലയാളഗാനങ്ങളും ഒപ്പം പാടാറുമുണ്ട്. ഇന്ന് ഒരു വിനോദമെന്ന നിലയിൽ ഈ കല പ്രചാരം നേടിയിട്ടുണ്ട്. മുഹമ്മദ്നബിയുടെയും മറ്റു മഹാത്മാക്കളുടെയും അപദാനങ്ങളുൾക്കൊള്ളുന്ന ഗാനങ്ങളാണ് ദഫ്മുട്ടിൽ പാടാറുള്ളത്.

## പാഠം -6

# അമ്മ മലയാളം

"എന്നുടെ ഭാഷയാണെൻ തറവാട്ടമ്മ-
അന്യയാം ഭാഷ വിരുന്നുകാരി."

മാതൃഭാഷയുടെ പ്രാധാന്യം വള്ളത്തോൾ 'തറവാട്ടമ്മ' എന്ന കവിതയിൽ വെളിപ്പെടുത്തുന്നതിങ്ങനെയാണ്. അമ്മയുടെ മുലപ്പാലിനൊപ്പം നമ്മുടെ ശരീരത്തിലും മനസ്സിലും ലയിച്ചുചേർന്നതാണത്. അതുകൊണ്ടുതന്നെ ഏതു ഭാഷ സംസാരിക്കുന്നവരായാലും മാതൃഭാഷ ഏറ്റവും പ്രധാനപ്പെട്ടതുതന്നെയാണ്. മാതൃഭാഷയിലാണ് കുഞ്ഞ് ആദ്യമായി സംസാരിക്കാൻ തുടങ്ങുന്നത്. പ്രകൃതിയുമായും പരിസരവുമായും ജനങ്ങളുമായും ഇടപഴകുന്നതും മാതൃഭാഷയിൽ തന്നെ. അപ്പോൾ സ്വന്തം വികാരവിചാരങ്ങളും മറ്റും അതിന്റെ തീവ്രതയോടെ പ്രകാശിപ്പിക്കുവാൻ മാതൃഭാഷയിലൂടെ മാത്രമേ കഴിയൂ.

എന്നാൽ കേരളീയരെ സംബന്ധിച്ചിടത്തോളം മാതൃഭാഷയോട് ഒരു തരം വിരോധം പുലർത്തുകയും ഇംഗ്ലീഷ്ഭാഷയെ പുൽകുകയും ചെയ്യുന്ന പ്രവണത കണ്ടുവരുന്നുണ്ട്. മാതൃഭാഷയോടുള്ള ഈ അവഗണന കുട്ടികളുടെ നൈസർഗികപ്രകടനശേഷിയെ ദോഷകരമായി ബാധിക്കുമെന്നാണ് ആധുനിക വിദ്യാഭ്യാസചിന്തകരുടെയും മന:ശാസ്ത്രജ്ഞരുടെയും അഭിപ്രായം. അതവരുടെ ചിന്താശേഷിയെയും വൈജ്ഞാനിക വികാസത്തെയും പരിമിതപ്പെടുത്തുമെന്നും അഭിപ്രായമുണ്ട്. പുരോഗതിയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ലോകരാജ്യങ്ങളിലെല്ലാം പ്രാഥമികവിദ്യാഭ്യാസം മാതൃഭാഷയിൽ തന്നെയാണത്രേ. മാതൃഭാഷയിലൂടെ ആശയം സ്വീകരിക്കുമ്പോൾ കുട്ടികൾക്ക് ആ വിഷത്തിൽ കൂടുതൽ മികവുപുലർത്താൻ കഴിയുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. മാതൃഭാഷയ്ക്കു പ്രാധാന്യം കൊടുത്തുകൊണ്ട് ഇതര ഭാഷകളും പഠിക്കാം. ഒന്നിലധികം ഭാഷകൾ പഠിക്കാൻ കുട്ടികൾക്കു ജന്മസിദ്ധമായ കഴിവുണ്ട് എന്നു ഭാഷാശാസ്ത്രജ്ഞർ സമർത്ഥിക്കുന്നു.

മാതൃഭാഷയോട് മലയാളികൾ കാണിക്കുന്ന അവഗണനയിലുള്ള മനോവേദനയും പ്രതിഷേധവുമാണ് കുരീപ്പുഴ ശ്രീകുമാറിന്റെ 'അമ്മമലയാളം' എന്ന കവിത. താരാട്ടുപാട്ടിന്റെ ഈണത്തിൽ, കിളിപ്പാട്ടിന്റെ ചേലും തുള്ളലിന്റെ കിലുക്കവും അലിഞ്ഞുചേർന്ന സമ്പന്നമായ മലയാളത്തെ നിങ്ങൾ വലിച്ചെറിഞ്ഞുവോ, എങ്കിൽ നിങ്ങൾക്കു വികാരവും വിചാരവും കുസൃതികളും സ്നേഹവും കാരുണ്യവും അതിന്റേതായ തീവ്രതയോടെ പ്രകടിപ്പിക്കാൻ എങ്ങനെയാണു കഴിയുക എന്നു കവി ചോദിക്കുന്നു. മലയാളം മലയാളിയുടെ ജീവഭാഷയാണെന്നും അതിനെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം എല്ലാ മലയാളിയുടേതുമാണെന്നും കവി വ്യംഗ്യമായി സൂചിപ്പിക്കുന്നു.

**പാഠാവതരണം**

> "അമ്പത്താറക്ഷരമല്ല, അമ്പത്തൊന്നക്ഷരമല്ല എന്റെ മലയാളം
> മലയാളമെന്ന നാലക്ഷരവുമല്ല.
> അമ്മയെന്ന ഒരൊറ്റക്ഷരമാണ്,
> മണ്ണ് എന്ന ഒരൊറ്റക്ഷരമാണ് എന്റെ മലയാളം."
> **– കുഞ്ഞുണ്ണിമാഷ്**

ടീച്ചർ ചാർട്ട് പ്രദർശിപ്പിക്കുന്നു.
കുട്ടികൾ ചാർട്ട് വായിക്കുന്നു.
മലയാളഭാഷയെക്കുറിച്ചാണല്ലോ കുഞ്ഞുണ്ണിമാഷ് എഴുതിയിരിക്കുന്നത്.

- എന്തല്ല മലയാളം എന്നാണു പറയുന്നത്?
- എന്താണു മലയാളം എന്നാണു വെളിപ്പെടുത്തുന്നത്?

ക്രോഡീകരണം :

- മലയാളഭാഷ എന്റെ അമ്മയാണ്. ഞാൻ പിറന്ന മണ്ണാണ്.
- മാതൃഭാഷയായ മലയാളത്തെ കവി ഇവടെ സ്വന്തം അമ്മയായും പിന്നെ മണ്ണായും സങ്കല്പ്പിക്കുന്നു.
- മാതൃഭാഷയുമായി നമുക്കുണ്ടാവേണ്ട ബന്ധത്തിന്റെ പ്രാധാന്യമാണ് മാഷ് ഈ വരികളിൽ സൂചിപ്പിച്ചിരിക്കുന്നത്.

'മലയാളത്തെ അമ്മയായി സങ്കല്പിച്ചുകൊണ്ടുള്ള മറ്റൊരു കവിത വായിക്കാം' എന്ന ആമുഖത്തോടെ പാഠഭാഗം അവതരിപ്പിക്കാം.

ടീച്ചർ കവിത ഭാവമുൾക്കൊണ്ട്, ആശയവ്യക്തതയോടെ ചൊല്ലി അവതരിപ്പിക്കുന്നു. തുടർന്ന് കുട്ടികൾ മൗനമായി കവിത വായിക്കട്ടെ.

**ആശയം വിശകലനം ചെയ്യാം.**

- കാവ്യക്കരുക്കളിൽ ................................ ജീവിതഭാഷയെ?

വരികളിലെ സൂചന കണ്ടെത്താം.

താരാട്ടുപാട്ടിന്റെ ഈണത്തിലുള്ള ആ ചതി തിരിച്ചറിഞ്ഞു ചിരിച്ച കവിയാണു ചെറുശ്ശേരി. കൃഷ്ണഗാഥയുടെ രചയിതാവ്.

- ഓലയും .................................. നീ ഭാഷയെ?
  എഴുത്തോലയും എഴുത്താണിയും കാഞ്ഞിരത്തിന്റെ ചോലയിൽ വച്ചു നമിച്ച കവി – എഴുത്തച്ഛൻ
- ചിഞ്ചിലം ..................... കേരളഭാഷയെ?
  തുള്ളൽ സാഹിത്യത്തിന്റെ ഉപജ്ഞാതാവായ കുഞ്ചൻനമ്പ്യാർ.
- ചുണ്ടത്തിരുന്ന് ഏതെല്ലാം നന്മകളാണ് അമ്മ മലയാളം ചൂണ്ടിത്തന്നത്?
- പൊട്ടിക്കരഞ്ഞുകൊണ്ട് മലയാളം ഓടിച്ചെന്നു വീഴുന്നത് എവിടേക്കാണ്?
- മലയാളത്തെ രക്ഷിക്കേണ്ടവർ എന്താണു ചെയ്യുന്നത്?
- 'ഓമനത്തിങ്കൾ കിടാവ്' എന്ന പ്രയോഗം ആരെയാണ് സൂചിപ്പിക്കുന്നത്?

ചോദ്യങ്ങളിലൂടെ കാവ്യാശയത്തിലേക്കു കുട്ടികളെ നയിക്കാം–

"കാവ്യക്കരുക്കളിൽ ......................" ഐതിഹ്യം:

കോലത്തുനാട് ഉദയവർമ്മ രാജാവും ചെറുശ്ശേരി നമ്പൂതിരിയും ചതുരംഗം കളിക്കുകയായിരുന്നു. അതിനിടെ രാജാവ് തോൽക്കുമെന്ന അവസ്ഥയായി. അടുത്തതായി ഏതു കരു നീക്കിയാലാണു വിജയിക്കുക? മനസ്സിലാവാതെ രാജാവ് വിഷമിച്ചിരുന്നു. ഈ രംഗം നിരീക്ഷിച്ചുകൊണ്ട് കുറച്ചകലെ രാജ്ഞിയിരിക്കുന്നുണ്ട്. അവരുടെ കൈയിൽ ഒരു കുഞ്ഞുമുണ്ട്. ഏത് കരു നീക്കിയാൽ വിജയിക്കാമെന്ന് സമർത്ഥയായ രാജ്ഞിക്കറിയാം. പക്ഷേ പറഞ്ഞുകൊടുക്കാൻ പറ്റില്ലല്ലോ. തന്ത്രജ്ഞയായ അവർ ഒരു സൂത്രം പ്രയോഗിച്ചു. കുഞ്ഞിനെ താരാട്ടു പാടിയുറക്കുന്ന ഈണത്തിൽ രാജാവിനെ കാര്യം ധരിപ്പിക്കാം. അവർ രാജാവ് കേൾക്കുംവിധം ഈണത്തിൽ പാടിത്തുടങ്ങി:

ഉന്തുന്തുന്തുന്തുന്തുന്തുന്തുന്തുന്തുന്തു-
ന്തുന്തുന്തുന്തുന്തുന്തുന്താളെയുന്ത്....

ഭാര്യയുടെ താരാട്ടുപാട്ടു ശ്രദ്ധിച്ച രാജാവിനു കാര്യംപിടികിട്ടി. ആൾ എന്ന കരു നീക്കാനാണ് നിർദ്ദേശം. അതനുസരിച്ച് കരു നീക്കിയപ്പോൾ രാജാവ് വിജയിക്കുകയും ചെയ്തു.

രാജ്ഞിയുടെ ഈ താരാട്ടുപാട്ടിലെ ചതി തിരിച്ചറിഞ്ഞു ചിരിക്കുകയായിരുന്നു ചെറുശ്ശേരി. ഭാര്യയുടെ ഈ താരാട്ടുപാട്ടിന്റെ ഈണം രാജാവിന് വളരെ ഇഷ്ടമായി. ആ ഈണത്തിൽ കൃഷ്ണന്റെ കഥ രചിക്കാൻ കൊട്ടാരം കവിയായിരുന്ന ചെറുശ്ശേരിയോട് രാജാവ് നിർദ്ദേശിച്ചു.

- മലയാളികൾ മലയാളത്തെ അവഗണിക്കുന്നു. ഇല്ലാതാക്കാൻ ശ്രമിക്കുന്നു. അതുകണ്ട് താരാട്ടുപാട്ടിന്റെ ഈണത്തിൽ കൃഷ്ണഗാഥ രചിച്ച് മലയാളികളെ ആനന്ദിപ്പിച്ച ചെറുശ്ശേരി ഞെട്ടിത്തരിച്ചു ചോദിക്കുന്നു; നിങ്ങളെന്റെ ജീവിതഭഷയെ വിറ്റു കളഞ്ഞുവോ?
- മലയാളഭാഷയെ പരിപോഷിപ്പിക്കുകയും സ്വതന്ത്രമായ അസ്തിത്വം നേടിത്തരുകയും ചെയ്ത അദ്ധ്യാത്മരാമായണവും മഹാഭാരതവും വിവർത്തനം ചെയ്തു സമർപ്പിച്ച എഴുത്തച്ഛൻ ഓലയും നാരായവും കാഞ്ഞിരച്ചോട്ടിൽവച്ചു തിരിഞ്ഞു നിന്ന് ചോദിക്കുന്നു: നിങ്ങളെന്റെ മലയാളത്തെ ഏത് കടലിലേക്കാണെറിഞ്ഞുകളഞ്ഞത്?
- തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ, മലയാളകവിതയെ ജനകീയമാക്കിയ കുഞ്ചൻനമ്പ്യാർ ചിഞ്ചിലം കിലുങ്ങുന്ന ചിലങ്കകളൂരിവച്ചു ചോദിക്കുന്നു; നിങ്ങളെന്റെ കേരളഭാഷയെ ചുട്ടുകളഞ്ഞുവോ?
- വെള്ളം തേകുമ്പോൾ, ഊഞ്ഞാലാടുമ്പോൾ, ഓണത്തിനു പൂ പറിക്കുമ്പോൾ, വിള കൊയ്യുമ്പോൾ, വിത്തിടുമ്പോൾ, സന്തോഷവും സന്താപവും പങ്കുവയ്ക്കുമ്പോൾ, പിണങ്ങുമ്പോൾ, ഇണങ്ങുമ്പോൾ, കുസൃതികൾ പറയുമ്പോൾ, കരയുമ്പോൾ, പോരാടുമ്പോൾ, ഒത്തുചേരുമ്പോൾ എല്ലാം നമ്മുടെ ചുണ്ടിൽ പാട്ടുകളായി, സാന്ത്വനവചസ്സുകളായി, വർത്തമാനങ്ങളായി നന്മ പ്രദാനം ചെയ്തത് മലയാളമാകുന്ന അമ്മയാണ്; അത് നമ്മുടെ ജന്മഭാഷയാണ്; ഇന്ന് നമുക്കന്യമായ് പോകുന്ന ജീവമലയാളമാണ്.

ഓർക്കുക, നമ്മുടെ പാരമ്പര്യത്തിന്റെ ഭാഷയാണത്. അച്ഛനുമമ്മയും പ്രണയിച്ച ഭാഷ! നമ്മുടെ ഉപജീവനത്തിനു സഹായകമായ മലയാളം, സാഹോദര്യത്തിന്റെ മധുരം പങ്കുവയ്ക്കാൻ കൂട്ടുനിന്ന മലയാളം, കൂലി കുറവിനെതിരെ പ്രതിഷേധിക്കുവാൻ കരുത്തുതന്ന മലയാളം, പോരാടുവാൻ ആയുധം തന്ന മലയാളം, ജീവിതത്തിലെ ഗൗരവതരവും നിസ്സാരവുമായ എല്ലാ കാര്യ

ങ്ങളും – ഉപ്പ്, കർപ്പൂരം, ഉമിക്കരി, ഉപ്പേരി – ആ ഭാഷയിലാണു നാമറിഞ്ഞതും പ്രയോഗിച്ചതും. പുള്ളുവൻപാട്ടും വീണാനാദവും പുല്ലാങ്കുഴൽ വായനയും നന്തുണിച്ചൊല്ലും നാം പരിചയിച്ചത് നമ്മുടെ മലയാളത്തിലാണ്. ഈ മലയാളം നമ്മുടെ ജീവനാണ്, വികാരമാണ്, ആവേശമാണ്.

ഇന്നോ, നാം മലയാളത്തെ അവഗണിക്കുന്നു. അവഹേളിക്കുന്നു. മലയാളം പൊട്ടിക്കരഞ്ഞുകൊണ്ടോടി കഷ്ടകാലത്തിൻ കയത്തിൽ വീഴുന്നു. അവിടെനിന്നു മലയാളത്തെ രക്ഷിക്കേണ്ടവർ അതിനു ശ്രമിക്കാതെ കല്ലെറിഞ്ഞു ശിക്ഷിച്ചു തൃപ്തരാവുകയാണ്. ഈ ഘട്ടത്തിൽ മധുരതരമായ താരാട്ടുപാട്ടുകൊണ്ട് മലയാളികളെയുറക്കിയ ഇരയിമ്മൻ തമ്പി ചോദിക്കുന്നു: ഓണമലയാളത്തെ നിങ്ങളെന്താണ് ചെയതത്? എന്റെ ഓമൽമലയാളത്തെ നിങ്ങളെന്താണ് ചെയ്തത്?

ഈ വിധം കവിത അപഗ്രഥിച്ച ശേഷം തുടർപ്രവർത്തനങ്ങൾ നടത്താം.

**കണ്ടെത്താം**

ചോദ്യം നോട്ടുബുക്കിൽ എഴുതിയെടുത്ത് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ച് ഉറപ്പാക്കിയ ശേഷം നോട്ടുബുക്കിൽ എഴുതട്ടെ.
ഏതാനും പേർ ചോദ്യവും ഉത്തരവും ക്ലാസിൽ അവതരിപ്പിക്കട്ടെ.
ടീച്ചറുടെ ഇടപെടലിലൂടെ മെച്ചപ്പെടുത്താം.

**ആശയം കണ്ടെത്താം** TB

കവിതാ വിശകലനാവസരത്തിൽ വരികളുടെ ആശയം കുട്ടികൾ മനസ്സിലാക്കിയിട്ടുണ്ടാവുമല്ലോ.

ഗ്രൂപ്പിൽ ചർച്ച ചെയ്ത് ഒന്നുകൂടി ആശയവ്യക്തത വരുത്തട്ടെ. വ്യക്തിഗതമായി എഴുതിയ വിശകലനക്കുറിപ്പ് പരസ്പരം കൈമാറി മെച്ചപ്പെടുത്തട്ടെ.
ടീച്ചർ വിലയിരുത്തണം

**സെമിനാർ** TB

വിഷയം : മാതൃഭാഷയുടെ പ്രാധാന്യം

മാതൃഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികൾ കുറെ കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാവുമല്ലോ.

- എന്താണു മാതൃഭാഷ എന്നതുകൊണ്ടുദ്ദേശിക്കുന്നത്?
- നമ്മുടെ ജീവിതത്തിൽ അതിനു വല്ല പ്രാധാന്യവുമുണ്ടോ?
- ഏതു ഭാഷയിലാണ് പഠിക്കാൻ എളുപ്പം?
- അനുഭവങ്ങൾ നന്നായി പങ്കുവയ്ക്കാൻ കഴിയുന്നത് ഏതു ഭാഷയിലാണ്?
- ഇന്നു മാതൃഭാഷയ്ക്കു വലിയ പ്രാധാന്യം നൽകുന്നുണ്ടോ?
- മാതൃഭാഷയെ അവഗണിക്കുന്നവരുണ്ടോ?

തുടങ്ങിയ ചോദ്യങ്ങളിലൂടെ സെമിനാർ ചർച്ച ആരംഭിക്കാം.

മാതൃഭാഷയുടെ പ്രാധാന്യം കണ്ടെത്താനുള്ള പ്രവർത്തനമാണ് ഈ സെമിനാർ. ഏതെല്ലാം മേഖലകളാണ് നാം പരിശോധിക്കേണ്ടത്? ഏതെല്ലാം വിഷയത്തിൽ പ്രബന്ധം അവതരിപ്പിക്കാം?

- മലയാളം എന്റെ മാതൃഭാഷ
- മാതൃഭാഷയും വിദ്യാഭ്യാസവും

- സാമൂഹികജീവിതത്തിൽ മാതൃഭാഷയുടെ പ്രാധാന്യം
- വ്യക്തിത്വരൂപീകരണത്തിൽ മാതൃഭാഷയുടെ പങ്ക്
- മാതൃഭാഷയെ മലയാളികൾ അവഗണിക്കുന്നുണ്ടോ?
- മാതൃഭാഷയെ പരിപോഷിപ്പിക്കാൻ എന്തെല്ലാം വഴികൾ?

പ്രബന്ധവിഷയങ്ങളുടെ എണ്ണമനുസരിച്ച് ഗ്രൂപ്പുകളാക്കി തിരിക്കണം.
ഓരോ ഗ്രൂപ്പിനും നറുക്കിട്ടു വിഷയം നൽകുക. ചർച്ച ചെയ്തും ചോദിച്ചറിഞ്ഞും ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് ഗ്രൂപ്പടിസ്ഥാനത്തിൽ പ്രബന്ധങ്ങൾ തയ്യാറാക്കട്ടെ.

- സെമിനാർ നടത്താൻ ഒരു സംഘാടകസമിതി രൂപീകരിക്കാം. സമിതിക്ക് ഒരു കൺവീനറെ കണ്ടെത്തണം.
- ഒരാളെ മോഡറേറ്ററായി നിശ്ചയിക്കണം. സെമിനാർ നടത്തേണ്ട തീയതിയും സമയവും കണ്ടെത്തണം. പരിപാടിയുടെ നോട്ടീസ് തയ്യാറാക്കണം.

ടീച്ചർ ഇടപെട്ടാൽ മതി - കുട്ടികൾ തന്നെ എല്ലാ സജ്ജീകരണങ്ങളും നടത്തട്ടെ.

സെമിനാർ അവതരണത്തിനുമുമ്പ്

- ഓരോ ഗ്രൂപ്പും പ്രബന്ധാവതാരകരെ കണ്ടെത്തി കൺവീനറെ അറിയിക്കണം.
- ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് പ്രബന്ധം തയ്യാറാക്കണം.
- ഉദ്ഘാടകനെ കണ്ടെത്തണം.
- നോട്ടീസ്, പരസ്യം, ക്ഷണക്കത്ത് എന്നിവ സൗകര്യാനുസരണം നേരത്തെ തയ്യാറാക്കി പരസ്യപ്പെടുത്തണം.
- നോട്ടീസിൽ കാര്യപരിപാടികൾ വ്യക്തമായി കാണിക്കണം.

അവതരണം

സ്വാഗതം : (സംഘാടകസമിതി കൺവീനർ)
ഉദ്ഘാടനം : (വിശിഷ്ടാതിഥി)
ആമുഖം : (മോഡറേറ്റർ)

പ്രബന്ധങ്ങളുടെ അവതരണം. ഓരോ അവതരണത്തിനുശേഷവും ചർച്ചയ്ക്ക് അവസരം നൽകണം.

- എല്ലാ കുട്ടികളും ചർച്ചാകുറിപ്പുകൾ തയ്യാറാക്കണം.
- അവസാനം മോഡറേറ്റർ ക്രോഡീകരണം നടത്തണം.

അവതരണശേഷം

- സെമിനാർ റിപ്പോർട്ട് തയ്യാറാക്കണം
- സെമിനാർ വിലയിരുത്തൽ നടത്തണം
- ചർച്ചാകുറിപ്പ് വികസിപ്പിച്ച് വ്യക്തിഗതപ്രബന്ധങ്ങൾ തയ്യാറാക്കണം.

താരാട്ടുപാട്ട് TB

ഇരയിമ്മൻ തമ്പിയുടെ 'ഓമനത്തിങ്കൾ കിടാവോ' എന്നു തുടങ്ങുന്ന താരാട്ടു പാട്ട് കുട്ടികൾ ശേഖരിക്കട്ടെ.

വേറെയും താരാട്ടുപാട്ടുകൾ സംഘടിപ്പിച്ച് ഈ പ്രവർത്തനം കവിതയരങ്ങാക്കി മാറ്റാം.

**പേരെഴുതുക** WB

പ്രാചീന കവിത്രയം - ചെറുശ്ശേരി
- എഴുത്തച്ഛൻ
- കുഞ്ചൻ നമ്പ്യാർ

മലയാള കവിതയുടെ അടിത്തറ പാകിയത് ഈ മൂന്നു കവികളാണെന്നാണു വീക്ഷണം.

**കവിതാവരികൾ കണ്ടെത്താം WB**

മാതൃഭാഷയുടെ പ്രാധാന്യം വ്യക്തമാക്കുന്ന കവിതകൾ കുട്ടികൾ കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കട്ടെ. വിലയിരുത്തിയ ശേഷം വർക്കുബുക്കിൽ ചേർക്കാം.

**ആശയം വിശദീകരിക്കുക WB**

വരികളുടെ ആശയം ചർച്ചചെയ്തു കണ്ടെത്തട്ടെ

- ആരാണു പൊട്ടിക്കരഞ്ഞുകൊണ്ടോടുന്നത്?
- എന്താണ് പൊട്ടിക്കരഞ്ഞുകൊണ്ടോടാൻ കാരണം?
- എവിടെയാണ് ചെന്നു വീഴുന്നത്?
- രക്ഷിക്കേണ്ടവർ എന്തു ചെയ്യുന്നു?
- ഭാഷയെ രക്ഷിക്കേണ്ടതാരാണ്?
- 'ഓമനത്തിങ്കൾ കിടാവ് ' എന്ന പ്രയോഗത്തിൽ ആരെയാണുദ്ദേശിക്കുന്നത്?

ക്രോഡീകരണം :

- മലയാളഭാഷ കൊടും പീഡനത്തിനു വിധേയമാകുന്നു.അതിൽനിന്നു രക്ഷപ്പെടാനുള്ള ഓട്ടത്തിൽ ചെന്നുവീഴുന്നത് കഷ്ട കാലത്തിൻ കയത്തിലാണ്.
- ഭാഷയെ രക്ഷിക്കേണ്ട മലയാളികൾ അപ്പോൾ ഭാഷയെ ശിക്ഷിച്ചു തൃപ്തരാവുകയാണ്.
- ഈ സാഹചര്യത്തിൽ താരാട്ടുപാട്ടിലൂടെ മലയാളികളെ താലോലിച്ചു വളർത്തിയ ഇരയിമ്മൻതമ്പി വേദനാപൂർവ്വം ചോദിക്കുന്നു: എന്റെ ഓമനയായ മലയാളത്തെ നിങ്ങൾ എന്തു ചെയ്തു?

മലയാളഭാഷ നേരിടുന്ന വിവിധതരം വെല്ലുവിളികളെക്കുറിച്ച് ഈ വരികളിൽ സൂചനയുണ്ട്. ചിലർ കൊച്ചുകുരുന്നുകളുടെ നാവിൽനിന്നു മലയാളഭാഷയെ അകറ്റാൻ ശ്രമിക്കുമ്പോൾ മറ്റുചിലർ പലവിധത്തിൽ ഭാഷയെ വികലമാക്കാൻ ശ്രമിക്കുകയാണ്. ഇങ്ങനെ നാശഗർത്തത്തിലകപ്പെട്ട ഭാഷയെ രക്ഷിക്കാൻ മലയാളികളുടെ ഭാഗത്തുനിന്നു കാര്യമായ ശ്രമങ്ങളൊന്നും നടക്കുന്നില്ല എന്ന വേദനയാണ് കവിയുടെ പ്രസ്തുത വരികളിൽ പ്രതിഫലിക്കുന്നത്.

ചർച്ചയിൽ വ്യക്തമായ വസ്തുതകൾ ഉൾപ്പെടുത്തി കുട്ടികൾ ആശയം വിശദീകരിച്ചു കുറിപ്പ് തയ്യാറാക്കട്ടെ. ടീച്ചർ വിലയിരുത്തണം.

**ലഘുഉപന്യാസം തയ്യാറാക്കുക WB**

കവിതയുടെ ആശയം ഇതിനകം കുട്ടികൾ വ്യക്തമായി മനസ്സിലാക്കിയിട്ടുണ്ടാവുമല്ലോ. ഗ്രൂപ്പിൽ ചർച്ച ചെയ്ത് ആശയം ക്രോഡീകരിച്ച് കുട്ടികൾ വ്യക്തിഗതമായി ഉപന്യാസം തയ്യാറാക്കട്ടെ. വർക്കുബുക്കിൽ എഴുതിയ ഉപന്യാസം ടീച്ചർ വിലയിരുത്തണം.

വിലയിരുത്തൽ സൂചനകൾ:

- ഉപന്യാസത്തിന്റെ ഘടന
- ആശയങ്ങൾ
- ക്രമീകരണം
- വിശകലനം
- സമഗ്രത
- ഭാഷ

## പാഠം -7

# അറബിമലയാളത്തിന്റെ മധുരം

കേരളത്തിന്റെ സാമൂഹിക സാംസ്ക്കാരിക ചരിത്രത്തിൽ ഇഴുകിച്ചേർന്നു കഴിഞ്ഞ മുസ്ലിം സമൂഹത്തിന് ഈ രംഗത്ത് പതിനാലുനൂറ്റാണ്ടുകാലത്തെ പാരമ്പര്യമുണ്ട്. മുഹമ്മദ്നബിയുടെ കാലത്ത് തന്നെ ഇസ്ലാം കേരളത്തിലെത്തിയതായും ആ സന്ദേശവുമായി വന്ന അറബികൾ ഇവിടെനിന്നു വിവാഹം കഴിച്ചു പുതിയൊരു സമൂഹം പിറവികൊണ്ടതായും ചരിത്രത്തിൽനിന്നു വ്യക്തമാകുന്നുണ്ട്. ഇവിടെ കച്ചവടത്തിനു വന്നവരും ഇവിടെനിന്നു വിവാഹം കഴിച്ചവരുമായ അറബികളും അവരുമായി പല കാര്യങ്ങളിലും ഇടപഴകേണ്ടിവന്ന നാട്ടുകാരും തമ്മിലുള്ള ആശയവിനിമയത്തിൽ പ്രയാസങ്ങളുണ്ടായപ്പോൾ അതു പരിഹരിക്കാൻ രൂപം കൊണ്ടതായിരിക്കണം അറബിമലയാളം എന്ന് അനുമാനമുണ്ട്. ആശയവിനിമയം പ്രയാസരഹിതമാക്കാനും തങ്ങളുടെ വാമൊഴിക്ക് ഒത്തവിധം അറബിലിപിക്ക് പുതിയ ചിഹ്നങ്ങൾ നൽകി പ്രത്യേകഅക്ഷരമാല നിർമ്മിക്കാനും മുസ്ലിംപണ്ഡിതന്മാർ തയ്യാറായതോടെ വ്യവസ്ഥാപിതമായ രൂപത്തിൽ മുസ്ലിംകൾക്കിടയിൽ അറബിമലയാളം ഒരു ഭാഷയായി മാറുകയായിരുന്നു. ഒൻപതോ പത്തോ നൂറ്റാണ്ടുകളിലാണ് അറബിമലയാളത്തിനു പ്രത്യേകലിപി രൂപംകൊണ്ടതെന്നു കരുതപ്പെടുന്നു.

ആദ്യം മതകാര്യങ്ങൾ പ്രതിപാദിക്കുന്ന കൃതികൾ മാത്രമായിരുന്നു അറബിമലയാളത്തിൽ രചിക്കപ്പെട്ടിരുന്നത്. പിന്നീട് പരിഭാഷകളായും സ്വതന്ത്രരചനകളായും കഥകളും നോവലുകളും ആഖ്യായികകളും നിഘണ്ടുകളും വൈദ്യശാസ്ത്രഗ്രന്ഥങ്ങളും മാലകളും പാട്ടുകളുമായി അറബിമലയാള സാഹിത്യശാഖ വികാസംപ്രാപിച്ചു. മലയാള കവിതയിലും ഗാനസാഹിത്യത്തിലും സാമൂഹിക സാംസ്ക്കാരിക മത രാഷ്ട്രീയ മണ്ഡലങ്ങളിലും ഏറെ സ്വാധീനം ചെലുത്തിയ മാപ്പിളപ്പാട്ടുകളാണ് അറബിമലയാളസാഹിത്യത്തിലെ ഏറ്റവും സമ്പന്നമായ വിഭാഗം. മലയാളഭാഷയുടെ പിതാവായി അറിയപ്പെട്ട എഴുത്തച്ഛന്റെ രാമായണത്തിനുമുമ്പ് എഴുതപ്പെട്ടതും അറുനൂറ്കൊല്ലത്തിലധികം പഴക്കമുള്ളതുമായ പാട്ടുകൾ ഇവയുടെ കൂട്ടത്തിലുണ്ട്. ലളിതസുന്ദരമായ ഭാഷയിൽ എഴുതപ്പെട്ട മുഹ്യിദ്ദീൻമാലയാണ് കണ്ടുകിട്ടിയതിൽ ഏറ്റവും പഴക്കമുള്ള കൃതി.

മലയാളഭാഷയെ സമ്പന്നമാക്കുന്നതിൽ അറബിഭാഷയും അറബിമലയാളവും വലിയ പങ്ക് വഹിച്ചിട്ടുണ്ട്. അറബി, പേർഷ്യൻ, ഉർദു,ഹിന്ദി, തമിഴ്, കന്നഡ, സംസ്കൃതം എന്നീ ഭാഷകളുടെ സ്വാധീനം അറബിമലയാളത്തിലുണ്ട്. അതുവഴി ഇത്തരം പദങ്ങൾ മലയാളത്തിലേക്കും ചേക്കേറിയതായി കാണാം. ഏതാണ്ട് മൂവ്വായിരത്തിലധികം അറബിപദങ്ങൾ മലയാളത്തിലുണ്ടെന്ന് ഗുണ്ടർട്ട് തന്റെ നിഘണ്ടുവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയെല്ലാം ഇന്നു മലയാളപദങ്ങളെപ്പോലെ ഉപയോഗിക്കപ്പെടുന്നു. അവഗണിക്കാൻ പറ്റാത്ത ഒരു ഭാഷയാണ് അറബിമലയാളം എന്ന ബോധം കുട്ടികൾക്കുണ്ടാവേണ്ടതുണ്ട്. അതോടൊപ്പം ഭാഷകളുടെയെന്നപോലെ സംസ്കാരങ്ങളുടെയും കൂടിച്ചേരലുകളാണ് ജീവിതത്തിനു സൗന്ദര്യവും വീക്ഷണങ്ങൾക്കു വിശാലതയും സമ്മാനിക്കുന്നത് എന്നു തിരിച്ചറിയുകയും വേണം.

## പാഠാവതരണം

"നമുക്കിന്നൊരു മാപ്പിളപ്പാട്ട് പാടിയാലോ?" ടീച്ചർ ചോദിക്കുന്നു.
കുട്ടികൾ ആവേശത്തോടെ പാട്ടുകേൾക്കാൻ തയ്യാറാവും. "ആരാണ് പാടുക?"
പാടാൻ തയ്യാറുള്ളവർക്ക് അവസരം നൽകാം. ടീച്ചർക്കും പാടാം.
ICT സാധ്യത ഉപയോഗപ്പെടുത്തി നല്ല പാട്ടുകൾ കേൾപ്പിക്കുകയുമാവാം. അവതരിപ്പിക്കുന്നത് യഥാർത്ഥ മാപ്പിളപ്പാട്ടുകളായിരിക്കണം.

- ഈ പാട്ടുകളെല്ലാം ഏതു ഭാഷയിലാണ് രചിക്കപ്പെട്ടത്?

'മലയാളത്തിൽ' എന്നാവും പ്രതികരണമുണ്ടാവുക. മലയാളത്തിൽ പ്രചാരത്തിലില്ലാത്ത പദങ്ങൾ ചൂണ്ടിക്കാട്ടിയും മറ്റും അറബിമലയാളത്തിലാണു മാപ്പിളപ്പാട്ടുകൾ രചിക്കപ്പെട്ടത് എന്ന ആശയത്തിലേക്കു ചർച്ച ക്രോഡീകരിക്കണം.

'മാപ്പിളപ്പാട്ടുകൾ രചിക്കപ്പെട്ട അറബിമലയാളം എന്ന ഭാഷയെ പരിചയപ്പെടുത്തുന്ന ലേഖനം വായിക്കാം' എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കാം.
മൗനവായനക്കുശേഷം ശ്രാവ്യവായന നടക്കട്ടെ. ടീച്ചർ നിർദ്ദേശിക്കുന്ന കുട്ടികൾ നിശ്ചിതഭാഗം ഉറക്കെ വായിക്കുന്നു.
തുടർന്ന് പാഠാവസാനത്തിൽ നൽകിയ ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്തി പറയാൻ നിർദ്ദേശിക്കാം.
പാഠഭാഗത്തെ പ്രധാനാശയങ്ങളെല്ലാം പരാമർശിക്കുംവിധം കൂടുതൽ ചോദ്യങ്ങളിലൂടെ അവധാരണം സമഗ്രമാക്കാം.
ടീച്ചർ ചോദ്യങ്ങൾ ചോദിക്കുന്നു.
ഉത്തരം പറയേണ്ട കുട്ടിയുടെ നമ്പർ വിളിക്കുന്നു.
ഇങ്ങനെ വൈവിധ്യമാർന്ന രീതികളിൽ (ഉചിതമെന്നു തോന്നുന്ന മറ്റു രീതികളും അവലംബിക്കാം) അവധാരണം രസകരവും താല്പര്യജനകവുമാക്കാൻ ശ്രദ്ധിക്കണം.

## ഉത്തരം കണ്ടെത്താം എഴുതാം

അവധാരണ പ്രവർത്തനത്തിൽ ഈ ചോദ്യങ്ങൾക്കെല്ലാമുള്ള ഉത്തരം ക്ലാസുകളിൽ അവതരിപ്പിച്ചിട്ടുണ്ടാകുമല്ലോ. ഇനി കുട്ടികൾ വ്യക്തിഗതമായി ചോദ്യങ്ങൾ എഴുതിയെടുത്ത് അവയുടെ ഉത്തരം പാഠഭാഗത്തുനിന്നു കണ്ടെത്തി എഴുതട്ടെ.
ടീച്ചർ വിലയിരുത്തണം.

## ആസ്വദിക്കാം, ആശയം ഗ്രഹിക്കാം

'പൂമകളാനേ ഹുസ്നുൽജമാൽ' എന്ന ഗാനത്തിന്റെ ആദ്യവരികൾ പാഠഭാഗത്തു പരാമർശിച്ചിട്ടുണ്ടല്ലോ. 'ബദ്റുൽമുനീർ, ഹുസ്നുൽജമാൽ' എന്ന കാവ്യകൃതി സംഘടിപ്പിച്ച് പാടിയും ആശയം ഗ്രഹിച്ചും ആസ്വദിക്കാൻ അവസരമുണ്ടാക്കാം.
മാപ്പിളപ്പാട്ടിലെ ഭാഷ, ആശയവൈവിധ്യം, അലങ്കാരപ്രയോഗങ്ങൾ തുടങ്ങിയവ മനസ്സിലാക്കാൻ ഈ പ്രവർത്തനം സഹായകമാവും.

## ലഘുഉപന്യാസം തയ്യാറാക്കാം

വിഷയം : അറബിമലയാളം ഒരു സ്വതന്ത്രഭാഷയോ?
ഉപന്യാസം തയ്യാറാക്കുന്നതിനു മുമ്പ് ക്ലാസിൽ വിശദമായൊരു ചർച്ച നടക്കട്ടെ.

ഒരു സ്വതന്ത്രഭാഷയ്ക്ക് ഉണ്ടാവേണ്ട സവിശേഷതകൾ എന്തെല്ലാം?

- സ്വന്തമായ ലിപി
- വിശാലമായ പദസമ്പത്ത്
- ഏത് ആശയവും പ്രതിഫലിപ്പിക്കാനുള്ള ശേഷി
- തനത് ഉച്ചാരണ രീതി

ഇവയോരോന്നും ചർച്ചക്കെടുക്കുന്നു. ഈ സവിശേഷതകൾ അറബിമലയാളത്തിനുണ്ടോ എന്നു പരിശോധിക്കുന്നു.

ക്രോഡീകരണം :

- അറബിമലയാളം ഒരു സ്വതന്ത്രഭാഷ തന്നെയാണ്.
- മലയാളം എന്നു പറയുന്നുണ്ടെങ്കിലും അതിനെക്കാൾ അറബി, ഉർദു, പേർഷ്യൻ, തമിഴ്, കന്നഡ.... തുടങ്ങിയ ഭാഷാപദങ്ങൾ സ്വന്തമെന്ന നിലയിൽ അറബിമലയാളത്തിൽ ലയിച്ചു ചേർന്നിരിക്കുന്നു.
- സ്വന്തമായ ലിപിയും വിശാലമായ പദസമ്പത്തും ഈ ഭാഷക്കുണ്ട്. തനതുശൈലിയിൽ ഏതാശയവും പ്രകടിപ്പിക്കാനുള്ള ശേഷിയുണ്ട്.
- മറ്റു ഭാഷകളിലെപ്പോലെ എല്ലാ സാഹിത്യവിഭാഗങ്ങളിലുമുള്ള കൃതികൾ അറബിമലയാളത്തിൽ വിരചിതമായിട്ടുണ്ട്.
- ഒരു കാലഘട്ടത്തിൽ ജനമനസ്സുകളെ സ്വാധീനിക്കാനും സാമൂഹിക സാംസ്കാരിക പരിവർത്തനങ്ങളിൽ വലിയ പങ്കുവഹിക്കാനും അറബി മലയാളത്തിനു കഴിഞ്ഞിട്ടുണ്ട്.
- അറബിമലയാളത്തിലെ പല പദങ്ങളും അതിന്റെ തനത് ഉച്ചാരണരീതി ഉൾക്കൊള്ളുംവിധം എഴുതി അവതരിപ്പിക്കാൻ ഇതരഭാഷകൾക്കു കഴിയാത്തതുകൊണ്ടു തന്നെ ഇന്നും ആ ഭാഷയ്ക്കു പ്രസക്തിയുണ്ട്.

ചർച്ചയിൽ ക്രോഡീകരിച്ച ആശയങ്ങൾ ഉൾക്കൊള്ളിച്ച് കുട്ടികൾ ഉപന്യാസം തയ്യാറാക്കട്ടെ. ടീച്ചർ വിലയിരുത്തണം.

**ചോദിച്ചറിയാം**

തത്ഭവം - തത്സമം

ഒരു ഭാഷ മറ്റു ഭാഷകളിൽനിന്നു പദങ്ങൾ സ്വീകരിക്കുമ്പോൾ രണ്ടുരീതി അവലംബിക്കാറുണ്ട്:

1. ആ പദം ഒരു മാറ്റവും കൂടാതെ അതേവിധത്തിൽ സ്വീകരിക്കുക.
   ഉദാ: പെൻ, ഹോസ്പിറ്റൽ, സഹസ്രം, ബസ്, കാർ.....
   ഈ രീതിക്കു തൽസമം എന്നാണു പറയുക.
2. സ്വീകരിക്കുന്ന ഭാഷയ്ക്കു യോജിച്ചവിധം മാറ്റങ്ങൾ വരുത്തി സ്വീകരിക്കുക.
   ഉദാ: പേന, ആസ്പത്രി...............
   ഈ രീതിക്കു തത്ഭവം എന്നു പറയുന്നു.

**വാമൊഴി - വരമൊഴി**

- ഏതു ഭാഷയിലും വാമൊഴിയും വരമൊഴിയും ഉണ്ടാകും.
  സാമാന്യജനങ്ങളുടെ സംസാരഭാഷയാണ് വാമൊഴി. പ്രാദേശികമായ ഉച്ചാരണ ഭേദം വാമൊഴിയിൽ പ്രകടമായിരിക്കും.
- ഭാഷയുടെ എഴുതിക്കാണിക്കുന്ന രൂപ(അച്ചടിഭാഷ)മാണ് വരമൊഴി. ഒരു ഭാഷക്ക്

വരമൊഴി രൂപം ഒന്നേയുണ്ടാവൂ, എന്നാൽ വാമൊഴി രൂപങ്ങൾ അനേകമുണ്ടാവും.

### വീരരസം

നവരസങ്ങൾ എന്നറിയപ്പെടുന്ന ഒൻപതുഭാവങ്ങളിൽ ഒന്നാണിത്. വീരന്മാർക്കു ചേർന്ന ഭാവം എന്നാണർത്ഥം.

### ഉത്തരമെഴുതുക WB

പാഠഭാഗം ആവശ്യബോധത്തോടെ വായിക്കാനുള്ള പ്രവർത്തനമാണിത്. ഹോംവർക്കായി നിർവഹിക്കാൻ നിർദ്ദേശിക്കാം. കുട്ടികൾ ഉത്തരം കണ്ടെത്തി എഴുതട്ടെ.
ടീച്ചർ വിലയിരുത്തണം

### വിഗ്രഹിച്ചെഴുതുക WB

- മാപ്പിളമാരുടെ പാട്ട്
- ലോകമെങ്ങും പ്രസിദ്ധമായത്
- ആശയങ്ങളുടെ വിനിമയം
- പ്രാദേശികമായ ഭാഷ
- ഭാഷയുടെ അംശം
- കഠിനമായ അദ്ധ്വാനം
- ലളിതവും സുന്ദരവുമായത്
- ജനങ്ങൾക്കിടയിൽ സ്വാധീനം നേടൽ

### വിപരീതപദമെഴുതുക

- കഠിനം
- അപരിചിതർ
- ദരിദ്രം
- പരാധീനം
- പരിഗണന
- അപമാനം
- സ്ഥൂലം
- ഹ്രസ്വം
- ശോഷണം
- ദമ്യം

### കുറിപ്പ് തയ്യാറാക്കുക

മോയിൻകുട്ടി വൈദ്യർ

മാപ്പിളപ്പാട്ടുകൾക്ക് കാവ്യാത്മകമായ പുതുമ നൽകി ജനഹൃദയങ്ങളിൽ പ്രതിഷ്ഠിച്ച മഹാകവി മോയിൻകുട്ടിവൈദ്യർ 1852ലാണ് ജനിച്ചത്. ചികിത്സ പതിവാക്കിയ കുടുംബത്തിൽ ജനിച്ചതുകൊണ്ടാണ് വൈദ്യർ എന്ന പേരുവന്നത്. അറബിമലയാളത്തിലാണ് വൈദ്യർ തന്റെ കൃതികളൊക്കെയും രചിച്ചത്. സംസ്കൃതഭാഷാകവികളുടെയും തമിഴ്പുലവന്മാരുടെയും സ്വാധീനം വൈദ്യരുടെ കൃതികളിൽ പ്രകടമാണ്. ലോകസാഹിത്യത്തിൽ എക്കാലത്തും മുഖ്യ വിഷയമായിരുന്ന പ്രേമവും യുദ്ധവും തന്നെയാണ് വൈദ്യരുടെയും പ്രിയപ്പെട്ട വിഷയം. മാപ്പി ളപ്പാട്ടിൽ ആദ്യമായി അക്ഷരവൃത്തം ആവിഷ്കരിച്ച് ഈ സാഹിത്യശാഖയ്ക്ക് പുതിയ ആകാ ശവും പുതിയ ഭൂമിയും നേടിക്കൊടുത്തത് വൈദ്യരാണ്.

തുടക്കത്തിൽ ശുദ്ധവും ലളിതവുമായ ഭാഷാരീതിയിൽ കവിത രചിച്ച വൈദ്യർ പിന്നീട് ഭാഷാ നിയമങ്ങളെ ധീരമായി ധിക്കരിച്ച് ഭാഷയ്ക്കുള്ളിൽ തന്റേതായ ഭാഷ സൃഷ്ടിക്കുകയായി രുന്നു. മാപ്പിളപ്പാട്ടിലെ ഇശലുകൾക്ക് ഭദ്രമായ അടിത്തറയുണ്ടാക്കിയത് വൈദ്യരാണ്. ബദർപട പ്പാട്ടിൽ നൂറ്റിരണ്ടും ഉഹ്ദ് പടപ്പാട്ടിൽ നൂറ്റിഒൻപതും മലപ്പുറം പടപ്പാട്ടിൽ എഴുപതും ബദറുൽ മുനീറിൽ എൺപത്തഞ്ചും രീതികൾ വൈദ്യർ പ്രയോഗിച്ചിട്ടുണ്ട്. ഇവയ്ക്കുപുറമെ ഹിജ്റ, സലീ

ഖത് പടപ്പാട്ട്, ബദറുൽ മുനീർ ഹുസ്നുൽ ജമാൽ തുടങ്ങിയവയും വൈദ്യരുടെ കൃതികളാണ്. നാല്പതുവയസ്സുവരെ മാത്രം ജീവിച്ച മോയിൻകുട്ടി വൈദ്യർ മാപ്പിളപ്പാട്ടിൽ എക്കാലത്തെയും മികച്ച കാവ്യമായ ബദർപടപ്പാട്ട് രചിച്ചത് ഇരുപത്തിനാലാം വയസ്സിലാണത്രെ. 1892ൽ മോയിൻകുട്ടി വൈദ്യർ മരണമടഞ്ഞു.

**പ്രഭാഷണമെഴുതുക**

'അറബിമലയാളം ഒരു സ്വതന്ത്രഭാഷയോ' എന്ന വിഷയത്തിൽ നേരത്തെ ലഘു ഉപന്യാസം തയ്യാറാക്കിയിരുന്നുവല്ലോ. അതേ ആശയം പ്രഭാഷണരൂപത്തിലേക്കു മാറ്റിയെഴുതി ഈ പ്രവർത്തനം നിർവ്വഹിക്കാം. പ്രഭാഷണത്തിന്റെ ഘടന നിർബന്ധമായും എഴുത്തിൽ പ്രകടമാകണം. എല്ലാ കുട്ടികളുടെയും രചനകൾ ടീച്ചർ വിലയിരുത്തണം.

**പ്രഭാഷണഘടന**

- അഭിസംബോധന
- ആമുഖം
- വിഷയാവതരണം
- സ്വാഭിപ്രായ സമർത്ഥനം
- ഉപസംഹാരം

കുട്ടികൾ വ്യക്തിഗതമായി പ്രഭാഷണം തയ്യാറാക്കട്ടെ. ഹോംവർക്കായി നൽകിയാൽ മതി. എല്ലാ കുട്ടികളുടെയും രചനകൾ ടീച്ചർ വിലയിരുത്തണം.

## യൂണിറ്റ് – 3

# നല്ല കാഴ്ച, നല്ല കേൾവി

### ആമുഖം

നന്മ നിറഞ്ഞൊരു ലോകം ആഗ്രഹിക്കാത്തവരുണ്ടാകില്ല. എത്ര ദുഷ്ടത പ്രവർത്തിക്കുന്നവരാണെങ്കിലും തനിക്കഭിമുഖീകരിക്കേണ്ടതെല്ലാം നന്മ നിറഞ്ഞതായിരിക്കണമെന്നായിരിക്കും അവരുടെയും മോഹം. ലോകത്തിന്റെ പ്രകൃതമാകട്ടെ നന്മ നിറഞ്ഞതുമാണ്. പ്രകൃതി എത്ര മനോഹരവും വിശുദ്ധവുമാണ്! പക്ഷേ, മനുഷ്യൻ അതിനെ വികൃതവും മലിനവുമാക്കുന്നു. പ്രകൃതിയിലെ ജീവികളെല്ലാം സഹവർത്തിത്വവും സൗഹൃദവും മോഹിക്കുമ്പോൾ മനുഷ്യന്റെ പ്രവൃത്തികൾ അവയെ ശത്രുക്കളാക്കുന്നു. അവയെ ദ്രോഹിക്കുകയും അവയുടെ സ്വസ്ഥത തകർക്കുകയും ജീവിതമാർഗ്ഗത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമ്പോൾ അവയെങ്ങനെ നമ്മെ ശത്രുതയോടെ വീക്ഷിക്കാതിരിക്കും.

മനുഷ്യർ പരസ്പരംതീർക്കുന്ന പകയും വിദ്വേഷവും ഇപ്രകാരംതന്നെയാണ്. സ്വന്തം സുഖത്തിനു വേണ്ടി, സ്വാർത്ഥതാത്പര്യങ്ങൾക്കുവേണ്ടി ചിലർ മറ്റുള്ളവരുടെ സുഖം ഹനിക്കുന്നു. മറ്റുള്ളവരുടെ താത്പര്യങ്ങളെ അടിച്ചമർത്തുന്നു. അവർക്കു മേൽ ആധിപത്യം പുലർത്താൻ ശ്രമിക്കുന്നു. തന്റെ അവകാശവും അസ്തിത്വവും എല്ലാവരും വകവച്ചു തരേണ്ടതാണെന്നു ശാഠ്യം പിടിക്കുന്നു. ഇങ്ങനെയാണ് വ്യക്തികൾ തമ്മിൽ വിരോധമുണ്ടാകുന്നത്, പരസ്പരശത്രുത ഉടലെടുക്കുന്നത്, വഴക്കുകളും പീഡനങ്ങളും പോരാട്ടങ്ങളും അനാവശ്യമായ മത്സരങ്ങളും ഉടലെടുക്കുന്നത്. അതോടെ സാമൂഹികാന്തരീക്ഷം കലുഷമാകുന്നു. സമാധാനം അപ്രത്യക്ഷമാകുന്നു. അസുന്ദരകാഴ്ചകൾ പ്രത്യക്ഷപ്പെടുന്നു. ഇതൊക്കെയാണ് ജീവിതത്തിന്റെ സർവ്വമേഖലകളിലും സംഭവിക്കുന്നത്.

നല്ലതുമാത്രം കാണാൻ കഴിയണം, നല്ലതു മാത്രം കേൾക്കാൻ കഴിയണം, നല്ല മണവും നല്ല സ്പർശവും നല്ല രസവും അനുഭവിച്ചറിയാൻ കഴിയണം. അതിന് ആദ്യം വേണ്ടത് നല്ല മനസ്സാണ്. മനസ്സ് നന്നാവണം. അപ്പോൾ നമ്മുടെ പ്രവൃത്തിയും നന്നാവും. എല്ലാവരുടെയും മനസ്സും പ്രവൃത്തിയും നന്നായാൽ നാടു നന്നാകും, രാജ്യം നന്നാകും. അതോടെ ലോകവും നന്നാകും. ഇത്തരമൊരു ലോകം അസാധ്യമാണെന്നു വിധിയെഴുതിയേക്കാം. എന്നാലും ഒരു കാര്യം ശ്രദ്ധേയമാണ്; നമ്മുടെ മനസ്സ് നല്ലതാണെന്ന് ഉറപ്പുവരുത്തുമ്പോൾ നമുക്ക് സമാധാനിക്കാൻ കഴിയും. ആ സമാധാനം നമ്മുടെ ചുറ്റുവട്ടത്തിലെങ്കിലും നന്മ പ്രസരിക്കാൻ വഴിവയ്ക്കും. ഈ അവബോധമുണർത്തി പുതുതലമുറയിൽ നന്മ പ്രസരിപ്പിക്കാനുള്ള പ്രോത്സാഹനമാണ് ഈ യൂണിറ്റിലൂടെ ലക്ഷ്യമാക്കുന്നത്.

വൈലോപ്പിള്ളി ശ്രീധരമേനോന്റെ 'ആയിരത്തൊന്നു രാവുകൾ' എന്ന കവിതയാണ് ഈ യൂണിറ്റിലെ ഒന്നാമത്തെ പാഠഭാഗം. മനസ്സിന്റെ നന്മകൊണ്ടും ആത്മവിശ്വാസം കൊണ്ടും ക്രൂരനായൊരു രാജാവിന്റെ മനം മാറ്റിയെടുത്ത് ഭർത്താവായി വരിച്ച പെൺകുട്ടിയുടെ കഥ പറയുന്നു ഈ കവിത. രണ്ടാമത്തെ പാഠമായ 'മരിഭൂമിയിലെ കാഴ്ച്ചകൾ' ബെന്യാമിന്റെ പ്രസിദ്ധമായ 'ആടുജീവിതം' എന്ന നോവലിൽ നിന്നെടുത്ത ഒരു ഭാഗമാണ്. മരുഭൂമിയിലെ ഭീകരമായ അനുഭവങ്ങൾക്കും കാഴ്ച്ചകൾക്കുമിടയിലും നന്മ കണ്ടെത്തുന്ന, പ്രതീക്ഷ നഷ്ടപ്പെടാത്ത കഥാപാത്രത്തെ നമുക്കീ ഭാഗത്തു പരിചയപ്പെടാം. തുഞ്ചത്തെഴുത്തച്ഛന്റെ മഹാഭാരതം കിളിപ്പാട്ടിൽ നിന്നെടുത്ത ഒരു ഭാഗമാണ് മൂന്നാമത്തെ പാഠഭാഗമായ 'നിത്യമാകുന്നതീശ്വരൻ'. കുരുക്ഷേത്രയുദ്ധത്തിൽ മക്കളെല്ലാം മരണപ്പെട്ട ദു:ഖത്താൽ വിലപിക്കുന്ന ധൃതരാഷ്ട്രരെ വിദുരർ നല്ല വാക്കുകൾ പറഞ്ഞ് ആശ്വസിപ്പിക്കുകയും സുഖദു:ഖങ്ങൾ ജീവിതത്തിന്റെ ഭാഗമാണെന്നുണർത്തി മോക്ഷമാർഗ്ഗത്തിലേക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്ന ഭാഗമാണിത്. 'ദയാനിധിയായ പ്രവാചകൻ' നന്മയുടെയും സമാധാനത്തിന്റെയും സന്ദേശവുമായി വന്ന ദൈവദൂതനായ മുഹമ്മദ്നബിയുടെ ജീവിതവും ദർശനവും പരിചയപ്പെടുത്തുന്നു. നന്മയുടെ വഴിയിൽ മുന്നേറാൻ ഇത് കുട്ടികൾക്കു നല്ലൊരു പ്രചോദനമായിരിക്കുമെന്നതിൽ സംശയമില്ല. നന്മയുടെ സന്ദേശം കുട്ടികളുടെ മനസ്സിലുറപ്പിക്കാൻ ഈ യൂണിറ്റ് പ്രയോജനപ്പെടുത്തേണ്ടതാണ്.

<u>പ്രവേശക പ്രവർത്തനം</u>

പ്രവേശകമായി ചേർത്ത കടമ്മനിട്ടയുടെ വരികൾ കുട്ടികൾ വായിക്കട്ടെ.
ഏതാനും കുട്ടികൾ കവിതാവരികൾ ഉറക്കെ വായിക്കുന്നു.
എന്തൊക്കെയാണ് ഈ വരികളിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നത് ?
കുട്ടികൾ തങ്ങൾക്കു മനസ്സിലായ കാര്യങ്ങൾ തുറന്നു പറയട്ടെ.

- നല്ല ലോകത്തെക്കുറിച്ചാണ് കവി പറയുന്നത്.
- നല്ല കാഴ്ചകൾ കാണാൻ, നല്ലതു കേൾക്കാൻ, നല്ലതു മണക്കാൻ, നല്ലതു സ്പർശിക്കാൻ, നല്ലതു രുചിക്കാൻ, നന്മകൾ ആസ്വദിക്കാൻ അവസരമുണ്ടാകണം.
- അതിന് എല്ലാവരും നല്ല മനസ്സുള്ളവരാകണം.
- ഞാൻ നമ്മളായി സ്നേഹം പങ്കിടുമ്പോൾ നല്ല കാലവും നല്ല ലോകവും വന്നു ചേരും.
- നമ്മുടെ വാക്കുകൾ നല്ലതാകുമ്പോൾ നല്ല കാലം വരും;
- നമ്മുടെ വാക്കുകൾ കളവാകുമ്പോൾ കഷ്ടകാലവും.

നന്മയുടെ പ്രാധാന്യമാണ് ഈ വരികളിൽ സൂചിപ്പിക്കുന്നത്.

നല്ല ലോകം പിറക്കണമെങ്കിൽ നല്ല മനസ്സോടെ, സ്നേഹത്തോടെ, യോജിച്ചു കഴിയണം. നല്ല വാക്കുകൾ പറയുകയും കള്ളങ്ങൾ ഒഴിവാക്കുകയും വേണം. അപ്പോൾ നമുക്കു നല്ലതു കാണാനും നല്ലതു കേൾക്കാനും നല്ലതു മണക്കാനും നല്ലതു സ്പർശിക്കാനും നല്ലതു രുചിക്കാനും നന്മകൾ ആസ്വദിക്കാനും കഴിയും.

# യൂണിറ്റ് വിശകലനം

യൂണിറ്റ് 3

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പ്രധാന പ്രവർത്തനങ്ങൾ വ്യവഹാര /പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • കവിതകൾ, ഇതിഹാസകൃതികൾ എന്നിവ വായിക്കുകയും അവയിലെ പ്രമേയം, ചമത്കാരഭംഗി എന്നിവ മനസ്സിലാക്കി കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>•കഥകൾക്കു മനുഷ്യമനസ്സിനെ സ്വാധീനിക്കാൻ കഴിയുമെന്നു തിരിച്ചറിവുണ്ടാകുന്നു.<br>•സൂചിതകഥകൾ കണ്ടെത്തുന്നു<br>•കവിതയിലെ ആസ്വാദനാംശങ്ങൾ കണ്ടെത്തുകയും ഉചിത സന്ദർഭങ്ങളിൽ ഔചിത്യപൂർവ്വം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. | ആയിരത്തൊന്നു<br>രാവുകൾ | •മനസ്സിൽ നന്മയും ആത്മവിശ്വാസവുമുണ്ടെങ്കിൽ ഏതു ക്രൂരഹൃദയത്തെയും അലിവുള്ളതാക്കി മാറ്റാൻ കഴിയും.<br>•അസാമാന്യമായ മനോധൈര്യവും തന്റേടവും ജീവിതവിജയത്തിന്ന് അനിവാര്യമാണ്.<br>•ഹൃദ്യമായ കഥകൾക്ക് ക്രൂരമനസ്സുകളെ മയപ്പെടുത്താനും വരുതിയിലൊതുക്കാനുമുള്ള ശേഷിയുണ്ട്. | കവിത ഈണം കണ്ടെ ത്തി അവതരിപ്പിക്കൽ<br>വിശകലനക്കുറിപ്പ് തയ്യാറാക്കൽ<br>പ്രയോഗഭംഗി കണ്ടെത്തൽ<br>സൂചിതകഥകൾ കണ്ടെത്തൽ<br>കവിത രചിക്കൽ | കവിതാ പാരായണം<br>വിശകലനക്കുറിപ്പ്<br>കുറിപ്പ്<br>സൂചിത കഥകൾ<br>കവിത | കവിത അവതരണം<br>•ഈണവും താളവും<br>•ആശയ വ്യക്തത<br>•ഭാവം<br>വിശകലനക്കുറിപ്പ്<br>•വിശകലന ശേഷി<br>•നിരീക്ഷണ പാടവം<br>•ഉചിതമായ ഭാഷ<br>കവിതാരചന<br>•ഈണം, താളം<br>•ആശയം<br>•വർണ്ണനകൾ |
| •കഥകൾ, നോവലുകൾ തുടങ്ങിയവ വായിച്ച് അവയിലെ ഭാഷ, രചനാ തന്ത്രങ്ങൾ, പ്രമേയപരമായ സവിശേഷതകൾ എന്നിവ വിലയിരുത്തുകയും കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>•പ്രവാസികൾ സഹിക്കേണ്ടി വരുന്ന ദുരിതങ്ങളും അവർ സൃഷ്ടിച്ച പുരോഗതിയുടെ മൂല്യവും തിരിച്ചറിയുന്നു.<br>• ഭൂപ്രകൃതിയിൽ കാലാന്തരത്തിലുണ്ടായ മാറ്റങ്ങളെക്കുറിച്ച് അവബോധം ലഭിക്കുന്നു. | മരുഭൂമിയിലെ<br>കാഴ്ചകൾ | മരുഭൂമി വെറും മണൽക്കൂമ്പാരമല്ല. എണ്ണമറ്റ ജീവികളുടെ സ്വൈരവിഹാര മണ്ഡലമാണ്.<br>•മരുഭൂമി മണ്ണടിഞ്ഞ നാഗരികതകളുടെയും വന പ്രദേശങ്ങളുടെയും കഥ പറയുന്നുണ്ട്.<br>•വനനശീകരണവും പ്രകൃതി വിരുദ്ധ നിലപാടുകളും മരുഭൂമികൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നുണ്ട്.<br>•കേരളത്തിന്റെ സാമ്പത്തിക പുരോഗതിയിൽ പ്രവാസികളുടെ കണ്ണീരും ചോരയും കലർന്നിരിക്കുന്നു. | നോവൽ ഭാവമുൾക്കൊണ്ട് വായിക്കൽ<br>കുറിപ്പ്<br>ചർച്ചക്കുറിപ്പ് തയ്യാറാക്കൽ<br>വിലയിരുത്തൽ കുറിപ്പ് തയ്യാറാക്കൽ | ഭാവാത്മക വായന<br>കുറിപ്പ്<br>ചർച്ചാകുറിപ്പ്<br>വിലയിരുത്തൽ കുറിപ്പ് | വായന<br>•വ്യക്തത<br>•ഒഴുക്ക്<br>•ഭാവം<br>•സ്ഫുടത<br>ചർച്ചാകുറിപ്പ്<br>•പ്രധാനാശയം കണ്ടെത്തിയിട്ടുണ്ട്.<br>•വിശകലനം ചെയ്തിട്ടുണ്ട്.<br>•അനുയോജ്യമായ ഭാഷ പ്രയോഗിച്ചിട്ടുണ്ട്. |

## യൂണിറ്റ് വിശകലനം

യൂണിറ്റ് 3

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പ്രധാന പ്രവർത്തനങ്ങൾ വ്യവഹാര /പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • കവിതകളുടെ കാലം, പ്രമേയം, ചമത്കാരഭംഗി എന്നിവ ഉൾക്കൊള്ളുകയും അവയെ താരതമ്യം ചെയ്ത് കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു<br>•പരസ്പരം മത്സരിക്കുന്നതും പോരാടുന്നതും ജീവിതത്തിൽ വലിയ നഷ്ടത്തിനും ഖേദത്തിനും ഇടയാക്കുന്നതാണെന്നും തിരിച്ചറിയുന്നു.<br>•വിവിധ വ്യവഹാര രൂപങ്ങൾ പരിചയപ്പെടുകയും ഉചിത സന്ദർഭങ്ങളിൽ സമാനമായവ തയ്യാറാക്കുകയും ചെയ്യുന്നു. | നിത്യമാകുന്നതീശ്വരൻ | •ഈശ്വരൻ മാത്രമേ ശാശ്വതമായുള്ളൂ<br>•ജനിച്ചാൽ ഒരിക്കൽ മരിക്കണം. അതിനെച്ചൊല്ലി ദു:ഖിക്കുന്നതിൽ അർത്ഥമൊന്നുമില്ല<br>•വിജയിച്ചാലും തോറ്റാലും ഏതു യുദ്ധത്തിന്റെയും പരിണാമം ഖേദത്തിലായിരിക്കും<br>•ഐഹികജീവിതം വഴിയമ്പലത്തിലെ വിശ്രമകാലംപോലെ അല്പംമാത്രമാണ്. | കവിതാ വായനയും വിശകലനവും<br>കുറിപ്പ് തയ്യാറാക്കൽ<br>ചർച്ച<br>കഥാവായന - പൊരുൾ കണ്ടെത്തൽ<br>പ്രഭാഷണം തയ്യാറാക്കൽ<br>ഔചിത്യഭംഗി കണ്ടെത്തൽ | വായന<br>കുറിപ്പ്<br>ചർച്ചാ കുറിപ്പ്<br>പൊരുൾ വിശദീകരണം - കുറിപ്പ്<br>പ്രഭാഷണം<br>കുറിപ്പ് | പ്രഭാഷണം<br>•ഘടന<br>•ആശയ വ്യക്തത<br>•നിലപാടുകൾ<br>•ഒഴുക്ക്<br>•ഉച്ചാരണ സ്ഫുടത<br>പൊരുൾ വിശദീകരണം<br>•പൊരുൾ കണ്ടെത്തിയിട്ടുണ്ട്<br>•വിശകലനം ചെയ്തിട്ടുണ്ട്<br>•സ്വാഭിപ്രായം<br>•ഉചിതമായ ഭാഷ |
| •ജീവചരിത്രം, പഠനം, ലേഖനം എന്നിവ വായിച്ച് പ്രമേയപരവും ആസ്വാദനപരവുമായ അംശങ്ങൾ കണ്ടെത്തി കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>•അവയിൽ നിന്നു ലഭിക്കുന്ന പാഠങ്ങൾ ഉൾക്കൊണ്ട് ജീവിതത്തിൽ പകർത്തുന്നു<br>•പൂർണക്രിയ, അപൂർണക്രിയ എന്നിവ തിരിച്ചറിയുന്നു<br>•തിരുനബിയുമായി ബന്ധപ്പെട്ട കഥകൾ ശേഖരിക്കുകയും പതിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു. | ദയാനിധിയായ പ്രവാചകൻ | •പ്രവാചകന്മാരുടെയും മഹാത്മാക്കളുടെയും ജീവിതത്തിൽ മഹത്തായ പാഠങ്ങൾ ഉൾക്കൊള്ളാനുണ്ട്.<br>•ജനങ്ങളോടും കുടുംബത്തോടും ദയയും കാരുണ്യവും സ്നേഹവും സഹകരണവും കാണിച്ചാണ് മഹാത്മാക്കൾ മാതൃകയായത്.<br>•ജനങ്ങളെ സന്മാർഗ്ഗത്തിലേക്കു നയിക്കാൻ നിയുക്തരായവരാണ് പ്രവാചകന്മാർ. | ജീവചരിത്രഭാഗം വായനയും വിശകലനവും<br>വിശദീകരണക്കുറിപ്പ് തയ്യാറാക്കൽ<br>അന്വേഷണക്കുറിപ്പ് തയ്യാറാക്കൽ<br>കഥയരങ്ങ്<br>പതിപ്പ് തയ്യാറാക്കൽ<br>ചോദ്യോത്തരപ്പയറ്റ് നടത്തൽ<br>പ്രഭാഷണം തയ്യാറാക്കൽ | പാഠവായനക്കുറിപ്പ്<br>വിശദീകരണക്കുറിപ്പ്<br>അന്വേഷണക്കുറിപ്പ്<br>കഥയരങ്ങ് /പതിപ്പ്<br>ചോദ്യങ്ങൾ<br>പ്രഭാഷണം | കുറിപ്പ്<br>•ആശയ വ്യക്തത<br>•പൂർവ്വാപര ബന്ധം<br>•സമഗ്രത<br>•അനുയോജ്യമായ ഭാഷ<br>വിശദീകരണക്കുറിപ്പ്<br>•മഹദ്വചനങ്ങളുടെ ആശയം കണ്ടെത്തിയിട്ടുണ്ട്<br>•വിശകലനം ചെയ്തിട്ടുണ്ട്<br>•പ്രാധാന്യം തിരിച്ചറിഞ്ഞിട്ടുണ്ട്<br>•അനുയോജ്യമായ ഭാഷ<br>കഥാപതിപ്പ്<br>•ശീർഷകം<br>•ആമുഖം<br>•അവതാരിക<br>•ഉള്ളടക്കം<br>•മുഖപ്രസംഗം |

### പാഠം – 8

# ആയിരത്തൊന്നു രാവുകൾ

'അലിഫ് ലൈലാ വ ലൈലാ' (ആയിരത്തൊന്നു രാവുകൾ) ലോകപ്രസിദ്ധമായ കഥാസമാഹാരണമാണ്; വിദ്വേഷവും പകയും നിറഞ്ഞ മനസ്സിൽ സ്നേഹത്തിന്റെയും അനുകമ്പയുടെയും തെളിനീരുറവ സൃഷ്ടിച്ച അത്ഭുതകഥകളുടെ സമാഹാരം. കഥകൾ മനുഷ്യമനസ്സിൽ സൃഷ്ടിക്കുന്ന വിചിത്രമായ പരിവർത്തനത്തിലേക്ക് 'ആയിരത്തൊന്നു രാവുകൾ' സൂചന നൽകുന്നുണ്ട്.

മനുഷ്യമനസ്സ് ചിലപ്പോൾ കാരിരുമ്പിനെക്കാൾ കാഠിന്യമേറിയതാകും, വജ്രത്തെക്കാൾ മൂർച്ച കൂടിയതാകും, കാഞ്ഞിരക്കുരുവിനെക്കാൾ കയ്പുറ്റതാകും. എന്നാൽ അനുയോജ്യമായ സമയങ്ങളിൽ, അനുയോജ്യമായ വിധത്തിൽ ചില സന്ദേശങ്ങൾ ആ മനസ്സിലേക്കു കടന്നുചെന്നാൽ നിമിഷങ്ങൾക്കകം അത് വെണ്ണയെക്കാൾ മൃദുലവും തേനിനെക്കാൾ മധുരവുമുള്ളതായി മാറും. ചരിത്രത്തിൽ ഈ പരിവർത്തനത്തിന് ധാരാളം മാതൃകകളുണ്ട്. വർത്തമാനകാലത്തും ഇത്തരം പരിവർത്തനങ്ങളുടെ കഥകൾ നമുക്കു കേട്ടറിയാനും കണ്ടറിയാനും കഴിഞ്ഞേക്കും.

ഒരു പെൺകുട്ടിയുടെ കഥാകഥനം ക്രൂരമനസ്സായ രാജാവിന്റെ മനസ്സിൽ സൃഷ്ടിച്ച പരിവർത്തനം വായിച്ചറിഞ്ഞ് പ്രചോദനമുൾക്കൊണ്ടാണ് വൈലോപ്പിള്ളി 'ആയിരത്തൊന്നു രാവുകൾ' എന്ന കവിത രചിച്ചത്. ഏതു മനസ്സിനെയും കുളിരണിയിക്കുന്ന ആ കഥ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുണ്ട്.

പേർഷ്യൻ ഭരണാധികാരികളിലൊരാളായ ഷാരിയർ രാജാവിന് ജീവിതത്തിൽ ഒരു കയ്പുറ്റ അനുഭവമുണ്ടായി. കുടുംബസമേതം സന്തോഷത്തോടെ കഴിയുകയായിരുന്ന രാജാവിനുമുമ്പിൽ അദ്ദേഹത്തിന്റെ ഭാര്യയെക്കുറിച്ചുള്ള രഹസ്യങ്ങൾ ആരോ വെളിപ്പെടുത്തി. ഭാര്യ ഇത്രയുംകാലം തന്നെ വഞ്ചിക്കുകയായിരുന്നു എന്നറിഞ്ഞപ്പോൾ രാജാവ് ക്രുദ്ധനായി. വെറുപ്പും പകയും അമർഷവുംകൊണ്ട് അദ്ദേഹത്തിന്റെ മനം പുകഞ്ഞു. ഭാര്യയോടു മാത്രമല്ല ലോകത്തിലെ മുഴുവൻ സ്ത്രീകളോടും അദ്ദേഹത്തിനു പകയും വെറുപ്പുമുണ്ടായി.

സ്ത്രീകളെ ഒരു പാഠം പഠിപ്പിക്കണമെന്നു തീരുമാനിച്ച അദ്ദേഹം അന്നുമുതൽ ഓരോ രാത്രിയും ഓരോ കന്യകയെ തന്റെ മണിയറയിലെത്തിക്കാൻ ഉത്തരവിട്ടു. ഒരു രാത്രി അവളെ ഭാര്യയാക്കിയശേഷം പ്രഭാതത്തിൽ വെട്ടിക്കൊല്ലും. ഇതായി പതിവ്. ഒരുദിവസം നറുക്ക്വീണത് മന്ത്രിപുത്രിയായ ഷഹർസാദ് എന്ന കന്യകക്കാണ്. അവൾ മരണം മുമ്പിൽ കണ്ടുകൊണ്ട് രാജാവിന്റെ മണിയറയിലെത്തി. ധീരയും സമർത്ഥയുമായിരുന്ന അവൾ അന്ത്യാഭിലാഷമായി തന്റെ അനിയത്തിയെ ഒരിക്കൽകൂടി കാണാൻ അനുവദിക്കണമെന്ന് രാജാവിനോടപേക്ഷിച്ചു. രാജാവ് അനുവദിച്ചപ്പോൾ അനിയത്തിയെ ചുംബിച്ചുകൊണ്ടവൾ ചോദിച്ചു: "മോൾക്ക് എന്താണ് വേണ്ടത്; പറഞ്ഞുകൊള്ളൂ, ഞാനത് കൊണ്ടുവന്നു തരാം."

"എനിക്കൊരു കഥപറഞ്ഞു തന്നാൽ മതി." ജ്യേഷ്ഠത്തി പറഞ്ഞുകൊടുക്കാറുണ്ടായിരുന്ന കഥയുടെ മാധുര്യമോർത്ത് അവൾ പറഞ്ഞു. രാജാവ് തന്റെ സന്നിധിയിൽ വച്ചുതന്നെ കഥ പറഞ്ഞുകൊടുക്കാൻ ഷഹർസാദിന് അനുവാദം നൽകി.

ഷഹർസാദ് കഥ പറഞ്ഞുതുടങ്ങി; മധുരതരമായ ശബ്ദത്തിൽ, വശ്യമായ ശൈലിയിൽ, ലഘുവായ വാക്കുകളിൽ. രാജാവും അനിയത്തിയും ആ കഥയിൽ ലയിച്ചങ്ങനെയിരുന്നു. കഥയുടെ മധുരവും സുഗന്ധവും രാജാവിന്റെ മനസ്സിനെ തഴുകി. രാജാവിന് അതൊരു പുതിയ അനുഭവമായിരുന്നു. ലൗകികസുഖങ്ങളേറെ അനുഭവിച്ചിട്ടുണ്ടെങ്കിലും ഇതേവരെ അനുഭവിക്കാൻ കഴിയാത്ത ആനന്ദം ആ മനസ്സിൽ നിറഞ്ഞു. കഥാപാത്രങ്ങളുടെ ഭാവപരിണാമങ്ങൾക്കനുസരിച്ച് അത്ഭുതവും കൗതുകവും ആശ്വാസവും കണ്ണീരും പുഞ്ചിരിയുമെല്ലാം രാജാവിന്റെ മുഖത്ത് മിന്നിമറഞ്ഞുകൊണ്ടിരുന്നു. രാജാവിന്റെ ഭാവമാറ്റം തിരിച്ചറിഞ്ഞ ഷഹർസാദ് കൂടുതൽ പ്രതീക്ഷയോടെ കഥപറയൽ തുടർന്നു. അവൾ തന്റെ മനോഹരമായ ചുണ്ടുകൾ കൊണ്ട് അത്ഭുതകരമായ കഥാമാലികകൾ ഒന്നൊന്നായി കോർത്തുകൊണ്ടിരുന്നു. അസാമാന്യമായ സംതൃപ്തിയും ആനന്ദവും മനസ്സിൽ നിറഞ്ഞ രാജാവ് അന്നുരാത്രി സുഖമായി ഉറങ്ങി.

പ്രഭാതത്തിലുണർന്ന രാജാവിന്റെ മനസ്സിൽ ഷഹർസാദിന്റെ മധുരശബ്ദവും കഥകളുടെ മാധുര്യവും നിറഞ്ഞുനിന്നിരുന്നു. അദ്ദേഹത്തിനു വീണ്ടും കഥ കേൾക്കാൻ തിടുക്കമായി. രാത്രിക്കായി അദ്ദേഹം കാത്തിരുന്നു. അന്നുരാത്രി മണിയറയിലേക്ക് കടക്കുമ്പോൾ എന്നും കൈയിൽ കരുതാറുള്ള പള്ളിവാളെടുക്കാൻ മറന്നു. കഥകൾക്കായി ആകാംക്ഷയോടെ കാത്തിരുന്നു. ഷഹർസാദ് കഥ പറഞ്ഞു തുടങ്ങി. ഒരിക്കലും തീരാത്ത കഥകൾ! ഒരു കഥയും പറഞ്ഞുതീർക്കാതെ അതിനോടു ചേർത്ത് മറ്റൊരു കഥയിലേക്കവൾ സമർത്ഥമായി മുന്നേറിക്കൊണ്ടിരുന്നു. അങ്ങനെ സന്തോഷപൂർണമായ ആയിരത്തൊന്നു രാവുകൾ കടന്നുപോയി. അതോടെ രാജാവിന്റെ മനസ്സ് ശുദ്ധമായി. വിദ്വേഷത്തിന്റെയും പകയുടെയും പ്രതികാരവാഞ്ഛയുടെയും ഇരുട്ട് ആ മനസ്സിൽ നിന്നകന്നു. അവിടെ സ്നേഹത്തിന്റെയും ദയയുടെയും അനുകമ്പയുടെയും പ്രകാശം നിറഞ്ഞു. ഷഹർസാദിനെ തന്റെ പ്രിയപ്പെട്ട ഭാര്യയായി, രാജ്ഞിയായി രാജാവ് പ്രഖ്യാപിച്ചു.

ഈ കഥയാണ് വൈലോപ്പിള്ളി കവിതയിലൂടെ ആവിഷ്കരിച്ചിരിക്കുന്നത്. കഥ നൽകുന്ന സന്ദേശം കുട്ടികളെ ബോധ്യപ്പെടുത്തുന്നവിധം പഠാവതരണം നടത്താൻ ശ്രദ്ധിക്കണം. കഥകൾക്കപ്പുറം കഥാവായനയുടെ പ്രാധാന്യമുണർത്താൻ ശ്രദ്ധിക്കേണ്ടതുണ്ട്.

**പഠാവതരണം**

ടീച്ചർ BBയിൽ കുറിക്കുന്നു.

- അലാവുദ്ദീന്റെ അത്ഭുതവിളക്ക്!
- ആലിബാബയും നാല്പത്തൊന്നു കള്ളന്മാരും!
- സിൻബാദിന്റെ കപ്പൽയാത്ര!

കുട്ടികൾ വായിക്കുന്നു.

- ഈ കഥകളേതെങ്കിലും കേട്ടിട്ടുണ്ടോ?
- ആ കഥയൊന്ന് ചുരുക്കിപ്പറയാമോ?

കുട്ടികൾ തയ്യാറാവുന്നില്ലെങ്കിൽ ടീച്ചർ കഥ പറഞ്ഞുകൊടുക്കണം.

ഈ കഥകളെല്ലാം ഏത് കഥാസമാഹാരത്തിൽ നിന്നെടുത്തതാണെന്നറിയാമോ?

അലിഫ് ലൈലാ വ ലൈലാ - ആയിരത്തൊന്നു രാവുകൾ.

ടീച്ചർ ആ കൃതിയുടെ പേര് BBയിൽ കുറിക്കുന്നു.

'ആയിരത്തൊന്നു രാവുകൾ' എന്ന കഥാസമാഹാരത്തിനു പിന്നിലുമുണ്ടൊരു കഥ. അതറിയാൻ താല്പര്യമില്ലേ എന്ന ചോദ്യത്തോടെ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കുന്നു.

കുട്ടികളുടെ വായനയ്ക്കു ശേഷം ടീച്ചർ കവിത ഭാവാത്മകമായി ചൊല്ലി അവതരിപ്പിക്കുന്നു.

**ആശയവിശകലനം :**

- കവി ആയിരത്തൊന്നു രാവിന്റെ ആനന്ദത്തിലലിഞ്ഞത് എപ്പോഴാണ്?
- 'അതിന്റെ വിളി ....... മുഖ്യപാതയിൽ.' ഈ വരികളിൽനിന്നു മനസ്സിലാക്കാൻ കഴിയുന്നതെന്താണ്?

- അത്താഴം കഴിഞ്ഞ് കഥാവായന പൂർത്തിയാക്കി കവി ഉറങ്ങാൻ കിടന്നു. അപ്പോൾ മനസ്സുനിറയെ ആയിരത്തൊന്നു രാവിലെ കഥകളായിരുന്നു. ആ ഓർമ്മകളിലൂടെ കവിയുടെ മനസ്സ് കാലഘട്ടങ്ങൾക്കപ്പുറത്തേക്ക് സഞ്ചരിച്ചു. മാതളനാരങ്ങാമരങ്ങൾ പൂത്തുലഞ്ഞ മനോഹരമായ പട്ടണത്തിന്റെ (ബാഗ്ദാദ്) മുഖ്യപാതയിലെത്തി.
- അവിടെ എന്താണ് കവി കണ്ടത്?

അവിടെ പൂനിലാവിൽ പ്രശാന്തമായ നിദ്രയിൽ ലയിച്ചുകിടക്കുന്ന, മധുരസ്വപ്നം പോലുള്ള അതിമനോഹരമായ ഒരു മണിമന്ദിരം അദ്ദേഹം കണ്ടു. ആ മണിമന്ദിരത്തിൽ പ്രവേശിച്ച കവിമനസ്സ് രാജാവ് ശയിക്കുന്ന പള്ളിയറയിലെത്തി. അവിടെ പനിനീർപ്പൂക്കൾ വിരിച്ചിട്ട മെത്തയിൽ തേച്ചുമിനുക്കിയ വജ്രമണിപോലെ ശോഭിക്കുന്ന രാജാവ് കിടക്കുന്നതുകണ്ടു.

- രാജാവിന്റെ ഇടതുവശത്ത് ഉറയിൽ നിന്നൂരിവച്ച പള്ളിവാളുണ്ട്; മറുഭാഗത്ത് ചെമ്പകപ്പൂപോലെ മനോഹരിയായൊരു പെൺകൊടിയും.
- രാജാവിന്റെ മനസ്സാകുന്ന ഉഗ്രസർപ്പത്തെ മയക്കുവാൻ വിചിത്രകഥകൾ ഓരോന്നായി പറഞ്ഞുകൊണ്ടിരിക്കയാണവൾ.
- കഥ പറഞ്ഞുതീരാൻ കാത്തിരിക്കയാണ് മണവാളനായ രാജാവിന്റെ കരവാൾ. (കഥ തീരുന്നതോടെ അവളെ വെട്ടിക്കൊല്ലുമെന്നർത്ഥം) എന്നാൽ അവളുടെ കഥ തീരുന്നില്ല. മധുരതരമായ ശബ്ദത്തിൽ അവൾ മനോഹരവും നിർഭയവുമായ സാഹിതി (കഥ) പറഞ്ഞുകൊണ്ടേയിരിക്കുന്നു.
- അറ്റമില്ലാത്ത സങ്കല്പങ്ങളാൽ നിറഞ്ഞതും മഴവില്ലുപോലെ മനോഹരവുമായ പാറയിൽ (കല്ലിനു സമാനമായ മനസ്സിൽ) ആ പനിനീർപ്രവാഹം ചെന്നു പതിച്ചുകൊണ്ടിരിക്കുകയാണ്.
- ഓരോ ദിവസവും നിർത്താതെ കഥയാകുന്ന നൂൽ അവൾ നൂറ്റുനൂറ്റുപോയി. (കഥ അവസാനിപ്പിക്കാതെ തുടർന്നു.) ഉറയിൽ നിന്നൂരിവച്ച വാളുമായി ആ കഥയിൽ മയങ്ങി രാജാവ് ഒരു കുഞ്ഞിനെപ്പോലെ സുഖമായുറങ്ങി.

ആലിബാബയോടൊപ്പം നിധികുംഭങ്ങൾ തേടിയും (ആലിബാബയും 41 കള്ളന്മാരും) ഹാറൂൻ റഷീദ് ചക്രവർത്തിയുടെ നിഷ്പക്ഷമായ ധർമ്മസൂത്രങ്ങളെക്കുറിച്ച് പറഞ്ഞും അലാവുദ്ദീന്റെ അത്ഭുതവിളക്കു കൊണ്ട് മണിമേടകൾ പണിതും സിൻബാദിനോടൊപ്പം ഏഴു കടലിനുമപ്പുറത്തേക്കു യാത്ര ചെയ്തും ആ പെൺകുട്ടിയുടെ മനോഹരമായ ശബ്ദം വിഹരിച്ചുകൊണ്ടിരിക്കെ അറിയാതെ ആയിരത്തൊന്നു രാവുകൾ കടന്നുപോയി.

(അതോടെ രാജാവിന്റെ മനംമാറി. സ്ത്രീവിരോധിയായ രാജാവ് സ്ത്രീകളുടെ മഹത്വം അംഗീകരിച്ചു. അദ്ദേഹത്തിന്റെ മനസ്സിൽനിന്നു പകയും വിദ്വേഷവും വിട്ടുപോയി.) കഥായജ്ഞത്തിന്റെ അവസാനത്തിൽ രാജാവ് വാളുവീഴാൻ കാത്തിരുന്ന ഷഹർസാദിന്റെ കഴുത്തിൽ വരണമാല്യം ചാർത്തി.

**കണ്ടെത്താം**

നൽകിയിരിക്കുന്ന ചോദ്യങ്ങൾക്കുത്തരം കുട്ടികൾ കവിതയിൽനിന്നു കണ്ടെത്തി പറയട്ടെ. കൂടുതൽ ചോദ്യങ്ങൾ ചോദിച്ച് അവധാരണം സമഗ്രമാക്കാം. ശേഷം ഉത്തരങ്ങൾ വ്യക്തിഗതമായി എഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

**സൂചിതകഥകൾ കണ്ടെത്താം**

സൂചിതകഥകൾ സുപരിചിതമായതുകൊണ്ട് ഇവിടെ ചേർക്കുന്നില്ല. കഥ പൂർണമായറിയാൻ 'ആയിരത്തൊന്നു രാവുകൾ' എന്ന കൃതി പരിശോധിക്കുക. ആ കൃതി ക്ലാസിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുകയും വേണം. തങ്ങൾ കേട്ടുപരിചയിച്ച പല കഥകളും കഥാപാത്രങ്ങളും 'ആയിരത്തൊന്നു രാവുകൾ' എന്ന കൃതിയിലുള്ളതാണെന്ന് അവർ തിരിച്ചറിയട്ടെ.

**ആലങ്കാരിക സൗന്ദര്യം കണ്ടെത്താം**

- കഥ പറഞ്ഞുതീർക്കാതെ തുടർന്നുകൊണ്ടിരുന്നു എന്ന ആശയം കവി സൂചിപ്പിച്ചിരിക്കുന്നത് ശ്രദ്ധിക്കുക.
  'കഥാസൂത്രം അവൾ നൂറ്റുനൂറ്റുപോയി.' കഥയാകുന്ന നൂൽ മുറിയാതെ അവൾ നൂറ്റുകൊണ്ടിരുന്നു. പഞ്ഞികൊണ്ടു നൂൽ നൂൽക്കുന്നത് ഓർക്കുക.
- ആ കഥകൾ കേട്ടു മനസ്സമാധാനവും ശുദ്ധിയും കൈവരിച്ച് സുഖമായുറങ്ങുന്ന രാജാവിനെ ചിത്രീകരിച്ചിരിക്കുന്നതു നോക്കുക:
  'ശിശുപോലെയുറങ്ങുന്നു ഉറയിൽ നിന്നൂരിയ വാൾ ധരിച്ചവൻ'.
  ശിശുവിനോടാണിവിടെ രാജാവിനെ ഉപമിച്ചിരിക്കുന്നത്. (രാജാവിന്റെ ആ അവസ്ഥയിലുള്ള ഉറക്കവും ശിശുവിന്റെ ഉറക്കവും താരതമ്യം ചെയ്യുക)
- പനിനീർപ്പൂക്കൾ വിരിച്ച മെത്തയിലുറങ്ങുന്ന രാജാവിനെ തേച്ചുമിനുക്കിയ വജ്രമണിയോടു സാദൃശ്യപ്പെടുത്തിയിരിക്കുന്നു. (വജ്രം അതിമൂർച്ചയുള്ളതാണ്. തേച്ചുമിനുക്കി അതിന്റെ മൂർച്ച മയപ്പെടുത്തിയിരിക്കുന്നു. കഥകൾ കേട്ടുകേട്ട് ക്രൂരനായ രാജാവിന്റെ മനസ്സ് മൃദുലമായിത്തീർന്നിരിക്കുന്നു എന്ന വസ്തുത അതിമനോഹരമായി ഈ പ്രയോഗത്തിലൂടെ സൂചിപ്പിച്ചിരിക്കുന്നു.)

**അർത്ഥവ്യക്തത വരുത്താം**

- സ്വച്ഛവും മധുരസ്വപ്നം പോലെയായതും
- ചെമ്പകപ്പൂപോലുള്ള സുന്ദരി
- മനോഹരമായ നാദമുതിർക്കുക (കുയിലിനെപ്പോലെ പാടുക)
- മനോഹരവും നിർഭയവുമായ സാഹിതി - സാഹിത്യം
- ഏഴു കടലുകൾ കടന്നുപോവുക
- കഥായജ്ഞത്തിന്റെ അവസാനം

**വിശകലനകുറിപ്പ് തയ്യാറാക്കുക** WB

'ഊഴിപന്റെ മനസ്സാകു ............... മാനിനി'

- രാജാവിന്റെ മനസ്സിനെ എന്തിനോടാണ് ഉപമിച്ചിരിക്കുന്നത്?
- എന്തുകൊണ്ടാണങ്ങനെ ഉപമിച്ചത്?

കുട്ടികൾ പ്രതികരിക്കട്ടെ.

ക്രോഡീകരണം:

- രാജാവിന്റെ മനസ്സ് അതിക്രൂരമാണ്.
- ഓരോ രാത്രിയും ഓരോ കന്യകമാരെ അദ്ദേഹം വധിക്കുന്നു.
- ക്രൂരത നിറഞ്ഞ മനസ്സിനെ ഉഗ്രവിഷമുള്ള സർപ്പമായാണു കവി വിശേഷിപ്പിച്ചിരിക്കുന്നത്.

വിശകലനത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ കുറിപ്പ് തയ്യാറാക്കട്ടെ.
ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്താം. ടീച്ചർ വിലയിരുത്തണം.

**സൂചിതാർത്ഥം എഴുതുക** WB

- കഥ തീരാൻ........

  കഥ തീരുന്നതോടെ രാജാവ് കന്യകയെ വെട്ടിക്കൊല്ലുമെന്നു സൂചന.
- അവന്റെ വാമ.................

  ഓരോ കന്യകയെയും വെട്ടിക്കൊല്ലാൻ വാൾ ഉറയിൽ നിന്നൂരി വച്ചിരിക്കയാണ് രാജാവ്. നിശ്ചയമായും വധിക്കപ്പെടുമെന്നു സൂചന.
- നാൾക്കുനാളാ.................

  ഷഹർസാദിന്റെ കഥ തീരുന്നില്ല. ഒരു കഥയും തീർത്തുപറയാതെ അതിനോടു തുടർത്തിയാണ് അവൾ മറ്റൊരു കഥ പറഞ്ഞത്. രാജാവിന്റെ ആകാംക്ഷയും താല്പര്യവും അവസാനിക്കാതിരിക്കാനാണിങ്ങനെ ചെയ്തത്. കഥ കേൾക്കാനുള്ള താല്പര്യം കൊണ്ടാണല്ലോ അദ്ദേഹം അവളുടെ വധം നീട്ടിനീട്ടിപ്പോയത്.

**കവിത രചിക്കാം** WB

കേട്ടുപരിചയിച്ച ഏതെങ്കിലുമൊരു കഥ കവിതയാക്കാനാണ് നിർദ്ദേശം.

അത്തരം ഏതാനും ലഘുകവിതകൾ ക്ലാസിൽ അവതരിപ്പിക്കാം. അവ കവിതയാക്കിയ രീതിയെക്കുറിച്ച് ചർച്ച ചെയ്യാം.

ഒരനുഭവം/കഥ/ആശയം കവിതയാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും കവിതയുടെ സവിശേഷതകളും ചർച്ച ചെയ്യുമല്ലോ.

'ആയിരത്തൊന്നു രാവുകൾ' എന്ന കവിതയുടെ താളത്തിലാണു കവിത രചിക്കേണ്ടത്.

## പാഠം – 9

# മരുഭൂമിയിലെ കാഴ്ചകൾ

പ്രവാസികൾ അനുഭവിക്കുന്ന പ്രയാസത്തിന്റെ ആഴങ്ങൾ വരച്ചുകാട്ടുന്നതാണ് ബെന്യാമിന്റെ 'ആടുജീവിതം' എന്ന നോവൽ. ഗൾഫുകാരെക്കുറിച്ചുള്ള മലയാളികളുടെ സങ്കല്പത്തെ മാറ്റി മറിക്കുന്നതായി മാറി ആ നോവൽ. മോടികൂടിയ വസ്ത്രങ്ങളണിഞ്ഞു സുഗന്ധം പരത്തിക്കൊണ്ടുള്ള ഗൾഫുകാരുടെ സഞ്ചാരവും അവർ പണിയിക്കുന്ന കൂറ്റൻ വീടുകളും മലയാളികളുടെ മനസ്സിൽ സൃഷ്ടിച്ചത് സമ്പത്ത് കുന്നുകൂടിക്കിടക്കുന്ന, ആർക്കും ഇഷ്ടംപോലെ പണം വാരിക്കൊണ്ടുവരാൻ കഴിയുന്ന സുഖസമ്പൂർണ്ണമായ ഒരു ലോകം എന്ന വിചാരമായിരുന്നു. എന്നാൽ പ്രവാസികളിൽ നല്ലൊരു വിഭാഗം അനുഭവിക്കുന്ന, അനുഭവിച്ചു കഴിഞ്ഞ ദുരിതങ്ങളെക്കുറിച്ചും അനുഭവങ്ങൾ വിവരിച്ചുതരാൻ കഴിയാതെ മരുഭൂമിയിലെവിടെയോ ഇല്ലാതായിപ്പോയവരെക്കുറിച്ചുമുള്ള ചർച്ചകൾ സജീവമായത് ആടുജീവിതത്തിന്റെ പ്രകാശനത്തിനു ശേഷമാണെന്ന് പറയാം. അത്രയും തീക്ഷ്ണമായാണ് ആടുജീവിതത്തിൽ ഗൾഫ് ജീവിതത്തിലെ കഥാപാത്രങ്ങളുടെ അനുഭവങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്.

കേരളത്തിലെ സാധാരണക്കാർ ദാരിദ്ര്യത്തിൽ നിന്നു കരകയറിയതും വികസനത്തിന്റെ പാതയിൽ പ്രവേശിച്ചതും വിദ്യാഭ്യാസപരമായ വൻപുരോഗതി കൈവരിച്ചതും ഗൾഫ്പണത്തിന്റെ വരവോടുകൂടിയാണ്. ആ നിലയ്ക്ക് കേരളവും ഗൾഫ്നാടുകളിൽ ചോരനീരാക്കി പണിയെടുത്ത് പണമെത്തിക്കുന്ന മലയാളികളോട് ഏറെ കടപ്പെട്ടിട്ടുണ്ട്. വരുംതലമുറകളുടെ മനസ്സിൽ അവരനുഭവിച്ച പ്രയാസങ്ങളുടെയും പരീക്ഷണങ്ങളുടെയും ആഴം വ്യക്തമായിത്തന്നെ പതിപ്പിക്കേണ്ടതുണ്ട്. അതിനു സഹായകമാണ് മരുഭൂമിയിലെ കാഴ്ചകൾ എന്ന പാഠഭാഗം.

അതോടൊപ്പം ഈ പാഠഭാഗം വ്യക്തമാക്കിത്തരുന്ന ചില തിരിച്ചറിവുകൾ കൂടി ചർച്ചയക്ക് വിധേയമാക്കണം. മരുഭൂമിയിലെ കാഴ്ചകൾ തന്നെയാണു പ്രധാനം. മരുഭൂമിയിൽ വാഴുന്ന എണ്ണമറ്റ ജീവജാലങ്ങളെക്കുറിച്ച് ഈ ഭാഗത്ത് സൂചനയുണ്ട്. ചില ജീവികളെക്കുറിച്ചുള്ള വിവരണവുമുണ്ട്. മരുഭൂമി ഒരു കാടാണെന്നും അവിടെയുള്ള എണ്ണമറ്റ ജീവികൾക്ക് സ്വന്തം വഴികളും സ്വന്തം പട്ടണങ്ങളും സ്വന്തം നിയമങ്ങളും സ്വന്തം രാജ്യങ്ങളുമുണ്ടെന്നും മനുഷ്യനും അവന്റെ നിയമങ്ങൾക്കും ജീവിതത്തിനും അവിടെ യാതൊരു പ്രസക്തിയുമില്ലെന്നുമുള്ള കഥാകൃത്തിന്റെ കണ്ടെത്തൽ നല്ലൊരു തിരിച്ചറിവാണു നൽകുന്നത്. കേവലഭാവനകളല്ല, യാഥാർത്ഥ്യം തന്നെയാണതെന്ന് ഇതുസംബന്ധമായ വിവരങ്ങൾ വ്യക്തമാക്കുന്നുണ്ട്. നിരന്തരമായ മണൽക്കാറ്റിൽ മണ്ണു പറ്റിപ്പറ്റി ഫോസിലായിപ്പോയ വനഭൂമിയെക്കുറിച്ചും മറ്റുമുള്ള വിവരങ്ങൾ ചിന്താർഹവും ഭീതിജനകവും അത്ഭുതകരവുമാണ്. കേവലം ഒരു നോവൽ എന്നതിലുപരി മരുഭൂമിയെക്കുറിച്ചുള്ള ഒരു പഠനം തന്നെയാണ് 'ആട് ജീവിതം' എന്ന കണ്ടെത്തലിനെ ശരിവയ്ക്കുന്നതാണ് ഇത്തരം പരാമർശങ്ങൾ.

ഗൾഫ് നാടുകളിൽ തൊഴിലെടുക്കുന്ന മലയാളികളെക്കുറിച്ചും അവർ വഴി നമ്മുടെ നാടിനുണ്ടായ പുരോഗതിയെക്കുറിച്ചും അവർ അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ചും കുട്ടികൾക്ക് അവബോധമുണ്ടാകേണ്ടതുണ്ട്. അതോടൊപ്പം മനുഷ്യമനസ്സിന്റെ നന്മകളെക്കുറിച്ചും പ്രതീക്ഷകളെക്കുറിച്ചും ശുഭാപ്തിവിശ്വാസത്തെക്കുറിച്ചുമുള്ള തിരിച്ചറിവും. ഈ പാഠം ഇത്തരം അവബോധങ്ങളും തിരിച്ചറിവുമുണ്ടാകാൻ പ്രയോജനപ്പെടുത്തേണ്ടതാണ്.

## പാഠാവതരണം

സൗഹൃദചർച്ചയിലൂടെ ആരംഭിക്കാം.

- ഗൾഫിൽ ജോലി ചെയ്യുന്നവരുണ്ടോ നിങ്ങളുടെ വീട്ടിൽ? ബന്ധുക്കളിൽ? പരിചയക്കാരിൽ?
- അവരെന്തൊക്കെയാണ് ഗൾഫിലെ ജീവിതത്തെക്കുറിച്ച് പറയാറ്?

കുട്ടികൾ സ്വതന്ത്രമായി സംസാരിക്കട്ടെ, കേട്ട വിവരങ്ങൾ പറയട്ടെ.

ടീച്ചർ ക്രോഡീകരിക്കുന്നു:

- ഗൾഫ് നാടുകൾ കഠിനമായി ചൂടനുഭവപ്പെടുന്ന പ്രദേശങ്ങളാണ്; ചിലപ്പോൾ അസഹനീയമായ തണുപ്പും.
- നമ്മുടെ നാട്ടിലെപ്പോലെ സുഖകരമായ കാലാവസ്ഥയല്ല അവിടെയുള്ളത്.
- അവിടെ ജോലി ചെയ്യുന്നവർ ഏറെ കഷ്ടപ്പാടുകൾ സഹിക്കുന്നുണ്ട്.
- സ്വദേശികളുടെ കഠിനമായ പീഡനത്തിനും ചൂഷണത്തിനും ഇരയാവുന്നവരുണ്ട്.
- ഏറെ കഷ്ടപ്പെട്ടാണ് അവർ പണം സമ്പാദിക്കുന്നത്.
- അറ്റം കാണാത്ത മരുഭൂമികൾ ഏറെയുള്ള രാജ്യങ്ങളാണവ.

'ഗൾഫ്നാടുകളെയും ഗൾഫുകാരെയും പറ്റിയുള്ള ഒരു നോവൽഭാഗം വായിക്കാം' എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കാം.

കുട്ടികൾ പാഠഭാഗം മൗനമായി വായിക്കുന്നു.

പാഠഭാഗം അല്പം ദീർഘമായതുകൊണ്ട് കുട്ടികൾക്ക് വായിച്ച് തീർക്കാൻ പ്രയാസമുണ്ടാവാം. അതുകൊണ്ട് നിശ്ചിതഭാഗങ്ങളായി വേർതിരിച്ച് വായിക്കാനാവശ്യപ്പെടാം. ഓരോരോ സംഭവങ്ങളായി വിവരിക്കുന്നതുകൊണ്ട് വിഭജിക്കാൻ സൗകര്യമുണ്ട്.

- തുടക്കം മുതൽ മണൽക്കാടിന്റെ വിവരണം അവസാനിക്കുന്നതു വരെ.
- പാമ്പുകളെക്കുറിച്ച് പരാമർശിക്കുന്ന ഭാഗം.
- മരുഭൂമി ഒരു കാടാണ് എന്നതു മുതൽ മരുഭൂമിയിലും ആമകൾ ..........

മൂന്നു ഖണ്ഡിക.

- ഉച്ച മയങ്ങിയതും ................... അവസാനം വരെ.

ഓരോ ഭാഗവും വായിച്ചുകഴിഞ്ഞാൽ ടീച്ചർ അവധാരണചോദ്യങ്ങൾ ചോദിക്കണം. കുട്ടികൾ ആ ഭാഗത്തുനിന്നു ഉത്തരം കണ്ടെത്തി പറയട്ടെ.

## കണ്ടെത്താം

പൂർണവിശകലനത്തിനുശേഷം ഈ ചോദ്യങ്ങൾക്ക് ഗ്രൂപ്പിൽ ചർച്ച ചെയ്ത് ഉത്തരം കണ്ടെത്തട്ടെ. തുടർന്ന് വ്യക്തിഗതമായി നോട്ടുബുക്കിൽ എഴുതി പരസ്പരം കൈമാറി വായിക്കാം. ടീച്ചർ വിലയിരുത്തണം

**കഥാസന്ദർഭം, കഥാപാത്രങ്ങൾ എന്നിവ കണ്ടെത്തുക**

'ആടുജീവിതം' എന്ന നോവൽ പൂർണ്ണമായും വായിക്കാനുള്ള പ്രവർത്തനമാണിത്. പുസ്തകത്തിന്റെ ഏതാനും കോപ്പികൾ സംഘടിപ്പിച്ച് വായനാശീലമുള്ള കുട്ടികൾക്ക് നൽകാം. അവർ പൂർണ്ണമായി വായിച്ച് ആശയസംഗ്രഹം ഗ്രൂപ്പുകളിൽ പങ്കുവയ്ക്കട്ടെ.
ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് കഥാസന്ദർഭവും കഥാപാത്രങ്ങളെക്കുറിച്ചുള്ള വിവരങ്ങളും ഗ്രഹിക്കട്ടെ.

**പ്രകൃതിയിലെ മാറ്റങ്ങൾ വായിക്കാം**

ഫോസിലായിപ്പോയ വനഭൂമിയെക്കുറിച്ചുള്ള വിവരണം വീണ്ടും വായിക്കാൻ നിർദ്ദേശിക്കാം.

അതിനുശേഷം 'മരുഭൂമികൾ ഉണ്ടാകുന്നത് ' എന്ന വർക്കുബുക്കിലെ വിവരവും വായിക്കട്ടെ.

- മരങ്ങളുടെ രൂപത്തിൽകണ്ട മണൽപ്പുറ്റുകൾ എന്താണെന്നാണ് കഥാകൃത്ത് പറയുന്നത്?
- ആ പുറ്റുകളുടെ പ്രത്യേകതയെന്ത്?
- ആ കാഴ്ച കണ്ടപ്പോൾ കഥാകൃത്ത് പേടിയോടെ ഓർത്തതെന്താണ്?
- കഥാകൃത്തിന്റെ നിഗമനങ്ങൾ ശരിയാവാൻ സാധ്യതയുണ്ടോ?
- മനുഷ്യന്റെ തെറ്റായ പ്രവർത്തനങ്ങൾ കാരണം മരുഭൂമികളുണ്ടാവുന്നുണ്ടോ? അതിനെന്താണു തെളിവ്?
- എന്തൊക്കെ കാരണങ്ങളാലാണു മരുഭൂമി വികസിക്കുന്നത്?
- അങ്ങനെയെങ്കിൽ കഥാകൃത്തിന്റെ നിഗമനം ശരിയല്ലേ?

ടീച്ചർ ക്രോഡീകരിക്കുന്നു :

- കഥാകൃത്ത് ഊഹിച്ചതുപോലെ ആ താഴ്വര ഒരുകാലത്ത് വനപ്രദേശമായിരിക്കാനുള്ള സാധ്യതയുണ്ട്. പിന്നീട് മണൽക്കാറ്റ് ഏറ്റേറ്റ് വൃക്ഷങ്ങളുണങ്ങി ഫോസിലായിത്തീർന്നതാവാം.
- ലോകത്ത് പല ഭാഗങ്ങളിലും മരുഭൂമികൾ വികസിച്ചുകൊണ്ടിരിക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നുണ്ട്. സഹാറ മരുഭൂമി ഓരോ വർഷവും 15 ഹെക്ടർ എന്നതോതിൽ വികസിക്കുന്നുണ്ടെന്നു കണ്ടെത്തിയിട്ടുണ്ട്.
- ഇതുപോലെ ലോകത്തിന്റെ പലഭാഗത്തും സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്.

ചർച്ചയിൽ വ്യക്തമായ വസ്തുതകൾ ഉൾപ്പെടുത്തി കുട്ടികൾ കുറിപ്പ് തയ്യാറാക്കട്ടെ. വ്യക്തിഗതമായി തയ്യാറാക്കിയ കുറിപ്പ് ഗ്രൂപ്പിൽ ചർച്ചചെയ്തു മെച്ചപ്പെടുത്തട്ടെ.
ഏതാനും കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകണം.
വർക്കുബുക്കിലെ 'വായിക്കാം, ഉത്തരമെഴുതാം' എന്ന പ്രവർത്തനം ഹോംവർക്കായി ചെയ്തുവരാൻ ഇതോടൊപ്പം നിർദ്ദേശിക്കാം.

**അർത്ഥവ്യത്യാസം കണ്ടെത്താം**

മൂന്നു വാക്യങ്ങളിലും 'പടങ്ങൾ' എന്ന പദത്തിന് ഒരേ അർത്ഥമാണോ ഉള്ളത്? അർത്ഥവ്യത്യാസം വരുന്നുണ്ടോ? കുട്ടികൾ കണ്ടെത്തി പറയട്ടെ.

- ആദ്യവാക്യത്തിൽ 'പാമ്പിന്റെ പത്തി' എന്നാണർത്ഥം.
- രണ്ടാംവാക്യത്തിൽ 'വരച്ച ചിത്രങ്ങൾ' എന്നും
- മൂന്നാംവാക്യത്തിൽ സിനിമകൾ എന്നും ഉദ്ദേശ്യാർത്ഥം.

**ലഘു ഉപന്യാസമെഴുതുക** WB

വിഷയം : 'ഗൾഫുകാരുടെ ദുരിതജീവിതവും കേരളത്തിന്റെ പുരോഗതിയും'

ഉപന്യാസത്തിൽ ഉൾപ്പെടുത്തേണ്ട വസ്തുതകളെക്കുറിച്ച് ചർച്ച സംഘടിപ്പിക്കാം.

- പഴയകാല കേരളത്തിന്റെ അവസ്ഥയെന്തായിരുന്നു?
- എന്നു മുതലാണ് കേരളീയർ തൊഴിൽതേടി പുറംരാജ്യങ്ങളിൽ പോയിത്തുടങ്ങിയത്?
- ഗൾഫ്പണം വന്നുതുടങ്ങിയതോടെ വന്ന മാറ്റങ്ങളെന്തെല്ലാം?
- ഗൾഫിൽ ജോലി ചെയ്യുന്നവരുടെ അവസ്ഥയെന്താണ്?
- എന്തെല്ലാം തൊഴിലുകളാണ് അവർ ചെയ്തുപോരുന്നത്?
- ഈയടുത്ത കാലത്ത് വന്ന മാറ്റങ്ങളെന്തെല്ലാം?
- ഇപ്പോൾ നാം നേരിടുന്ന ഭീഷണിയെന്ത്?

ചോദ്യങ്ങളിലൂടെ ചർച്ചയാരംഭിക്കാം. കുട്ടികൾ മനസ്സിലാക്കിയ കാര്യങ്ങൾ പറയട്ടെ. ടീച്ചർ കൂട്ടിച്ചേർക്കലുകൾ നടത്തുന്നു.

ചർച്ച ക്രോഡീകരണം:

- കേരളം തികച്ചും ഒരു കർഷകനാടായിരുന്നു; ഭൂപ്രഭുക്കളല്ലാത്തവരെല്ലാം ഏറെ കഷ്ടപ്പെട്ടു ജീവിക്കുന്ന പ്രദേശം.
- 1960കളിലാണ് ഗൾഫിലേക്കുള്ള പോക്ക് ആരംഭിച്ചത്. അതിനുമുമ്പ് സിംഗപ്പൂരിലും മറ്റും കുറേപേർ പോയി തൊഴിലെടുക്കുകയും കച്ചവടം നടത്തുകയും ചെയ്തിരുന്നെങ്കിലും അത് വ്യാപകമായിരുന്നില്ല. ചില കുടുംബങ്ങൾ അതുവഴി മെച്ചപ്പെട്ടു എന്നല്ലാതെ നാട്ടുകാർക്ക് വലിയ പ്രയോജനമൊന്നുമുണ്ടായിരുന്നില്ല.
- എന്നാൽ ഗൾഫ്പണം വന്നു തുടങ്ങിയതോടെ നിർമ്മാണപ്രവർത്തനങ്ങൾ സജീവമായി. തൊഴിൽമേഖലകൾ വർദ്ധിച്ചു. പണം ജനങ്ങളുടെ കൈകളിലേക്കൊഴുകിയതോടെ വ്യപാരമേഖലയും സജീവമായി.
- ജനങ്ങളുടെ ജീവിതനിലവാരം ഉയർന്നു. പട്ടിണിപ്പാവങ്ങൾ പണക്കാരായി. വിദ്യാഭ്യാസരംഗത്ത് വൻ പുരോഗതിയുണ്ടായി.
- എന്നാൽ നാടിനെ ഇത്രയും പുരോഗതിയിലേക്ക് നയിക്കാൻ കാരണക്കാരായ ഗൾഫുകാരുടെ അവിടത്തെ അവസ്ഥ വളരെ കഷ്ടമാണ്.
- താങ്ങാൻ കഴിയാത്ത ചൂടിലും തണുപ്പിലും കഠിനമായ ജോലികളാണ് അവർ ചെയ്യുന്നത്.
- വിദ്യാഭ്യാസം കുറവായതിനാൽ അധികപേരും ഏറ്റവും താഴ്ന്ന നിലയിലുള്ള ജോലികൾ ചെയ്യാൻ നിർബന്ധിതരാണ്.
- എന്തു ജോലി ചെയ്തും പണമുണ്ടാക്കാൻ മടിയില്ലാത്തതുകൊണ്ട് ഗൾഫുകാരുടെ കുടുംബങ്ങൾ മെച്ചപ്പെട്ടു. അത് നാടിന്റെയും നാട്ടുകാരുടെയും പുരോഗതിക്ക് കാരണമായി.
- കുറെ ചെന്നപ്പോൾ ഗൾഫിലെ വ്യാപാരമേഖലയിലും മറ്റും മലയാളികൾ കയറിപ്പറ്റി. വിദ്യാസമ്പന്നരായവർ സർക്കാർ ഉദ്യോഗവും മറ്റ് ഉന്നതമേഖലകളും കൈവശപ്പെടുത്തിത്തുടങ്ങി. അങ്ങനെ കേരളം ഏറെ പുരോഗമിച്ചു.
- എന്നാൽ ഗൾഫ് നാടുകളിലെ 'സ്വദേശിവൽക്കരണം' ഇപ്പോൾ വലിയ ഭീഷണിയായി മാറിയിട്ടുണ്ട്.
- പല മേഖലകളിൽ നിന്നും വിദേശതൊഴിലാളികളെ അവർ പിരിച്ചുവിട്ടുകൊണ്ടിരിക്കുന്നു.
- തൊഴിലില്ലാതെ മലയാളികൾ തിരിച്ചുവന്നുകൊണ്ടിരിക്കുന്നു.

ചർച്ചയിലൂടെ കണ്ടെത്തിയ വസ്തുതകൾ ഉൾപ്പെടുത്തി കുട്ടികൾ ഉപന്യാസം തയ്യാറാക്കട്ടെ. തയ്യാറാക്കിയ ഉപന്യാസങ്ങൾ ക്ലാസിൽ കൈമാറി വായിച്ചു വിലയിരുത്താം.

വിലയിരുത്തൽ

സൂചനകൾ :

- ആമുഖം
- ശീർഷകം
- വസ്തുതകളുടെ വിവരണം
- ഖണ്ഡികാകരണം
- സ്വന്തം നിഗമനങ്ങൾ
- അഭിപ്രായ സമർത്ഥനം
- വാക്യശുദ്ധി
- അനുയോജ്യഭാഷ

## പാഠം – 10

# നിത്യമാകുന്നതീശ്വരൻ

തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ടിൽ നിന്നെടുത്ത ഏതാനും വരികളാണ് 'നിത്യമാകുന്നതീശ്വരൻ' എന്ന പാഠഭാഗം. കുരുക്ഷേത്ര യുദ്ധം കഴിഞ്ഞു. ജ്യേഷ്ഠന്റെയും അനുജന്റെയും മക്കൾ – കൗരവരും പാണ്ഡവരും തമ്മിലുള്ള പോരാട്ടമായിരുന്നു ധർമ്മയുദ്ധമെന്നും കുരുക്ഷേത്രയുദ്ധമെന്നും മഹാഭാരതയുദ്ധമെന്നുമൊക്കെ വിഷേപ്പിക്കപ്പെടുന്ന ഈ യുദ്ധം. അതിന്റെ പരിണാമം അതിഭീകരമായിരുന്നു. ധൃതരാഷ്ട്രരുടെ നൂറുപുത്രന്മാരും ക്രൂരമാംവിധം കൊലചെയ്യപ്പെട്ടു. കൗരവസൈന്യം നിശ്ശേഷം നശിച്ചൊടുങ്ങി. വിജയികളായ പാണ്ഡവരുടെ പക്ഷത്തോ? പിതാക്കന്മാരും ഗുരുക്കന്മാരും മക്കളും ബന്ധുക്കളും പ്രിയപ്പെട്ടവരുമായി നല്ലൊരു ഭാഗം കൊല്ലപ്പെട്ടു. സമ്പത്ത് പൂർണ്ണമായും നശിപ്പിക്കപ്പെട്ടു. പാണ്ഡവരായ അഞ്ചുപേർ സുരക്ഷിതരായി ജയിച്ചെങ്കിലും എന്തുകാര്യം? ആ ജയം ആഘോഷിക്കാൻ കഴിയാത്തവിധം, ജീവിതത്തിലൊരിക്കലും ആശ്വസിക്കാൻ വകയില്ലാത്തവിധം ഹതാശരായിത്തീർന്നു പാണ്ഡവരും.

ജന്മനാ അന്ധനായ ധൃതരാഷ്ട്രർക്കും കണ്ണുകെട്ടി അന്ധത സ്വയം വരിച്ച ഗാന്ധാരിക്കും വയസ്സുകാലത്ത് ഒന്നു കൈപിടിക്കാൻപോലും തുണയില്ലാത്തവിധം നൂറുമക്കളും പ്രിയപ്പെട്ടവരുമെല്ലാം ആ ഭീകരയുദ്ധാഗ്നിയിൽ ഹോമിക്കപ്പെട്ടു. ഈ ദുരന്തം സഹിക്കാൻ കഴിയാതെ വിലപിക്കുന്ന ധൃതരാഷ്ട്രരെ വിദുരർ സമാധാനിപ്പിക്കുന്ന വരികളാണിവ.

ജീവിതത്തിന്റെ നശ്വരതയും ദേഹത്തിന്റെ നാശവും ലോകാവസ്ഥയുടെ അനിശ്ചിതത്വവും ഉദാഹരണ സഹിതം ചൂണ്ടിക്കാട്ടി നിത്യനായ, നാശമില്ലാത്ത ഈശ്വരനെ ധ്യാനിച്ച് മോക്ഷം കൈവരിക്കാനാണ് വിദുരർ ഉപദേശിക്കുന്നത്. ഈ പാഠഭാഗം പല സന്ദേശങ്ങൾ നൽകുന്നുണ്ട്: ഭൗതികസുഖത്തിനുവേണ്ടി ആർത്തിപൂണ്ട മത്സരമാണു മനുഷ്യർ പരസ്പരം നടത്തുന്നത്. എന്നാൽ ഈ ജീവിതം എത്ര നൈമിഷികമാണ്; നീർപ്പോള പോലെയാണ് നമ്മുടെ ശരീരം. ഭൂമിയുടെ ആയുസ്സ് പരിഗണിച്ചാൽ ഏതാനും നിമിഷങ്ങൾ മാത്രമേ അതിനു നിലനില്പുള്ളൂ. നീണ്ടയാത്രയിൽ വിശ്രമത്തിന്നായി അല്പനേരം ഒരു വഴിയമ്പലത്തിൽ കയറിയിരിക്കുന്നതിനു സമാനമാണ് ഈ ജീവിതം. ഇതിന്നുവേണ്ടി ബന്ധങ്ങൾ മറന്നും വാശിപിടിച്ചും പരസ്പരം അക്രമങ്ങൾ നടത്തി, പിടിച്ചുപറിച്ചു, വിരോധങ്ങൾ കാട്ടി മനുഷ്യൻ ഏതു നികൃഷ്ട പ്രവർത്തനത്തിനും മുതിരുന്നു. അതിന്നിടയിൽ ഒരു പക്ഷേ എവിടെയെങ്കിലും വച്ച് അന്ത്യവും സംഭവിക്കാം. ഇത്തരം സ്വാർത്ഥാധിഷ്ഠിത ജീവിതവും മൃഗങ്ങളുടെ ജീവിതവും തമ്മിലെന്ത് അന്തരം?

മനുഷ്യൻ സമൂഹജീവിയാണ്; പരസ്പരം പോരടിക്കേണ്ടവരല്ല, സഹകരിക്കേണ്ടവരാണ്. പരസ്പരം നന്മകൾ ചെയ്ത്, പുഞ്ചിരികൾ കൈമാറി, സമ്പത്ത് പങ്കുവച്ച്, നന്മകൾ കാംക്ഷിച്ച്, മദമാത്സര്യങ്ങളൊഴിവാക്കി ജീവിച്ചാലോ; ജീവിതം സമാധാനവും സന്തോഷവും നിറഞ്ഞതാവും. സംതൃപ്തമായ മനസ്സോടെ ഇവിടെനിന്നു പിരിഞ്ഞുപോകാനാവും. ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യമായ മോക്ഷം – സ്വർഗ്ഗം – നേടിയെടുക്കാനുമാകും. ഈ സന്ദേശം കുട്ടികളുടെ മനസ്സിലെത്തിക്കാൻ പാഠഭാഗം പ്രയോജനപ്പെടുത്തേണ്ടതാണ്.

**പാഠാവതരണം**

ടീച്ചർ കഥ പറഞ്ഞു തുടങ്ങുന്നു:

പണ്ടുപണ്ട് ഭാരതത്തിൽ ഒരു മഹായുദ്ധം നടന്നു; ജ്യേഷ്ഠന്റെയും അനുജന്റെയും മക്കൾ തമ്മിൽ. ആരാണു രാജ്യം ഭരിക്കേണ്ടത് എന്നു തീരുമാനിക്കാനായിരുന്നു യുദ്ധം. യുദ്ധത്തിന് മധ്യസ്ഥന്മാർ ചില വ്യവസ്ഥകളൊക്കെ നിശ്ചയിച്ചു. ആയുധം നഷ്ടപ്പെട്ടവരെയും കുട്ടികളെയും സ്ത്രീകളെയും വധിക്കരുതെന്നും അരയ്ക്കുതാഴെ ആയുധം പ്രയോഗിക്കരുതെന്നും മറ്റും മറ്റും.

യുദ്ധം തുടങ്ങിക്കഴിഞ്ഞാൽ ഈ വ്യവസ്ഥകളുണ്ടോ ആരെങ്കിലും പാലിക്കുന്നു! കലി കയറിയ യോദ്ധാക്കൾ വ്യവസ്ഥകളൊന്നും നോക്കാതെ കണ്ണിൽ കണ്ടവരെയൊക്കെ അടിച്ചും കുത്തിയും വെട്ടിയും ചവുട്ടിയും കൊന്നു .... അക്രമങ്ങളഴിച്ചുവിട്ടു................ അവസാനം ഇരുപക്ഷത്തുമായി ബാക്കിയായത് ഏതാനും പേർ മാത്രം.

അവരിൽ അന്ധനായ ആ പിതാവും മാതാവുമുണ്ടായിരുന്നു; ധൃതരാഷ്ട്രരും ഗാന്ധാരിയും. അവരുടെ നൂറു മക്കളും യുദ്ധത്തിൽ മരിച്ചുപോയി. എങ്ങനെ സഹിക്കും ഈ ദു:ഖം? സഹിക്കാൻ കഴിയാത്ത ദു:ഖത്താൽ ആർത്തുകരയുന്ന ആ അച്ഛനെ സമാധാനിപ്പിക്കാനായി പണ്ഡിതനായ വിദുരർ നൽകുന്ന ഉപദേശം വായിക്കാം.

കുട്ടികൾ പാഠഭാഗം മൗനമായി വായിക്കട്ടെ.

**ആശയം വിശകലനം ചെയ്യാം**

കാലചക്രത്തിന്റെ ഭ്രമണം നിരീക്ഷിച്ചാൽ ഒരു കാലത്തും ദു:ഖിക്കുന്നതിൽ അർത്ഥമില്ലെന്നു മനസ്സിലാക്കാം. (കാലം മാറിക്കൊണ്ടേയിരിക്കുന്നു. രാവും പകലും വേനലും മഴയും മഞ്ഞും..... ഇങ്ങനെ നിരന്തരം പുതുരൂപങ്ങൾ വന്നു കൊണ്ടിരിക്കുന്നു. ഇതുപോലെത്തന്നെയല്ലേ മനുഷ്യന്റെ കാര്യവും?) മനുഷ്യരായ നാം പഴകിയ വസ്ത്രങ്ങൾ ഉപേക്ഷിച്ചു ഭംഗിയുള്ള പുതിയ വസ്ത്രങ്ങൾ ധരിക്കാറുണ്ടല്ലോ. അതുപോലെ നമ്മുടെ ആത്മാവ് പഴകിയ ശരീരം ഉപേക്ഷിച്ച് പുതിയ ദേഹങ്ങൾ സ്വീകരിക്കുന്നു. (അതാണു മരണവും ജനനവും)

ഇവിടെ ഒന്നും നിത്യമല്ല; നമ്മുടെ ശരീരവും അങ്ങനെ തന്നെയാണ് – ശാശ്വതനായവൻ ഈശ്വരൻ മാത്രമാണ്. മനുഷ്യനടക്കമുള്ള ജന്തുക്കൾക്കിടയിലെല്ലാം മരണവും ജനനവും നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. അതിന്റെ പേരിൽ മനസ്സിൽ ദു:ഖവും സന്തോഷവും കൊണ്ടു നടക്കുന്നതെന്തിനാണ്; അതിലൊരർത്ഥവുമില്ല.

(ഈ ജീവിതത്തിനൊരുദാഹരണം പറയാം:) പൊതുവഴിയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന യാത്രക്കാർ ക്ഷീണിതരാകുമ്പോൾ വഴിയമ്പലങ്ങളിൽ വിശ്രമിക്കാൻ കയറുന്നു. അവിടെ ഒന്നിച്ചുകൂടി അവർ പല കഥകളും പറഞ്ഞു രസിക്കുന്നു: എന്തൊരു മഴയാണിത്! ഹൗ, ഈ വെയിലിനെന്തൊരു ചൂട്! എത്ര കഠിനമായ ഇരുട്ടാണിന്ന്... എന്നിങ്ങനെ ഒന്നിച്ചിരുന്നവർ പല വർത്തമാനങ്ങളും പറയും. പോവേണ്ട സമയമായാൽ ഓരോരുത്തരും ഇറങ്ങിപ്പോകും; ചിലർ നേരത്തെ, ചിലർ അല്പം വൈകി. (അതിൽ ആരെങ്കിലും വിഷമിക്കാറുണ്ടോ? നമ്മളും അതുപോലെത്തന്നെ. ജീവിതയാത്രയിൽ വിശ്രമിക്കാൻ കയറിയ വഴിയമ്പലമാണിത്. പോവേണ്ട സമയമാകുമ്പോൾ ഓരോരുത്തരും പോകുന്നു, ഇതിലെന്തു ദു:ഖിക്കാൻ!)

പലവഴി പറന്നുവരുന്ന പക്ഷികൾ ഒരു വൃക്ഷത്തിൽ വന്നിരിക്കുന്നതു കണ്ടിട്ടില്ലേ? കുറേ നേരം ആ വൃക്ഷത്തിലിരുന്ന് അവ ഓരോ വഴികളിലായി പറന്നുപോകും. ആ വേർപാടിലും അവയൊന്നും ദു:ഖിക്കാറില്ലല്ലോ. ആ പക്ഷികളെപ്പോലെയാണ് നമ്മുടെ കാര്യവും എന്നും കരുതാം.

രാജാവേ, ജന്തുക്കളെല്ലാം ഇങ്ങനെ പലയിടത്ത്, പല തരത്തിൽ വന്നുചേരുന്നത് സ്വന്തം കർമ്മഫലമാണെന്ന കാര്യം അറിഞ്ഞാലും. നീർപ്പോള (ജലത്തിലെ കുമിള) പോലെയാണു നമ്മുടെ ശരീരങ്ങൾ എന്നറിഞ്ഞാലും. ചിലപ്പോൾ അതിനെ മനോഹരമായി കാണാം. എന്നാൽ അവ യൊന്നും ശാശ്വതമല്ല. ഇത്തിരി നേരമേ അവയ്ക്ക് ആയുസ്സുള്ളൂ.

നാം ഈ കാണുന്നതൊന്നും നിത്യമല്ല, ശാശ്വതമല്ല. ശാശ്വതമായിട്ടുള്ളത് വിഷ്ണു (ഈ ശ്വരൻ) മാത്രമാണ്. ഇക്കാര്യങ്ങളെല്ലാം ചിന്തിച്ച് ഈശ്വരന്റെ പാദപത്മം മനസ്സിലുറപ്പിച്ചു ധ്യാനിച്ചു കൊള്ളുക. (എങ്കിൽ അങ്ങേയ്ക്കു സമാധാനം കൈവരും.)

**അർത്ഥം കണ്ടെത്താം**

കവിതയിൽ അർത്ഥം വ്യക്തമല്ലാത്ത പദങ്ങളുടെ അടിയിൽ കുട്ടികൾ പെൻസിൽ കൊണ്ടു വരയ്ക്കട്ടെ.

അവയുടെ ആശയം സന്ദർഭത്തിൽനിന്ന് ഊഹിച്ചു പറയാൻ നിർദ്ദേശിക്കാം. ശേഷം നിഘണ്ടു നോക്കി ഉറപ്പുവരുത്തി നോട്ടുബുക്കിലെഴുതാം.

**ഉത്തരം കണ്ടെത്താം**

ചോദ്യങ്ങൾ വായിച്ച് കുട്ടികൾ ഉത്തരം കണ്ടെത്തട്ടെ.

ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തിയ ശേഷം നോട്ടുബുക്കിലെഴുതാം.

ടീച്ചർ ആ ചോദ്യങ്ങൾ ഓരോന്നായി ചോദിക്കുന്നു. നിർദ്ദിഷ്ടകുട്ടികൾ ഉത്തരം പറയട്ടെ.

അവധാരണത്തിനു സഹായകമാകുന്ന വേറെയും ചോദ്യങ്ങൾ ഉന്നയിക്കാം

**ഔചിത്യഭംഗി കണ്ടെത്താം**

- "നീർപ്പോള .............പുനരവ."

  ശരീരങ്ങളെ നീർപ്പോളയോടാണല്ലോ കവി ഉപമിച്ചിരിക്കുന്നത്. എന്താണ് നീർപ്പോളയുടെ പ്രത്യേകതകൾ?

  ശരീരത്തെ എന്തടിസ്ഥാനത്തിലാണ് നീർപ്പോളയോടുപമിക്കുക?

ക്രോഡീകരണം :

നീർപ്പോള വെള്ളത്തിനു മീതെ വീർത്തു പൊങ്ങിനിൽക്കും. അതിൽ മനോഹരമായ വർണങ്ങൾ പ്രതിഫലിക്കും. കാണാൻ നല്ല ഭംഗിയുണ്ടാകും. എന്നാൽ നീർപ്പോളക്ക് അല്പായു സ്സേയുള്ളൂ. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അവ ഇല്ലാതാവും.ശരീരങ്ങളും കാണാൻ നല്ല ഭംഗി യുണ്ടാവും. തടിച്ചു കൊഴുത്തിട്ടുണ്ടാവും. മനോഹരമായിരിക്കും. എന്നാൽ ഇവിടെ ശാശ്വതമായി നിലകൊള്ളാനുള്ള ശേഷി ശരീരത്തിനില്ല. ഭൂമിയുടെ ആയുസ്സുമായി താരതമ്യം ചെയ്യുമ്പോൾ ശരീരത്തിന് അല്പായുസ്സേയുള്ളൂ. ആ നിലക്ക് മനുഷ്യശരീരത്തെ നീർപ്പോളയോടുപമിച്ചത് ഉചി തമായ പ്രയോഗം തന്നെയാണ്.

ചർച്ചയിൽ വ്യക്തമായ ആശയങ്ങൾ ഉൾപ്പെടുത്തി കുട്ടികൾ വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്ക ട്ടെ.

**ആശയം വിശദീകരിക്കുക**

- "പക്ഷികളൊക്കെ ......................... അതിന്നവരാരുമേ."

പലവഴി പറന്നുവരുന്ന പക്ഷികൾ ഒരു വൃക്ഷത്തിൽ ഒത്തുകൂടുന്നു. കുറച്ചുനേരം അവ അതിലിരിക്കുന്നു. പിന്നെ പലവഴി പറന്നുപോകുന്നു. ആ വേർപാടിൽ അവയൊന്നും ദു:ഖിക്കു ന്നില്ല. മനുഷ്യജീവിതത്തെ പക്ഷികളുടെ ഈ സംഗമത്തോടും കവി താരതമ്യം ചെയ്തിരിക്കയാ ണ്. പലവഴി കടന്നുവരുന്നവരാണ് നമ്മൾ. മാതാവായും പിതാവായും സഹോദരന്മാരായും ഭാര്യ

മാരായും മക്കളായും..... അങ്ങനെ നാം കുടുംബമാകുന്ന/ സമൂഹമാകുന്ന വൃക്ഷത്തിൽ സംഗമിക്കുന്നു. കുറച്ചുനേരം ഇവിടെ വസിച്ച് ഓരോരോ വഴിക്കു പിരിഞ്ഞുപോകുന്നു.

ഇവിടെ വ്യക്തികളെ പക്ഷികളായും ഐഹികവാസത്തെ വൃക്ഷമായും പറന്നുപോവലിനെ മരണമായും സങ്കല്പിക്കാം. ഐഹികജീവിതം അത്രയും നൈമിഷികമാണെന്ന കാഴ്ചപ്പാടാണ് ഈ വരികളിൽ സൂചിപ്പിക്കുന്നത്.

**അർത്ഥവ്യത്യാസം WB**

- നവദേഹം = പുതിയ ശരീരം
- നവരസം = ഒൻപത് രസങ്ങളിലൊന്ന്
- ദേഹം = ശരീരം
- ദേഹി = ആത്മാവ്

അർത്ഥവ്യത്യാസം കുട്ടികൾ കണ്ടെത്തി എഴുതട്ടെ. ടിച്ചർ വിലയിരുത്തണം.

**പ്രഭാഷണം തയ്യാറാക്കുക**

പാഠഭാഗത്തെ ആശയം പല ഘട്ടങ്ങളിലായി വിശകലനം ചെയ്തു കഴിഞ്ഞല്ലോ. ഈ പ്രവർത്തനം കുട്ടികൾ ഹോംവർക്കായി ചെയ്തുവരട്ടെ. തയ്യാറാക്കിക്കൊണ്ടു വന്ന ഏതാനും പ്രഭാഷണങ്ങൾ ക്ലാസിൽ അവതരിപ്പിക്കണം. ഓരോ കുട്ടിയും അവതരിപ്പിക്കുമ്പോൾ മറ്റു കുട്ടികൾ വിലയിരുത്തട്ടെ.

വിലയിരുത്തൽ സൂചനകൾ:-

- പ്രഭാഷണത്തിന്റെ ഘടനയുണ്ടാകണം.
- ആശയങ്ങൾ വ്യക്തമായി പരാമർശിക്കണം.
- സ്വന്തം നിലപാടുകൾ വെളിപ്പെടുത്തണം.
- പ്രഭാഷണത്തിന്റെ ഒഴുക്ക് എഴുത്തിലും പ്രകടമാകണം.
- പ്രഭാഷണം വായിക്കുകയാണെങ്കിൽ ഉച്ചാരണ സ്ഫുടത പാലിക്കണം.

**കഥ വായിക്കാം WB**

കവിതയിൽ പരാമർശിച്ച ആശയങ്ങളുടെ കഥാവിഷ്കാരമാണ് ഈ രചന. പ്രശസ്ത സൂഫിയായ ഇബ്റാഹിം ഇബ്നുഅദ്ഹമിന്റെ മന:പരിവർത്തനവുമായി ബന്ധപ്പെട്ട് ഈ കഥ പല കൃതികളിലും ഉദ്ധരിച്ചു കാണുന്നുണ്ട്. ഇബ്റാഹീം ഇബ്നുഅദ്ഹം ബൽഖ എന്ന രാജ്യത്തെ ഭരണാധികാരിയായിരുന്നു. കൊട്ടാരത്തിലെ സുഖവാസത്തിന്നിടയിൽ ഇത്തരം ചില അനുഭവങ്ങൾ അദ്ദേഹത്തെ ചിന്തിപ്പിക്കുകയും ഐഹികലോകത്തിന്റെ നശ്വരത തിരിച്ചറിഞ്ഞ് ശാശ്വതലോകത്തെ സൗഖ്യം നേടാനായി കൊട്ടാരം വിട്ടിറങ്ങി ദരിദ്രനായ സൂഫിയായി ജീവിക്കുകയും ചെയ്തു എന്നാണു ചരിത്രം.

കുട്ടികൾ ഈ കഥ വായിച്ച് പൊരുൾ കണ്ടെത്തി എഴുതട്ടെ.

പാന്ഥർ പെരുവഴിയമ്പലം ................ എന്നു തുടങ്ങുന്ന വരികളിൽ ഇതേ ആശയമാണുള്ളത്. കുട്ടികളുടെ രചനകൾ ടീച്ചർ വിലയിരുത്തണം.

## പാഠം 11

# ദയാനിധിയായ പ്രവാചകൻ

ഇസ്‌ലാംമതത്തിലെ അവസാനത്തെ പ്രവാചകനായ മുഹമ്മദ്നബിയുടെ ജീവിതത്തെക്കുറിച്ചും സ്വഭാവസവിശേഷതകളെക്കുറിച്ചും നബി പ്രചരിപ്പിച്ച സന്ദേശത്തെക്കുറിച്ചുമുള്ള ലഘു വിവരണമാണ് 'ദയാനിധിയായ പ്രവാചകൻ' എന്ന പാഠഭാഗം. മനുഷ്യോത്ഭവം മുതൽ ജനങ്ങളെ സന്മാർഗ്ഗത്തിലേക്കു നയിക്കാൻ സ്രഷ്ടാവായ അല്ലാഹു കാലാകാലങ്ങളിൽ പ്രവാചകന്മാരെ അയച്ചിട്ടുണ്ടെന്നും ആദ്യമനുഷ്യൻ തന്നെ പ്രവാചകനായിരുന്നുവെന്നും മുഹമ്മദ്നബിയോടെ പ്രവാചകശൃംഖലക്ക് അന്ത്യം കുറിച്ചുവെന്നും വേദഗ്രന്ഥമായ വിശുദ്ധഖുർആനിൽ കാണാം.

ലോകത്ത് ഇന്നേറ്റവുമധികം സ്മരിക്കപ്പെടുന്ന നാമം മുഹമ്മദ് ആണ്. ലോകത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ മസ്ജിദുകളിൽനിന്നു നമസ്കാരത്തിനുള്ള വിളംബരത്തിൽ നിരന്തരം ഈ നാമം ആവർത്തിക്കപ്പെടുന്നു. പ്രാർത്ഥനകളിൽ നിരന്തരം ഉരുവിട്ടുകൊണ്ടിരിക്കുന്നു. മഹാനായ ആ പ്രവാചകനെക്കുറിച്ചു ധാരണയുണ്ടാക്കാനും മാതൃകാപരമായ ആ സ്വഭാവസവിശേഷതകൾ ഉൾക്കൊള്ളാനും കുട്ടികളെ പ്രേരിപ്പിക്കുകയാണ് ഈ പാഠഭാഗത്തിലൂടെ ലക്ഷ്യമിടുന്നത്.

മതപരമായ നിലയ്ക്കുള്ള ഒരു പരിചയപ്പെടുത്തലല്ല ഇവിടെ ഉദ്ദേശിക്കുന്നത്. വ്യക്തിജീവിതം എങ്ങനെ സംശുദ്ധമാക്കാമെന്നും സാമൂഹികജീവിതത്തിൽ ഒരു നല്ല വ്യക്തിത്വം എങ്ങനെ രൂപപ്പെടുത്തിയെടുക്കാമെന്നുമുള്ള മഹത്തായ പാഠം മുഹമ്മദ്നബി സമൂഹത്തിനു കാണിച്ചുകൊടുത്തിട്ടുണ്ട്. അവ കണ്ടെത്താനും ഉൾക്കൊള്ളാനുമുള്ള പ്രചോദനമുണ്ടാക്കുക എന്ന നിലക്കാണ് ഈ പാഠഭാഗം ഉൾപ്പെടുത്തിയിരിക്കുന്നത്. സാമൂഹികജീവിതത്തിൽ ചുരുങ്ങിയ കാലത്തിനുള്ളിൽ ഇത്രയും മഹത്തായ പരിവർത്തനം സൃഷ്ടിച്ച ഒരു പരിഷ്കർത്താവില്ല തന്നെ!

"നിങ്ങൾ ജനങ്ങളോട് പുഞ്ചിരിക്കുക. പുഞ്ചിരി ധർമ്മമാണ്," "ഭൂമിയിലുള്ളവരോടു നിങ്ങൾ കരുണ കാണിക്കുക; എന്നാൽ ആകാശത്തുള്ളവൻ നിങ്ങളോടും കരുണ കാണിക്കും", "മാതാപിതാക്കൾക്കു നിങ്ങൾ കാരുണ്യത്തിന്റെ ചിറകുകൾ താഴ്ത്തിക്കൊടുക്കുക, അവർക്കു ദൈവത്തിന്റെ കാരുണ്യത്തിന്നായി പ്രാർത്ഥിക്കുക", "വലിയവരോട് ആദരവും ചെറിയവരോട് കാരുണ്യവും കാണിക്കാത്തവർ എന്റെ സമുദായത്തിൽ പെട്ടവനല്ല", "നിങ്ങൾ വിനയാന്വിതരാവുക, വിനയം നിങ്ങളെ ഉയർത്തും". "കുടുംബത്തോട് മാന്യമായി പെരുമാറുന്നവനാണ് സമൂഹത്തിലും മാന്യൻ", "നിങ്ങൾ സന്താനങ്ങൾക്കിടയിൽ നീതിപാലിക്കുക", "നിനക്കു നീ ഇഷ്ടപ്പെടുന്ന കാര്യങ്ങൾ ജനങ്ങൾക്കുമുണ്ടാകുന്നത് ഇഷ്ടപ്പെടുക", "നീ നല്ലതു മാത്രം പറയുക, അല്ലെങ്കിൽ മൗനം പാലിക്കുക", "ഏതു ജനവിഭാഗത്തിലെയും മാന്യന്മാരെ നിങ്ങളും ആദരിക്കുക", "പട്ടിണി കിടക്കുന്നവരുടെ വിശപ്പു മാറ്റലാണ് ഏറ്റവും ശ്രേഷ്ഠമായ സൽക്കർമ്മം", "ദുസ്വഭാവം ദുശ്ശകുനമാണ്", "വലതു കൈ കൊടുക്കുന്ന ധർമ്മം ഇടതുകൈ പോലുമറിയരുത്","ജനങ്ങളോട് ദയ കാണിക്കാത്തവനോട് അല്ലാഹുവും ദയ കാണിക്കില്ല", "നിന്നോടുള്ള ബന്ധം മുറിച്ചവനെ നീ കൂട്ടിയടുപ്പിക്കുക", "നിന്നോടു തെറ്റുചെയ്തവനു നീ ഗുണം ചെയ്യുക", "നിനക്ക്

ദൂഷ്യമാണുണ്ടാവുകയെങ്കിലും സത്യം മാത്രം പറയുക" എന്നിങ്ങനെ മുഹമ്മദ് നബിയുടെ ഉപദേശവചനങ്ങൾ നിരവധിയുണ്ട്. ഇവ നബി പ്രബോധനം ചെയ്ത സന്ദേശത്തിന്റെ മാനവികതയും നബിയുടെ സ്വഭാവസവിശേഷതയും വെളിപ്പെടുത്തുന്നുണ്ട്. ഇത്തരം മാനവിക, സേവനാധിഷ്ഠിത സന്ദേശങ്ങൾ ഉൾക്കൊള്ളാനും നബിയെക്കുറിച്ചു കൂടുതൽ മനസ്സിലാക്കാനുമുള്ള പ്രചോദനമായിരിക്കണം ഈ പാഠാഭ്യസനം.

**പാഠാവതരണം**

ടീച്ചർ കുട്ടികളോടു സംസാരിച്ചുകൊണ്ട് തുടങ്ങുന്നു:

പല മഹാത്മാക്കളുടെയും ജന്മദിനം നാം ആഘോഷിക്കാറുണ്ടല്ലോ. അധിക ആഘോഷങ്ങൾക്കും പരിധിയുണ്ട്. ചില നാടുകളിൽ, രാജ്യങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു അധിക ആഘോഷങ്ങളും. എന്നാൽ ഒരു മഹാത്മാവിന്റെ ജന്മദിനാഘോഷം ലോകം മുഴുവൻ ആഘോഷിക്കുന്നു. എന്നുമാത്രമല്ല വീടുകളിലും ആരാധാനാലയങ്ങളിലും ആ ജന്മമാസം തന്നെ വമ്പിച്ച ആഘോഷമാണ്. ഈ മഹാത്മാവ് ആരാണെന്നറിയാമോ?

മുഹമ്മദ്നബിയിലേക്ക് ചർച്ച ക്രോഡീകരിക്കും വിധമാവണം അവതരണം.

'മുഹമ്മദ് നബിയെക്കുറിച്ച് നമുക്ക് കൂടുതൽ മനസ്സിലാക്കാം' എന്ന ആമുഖത്തോടെ ടീച്ചർ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കുന്നു.

ആദ്യം ശ്രാവ്യവായനയാവാം. ടീച്ചർ തയ്യാറാക്കിയ നറുക്കിൽനിന്ന് ഒന്നെടുക്കാൻ ഒരു കുട്ടിയോട് നിർദ്ദേശിക്കുന്നു. ആ നറുക്കിൽ പേരുള്ള കുട്ടി ശ്രാവ്യവായന തുടങ്ങട്ടെ.

ഒന്നോ രണ്ടോ ഖണ്ഡികകൾ കഴിയുമ്പോൾ അടുത്ത നറുക്കെടുപ്പ് നടത്തണം.

ഇങ്ങനെ പാഠഭാഗം വായിച്ചുകഴിയുന്നതുവരെ നറുക്കെടുപ്പ് തുടരണം.

> ക്ലാസുകളിൽ പൊതുവെ ഒരു പരാതിയുണ്ടാവാറുണ്ട്; ചില കുട്ടികളെക്കൊണ്ടേ വായിപ്പിക്കാറുള്ളൂ, ചിലർക്കു മുൻഗണന കൊടുക്കുന്നു, ചിലരെ അവഗണിക്കുന്നു എന്നിങ്ങനെ. പരാതിയിൽ കഴമ്പുണ്ടായാലുമില്ലെങ്കിലും നന്നായി വായിച്ചവതരിപ്പിക്കുന്ന കുട്ടികൾക്കും കാര്യങ്ങൾ കൂടുതൽ ഭംഗിയായിചെയ്യുന്ന കുട്ടികൾക്കും അറിയാതെയെങ്കിലും പ്രത്യേക പരിഗണന നൽകിപ്പോകാറുണ്ടാവും. ഇത് ക്ലാസിൽ ചില അസ്വാരസ്യങ്ങൾക്കു വഴി വയ്ക്കാറുമുണ്ട്. പ്രവർത്തനങ്ങൾക്കായി നറുക്കെടുപ്പ് പോലെയുള്ള സംവിധാനങ്ങളിലൂടെ കുട്ടികളെ തിരഞ്ഞെടുക്കുന്നതും വിഷയങ്ങളും മറ്റും വീതിച്ചുനൽകുന്നതും ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാൻ സഹായകമാണ്. നിഷ്പക്ഷഭാവമാണ് അധ്യാപകർക്ക് ക്ലാസിൽ എപ്പോഴും വേണ്ടത്.

വായന കഴിഞ്ഞാൽ അവധാരണ ചോദ്യങ്ങളാരംഭിക്കാം.

ടീച്ചർ പാഠഭാഗം ആദ്യംമുതൽ എല്ലാ ആശയങ്ങളിലേക്കും ശ്രദ്ധപതിയുംവിധം ചോദ്യങ്ങൾ ചോദിക്കുന്നു.

കുട്ടികൾ പാഠഭാഗം പരിശോധിച്ച് ഉത്തരം കണ്ടെത്തി പറയട്ടെ.

**കണ്ടെത്താം**

നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് കുട്ടികൾ സ്വയം ഉത്തരം കണ്ടെത്തി എഴുതണം.

ചോദ്യം നോട്ടുബുക്കിലെഴുതി വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്താനും കൃത്യത വരുത്താനും അവസരം നൽകാം. ടീച്ചർ വിലയിരുത്തണം.

**വിശദീകരിക്കാം**

- "മാതാവിന്റെ കാൽക്കീഴിലാണു സ്വർഗ്ഗം."

  സ്വർഗ്ഗം കാലിന്നടിയിലാണെന്ന പ്രസ്താവനയുടെ പൊരുളെന്താണ്?

മാതാവിനെ അങ്ങേയറ്റം സ്നേഹിക്കണമെന്നും ആദരിക്കണമെന്നും സേവിക്കണമെന്നും നബി പഠിപ്പിച്ചിട്ടുണ്ട്. മാതാവിനു പാദസേവ നടത്തണമെന്നാണു പ്രസ്തുത വചനത്തിലെ സൂചന; അതായത് അത്രയും വിനയത്തോടെ, വിധേയത്വത്തോടെ മാതാവിനു സേവനം ചെയ്യണം. എങ്കിൽ മാത്രമേ മരണാനന്തരം സ്വർഗ്ഗപ്രവേശം ലഭിക്കുകയുള്ളൂ.

- "ജ്ഞാനം മനുഷ്യന്റെ .................. സ്വന്തമാക്കിക്കൊള്ളുക".

  കളഞ്ഞു പോയ സ്വത്ത് എന്നാൽ ?

  നമ്മുടെ ഏതെങ്കിലും സമ്പത്ത് കളഞ്ഞുപോയാൽ അതെവിടെക്കണ്ടാലും വീണ്ടെടുക്കും. കാരണം അത് നമ്മുടെ സമ്പത്താണ്. നമുക്കവകാശപ്പെട്ടതാണ്.

അതുപോലെ വിജ്ഞാനം മനുഷ്യന്റെ കളഞ്ഞുപോയ സ്വത്തിനുസമാനമാണ്. അതെവിടെനിന്നു കണ്ടുകിട്ടിയാലും സ്വന്തംസ്വത്തെന്ന പോലെ നമുക്ക് കൈവശപ്പെടുത്താം. നാം അതു സ്വന്തമാക്കണം. അതു നമുക്ക് അവകാശപ്പെട്ടതാണ് എന്നർത്ഥം.

- ചർച്ചയിലൂടെ മനസ്സിലാക്കിയ വസ്തുതകൾ ഉൾപ്പെടുത്തി കുട്ടികൾ കുറിപ്പ് തയ്യാറാക്കട്ടെ. വ്യക്തിഗതമായി തയ്യാറാക്കിയ കുറിപ്പ് അടുത്തിരിക്കുന്ന കുട്ടികളുമായി കൈമാറി വായിക്കട്ടെ. തുടർന്ന് ഏതാനും കുറിപ്പുകൾ ക്ലാസിൽ വായിക്കുന്നു. കൂട്ടിച്ചേർക്കലുകൾ ആവശ്യമെങ്കിൽ ടീച്ചർക്കു നിർദ്ദേശിക്കാം.

**കൂടുതൽ മനസ്സിലാക്കാം**

**വിശുദ്ധ കഅ്ബ**

മാനവസമുദായത്തിനുവേണ്ടി ഭൂമിയിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട ആരാധനാ മന്ദിരമാണ് കഅ്ബ. ഭൂമിയിലെ മനുഷ്യാരംഭം മുതൽ കഅ്ബ സ്ഥാപിക്കപ്പെട്ടിരുന്നുവെന്നും കാലാന്തരത്തിൽ അതു നാമാവശേഷമായപ്പോൾ ദൈവകല്പനപ്രകാരം ഇബ്റാഹിംനബിയും മകൻ ഇസ്മാഈൽനബിയും നിശ്ചിതസ്ഥലത്ത് കഅ്ബ പുനർനിർമ്മിച്ചുവെന്നുമാണ് ചരിത്രം. ലോകത്തെങ്ങുമുള്ള മുസ്ലിംകൾ ദിവസവും അഞ്ചുനേരത്തെ നിർബന്ധപ്രാർത്ഥനയായ നമസ്കാരം നിർവഹിക്കുന്നത് കഅ്ബയിലേക്കു മുന്നിട്ടാണ്. ഇസ്ലാമിലെ അടിസ്ഥാനആരാധനാ കർമ്മങ്ങളിലൊന്നായ ഹജ്ജിലും ഉംറയിലുമുള്ള പ്രധാന കർമ്മങ്ങളിൽ പെട്ടതാണ് വിശുദ്ധകഅ്ബയെ ഏഴുവട്ടം പ്രദക്ഷിണം ചെയ്യുകയെന്നത്.

**മക്കയുടെ ചരിത്രപരമായ പ്രാധാന്യം**

വിശുദ്ധകഅ്ബ സ്ഥിതിചെയ്യുന്നത് മക്കയിലാണ്. ആദികാലത്തേ മക്ക വിശുദ്ധ ഭൂമിയായി പരിഗണിക്കപ്പെട്ടിരുന്നുവെങ്കിലും ഇബ്റാഹീംനബി കഅ്ബ സ്ഥാപിച്ചതു മുതലാണ് ജനങ്ങളുടെ ശ്രദ്ധാകേന്ദ്രമായത്. അന്നുമുതൽ മുഹമ്മദ് നബിയുടെ കാലമായപ്പോഴേക്കും വാണിജ്യപരമായും സാംസ്കാരികമായും മക്ക ഏറെ പ്രശസ്തമായികഴിഞ്ഞിരുന്നു. എന്നാൽ ബഹുദൈവാരാധാകരുടെ ആധിപത്യത്തിലായിരുന്നതുകൊണ്ട് വിശുദ്ധകഅ്ബയിലടക്കം ധാരാളം വിഗ്രഹങ്ങൾ സ്ഥാപിക്കപ്പെട്ടിരുന്നു.

മുഹമ്മദ് നബി ഏകദൈവവിശ്വാസത്തിലധിഷ്ഠിതമായ ഇസ്ലാം മതത്തിന്റെ പ്രവാചകനായി നിയുക്തനായി പ്രബോധനമാരംഭിച്ചതോടെ മക്കയിലെ ബഹുദൈവാരാധകർ നബിയുടെ ശത്രുക്കളായി. അവർ പല വിധത്തിലും നബിയെയും അനുയായികളെയും ദ്രോഹിച്ചു. ഇസ്ലാംമതത്തെ പൂർണ്ണമായി നശിപ്പിക്കാൻ കച്ചകെട്ടിയിറങ്ങി.

## തിരുനബിയുടെ പലായനം

സ്വന്തം നാട്ടുകാരിൽ ബഹുഭൂരിപക്ഷവും മുഹമ്മദ്നബിക്കും അനുയായികൾക്കുമെതിരെ ദ്രോഹനടപടികളുമായി രംഗത്തിറങ്ങി. അനുയായികളിൽ പലരെയും അതിക്രൂരമായി കൊലപ്പെടുത്തി. ഈ സാഹചര്യത്തിൽ വിശ്വാസസംരക്ഷണാർത്ഥം നേഗസ് രാജാവ് ഭരിക്കുന്ന അബ്സീനിയയിലേക്കു പലായനം ചെയ്തുകൊള്ളാൻ നബി അനുയായികൾക്ക് അനുവാദം നൽകി. കുറെപേർ അഭയംതേടി അബ്സീനിയയിലെത്തി സുരക്ഷിതരായി. അതോടെ മക്കയിലെ ശത്രുക്കൾ അക്രമത്തിന് ആക്കംകൂട്ടി. മുഹമ്മദ് നബിയെയും വധിച്ചുകളയാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു.

ഈ സാഹചര്യത്തിലാണ് മക്കയിൽനിന്ന് അഞ്ഞൂറോളം കിലോമീറ്റർ അകലെയുള്ള യസ്രിബിൽനിന്നു സഹായഹസ്തങ്ങൾ നീണ്ടത്. അവിടത്തെ പ്രമുഖരായ പലരും മക്കയിൽ വന്ന് ഇസ്ലാം ആശ്ലേഷിക്കുകയും തങ്ങളുടെനാട്ടിൽ നബിക്കും അനുയായികൾക്കും സുരക്ഷിതത്വം ഉറപ്പു നൽകുകയും ചെയ്തു. അതനുസരിച്ച് നബിയുടെ നിർദ്ദേശാനുസരണം മുസ്ലിംകളിൽ അധികപേരും മക്കവിട്ട് യസ്രിബിലേക്കു പലായനം ചെയ്തു. മുഹമ്മദ് നബിയും അനുയായികളും മറ്റൊരു നാട്ടിൽപോയി ശക്തി പ്രാപിക്കുന്നത് തങ്ങൾക്ക് ഭീഷണിയാണെന്നു മനസ്സിലാക്കിയ ശത്രുക്കൾ നബിയെ വധിക്കാനായി ഊരിപ്പിടിച്ച വാളുമായി ഒരു രാത്രി വീടുവളഞ്ഞു. വീട്ടിൽനിന്നു പുറത്തിറങ്ങുമ്പോൾ വെട്ടിക്കൊല്ലാനായിരുന്നു പദ്ധതി. എന്നാൽ അവർക്കതിനു കഴിഞ്ഞില്ല. ദൈവാജ്ഞപ്രകാരം നബി അവർക്കിടയിലൂടെ വീടുവിട്ടിറങ്ങി തന്റെ അടുത്ത കൂട്ടുകാരനായ അബൂബക്റിനെയും കൂട്ടി യസ്രിബിലേക്കുള്ള പലായനമാരംഭിച്ചു. ശത്രുക്കൾ വിവരമറിഞ്ഞു നാലുപാടും കുതിരപ്പടയെ അയച്ചുവെങ്കിലും അവരെ കണ്ടെത്താനായില്ല.

യസ്രിബിൽ നബിക്ക് വമ്പിച്ച സ്വീകരണമാണ് ലഭിച്ചത്. നബിക്കും അനുയായികൾക്കും വീടും ഭക്ഷണവും നൽകി എല്ലാം പങ്കുവച്ച് അവർ സൗഹൃദത്തിന്റെ മാതൃകയായി. അവിടത്തെ ഭൂരിഭാഗം ജനങ്ങളും ഇസ്ലാം ആശ്ലേഷിച്ചു. അങ്ങനെ യസ്രിബ് എന്ന നാട് മദീനതുർറസൂൽ (പ്രവാചകരുടെ പട്ടണം) എന്ന പേരിൽ അറിയപ്പെട്ടു.

മദീനയിൽ ഇസ്ലാം ശക്തി പ്രാപിച്ചു. ഏതാനും വർഷങ്ങൾക്കുള്ളിൽ പരിസര പ്രദേശങ്ങളിലെല്ലാം ഇസ്ലാം വ്യാപിച്ചു. മക്കയിലെ ശത്രുക്കളുമായി ചില ഏറ്റുമുട്ടലുകളുണ്ടായി. അവയെല്ലാം മുസ്ലിംകളുടെ വിജയത്തിലാണു കലാശിച്ചത്. അവസാനം നബിയും പതിനായിരക്കണക്കിന് അനുയായികളും മക്കയിലേക്കു പുറപ്പെട്ടു, മക്കയെ ജയിച്ചടക്കാൻ. പറയത്തക്ക എതിർപ്പുകളൊന്നുമില്ലാതെ മക്ക മുഹമ്മദ്നബിക്കും അനുയായികൾക്കും കീഴ്പ്പെട്ടു. അങ്ങനെ ജന്മനാട് നബിയുടെ സ്വന്തമായി.

## നബിയുടെ മാതാപിതാക്കൾ, ബന്ധുക്കൾ

മക്കിലെ പ്രമുഖരായ ഖുറൈശ് ഗോത്രത്തിലാണ് മുഹമ്മദ്നബി ജനിച്ചത്. നബിയുടെ പിതാമഹൻ അബ്ദുൽ മുത്തലിബ് മക്കയിലെ കിരീടമണിയാത്ത രാജാവായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾക്കപ്പുറം ഒന്നുംചെയ്യാൻ മക്കക്കാർ തയ്യാറാകുമായിരുന്നില്ല.

അബ്ദുൽമുത്തലിബിന്റെ മകൻ അബ്ദുല്ലയാണ് നബിയുടെ പിതാവ്. യൗവനാരംഭത്തിൽ തന്നെ അബ്ദുല്ലക്ക് പിതാവ് ഒരു വധുവിനെ കണ്ടെത്തി; യസ്രിബിലെ പ്രമുഖനായ വഹബിന്റെ മകൾ ആമിനയെ. അവർ വിവാഹിതരായി അല്പകാലം മാത്രമേ ഒന്നിച്ചു കഴിഞ്ഞുള്ളൂ; കച്ചവടാവശ്യാർത്ഥം നാടുവിട്ട അബ്ദുല്ല വഴിമധ്യേ പനി ബാധിച്ചു മരണമടഞ്ഞു. ആമിന അന്നു ഗർഭിണിയായിരുന്നു. അവരൊരു ആൺകുഞ്ഞിന് ജന്മം നൽകി. അബ്ദുൽമുത്തലിബ് തന്റെ പൗത്രന് മുഹമ്മദ് എന്നു നാമകരണം ചെയ്തു. അനാഥനായി പിറന്ന ആ കുട്ടിക്ക് അധികകാലം മാതൃവാത്സല്യവും നുകരാനായില്ല. ആറാം വയസ്സിൽ മാതാവും മരണമടഞ്ഞു. പിതാമ

ഹനായ അബ്ദുൽ മുത്തലിബ് സ്വന്തം മക്കളെക്കാൾ വാത്സല്യത്തോടെ ആ കുട്ടിയെ വളർത്തി. എട്ടാംവയസ്സിൽ പിതാമഹനും മരണമടഞ്ഞു. പിന്നെ സംരക്ഷണം ഏറ്റെടുത്തത് പിതൃവ്യനായ അബൂത്വാലിബായിരുന്നു. അദ്ദേഹം സ്നേഹവാത്സല്യങ്ങൾ ചൊരിഞ്ഞ് കുട്ടിയെ വളർത്തി.

## വിശുദ്ധ ഖുർആൻ

മുഹമ്മദ്നബിക്ക് അല്ലാഹുവിൽനിന്ന് അവതീർണമായ വിശുദ്ധവചനങ്ങളാണ് ഖുർആൻ. ഇസ്ലാംമതത്തിലെ അവസാനത്തെ പ്രവാചകനായി നബിയെ നിയോഗിച്ചത് ഇഖ്റഅ് ( നീ വായിക്കുക) എന്നാരംഭിക്കുന്ന ദിവ്യവചനത്തോടെയായിരുന്നു. നൂർപർവ്വതത്തിലെ ഹിറാഗുഹയിൽ ധ്യാനനിരതനായിരുന്ന നബിക്കു മുമ്പിൽ ജിബ്രീൽ എന്ന മാലാഖ പ്രത്യക്ഷപ്പെട്ട് 'നീ വായിക്കുക' എന്ന ദൈവിക ഉത്തരവ് നൽകുകയായിരുന്നു. അന്നു നബിക്ക് നാല്പതുവയസ്സായിരുന്നു പ്രായം. പിന്നീടുള്ള ആയുഷ്കാലമായ ഇരുപത്തിമൂന്നു വർഷങ്ങൾക്കുള്ളിൽ സന്ദർഭോചിതമായി അല്ലാഹുവിൽ നിന്ന്, ജിബ്രീൽമുഖേന അവതീർണമായ ദിവ്യവചനങ്ങളുടെ സമാഹാരമാണ് വിശുദ്ധഖുർആൻ.

മുഹമ്മദ്നബിക്ക് അവതീർണമായ അതേരൂപത്തിൽ യാതൊരു വ്യത്യാസവും കൂടാതെ ഖുർആൻവചനങ്ങൾ സംരക്ഷിക്കാൻ നബിയും അനുയായികളും ഏറെ ശ്രദ്ധിച്ചിരുന്നു. മന:പാഠമാക്കുന്നതിനു പുറമെ അക്കാലത്ത് രേഖപ്പെടുത്താനുള്ള സംവിധാനങ്ങളൊക്കെ അവർ ഉപയോഗപ്പെടുത്തിയിരുന്നു. നബിയുടെ വിയോഗാനന്തരം ഒന്നാം ഖലീഫ അബൂബക്ർ സ്വിദ്ദീഖിന്റെ കാലത്താണ് ഖുർആൻ ഇന്നു കാണുംവിധം അധ്യായങ്ങൾ ക്രമീകരിച്ച് ക്രോഡീകരിച്ചത്. മൂന്നാം ഖലീഫ ഉസ്മാനുബ്നു അഫാന്റെ കാലത്ത് അതിന്റെ പകർപ്പെടുത്ത് വിവിധരാജ്യങ്ങൾക്കു നൽകി. അന്നു ക്രോഡീകരിച്ചവിധം വള്ളിപുള്ളി വ്യത്യാസമില്ലാത്തതാണ് ഇന്നു ലോകത്തിന്റെ ഏതുഭാഗത്തും കാണുന്ന ഖുർആൻ. 114 അദ്ധ്യായങ്ങളാണ് ഖുർആനിലുള്ളത്. ഇസ്ലാമികനിയമസംഹിതകൾ, പൂർവ്വപ്രവാചകന്മാരുടെയും ജനതതികളുടെയും കഥകൾ, നന്മതിന്മകളെക്കുറിച്ചുള്ള പ്രതിപാദ്യങ്ങൾ, നന്മയുടെ പ്രതിഫലവും തിന്മയുടെ ശിക്ഷയും, സ്വർഗനരകങ്ങളുടെ വർണ്ണനകൾ, മനുഷ്യാസ്തിത്വക്കുറിച്ചുള്ള സൂചനകൾ, ഗുണപാഠ കഥകൾ എന്നിങ്ങനെ വൈവിധ്യമാർന്നവയാണ് ഖുർആനിൽ പരാമർശിച്ച വിഷയങ്ങൾ.

## സകാത്

ഇസ്ലാം മതത്തിന്റെ അടിസ്ഥാന സ്തംഭങ്ങളിലൊന്നാണ് സകാത്. വിശ്വാസം ഉറപ്പിച്ചു പ്രഖ്യാപിക്കുന്നതുപോലെ, നമസ്കാരം പോലെ, വ്യക്തികളുടെ പ്രധാനപ്പെട്ട ബാധ്യതകളിലൊന്നാണു സകാത്. സമ്പത്തിനും ശരീരത്തിനും സകാതുണ്ട്. നിശ്ചിത അളവിൽ സമ്പത്തുള്ളവർക്കു മാത്രമേ ധനത്തിന്റെ സകാത് ബാധകമാവുകയുള്ളൂ. എന്നാൽ ഈദുൽഫിത്വർ ദിവസത്തെ അടിസ്ഥാനാവശ്യങ്ങൾ കഴിച്ചു വല്ലതും ബാക്കിയുള്ളവരെല്ലാം ശരീരത്തിന്റെ ബാധ്യതയായ ഫിത്വർസകാത് കൊടുക്കണം. ഓരോ ഇനം സമ്പത്തിന്റെയും സകാത്വിഹിതങ്ങൾ ഇത്രയാണെന്നും അത് ആർക്കാണ് നൽകേണ്ടതെന്നും വ്യക്തമായിത്തന്നെ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

ധനവാന്റെ സമ്പത്തിൽ ദരിദ്രർക്കുള്ള അവകാശമാണു സകാത്. ഇസ്ലാമിക ഭരണമുള്ള പ്രദേശങ്ങളിൽ അത് കൊടുക്കാൻ വിസമ്മതിക്കുന്നവരിൽനിന്നു പിടിച്ചെടുത്ത് വിതരണം ചെയ്യണമെന്നാണു നിയമം. സകാത്നിഷേധം കടുത്ത പാപമാണെന്നും അതിനു കഠിനമായ ശിക്ഷയുണ്ടെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

**ശേഖരിക്കാം - പതിപ്പു തയ്യാറാക്കാം**

തിരുനബിയുമായി ബന്ധപ്പെട്ട കഥകൾ കുട്ടികൾ ശേഖരിക്കട്ടെ.

ക്ലാസിൽ ഒരു കഥയരങ്ങ് സംഘടിപ്പിക്കാം.

ശേഖരിച്ച കഥകൾ ഗ്രൂപ്പുകളിൽ അവതരിപ്പിച്ചു ചർച്ച ചെയ്യട്ടെ. ആവർത്തനം ഒഴിവാക്കാൻ ഇതു സഹായകമാവും.

കഥകൾ ഒരേപോലുള്ള പേപ്പറിൽ (A4) ഭംഗിയായി എഴുതി തയ്യാറാക്കട്ടെ.

കഥയരങ്ങിൽ അവതരിപ്പിച്ചശേഷം അവയെല്ലാം ചേർത്ത് കഥാപതിപ്പ് തയ്യാറാക്കാം.

**കഥാപതിപ്പ് എങ്ങനെ? ചർച്ച ചെയ്യാം?**

- കഥകൾ എഴുതിക്കൂട്ടിയാൽ മതിയോ?
- എങ്ങനെയെല്ലാം സംവിധാനിക്കണം?
- എന്തെല്ലാം ചേർക്കണം?

കുട്ടികൾ അഭിപ്രായങ്ങൾ പറയട്ടെ.

ക്രോഡീകരണം:

- കഥാപതിപ്പിന് ഒരു പേരു വേണം
- പേര് ഉള്ളടക്കവുമായി ബന്ധപ്പെട്ടതാവണം
- കവർപേജിൽ പേര് ഭംഗിയായി എഴുതണം
- കഥാപതിപ്പിന് ആമുഖം വേണം
- ഒരു അവതാരിക വേണം (ക്ലാസ് അധ്യാപകരോ മറ്റാരെങ്കിലുമോ എഴുതിയത്.)
- ഉള്ളടക്കം എന്ന പേജിൽ പതിപ്പിലെ എല്ലാ കഥകളുടെയും പേരു ചേർക്കണം.
- കഥകൾക്കെല്ലാം സ്വന്തം ശീർഷകം വേണം. അത് ഭംഗിയായി എഴുതണം.
- ആമുഖത്തിനുശേഷം ഒരു മുഖപ്രസംഗമാവാം. അതിൽ കഥകളുടെ ശേഖരണം, പതിപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ തുടങ്ങിയവ പരാമർശിക്കണം
- കഥാപതിപ്പ് അസംബ്ലിയിൽ പ്രകാശനം ചെയ്യണം.

**ചോദ്യോത്തരപ്പയറ്റ് നടത്താം TB**

പാഠഭാഗം ആവശ്യബോധത്തോടെ ഒരിക്കൽകൂടി കുട്ടികൾ വായിച്ച് പരമാവധി ചോദ്യങ്ങൾ തയ്യാറാക്കട്ടെ.

കുട്ടികളെ രണ്ടുഗ്രൂപ്പാക്കി തിരിക്കാം. പരസ്പരം ചോദ്യങ്ങൾ ഉന്നയിക്കാം. ശരിയായി ഉത്തരം പറയുന്ന ഗ്രൂപ്പിന് ഓരോ സ്കോർ വീതം നൽകാം.
ടീച്ചർ നിയന്ത്രിക്കുകയും വിലിരുത്തുകയും വേണം.

**വായിക്കാം ഉത്തരമെഴുതാം WB**

തിരുനബിയുടെ മാതൃസ്നേഹം പരാമർശിക്കുന്ന കഥയാണിത്. കുട്ടികൾ സ്വയം വായിച്ചു മനസ്സിലാക്കി ഉത്തരം കണ്ടെത്തി എഴുതട്ടെ. ഹോംവർക്കായി നൽകിയാൽ മതി. ടീച്ചർ വിലയിരുത്തണം.

**ശരിയായ പദം എടുത്തെഴുതുക WB**

സാധാരണ തെറ്റുവരാറുള്ള പദങ്ങളാണ് നൽകിയിരിക്കുന്നത്. ശരിയായ പദം കുട്ടികൾ കണ്ടെത്തി എഴുതട്ടെ.

- പലായനം
- വിദ്യാർത്ഥി
- വ്യത്യാസം
- ഉൽകൃഷ്ടം

**പ്രഭാഷണം തയ്യാറാക്കുക WB**

വിഷയം : 'മുഹമ്മദ് നബി, അസാമാന്യ വ്യക്തിത്വം'

പ്രഭാഷണം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മുമ്പു ചർച്ച ചെയ്തിട്ടുണ്ട്.

പ്രഭാഷണത്തിന്റെ ഘടന പ്രധാനമാണ്.

അഭിസംബോധന, ആമുഖം, വിഷയാവതരണം, സ്വന്തം അഭിപ്രായങ്ങളുടെ സമർത്ഥനം, ഉപസംഹാരം എന്നീ ക്രമത്തിൽ പ്രഭാഷണം എഴുതി തയ്യാറാക്കട്ടെ.

വ്യക്തിഗതമായി തയ്യാറാക്കിയ പ്രഭാഷണം ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തണം. തുടർന്ന് ഓരോ ഗ്രൂപ്പും ഓരോ പ്രഭാഷണം അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പുകൾ അത് വിലയിരുത്തി മെച്ചപ്പെടുത്താനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. ആശയങ്ങൾ, വാക്യങ്ങൾ, പദങ്ങൾ തുടങ്ങിയവയിൽ വന്ന തെറ്റുകൾ ചൂണ്ടിക്കാട്ടുന്നു. ഇവ പരിഗണിച്ചു മെച്ചപ്പെടുത്താൻ അവസരം നൽകണം.

# യൂണിറ്റ് 4

# സ്വാതന്ത്ര്യം തന്നെ ജീവിതം

## ആമുഖം

"സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയെക്കാൾ ഭയാനകം."

ഈ വരികൾ അർത്ഥവത്താണ്. സ്വാതന്ത്ര്യേച്ഛ മനുഷ്യസഹജമാണ്. എത്ര നിസ്സാരമായ അവസ്ഥയിൽ കഴിയുന്നവരാണെങ്കിൽ പോലും അടിമത്തത്തിന്റെ കീഴിൽ നിന്നു കുതറിയോടാൻ ചില നിമിഷങ്ങളിലെങ്കിലും അവരുടെ മനസ്സ് ഉണർന്നെഴുന്നേൽക്കാതിരിക്കില്ല. അതേസമയം മറ്റുള്ളവരെ കീഴ്പ്പെടുത്താനും അടിമകളാക്കാനുമുള്ള മനോഭാവവും മനുഷ്യരിൽ അന്തർലീനമാണ്. അതുകൊണ്ടു തന്നെ മനുഷ്യൻ സമൂഹമായി ജീവിക്കാനാരംഭിച്ച കാലംമുതൽ ഒരുഭാഗത്ത് കീഴ്പ്പെടുത്താനുള്ള ശ്രമവും മറുഭാഗത്ത് സ്വാതന്ത്ര്യം വീണ്ടെടുക്കാനുള്ള ശ്രമവും ഭൂമിയിൽ തുടരുന്നു. അതാണു സംഘട്ടനങ്ങളിലേക്കും യുദ്ധങ്ങളിലേക്കും കൊടുംക്രൂരതകളിലേക്കും സംഹാരത്തിലേക്കുമൊക്കെ നയിക്കുന്നത്. ഇന്നും തുടരുന്ന പ്രക്രിയയാണിത്.

ശക്തർ ദുർബലരെ കീഴ്പ്പെടുത്തി അടിമകളാക്കി, കൈകാലുകളിൽ ചങ്ങലയണിയിച്ച്, മൃഗങ്ങളെപ്പോലെ ചന്തകളിൽ വിൽപ്പന നടത്തുകയും എല്ലാ മനുഷ്യാവകാശങ്ങളും നിഷേധിച്ച് അതിക്രൂരമായി പണിയെടുപ്പിക്കുകയും ചെയ്യുന്ന അടിമത്തസമ്പ്രദായം പ്രാചീനകാലംമുതൽക്കേ സമൂഹത്തിൽ നിലവിലുണ്ടായിരുന്നു. പരിഷ്കൃതരെന്നഭിമാനിക്കുന്ന ജനസമൂഹങ്ങളിൽപോലും ഈയടുത്തകാലം വരെ അത് തുടരുകയും ചെയ്തിരുന്നു. ബ്രിട്ടനിൽ 1807 ലാണ് അടിമത്തം നിരോധിച്ചുകൊണ്ടുള്ള നിയമം പ്രാബല്യത്തിൽ വന്നത് എന്ന കാര്യമോർക്കുക. ഇതേ മേധാവിത്തമനോഭാവം തന്നെയാണ് രാഷ്ട്രങ്ങളെ പല തന്ത്രങ്ങളുമുപയോഗിച്ച് കീഴ്പ്പെടുത്തി ഭരിക്കാനുള്ള പ്രവണതയിലുമുള്ളത്. യൂറോപ്യരാണ് ഈ രംഗത്ത് ഏറ്റവും മുൻപന്തിയിൽ. ബ്രിട്ടീഷ് അധിനിവേശരാജ്യങ്ങൾ അതിവിശാലമായിരുന്നുവെന്ന് സൂചിപ്പിക്കുന്നതാണല്ലോ 'സൂര്യനസ്തമിക്കാത്ത സാമ്രാജ്യം' എന്ന വിശേഷണം തന്നെ. ഈ ആധിപത്യം വെള്ളത്തൊലിയുള്ളവർക്ക് തങ്ങൾ ലോകത്തെ ഭരിക്കാൻ പിറന്നവരാണെന്ന അഹങ്കാരമുണ്ടാക്കിയിരുന്നു. വർണവിവേചനത്തിന്റെ അടിത്തറ ഈ ധാർഷ്ട്യമനോഭാവത്തിൽ കണ്ടെത്താവുന്നതാണ്.

എന്നാൽ എക്കാലവും ജനങ്ങളെ - അവരെത്ര നിസ്സാരരാണെങ്കിലും - അടക്കി ഭരിക്കാനും അടിമകളാക്കാനും കഴിയില്ലെന്നത് കാലം തെളിയിച്ച സത്യമാണ്. സ്വാതന്ത്ര്യമെന്ന അമൃത് നുകർന്ന് ജീവിതം വീണ്ടെടുക്കാൻ അഭിമാനികളായ ജനതതികൾ ലോകത്തിന്റെ പല ഭാഗങ്ങളിലും നിരന്തരം ഉയിർത്തെഴുന്നേറ്റു കൊണ്ടിരുന്നു. മരണത്തെക്കാൾ ഭയാനകമാണ് അടിമത്തമെന്നു മനസ്സിലാക്കിയപ്പോൾ അവർ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻ ത്യജിക്കാനും സന്നദ്ധ

രായി രംഗത്തിറങ്ങി. അവർ സ്വാതന്ത്ര്യപ്പോരാളികളായി. ഇത്തരം ജനമുന്നേറ്റങ്ങൾക്കെല്ലാം പിന്നിൽ ചില പ്രചോദനങ്ങളുണ്ട്, ശക്തി സ്രോതസ്സുകളുണ്ട്, ഉണർത്തു പാട്ടുകളുണ്ട്. അലസതയുടെ ആലസ്യത്തിലമർന്നു കിടക്കുന്ന ജനസമൂഹങ്ങളെ സ്വാതന്ത്ര്യ ബോധത്തിലേക്കുണർത്താൻ അത്തരം ഉണർത്തുപാട്ടുകൾ അനിവാര്യമായിരുന്നു. ആ ഉണർത്തുപാട്ടുകളുടെ സ്രോതസ്സുകളെയാണ് നാം മഹാത്മാക്കൾ എന്നു വിശേഷിപ്പിക്കുന്നത്. ഈ മഹാത്മാക്കളെക്കുറിച്ചും സ്വാതന്ത്ര്യത്തിന്റെ വിലയെക്കുറിച്ചും പുതുതലമുറകൾക്ക് ബോധമുണ്ടാവേണ്ടതുണ്ട്. സ്വാതന്ത്ര്യം നേടിത്തന്ന സുഖസൗകര്യങ്ങളിൽ ആലസ്യത്തിലമർന്നു കിടക്കുകയായിരിക്കുമവർ. എന്നാൽ ആ ആലസ്യം ചിലപ്പോൾ അപകടകരമായേക്കാം. വിലപ്പെട്ട സ്വാതന്ത്ര്യം അപഹരിക്കപ്പെട്ടേക്കാം. അലസസമൂഹത്തിൽ പലപ്പോഴും അങ്ങനെ സംഭവിച്ചിട്ടുണ്ട്. സ്വാതന്ത്ര്യത്തിന്റെ വിലയെക്കുറിച്ച് കുട്ടികളെ അവബോധമുള്ളവരാക്കുക എന്ന ലക്ഷ്യമാണ് ഈ യൂണിറ്റിലെ പാഠഭാഗങ്ങൾക്കുള്ളത്.

മഹാത്മാവെന്നു പറയുമ്പോൾ നമ്മുടെ മനസ്സിൽ ആദ്യം തെളിയുക മഹാത്മാഗാന്ധിയായിരിക്കും. ഈ യൂണിറ്റിലെ ഒന്നാമത്തെ പാഠം മഹാത്മാഗാന്ധിയെക്കുറിച്ചുള്ളതാണ്. അദ്ദേഹത്തിന്റെ അഹിംസയിലധിഷ്ഠിതമായ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവബോധമുണർത്തുന്നതിനാണ് പാഠഭാഗത്തിൽ പ്രാധാന്യം നൽകിയിരിക്കുന്നത്. വീരാൻകുട്ടിയുടെ 'നാവടക്കം' എന്ന കവിതയാണ് രണ്ടാമത്തേത്. അച്ചടക്കത്തിന്റെ പേരിൽ ജനങ്ങളെ പ്രതികരണശേഷിയില്ലാത്തവരായി ഒതുക്കുന്നതിനെതിരെയുള്ള ആക്ഷേപഹാസ്യമാണ് ഈ കവിതയിൽ കാണുന്നത്. പ്രതികരണശേഷി നഷ്ടപ്പെടുകയെന്നത് ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും ഭീഷണിയാണെന്നോർക്കുക. സ്വാതന്ത്ര്യപ്രസ്ഥാനങ്ങൾ രംഗത്തുവരുന്നതിനും വളരെക്കാലം മുമ്പെ സ്വാതന്ത്ര്യത്തിന്റെ മൂല്യം തിരിച്ചറിയുകയും ചൂഷകരായ ബ്രിട്ടീഷുകാർക്കെതിരെ ധീരമായ നിലപാടെടുത്തു ജനമനസ്സുകളിൽ സ്വാതന്ത്ര്യവികാരം ജ്വലിപ്പിക്കുകയും ചെയ്ത പണ്ഡിതനായ ഉമർഖാസിയുടെ ഹ്രസ്വവിവരണമാണു മൂന്നാമത്തെ പാഠഭാഗം. നാലാമത്തെ പാഠം ഉറൂബിന്റെ 'പതിനാലാമത്തെ മെമ്പർ' എന്ന കഥയാണ്. സ്വാതന്ത്ര്യസമരത്തെക്കുറിച്ചും മാപ്പിളലഹളയെന്ന് ആരോപിക്കപ്പെട്ടതും മലബാർമുസ്‌ലിംകൾ നടത്തിയതുമായ ബ്രിട്ടീഷ്‌വിരുദ്ധ പ്രക്ഷോഭത്തെക്കുറിച്ചുള്ള ഓർമ്മകൾ മനസ്സിലേക്കു കൊണ്ടുവരുന്ന രസകരവും ചിന്തോദ്ദീപകവുമായ കഥയാണിത്. കുട്ടികളുടെ മനസ്സിൽ ഇന്ത്യൻസ്വാതന്ത്ര്യസമരത്തെക്കുറിച്ചും സ്വാതന്ത്ര്യത്തിന്റെ മൂല്യത്തെക്കുറിച്ചുമുള്ള തിരിച്ചറിവുണ്ടാക്കാൻ ഈ പാഠഭാഗങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

യൂണിറ്റ് 4

# യൂണിറ്റ് വിശകലനം

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പ്രധാന പ്രവർത്തനങ്ങൾ വ്യവഹാര /പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • ജീവചരിത്രം, ലേഖനം, നിരൂപണം, ഉപന്യാസം, പഠനം എന്നിവ വായിച്ച് പ്രമേയപരവും ആസ്വാദനപരവുമായ അംശങ്ങൾ തിരിച്ചറിഞ്ഞു രചനകളിലും ജീവിതസന്ദർഭങ്ങളിലും ഔചിത്യപൂർവ്വം പ്രയോജനപ്പെടുത്തുന്നു.<br>•ഗാന്ധിദർശനങ്ങളുടെ പ്രസക്തി തിരിച്ചറിഞ്ഞ് തദ്വിഷത്തിൽ സെമിനാർ സംഘടിപ്പിക്കുന്നു.<br>•ഗദ്യഭാഗങ്ങൾ ആശയം ഉൾക്കൊണ്ട് വായിച്ചവതരിപ്പിക്കുന്നു. | ഗാന്ധിജിയും അഹിംസയും | •ഗാന്ധിജിയുടെ ജീവിതത്തിലെ അടിസ്ഥാനശിലകളാണു സത്യവും അഹിംസയും.<br>•അധർമ്മികളുടെ മനസ്സിൽ സ്വന്തം ആത്മശക്തിയുപയോഗിച്ചു മാറ്റം വരുത്തുകയാണ് അഹിംസാവാദി ചെയ്യുന്നത്.<br>•ചൂഷണം ചെയ്യാതെയും ചൂഷിതരാവാതെയും എല്ലാവർക്കും സമാധാനത്തോടെ ജീവിക്കാനാവുന്ന ഒരു വ്യവസ്ഥിതിയാണു ഗാന്ധിജി വിഭാവനം ചെയ്തത്. | ഗദ്യഭാഗം വായിച്ചവതരിപ്പിക്കൽ<br>ആശയം വിശദീകരിക്കൽ<br>കുറിപ്പ് തയ്യാറാക്കൽ<br>സന്ധികളുടെ വിഭാഗങ്ങൾ മനസ്സിലാക്കൽ<br>സെമിനാർ സംഘടിപ്പിക്കൽ | വായന<br>വിശദീകരണക്കുറിപ്പ്<br>കുറിപ്പ്<br>സന്ധിവിഭാഗങ്ങൾ<br>പട്ടിക<br>സെമിനാർ പ്രബന്ധങ്ങൾ | വായന<br>•അക്ഷരസ്ഫുടത<br>•ആശയവ്യക്തത<br>•ഒഴുക്ക്<br>സെമിനാർ<br>•അവതരണം<br>•പങ്കാളിത്തം<br>•റിപ്പോർട്ടിന്റെ സമഗ്രത<br>•നിഗമനങ്ങളുടെ മികവ്<br>•ഭാഷ |
| •ആക്ഷേപഹാസ്യ കവിതകൾ വായിച്ച് പ്രമേയപരമായ സവിശേഷതകൾ കണ്ടെത്തുകയും സൂചനകൾ തിരിച്ചറിയുകയും ചെയ്യുന്നു.<br>•സമാനരചനകൾ വിശകലനം ചെയ്തു പൊരുൾ കണ്ടെത്തുന്നു.<br>•പഴഞ്ചൊല്ലുകൾ വ്യാഖ്യാനിക്കുന്നു.<br>•പാഠഭാഗത്തെ ആശയവുമായി ബന്ധപ്പെടുത്തി സ്വന്തം അനുഭവങ്ങൾ വിവരിച്ചു കുറിപ്പ് തയ്യാറാക്കുന്നു. | നാവടക്കം | •മൗനം അലങ്കാരവാവാം, എന്നാൽ ചില കാര്യത്തിൽ മൗനം അപകടകരമാണ്.<br>•അനാവശ്യ സംസാരമാണ് ഒഴിവാക്കേണ്ടത്. ആവശ്യത്തിനു പറയേണ്ട കാര്യങ്ങൾ ധീരമായി പറയുക തന്നെ വേണം<br>•അച്ചടക്കമുള്ള പൗരൻ എന്നാൽ ഒന്നും മിണ്ടാതെ എല്ലാം സഹിച്ചു കഴിയുന്നവൻ എന്നർത്ഥമാക്കരുത്. | ഉത്തരാധുനിക കവിത ഭാവമുൾക്കൊണ്ടു വായിക്കൽ<br>വിശദീകരണക്കുറിപ്പ് തയ്യാറാക്കൽ<br>പഴഞ്ചൊല്ല് വ്യാഖ്യാനിക്കൽ<br>പൊരുൾ കണ്ടെത്തൽ<br>അനുഭവക്കുറിപ്പ് തയ്യാറാക്കൽ | കവിതാവായന<br>വിശദീകരണക്കുറിപ്പ്<br>വ്യാഖ്യാനക്കുറിപ്പ്<br>കുറിപ്പ്<br>അനുഭവക്കുറിപ്പ് | കവിതാ വായന<br>•ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>•ഭാവാത്മകമായി അവതരിപ്പിച്ചിട്ടുണ്ട്<br>•വ്യക്തത<br>•ഒഴുക്ക്<br>പഴഞ്ചൊല്ല്<br>•പഴഞ്ചൊല്ലിന്റെ വ്യക്തവും വ്യംഗ്യവുമായ ആശയം കണ്ടെത്തിയിട്ടുണ്ട്.<br>•ഉചിതമായ വിധം വിശദീകരിച്ചിട്ടുണ്ട് |

യൂണിറ്റ് 4

# യൂണിറ്റ് വിശകലനം

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പ്രധാന പ്രവർത്തനങ്ങൾ വ്യവഹാര /പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • ജീവചരിത്രം, പഠനം, ഉപന്യാസം, നിരൂപണം തുടങ്ങിയവ വായിച്ച് ആശയമുൾക്കൊള്ളുന്നു.<br>•കേരളത്തിന്റെ ഗതകാലചരിത്രത്തിലെ ശ്രദ്ധേയമായ നേട്ടങ്ങൾ മനസ്സിലാക്കുന്നു.<br>•മഹാത്മാക്കളുടെ ജീവിതത്തിൽ നിന്നു പാഠമുൾക്കൊള്ളുന്നു. | ഉമർഖാസി - ധീരനായ സമരനായകൻ | •കാലത്തിനു മുമ്പെ നടന്ന ചില പ്രതിഭകളുണ്ട്. അവരെ തിരിച്ചറിയുന്നത് ആവേശജനകമാണ്.<br>•ഒന്നാം സ്വാതന്ത്ര്യസമരത്തിനും ഒരു നൂറ്റാണ്ടുമുമ്പെ ബ്രിട്ടീഷുകാരോട് സമരം പ്രഖ്യാപിച്ച ധീരനാണ് ഉമർഖാസി.<br>•രണ്ടു നൂറ്റാണ്ടു മുമ്പും കേരളത്തിൽ ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളുണ്ടായിരുന്നു. | ഗദ്യഭാഗം വായന<br>കുറിപ്പ്<br>അന്വേഷിച്ചറിയൽ, കുറിപ്പ് തയ്യാറാക്കൽ<br>പ്രഭാഷണം തയ്യാറാക്കൽ<br>കേരളത്തിലെ സ്വാതന്ത്ര്യസമര നായകർ - ചരിത്രം ശേഖരിച്ചു പതിപ്പ്തയ്യാറാക്കൽ | വായന<br>കുറിപ്പ്<br>പ്രഭാഷണം<br>പതിപ്പ് | അന്വേഷണക്കുറിപ്പ്<br>•കണ്ടെത്തിയ വിവരങ്ങൾ<br>•നിഗമനങ്ങൾ<br>•അവതരണരീതി<br>•ഭാഷ<br>പ്രഭാഷണം<br>•അഭിസംബോധന<br>•ആമുഖം<br>•വിഷയാവതരണം<br>•സ്വാഭിപ്രായ പ്രകടനം<br>•ഉപസംഹാരം |
| •കഥകൾ, നോവലുകൾ തുടങ്ങിയ സർഗാത്മകരചനകൾ വായിക്കുകയും അവയിലെ ഭാഷയുടെ വികാസപരിണാമങ്ങൾ, രചനാതന്ത്രങ്ങൾ, പ്രമേയപരമായ സവിശേഷതകൾ എന്നിവ വിലയിരുത്തി കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>•ജനങ്ങൾക്കിടയിൽ പ്രചാരത്തിലുള്ള വാമൊഴിപ്പദങ്ങൾക്ക് വിശാലമായ അർത്ഥതലങ്ങളുണ്ട്. അവ ഹൃദ്യവും മനോഹരവുമാണെന്നു കരുതുന്നു.<br>•ഉറൂബിന്റെ ചില കഥാപാത്രങ്ങൾ ചിരിപ്പിക്കുക മാത്രമല്ല ചിന്തിപ്പിക്കുകയും ചെയ്യുന്നുവെന്നു മനസ്സിലാവുന്നു.<br>•സാഹിത്യരചനകളിലെ ഭാഷാഭേദങ്ങൾ, വാമൊഴി വഴക്കങ്ങൾ തുടങ്ങിയവ വിശകലനം ചെയ്യുന്നു. | പതിനാലാമത്തെ മെമ്പർ | •അനേകം ജനങ്ങളുടെ ത്യാഗപൂർണമായ പ്രവർത്തനങ്ങളിലൂടെയാണ് ഇന്ത്യ സ്വതന്ത്രയായത്.<br>•സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടം അനേകം സ്ത്രീകളെ വിധവകളാക്കുകയും കുട്ടികളെ അനാഥരാക്കുകയും ചെയ്തിട്ടുണ്ട്.<br>•പഴയകാല കേരളത്തിലെ ജനങ്ങൾ ഏറെ കഷ്ടപ്പാടുകൾ സഹിച്ചവരായിരുന്നു. | കഥ ഭാവാത്മകമായി വായിക്കൽ<br>വാമൊഴിപ്പദങ്ങൾ കണ്ടെത്തൽ<br>കഥാപാത്ര നിരൂപണം തയ്യാറാക്കൽ<br>അഭിനയിക്കൽ<br>സ്വാഭിപ്രായമെഴുതൽ<br>ഡയറി എഴുതൽ<br>വിശകലനക്കുറിപ്പ് തയ്യാറാക്കൽ | കഥാവായന<br>പദങ്ങൾ<br>കഥാപാത്രനിരൂപണം<br>അഭിനയം<br>കുറിപ്പ്<br>ഡയറിക്കുറിപ്പ്<br>വിശകലനക്കുറിപ്പ് | കഥാവായന<br>•ആശയം ഉൾക്കൊണ്ട് ഭാവാത്മക വായന<br>•സംഭാഷണ ശൈലിയുടെ അനുകരണം<br>കഥാപാത്ര നിരൂപണം<br>•കഥാപാത്രത്തിന്റെ രൂപഭാവങ്ങൾ<br>•കഥയിലെ സ്ഥാനം<br>•സ്വഭാവം<br>•പ്രവർത്തനങ്ങൾ<br>•നിരൂപണം<br>•സ്വാഭിപ്രായം<br>•ഭാഷ |

## പ്രവേശക പ്രവർത്തനം

പ്രവേശകമായി നൽകിയിരിക്കുന്ന കഥ കുട്ടികൾ വായിക്കട്ടെ. അതിലടങ്ങിയ സന്ദേശമെന്തെന്നു ചർച്ച ചെയ്യാം.

- കുതിരപ്പന്തയത്തിൽ ഒന്നാം സ്ഥാനത്തെത്തിയത് തന്റെ കുതിരയാണെന്ന് അലറി വിളിച്ച് അവകാശപ്പെട്ടതാരായിരുന്നു?
- ആ അലറിവിളിക്കലിന്റെ ഉദ്ദേശ്യം എന്തായിരിക്കാം?
- മധ്യസ്ഥർ വിധി പ്രസ്താവിച്ചതെങ്ങനെ?
- അപ്പോൾ ഗവർണറുടെ പുത്രൻ എന്താണു ചെയ്തത്?
- എന്തുകൊണ്ടായിരിക്കാം മകൻചെയ്ത തെറ്റിന് ഖലീഫ പിതാവിനെയും ശിക്ഷാ വേദിയിൽ കയറ്റിയത്?
- എന്തു ശിക്ഷയാണ് ഖലീഫ വിധിച്ചത്?
- ഖലീഫ പ്രതിയുടെ പിതാവിനേടു പറഞ്ഞ വാക്കുകളുടെ പൊരുളെന്താണ്?

കുട്ടികളുടെ പ്രതികരണത്തിനനുസരിച്ച് ടീച്ചർ വിശദീകരണം നൽകുന്നു.
ചർച്ച ക്രോഡീകരിക്കുന്നു:

- മത്സരത്തിൽ തോറ്റെങ്കിലും പിതാവ് ഗവർണറാണെന്ന ഹുങ്ക് കാണിച്ചു വിജയം തട്ടിയെടുക്കാൻ ശ്രമിക്കുകയായിരുന്നു ഗവർണറുടെ മകനും കൂട്ടുകാരും.
- ഗവർണറുടെ മകന്റെ പ്രതികരണത്തിലും വാക്കുകളിലും താൻ മറ്റുള്ളവരെക്കാൾ ഉയർന്നവനാണെന്നും തനിക്ക് കൂടുതൽ അവകാശങ്ങളുണ്ടെന്നുമുള്ള ധ്വനിയുണ്ടായിരുന്നു.
- ഗവർണർ എന്ന പദവിയുടെ പേരിലാണല്ലോ അഹങ്കരിച്ചത്, അതുകൊണ്ട് ഗവർണറും അതിനുത്തരവാദിയാണ് എന്നായിരുന്നു ഖലീഫയുടെ കണ്ടെത്തൽ.
- ഗവർണറും പുത്രനുമെല്ലാം നിയമത്തിന്റെ മുന്നിൽ തുല്യരാണെന്ന പ്രഖ്യാപനമായിരുന്നു ആ ശിക്ഷ നടപ്പാക്കൽ.
- മനുഷ്യരെല്ലാം സ്വതന്ത്രരാണെന്നും അധികാരത്തിന്റെയും സമ്പത്തിന്റെയും മറ്റും പേരിൽ മേന്മ നടിക്കാനാർക്കും അവകാശമില്ലെന്നും ആരെയും താഴ്ത്തിക്കെട്ടാൻ ഒരാൾക്കും അധികാരമില്ലെന്നുമാണ് ഖലീഫയുടെ വാക്കിന്റെ പൊരുൾ.
- ഭരണാധികാരിക്കും അയാളുടെ ബന്ധുക്കൾക്കും രാജ്യത്തിലും പൊതുസ്വത്തിലും സാധാരണ പൗരനുള്ള അവകാശമേയുള്ളൂ എന്നു തെളിയിക്കുകയായിരുന്നു ഖലീഫ.

ചർച്ചയിൽ വ്യക്തമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ കുട്ടികൾ ലഘുകുറിപ്പ് തയ്യാറാക്കട്ടെ.

പാഠം 12

# ഗാന്ധിജിയും അഹിംസയും

സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചർച്ച വരുമ്പോഴൊക്കെ ഭാരതീയരുടെ മനസ്സിൽ ഗാന്ധിജിയുടെ രൂപം തെളിഞ്ഞുവരും. വെറും രണ്ടു കഷ്ണം തുണിയിൽ തന്റെ സർവ്വാഡംബരങ്ങളും ഒതുക്കിനിർത്തിയ ഗാന്ധിജി. ജീവിതാനുഭവങ്ങളിൽനിന്നു വെള്ളക്കാരെക്കുറിച്ചു മനസ്സിലാക്കിയ സത്യങ്ങളും ഇന്ത്യൻജനതയുടെ പതിതാവസ്ഥയുമാണ് അദ്ദേഹത്തിന്റെ മനസ്സിൽ അടിമത്തത്തിനെതിരെയുള്ള പോരാട്ടവീര്യം കടത്തിവിട്ടത്. എന്നാൽ ജനങ്ങളെ ഇളക്കിവിട്ട് സ്വാതന്ത്ര്യം തിരിച്ചുപിടിക്കാനുള്ള വിപ്ലവപ്രവർത്തനങ്ങൾക്ക് അദ്ദേഹം തയ്യാറായില്ല. അദ്ദേഹത്തിന്റെ ഓരോ പ്രവർത്തനവും അതിസൂക്ഷ്മമായ വിശകലനങ്ങൾക്കും ആത്മപരിശോധനക്കും നാനാവിധത്തിലുള്ള പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള വിലയിരുത്തലിനും ശേഷം രൂപം നൽകിയതായിരുന്നു. അതാണ് ഗാന്ധിജിയെ ഇതര നേതാക്കളിൽനിന്നു വേർതിരിച്ചു നിർത്തുന്നതും മഹാത്മാവാക്കുന്നതും.

'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്നു ഗാന്ധിജി പ്രഖ്യാപിച്ചിട്ടുണ്ട്. അതായത് സ്വന്തം ജീവിതത്തിൽ പ്രായോഗികമാക്കാൻ പറ്റാത്തതൊന്നും ഗാന്ധിജി ജനങ്ങളോടു പറഞ്ഞില്ല. താൻ പ്രായോഗികമാക്കിയ, താനുൾക്കൊണ്ട ആദർശം മാത്രമേ അദ്ദേഹം പ്രഖ്യാപിച്ചുള്ളൂ. സത്യസന്ധതയുടെ ഏറ്റവും പ്രകടമായ രൂപമാണത്.

സത്യവും അഹിംസയുമാണ് ആ ജീവിതദർശനത്തിന്റെ അടിസ്ഥാന ശിലകൾ. സത്യം പാലിക്കാൻ, സത്യത്തിലുറച്ചു നിൽക്കാൻ അദ്ദേഹം അനുഷ്ഠിക്കേണ്ടി വന്ന ത്യാഗത്തിന്റെ കഥകൾ പ്രസിദ്ധമാണ്. ലക്ഷ്യം എത്ര മഹത്തായതും വിശുദ്ധമായതുമാണെങ്കിലും അതു നേടിയെടുക്കാനുള്ള മാർഗങ്ങളും വിശുദ്ധമായിരിക്കണമെന്ന വ്രതമായിരുന്നു ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള സ്വാതന്ത്ര്യസമരത്തിൽ ലോകം കണ്ടത്. ഒരു ഘട്ടത്തിലും അദ്ദേഹം ഹിംസയുടെ മാർഗം പിന്തുടരുകയോ ഹിംസയെ പ്രോത്സാഹിപ്പിക്കുകയോ ചെയ്തില്ല. അഹിംസാധിഷ്ഠിതമായ സത്യഗ്രഹമായിരുന്നുവല്ലോ അദ്ദേഹത്തിന്റെ സമരായുധം. വിദേശികളായ ബ്രിട്ടീഷുകാരോടു മാത്രമല്ല, സ്വദേശികളായ ഇന്ത്യക്കാരോടും അദ്ദേഹം ഇതേ സമരമുറ പ്രയോഗിക്കുകയും അവരെ മുട്ടുകുത്തിക്കുകയും ചെയ്ത സംഭവങ്ങൾ ചരിത്രത്തിൽ കാണാം.

ഗാന്ധിജിയെ പുതിയതലമുറ പൂർണമായി മനസ്സിലാക്കേണ്ടതുണ്ട്. കാരണം ആ മഹാത്മാവിനെ തമസ്കരിക്കാനുള്ള ഗൂഢനീക്കങ്ങൾ പല ഭാഗത്തുനിന്നും നടക്കുന്നുണ്ട്. പാഠപുസ്തകങ്ങളിൽ അദ്ദേഹത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ഒഴിവാക്കാനും അദ്ദേഹം സ്വീകരിച്ച സത്യം, അഹിംസ എന്നീ വ്രതങ്ങളെ ചോദ്യംചെയ്യാനും അദ്ദേഹം കാണിച്ച വിശാലവീക്ഷണത്തെ അപഹസിച്ച് ചാരനായി മുദ്രയടിക്കാനും മാത്രമല്ല, പരസ്യമായി അദ്ദേഹത്തിന്റെ പ്രതിമകൾ തകർക്കാനും ചിത്രങ്ങളിൽ നിറയൊഴിച്ച് അരിശം തീർക്കാനും തെറ്റായ ചിത്രങ്ങൾ ബാലമനസ്സുകളിൽ ഉറപ്പിക്കാനും തല്പരകക്ഷികൾ ശ്രമിച്ചുകൊണ്ടിരിക്കുന്ന പുതിയകാലത്ത് ഇതനിവാര്യമാണ്. കുട്ടികളുടെ മനസ്സിൽ ഗാന്ധിജിയുടെ നല്ല ചിത്രങ്ങൾ പതിയണം. അദ്ദേഹത്തിന്റെ സന്ദേശങ്ങൾ ഉണർവ് പകരണം. അദ്ദേഹത്തിന്റെ അനുഭവങ്ങൾ പാഠങ്ങൾ നൽകണം. അതി

നുള്ള ശ്രമങ്ങൾ ഈ പാഠാവതരണത്തോടൊപ്പം നടക്കേണ്ടതാണ്.

**പാഠാവതരണം**

സ്വാതന്ത്ര്യത്തെക്കുറിച്ച് പ്രവേശകത്തിൽ പരാമർശിച്ചുവല്ലോ. അവിടെനിന്നുതന്നെ തുടങ്ങാം. ടീച്ചർ ചില ചോദ്യങ്ങളുന്നയിക്കുന്നു:

- ആഗസ്റ്റ്പതിനഞ്ചിനു നാം സ്വാതന്ത്ര്യദിനം ആഘോഷിക്കാറുണ്ടല്ലോ. എന്തിൽ നിന്ന്, ആരിൽ നിന്നാണ് നമുക്ക് സ്വാതന്ത്ര്യം ലഭിച്ചത്?
- ആരായിരുന്നു നമ്മെ അടിമകളാക്കിയത്?
- എങ്ങനെയാണ് നമ്മുടെ രാജ്യം സ്വാതന്ത്ര്യം വീണ്ടെടുത്തത്?
- ആരായിരുന്നു ആ പ്രവർത്തനത്തിനു നേതൃത്വം നൽകിയത്?

ചർച്ച ഗാന്ധിജിയിലേക്കു ക്രോഡീകരിക്കാം.

'ഗാന്ധിജിയെക്കുറിച്ചു നിങ്ങൾക്കു കൂടുതൽ അറിയേണ്ടേ' എന്ന ചോദ്യത്തോടെ പാഠ ഭാഗം വായിക്കാൻ നിർദ്ദേശിക്കാം.

ഓരോ ഖണ്ഡികയായി വായിക്കാൻ സമയം അനുവദിക്കാം. വായിച്ചു കഴിയുമ്പോൾ ടീച്ചർ അവധാരണ ചോദ്യങ്ങൾ ചോദിക്കുന്നു. ആവശ്യമായ വിശദീകരണം നൽകുന്നു. ഈ വിധം പാഠഭാഗം പൂർണ്ണമായി വായിച്ച് വിശകലനം ചെയ്ത ശേഷം തുടർപ്രവർത്തനങ്ങളിലേക്കു കടക്കാം.

**ഉത്തരം കണ്ടെത്താം**

നൽകിയിരിക്കുന്ന ചോദ്യങ്ങൾ വായിച്ച് കുട്ടികൾ ഉത്തരം കണ്ടെത്തട്ടെ. ടീച്ചർ ചില കുട്ടി കളോട് ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ നിർദ്ദേശിക്കുന്നു. അവർ കണ്ടെത്തിയ ഉത്തരം ശരി യാണോ? മറ്റു കുട്ടികൾ വിലയിരുത്തട്ടെ. പോരായ്മകൾ ചൂണ്ടിക്കാട്ടട്ടെ. അതനുസരിച്ച് ഉത്തര ത്തെക്കുറിച്ച് പൂർണബോധ്യം വരുത്തിയശേഷം നോട്ടുബുക്കിലെഴുതാം. ടീച്ചർ വിലയിരുത്ത ണം.

**ആശയം വിശദമാക്കുക**

വള്ളത്തോളിന്റെ 'എന്റെ ഗുരുനാഥൻ' എന്ന കവിതയിൽ നിന്നെടുത്ത വരികളാണിവ. കുട്ടികൾ കവിത വായിക്കട്ടെ. ഗാന്ധിജിയുടെ സവിശേഷതകൾ കണ്ടെത്തി പറയട്ടെ.

ക്രോഡീകരണം :

- ആ മഹാത്മാവിന്റെ വ്രതം ശാശ്വതമായ അഹിംസയാണ്.
- ശാന്തിയാണ് അദ്ദേഹത്തിന്റെ പരദേവത.
- അഹിംസ എന്ന പടച്ചട്ട ഏതു വാളിന്റെയും വായ്ത്തല മടക്കിക്കളയും എന്ന ദ്ദേഹം പറയാറുണ്ട്.

ഈ വരികളിൽ സൂചിപ്പിക്കുന്നത് ഗാന്ധിജി തന്നെ പറഞ്ഞ കാര്യമാണ്. സത്യത്തെ അദ്ദേഹം ദൈവമായി കാണുന്നു. ആ ദൈവത്തെ പ്രാപിക്കാനുള്ള വ്രതമായി അഹിംസയെയും. എത്ര മൂർച്ചയേറിയ വാളിന്റെയും വായ്ത്തല മടക്കിക്കളയാൻ അഹിംസക്കു കഴിയും. ഏതു ക്രൂര നെയും കീഴ്പ്പെടുത്താൻ, എത്ര ശക്തരായവരെയും തന്റെ വഴിക്കു കൊണ്ടുവരാൻ അതുവഴി സാധിക്കുമെന്ന് അവകാശപ്പെടുക മാത്രമല്ല, ഗാന്ധിജി അതു തെളിയിക്കുകയും ചെയ്തിട്ടുണ്ട്. ചർച്ചയിലൂടെ ലഭിച്ച ആശയങ്ങൾ ഉൾക്കൊള്ളിച്ച് കുട്ടികൾ കുറിപ്പ് തയ്യാറാക്കട്ടെ.

**സെമിനാർ സംഘടിപ്പിക്കാം**

ഗാന്ധിജിയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനുള്ള പ്രവർത്തനമാണിത്.
സെമിനാർ സംഘടിപ്പിക്കുമ്പോൾ എന്തൊക്കെയാണു വേണ്ടത്? ചർച്ച ചെയ്യാം.
ആദ്യം സെമിനാറിൽ അവതരിപ്പിക്കേണ്ട പ്രബന്ധങ്ങൾ കണ്ടെത്താം.

- ഗാന്ധിജിയുടെ ജീവിതം – ആദർശനിഷ്ഠ
- വ്യക്തിത്വം
- അനുഭവങ്ങൾ
- സമരരീതി
- സ്വാതന്ത്ര്യസമരം – ഇന്ത്യ സ്വാതന്ത്ര്യം നേടിയപ്പോൾ
- രക്തസാക്ഷിത്വം
- ഇന്ത്യയുടെ ഇന്നത്തെ അവസ്ഥ
- ഗാന്ധിദർശനങ്ങളുടെ പ്രസക്തി

ചർച്ച ചെയ്യപ്പെടേണ്ട വസ്തുതകൾ കണ്ടെത്തിയ ശേഷം കുട്ടികളെ ഗ്രൂപ്പാക്കാം.
വിഷയങ്ങൾ നാലോ അഞ്ചോ ശീർഷകങ്ങളിലൊതുക്കി ഗ്രൂപ്പുകൾക്ക് നൽകാം. ഓരോ ഗ്രൂപ്പും തങ്ങൾക്കു കിട്ടിയ വിഷയത്തെക്കുറിച്ചുള്ള വിവരശേഖരണം നടത്തട്ടെ. അത് അവതരിപ്പിക്കേണ്ടയാളെയും ഗ്രൂപ്പിൽ കണ്ടെത്തണം. ഗ്രൂപ്പിൽ ചർച്ച ചെയ്ത് പ്രബന്ധം തയ്യാറാക്കട്ടെ.

**സെമിനാറിനുമുമ്പ്**

- സെമിനാറിന് ഒരു സംഘാടകസമിതിയുണ്ടാക്കാം.
- ഓരോ ഗ്രൂപ്പിൽ നിന്നും ഓരോ കുട്ടിയെ ഇതിൽ ഉൾപ്പെടുത്തണം
- അവർ കൂടിയിരുന്ന് സെമിനാറിന്റെ സ്ഥലം, തീയതി, സമയം എന്നിവ കാണണം.
- സമിതിക്ക് ഒരു കൺവീനറെയും സെമിനാർ നിയന്ത്രിക്കാൻ ഒരു മോഡറേറ്ററെയും തിരഞ്ഞെടുക്കാം.
- പരസ്യം, നോട്ടീസ്, ക്ഷണക്കത്ത് തുടങ്ങിയവ തയ്യാറാക്കാൻ അംഗങ്ങളെ ചുമതലപ്പെടുത്തണം.
- പരിപാടി ഉദ്ഘാടനം ചെയ്യാൻ പുറത്തു നിന്നൊരാളെ ക്ഷണിക്കാം. ക്ലാസ് ടീച്ചറായാലും മതി.

**സെമിനാർ നടത്തുമ്പോൾ**

- നിശ്ചിതദിവസം കൃത്യസമയത്തു തന്നെ സെമിനാർ തുടങ്ങണം.
- സംഘാടകസമിതി കൺവീനർ സ്വാഗതം പറയണം.
- വിശിഷ്ടാതിഥി ഉദ്ഘാടനം നിർവഹിച്ച ശേഷം മോഡറേറ്റർ ആമുഖപ്രഭാഷണം നടത്തണം.
- ശേഷം ഓരോരുത്തരായി പ്രബന്ധം അവതരിപ്പിക്കട്ടെ.
- ഓരോ പ്രബന്ധാവതരണത്തിനു ശേഷവും ചർച്ചയ്ക്ക് അവസരം നൽകണം.
- ചർച്ചയിലെ ആശയം എല്ലാ കുട്ടികളും സംഗ്രഹിച്ചെഴുതണം.
- പ്രബന്ധാവതരണത്തിനുശേഷം മോഡറേറ്റർ ക്രോഡീകരണം നടത്തണം.

അവതരണശേഷം ചർച്ചാകുറിപ്പ് വികസിപ്പിച്ച് കുട്ടികൾ വ്യക്തിഗത പ്രബന്ധങ്ങൾ തയ്യാറാക്ക

ട്ടെ.
സെമിനാർ റിപ്പോർട്ടും വിലയിരുത്തൽ കുറിപ്പും പ്രബന്ധത്തോടൊപ്പം സമർപ്പിക്കണം.

**വായിക്കാം, ഉത്തരം കണ്ടെത്താം WB**

ഗാന്ധിജിയുടെ കുട്ടിക്കാലത്തെ ഒരനുഭവമാണ് നൽകിയിരിക്കുന്നത്. കുട്ടിക്കാലത്ത് തന്നെ ജാതിചിന്തയിലും അതു സംബന്ധമായുള്ള ആചാരങ്ങളിലും ഗാന്ധിജിക്കു താല്പര്യവും വിശ്വാസവുമുണ്ടായിരുന്നില്ലെന്ന് ഈ അനുഭവം തെളിയിക്കുന്നു.
കുറിപ്പ് വായിച്ച് കുട്ടികൾ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തട്ടെ.
കുറിപ്പിൽ നിന്ന് ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ മറ്റുള്ളവരോട് ചോദിച്ചറിയട്ടെ.

**ഒറ്റവാക്കെഴുതുക**

- ആത്മശക്തി
- ഉച്ചനീചത്വം
- വ്യക്തിത്വ സവിശേഷത
- സ്വാർത്ഥ ചിന്തകൾ
- സത്യസാക്ഷാത്ക്കാരം

**കുറിപ്പ് തയ്യാറാക്കാം**

- 'എന്റെ ജീവിതമാണ് എന്റെ സന്ദേശം'.
- ഗാന്ധിജിയുടെ ഈ വാക്കുകൾ എത്രത്തോളം ശരിയാണ്?
- പറഞ്ഞതെല്ലാം ഗാന്ധിജി പ്രാവർത്തികമാക്കിയിട്ടുണ്ടോ?

ഗാന്ധിജിയുടെ ജീവിതത്തെക്കുറിച്ച് വ്യക്തമായ ചർച്ചകളും സെമിനാറും നടന്നു കഴിഞ്ഞല്ലോ. അതുകൊണ്ട് ഈ പ്രവർത്തനം എളുപ്പത്തിൽ ചെയ്യാൻ കഴിയും.
കുട്ടികൾ ഹോംവർക്കായി നിർവഹിക്കട്ടെ. ടീച്ചർ വിലയിരുത്തണം.

**വാക്യത്തിൽ പ്രയോഗിക്കുക**

നിർദ്ദിഷ്ടപദങ്ങളുടെ അർത്ഥം മനസ്സിലാക്കി ഉചിതമായവിധത്തിൽ വാക്യത്തിൽ പ്രയോഗിക്കണം. ടീച്ചർവേർഷൻ പ്രദർശിപ്പിക്കുന്നു:

- രാജ്യപുരോഗതിയുടെ അടിസ്ഥാനശില വിദ്യാഭ്യാസമുള്ള ജനങ്ങളാണ്.
- മാതാപിതാക്കളെ നിന്ദിക്കുകയെന്നത് ഗുരുതരമായ അപരാധമാണ്.
- സമാധാനകാംക്ഷികൾ ഒരിക്കലും പരോപദ്രവത്തിനു തുനിയുകയില്ല.
- വിഷമസ്ഥിതിയിൽ സഹായവുമായെത്തുന്ന സുഹൃത്താണ് ഉത്തമസുഹൃത്ത്.
- പാവങ്ങളെ ചൂഷണം ചെയ്യുന്നത് മഹാദ്രോഹമാണ്.

## പാഠം 13

# നാവടക്കം

വീരാൻകുട്ടിയുടെ ‘നാവടക്കം’ എന്ന കവിത സമകാലിക പ്രസക്തിയുള്ള ആക്ഷേപ ഹാസ്യ രചനയാണ്. ഉത്തരാധുനിക മലയാളസാഹിത്യത്തിലെ ശ്രദ്ധേയനായ ഈ കവി പ്രതിക രണശേഷി നഷ്ടപ്പെട്ട, ഏതു കാര്യവും നിസ്സംഗമായി നേരിടുന്ന, സ്വന്തം കാര്യങ്ങളിൽ മാത്രം അഭിരമിക്കുന്ന വിഭാഗങ്ങളെ സൃഷ്ടിച്ചുവിടുന്ന വ്യവസ്ഥിതിക്കെതിരെ അതിരൂക്ഷമായാണ് പ്രതി കരിക്കുന്നത്. വിദ്യാഭ്യാസഘട്ടത്തിൽ അടിച്ചേൽപ്പിക്കപ്പെടുന്ന അച്ചടക്കച്ചിട്ട ജീവിതത്തിലുടനീളം പിന്തുടരുന്ന ഉൾവലിയലായി മാറുന്ന അവസ്ഥയാണ് ‘നാവടക്ക’ത്തിലൂടെ കവി ആവിഷ്കരിച്ചി രിക്കുന്നത്.

പഠനകാലം കളിക്കാനും തമാശകളൊപ്പിക്കാനും ചിരിക്കാനും ചിരിപ്പിക്കാനും കുസൃതി കളിൽ അഭിരമിക്കാനുമൊക്കെയുള്ളതാണ്. അപ്പോഴാണല്ലോ കുട്ടികൾക്ക് പുറംലോകത്ത് നിഷ്ക ളങ്കമായ കൂട്ടുകെട്ടുകൾ സാധ്യമാകുന്നത്. എന്നാൽ ആ ഘട്ടത്തിൽ ചില കുട്ടികൾ കർശനമായ അച്ചടക്കച്ചിട്ടയാണു നേരിടുന്നത്. ചിരിക്കാനും കളിക്കാനും പാടില്ല, ചങ്ങാത്തം വേണ്ട, പഠിച്ചു കൊള്ളണം, റാങ്കു നേടണം, അച്ഛനമ്മമാരുടെ മാനം കാക്കണം എന്നിങ്ങനെയുള്ള കർശനമായ ശാസനകൾ. ഉണർന്നെഴുന്നേൽക്കുന്നത് ട്യൂഷൻടീച്ചറുടെ മുൻപിലേക്കായിരിക്കും. സ്കൂൾ വിട്ടാലും ട്യൂഷൻ, രാത്രിയിൽ പാതിരാവരെ ഗൃഹപാഠങ്ങൾ! ‘സ്കൂളിൽ മോൻ/ മോൾ ഉഴപ്പു ന്നതു ശ്രദ്ധിക്കണേ സാറേ’ എന്ന മുന്നറിയിപ്പ്. അച്ചടക്കമുള്ള കുട്ടി എന്നറിയുമ്പോൾ, അധ്യാപ കരുടെ പ്രശംസ കേൾക്കുമ്പോൾ വാനോളമുയരുന്ന സന്തോഷം!

സ്കൂൾഘട്ടം കഴിഞ്ഞാലുമില്ല ചിട്ടക്കൊരു കുറവ്. കർക്കശക്കാരുടെ വിദ്യാഭ്യാസസ്ഥാപ നത്തിൽ ചിട്ടയൊത്ത പഠനം. അച്ഛനുമമ്മയും ഇച്ഛിച്ച മേഖലയിൽ തന്നെ കയറിപ്പറ്റണം. പുറംലോകത്തേക്കു നോക്കരുത്, രാഷ്ട്രീയത്തെക്കുറിച്ച് ചിന്തിക്കരുത്., സാമൂഹികസേവനമേ ഖലയൊന്നും പഠിക്കുന്നവർക്കു ചേർന്നതല്ല. ഇങ്ങനെയുള്ള മനോഭാവവുമായി വളരുന്നൊരു വിഭാഗം. അവർ വിജയിക്കുന്നുണ്ടാകാം; തനിക്കു വേണ്ടി, സ്വന്തം മാതാപിതാക്കൾക്കു വേണ്ടി മാത്രം! ഉന്നതതസ്തികയിലെത്തിക്കഴിഞ്ഞാൽ അവരിലധിക പേരും തന്നെമാത്രമേ കാണുന്നു ണ്ടാകൂ. സ്പെഷ്യലൈസ്ഡ് ഫീൽഡുകളിൽ അവർ പണിയെടുക്കുന്നു; തനിക്കുവേണ്ടി. സമൂഹപ്രതിബദ്ധതയില്ല. സഹായ മന:സ്ഥിതിയില്ല, സേവന ചിന്തയില്ല; വെറും ഒരു യന്ത്രം. അവരെപ്പോഴും നിശ്ശബ്ദരാണ്. എങ്കിൽ ജീവിതം പരമസുഖം. ജീവിതത്തിൽ എതിർപ്പുകളില്ല, ശത്രുക്കളില്ല, മിത്രങ്ങളും. അവർക്ക് അവർതന്നെ ധാരാളം. അപ്പോഴവർക്ക് ആകെ ഒരു അസൗ കര്യമുള്ളത് കവി ചൂണ്ടിക്കാട്ടിയ കാര്യം തന്നെ; വായ്ക്കകത്ത് വിലങ്ങനെ കിടക്കുന്ന ഒരു മാംസ ക്കഷ്ണം! സമൂഹത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന കൊടുംസ്വാർത്ഥതയുടെ ചിത്രം എത്ര മനോഹരമായാണ് കവി ആവിഷ്കരിച്ചിരിക്കുന്നത്!.

പക്ഷേ, ഇത് ഒരു ജനാധിപത്യരാഷ്ട്രത്തിലെ പൗരനു ചേർന്ന ഏർപ്പാടല്ല. മൗനികളുടെ, പ്രതികരണശേഷിയില്ലാത്തവരുടെ എണ്ണം വർദ്ധിക്കുന്തോറും സമൂഹവും രാജ്യവും അപകടത്തിലേക്കു കുതിക്കുകയാണ്. കള്ളൻമാർ രാജ്യത്തെ സമ്പത്തുമുഴുവൻ സ്വന്തം അക്കൗണ്ടിലൊതുക്കുന്നു, ഭരണരേഖ തങ്ങൾക്കുതകുംവിധം വരച്ചുമാറ്റുന്നു. തങ്ങൾക്കു പറ്റിയവരെ അധികാരക്കസേരയിൽ ഉപവിഷ്ടരാക്കുന്നു. രാജ്യം സ്വകാര്യസ്വത്തായി അധീനപ്പെടുത്തുന്നു. അവസാനം അവർ നമുക്കുനേരെയും ഇവർക്കുനേരെയും വരും. അപ്പോൾപ്പിന്നെ മിണ്ടാട്ടത്തിന് ഒരു പ്രസക്തിയുമുണ്ടാകില്ലെന്നു മാത്രം.

ഇവിടെ കുട്ടികൾ ചില തിരിച്ചറിവുകൾ നേടേണ്ടതുണ്ട്. അച്ചടക്കമെന്നാൽ ഒരു കാര്യത്തിലും പ്രതികരിക്കാതെ മൗനം പൂണ്ടിരിക്കലല്ല. അച്ചടക്കം തന്നടക്കമാണ്. അതായത് തന്നെ അടക്കി നിർത്തുക. താൻ കാരണം മറ്റുള്ളവർക്ക് ഒരു പ്രയാസവും ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക. ബഹളമുണ്ടാക്കരുതെന്നത് ശരിയാണ്. എന്നാൽ പറയേണ്ടതു പറഞ്ഞുശീലിക്കണം. ചെയ്യേണ്ടതു ചെയ്തുശീലിക്കണം. അപ്പോഴേ മുതിർന്നു കഴിഞ്ഞാലും പറയേണ്ടതു പറയാനും ചെയ്യേണ്ടതു ചെയ്യാനുമുള്ള ആത്മധൈര്യമുണ്ടാകുകയുള്ളു. തെറ്റുകൾ കാണുമ്പോൾ പ്രതികരിക്കാതെ സ്വന്തം വാൽമീകത്തിനുള്ളിലൊതുങ്ങി ഒളിച്ചിരിക്കുന്നത് ഉത്തമപൗരന് ചേർന്നതല്ല. പണിയെടുത്താൽ മാത്രം പോരാ, ചൂഷണത്തിനെതിരെ ശബ്ദിക്കാനും കൂലി പോരെങ്കിൽ ചോദിച്ചു വാങ്ങാനും അനീതിക്കെതിരെ പ്രതികരിക്കാനുമുള്ള തന്റേടമാർജ്ജിക്കണം. വിദ്യാഭ്യാസത്തിലൂടെയാണ് അതു നേടേണ്ടത്. അല്ലെങ്കിൽ കാലം നമ്മെ പഴിക്കും. ഒന്നിനും കൊള്ളരുതാത്തവരായി ചവറ്റുകുട്ടയിലേക്ക് വലിച്ചെറിയും. ഇത്തരം ചിന്തകളും അവബോധവും കുട്ടികളുടെ മനസ്സിലേക്ക് കടത്തിവിടാൻ ഈ പാഠഭാഗം പ്രയോജനപ്പെടുത്തേണ്ടതാണ്.

## പാഠാവതരണം

പാഠഭാഗത്തു നൽകിയ ചിത്രം കുട്ടികൾ ശ്രദ്ധിക്കട്ടെ. എന്താണ് അതിൽനിന്നു മനസ്സിലാകുന്നത്? രണ്ടുപേരുടെയും ഭാവങ്ങൾ വിലയിരുത്തട്ടെ.

- മൂക്കത്തു വിരൽവച്ചു ശാസിക്കുന്നയാളുടേത് കർക്കശഭാവമല്ലേ?
- വാപൊത്തി അയാളെ നോക്കി നിൽക്കുന്ന കുട്ടിയുടെ ഭാവമോ?

ആ കണ്ണുകളിലെ ഭയവും ദയനീയഭാവവും കുട്ടികൾ തിരിച്ചറിയട്ടെ.
ഒരാൾ ശാസിക്കുന്നു, മറ്റേയാൾ ഭയന്നു വിറച്ച് ആ ശാസന അനുസരിക്കുന്നു.
മൗനം പാലിക്കാനാണു ശാസന – ഈ വീക്ഷണത്തിലേക്ക് ചർച്ച ക്രോഡീകരിക്കാം.
'മൗനം പാലിക്കുന്നതിനെക്കുറിച്ചുള്ള ഒരു കവിത വായിക്കാം' എന്ന ആമുഖത്തോടെ ടീച്ചർ കവിത വായിക്കാൻ നിർദ്ദേശിക്കുന്നു.
കുട്ടികൾ മൗനമായി കവിത വായിക്കുന്നു. തുടർന്ന് ഏതാനും പേർ കവിത ഭാവാത്മകമായി ഉറക്കെ വായിക്കട്ടെ. ടീച്ചർ മാതൃകാപരമായി കവിത വായിക്കുന്നു.
കവിതയുടെ ആശയം വിശകലനം ചെയ്യാം:

- 'ക്ലാസ്സിൽ മിണ്ടുന്നവരുടെ ..................' (കുട്ടിക്കാലത്തേ ആർജ്ജിക്കുന്ന ചില ശീലങ്ങൾ; കുട്ടികൾക്ക് കൗതുകകരമായിരിക്കാം. പക്ഷേ, സ്വന്തം കൂട്ടുകാരെ ഒറ്റുകൊടുക്കുന്ന ആ പ്രവണത അത്ര ശരിയല്ലല്ലോ.
- 'നിശ്ശബ്ദത എവിടെ....... ? '
  നിയമങ്ങൾ അനുസരിക്കുന്നതിലല്ല കുഴപ്പം... അന്ധമായി അനുസരിക്കുന്നതിലാണ്. 'നിശ്ശബ്ദത പാലിക്കുക' എന്നെവിടെ കണ്ടാലും അമിതഭക്തിയോടെ വാ പൊത്തേണ്ടതില്ല. എന്തിന്, എപ്പോൾ, എങ്ങനെ എന്നൊക്കെ അന്വേഷിക്കാനും ചോദിക്കാനും കണ്ടെത്താനും ശ്രമിക്കണം. അന്ധമായ അനുസരണം അഭികാമ്യമല്ല.

- "ഒച്ച വയ്ക്കരുത്" എന്ന താക്കീതുകേട്ട് അച്ചടക്കം പാലിക്കുന്നത് ഭീരുത്വമാണ്. അച്ചടക്കം തന്നടക്കമാണല്ലോ. കാര്യങ്ങൾ വിലയിരുത്തി ആവശ്യസമയത്ത് സ്വശരീരത്തെ നിയന്ത്രിക്കുകയാണ് വേണ്ടത്.
- 'വായാടികളും ദേശസ്നേഹവും' എന്ന പ്രഭാഷണം............
  'നാവടക്കൂ പണിയെടുക്കൂ' എന്നു കല്പിച്ചിരുന്നവരുടെ പടം..............
  രാഷ്ട്രീയമായ ചില സംഭവങ്ങളിലേക്കു സൂചന നൽകുന്ന പ്രയോഗങ്ങളാണിവ. അടിയന്തിരാവസ്ഥക്കാലവും മറ്റും ഓർമ്മയിലേക്കു കൊണ്ടുവരുന്നു.
  നാവു വഴക്കത്തിനുള്ള 'യോഗ' എന്ന പ്രയോഗത്തിലും അത്തരം സൂചനയാണുള്ളത്.
- അനീതിയും അക്രമവും അഴിമതിയും ശ്രദ്ധയിൽപ്പെടുമ്പോൾ സമ്പൂർണ്ണ മൗനം അപലപനീയമാണ്. തിന്മകൾക്കെതിരെ ഒന്നും പ്രതികരിക്കാതെ, ആരെയും എതിർക്കാതെ മൗനത്തിലാഴുമ്പോൾ, ഞാനും എന്റെ ലോകവും എന്ന കൊടിയ സ്വാർത്ഥതയിൽ അഭിരമിക്കുമ്പോൾ ശത്രുക്കളുണ്ടാവില്ല. ആരും തട്ടിക്കളയുമെന്നു പേടിക്കേണ്ടതില്ല.
  അപ്പോൾ പിന്നെ ഈ നാവെന്തിനാണ്? സംസാരിക്കാനുള്ളതല്ലേ നാവ്? ഒന്നും സംസാരിക്കാതിരിക്കുമ്പോൾ നാവ് അധികപ്പറ്റായ ഒരവയവമായിത്തീരുമെന്നും അതൊരു അസൗകര്യമായിത്തീരുമെന്നും കവി പരിഹസിക്കുന്നു.

## കണ്ടെത്താം

ചോദ്യങ്ങൾക്ക് വ്യക്തിപരമായി ഉത്തരം കണ്ടെത്തി എഴുതട്ടെ. പരസ്പരം ചർച്ചചെയ്തു സംശയങ്ങൾ തീർക്കാം. ടീച്ചർ വിലയിരുത്തണം.

## ചർച്ച ചെയ്യാം

കുട്ടികളുടെ ശ്രദ്ധ തിരിയേണ്ട വസ്തുതകൾക്ക് ഊന്നൽ നൽകുന്നതാണ് ചർച്ച ചെയ്യാൻ നൽകിയിരിക്കുന്ന ചോദ്യങ്ങൾ. ചോദ്യങ്ങൾ ടീച്ചർ ഉന്നയിക്കുന്നു; കുട്ടികൾ പ്രതികരിക്കട്ടെ. ആവശ്യമായ വിശദീകരണം നൽകണം.

- ഈ കഥാപാത്രത്തെ അച്ചടക്കമുള്ള ഒരു പൗരൻ എന്നു വിശേഷിപ്പിക്കാൻ പറ്റില്ല. സാമൂഹികബോധവും സാംസ്ക്കാരികമേന്മയുമുള്ള മനുഷ്യന് എല്ലാ കാര്യത്തിലും മൗനം പാലിക്കാൻ സാധിക്കുകയില്ല. തെറ്റുകൾ കാണുമ്പോൾ അയാൾ പ്രതികരിക്കും. അനീതിക്കും അക്രമത്തിനുമെതിരെ പ്രതിഷേധിക്കും, കഴിയുമെങ്കിൽ അവ തടയാൻ രംഗത്തിറങ്ങും.
- ഒരു കാര്യത്തിലും പ്രതികരിക്കാതെ, ശബ്ദമുയർത്താതെ ഒതുങ്ങിക്കഴിയുന്നവർ ഒന്നുകിൽ രോഗികളായിരിക്കും, അല്ലെങ്കിൽ ഭീരുക്കളായിരിക്കും.
- ഇത്തരം പൗരന്മാർ രാജ്യത്ത് വർദ്ധിക്കുന്നത് ജനാധിപത്യത്തിനു ഭീഷണിയാണ്. ദുർഭരണങ്ങൾക്കും തെറ്റായ നടപടികൾക്കും തിന്മകൾക്കുമെതിരെ പ്രതികരണമില്ലാതാകുമ്പോഴാണ് ഏകാധിപതികൾ പിടിമുറുക്കുന്നത്. ജനാധിപത്യത്തിന്റെ തകർച്ചയിലേക്കാണത് നയിക്കുക.
  ഇത്തരം അവബോധം കുട്ടികളുടെ മനസ്സിൽ സന്നിവേശിപ്പിക്കുംവിധം ചർച്ച നിയന്ത്രിക്കേണ്ടതാണ്.

**ആശയവിശദീകരണം** TB

"ആകെ ഒരൗസകര്യ ................................. കിടക്കുന്നു."

എല്ലാ കാര്യത്തിലും മൗനം പാലിക്കുന്നവരെ പരിഹസിക്കുകയാണ് കവി ഈ വരികളിലൂടെ. സംസാരിക്കാനുള്ളതാണല്ലോ നാവ്. ആവശ്യത്തിന് സംസാരിക്കണം. തിന്മകളെ വിലക്കണം. നന്മകളെ പ്രോത്സാഹിപ്പിക്കണം. തെറ്റുകളെ എതിർക്കണം. അക്രമങ്ങൾക്കെതിരെ പ്രതിഷേധിക്കണം, സത്യങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തണം. ഇതിനൊന്നും തയ്യാറാവാതെ ഒന്നിനും സമയമില്ലെന്നു പറഞ്ഞോ, ഇതൊന്നും തന്റെ ബാധ്യതയല്ലെന്നു നിനച്ചോ, എന്തെങ്കിലും പ്രതികരിച്ചാൽ അതു തന്റെ പദവികൾക്കോ സ്ഥാനമാനങ്ങൾക്കോ സമ്പത്തിനോ കുടുംബത്തിനോ ഭീഷണിയായേക്കും എന്നു ഭയന്നോ ഒഴിഞ്ഞുമാറുന്നവർക്ക് നാവ് ഉപയോഗശൂന്യമായ ഒരു മാംസക്കഷ്ണം തന്നെയാണ്. അതിനെ പിഴുതെടുത്തുകളയാനാവില്ല. വേവാത്ത മാംസമായതിനാൽ അകത്തേക്ക് ഇറക്കാനും കഴിയുന്നില്ല. അങ്ങനെ അസൗകര്യം സൃഷ്ടിച്ച് അത് വായിൽ വിലങ്ങനെ കിടക്കുന്നു. രൂക്ഷമായ പരിഹാസവും ആക്ഷേപവും ഈ വരികൾ ധ്വനിപ്പിക്കുന്നുണ്ട്.

ചർച്ചയിലൂടെ വരികളുടെ ആശയത്തെക്കുറിച്ച് കുട്ടികളെ ധരിപ്പിക്കണം. തുടർന്ന് അവർ വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തിയ ശേഷം ഏതാനും കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിക്കാം.

ടീച്ചർ വിലയിരുത്തുകയും കൂട്ടിച്ചേർക്കലുകൾ നടത്തുകയും വേണം.

**പഴഞ്ചൊല്ല് വ്യാഖ്യാനിക്കാം** TB

"മൗനം വിദ്വാനു ഭൂഷണം."

പഴഞ്ചൊല്ല് ഉൾക്കൊള്ളുന്ന ആശയം ചർച്ച ചെയ്യാം.

വിദ്വാൻ എന്നാൽ പണ്ഡിതൻ എന്നാണല്ലോ അർത്ഥം. പണ്ഡിതന് മൗനം ഒരു അലങ്കാരമാണോ? കുട്ടികൾ അഭിപ്രായങ്ങൾ പറയട്ടെ.

ക്രോഡീകരണം :

- ചില സന്ദർഭങ്ങളിൽ മൗനം അലങ്കാരമാവാം.

വിവരമില്ലാത്തവരും വിഡ്ഢികളും അനാവശ്യമായി സംസാരിക്കുമ്പോൾ അതിലിടപെട്ടു സംസാരിക്കുന്നത് ഗുണം ചെയ്യില്ല. വിപരീതഫലമുണ്ടാക്കുകയും ചെയ്തേക്കും. ഇത്തരം സന്ദർഭങ്ങളിൽ മൗനം പണ്ഡിതന് അലങ്കാരമായേക്കാം. ആവശ്യത്തിലധികം സംസാരിക്കാതെ മൗനം പാലിക്കൽ അലങ്കാരമായി കണക്കാക്കാം.

- പാഠഭാഗത്തു പരാമർശിക്കുന്ന മൗനം അത്തരത്തിലുള്ളതല്ല. സാമൂഹിക പ്രശ്നങ്ങളിലൊന്നും ഇടപെടാതെ, എന്തെങ്കിലും നഷ്ടം വരുമെന്നോർത്തിട്ടോ ഭയന്നിട്ടോ പറയേണ്ട കാര്യങ്ങൾ പറയാതിരിക്കുന്നതാണ് കവി ആക്ഷേപിക്കുന്ന മൗനം.
- അതിമൗനം ഭ്രാന്തിന്റെ ലക്ഷണമാണ് എന്ന പഴഞ്ചൊല്ലും കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്താം.

ക്രോഡീകരിച്ച ആശയങ്ങൾ ഉൾപ്പെടുത്തി കുട്ടികൾ വ്യാഖ്യാനക്കുറിപ്പ് തയ്യാറാക്കട്ടെ.

**ആശയം വിശദീകരിക്കുക**

"നാവേ, നീ ....................... ചെല്ലരുതേ!"

കുട്ടികൾ ഈ വരികൾ വായിച്ച് മനസ്സിലാക്കിയ ആശയം പറയട്ടെ.

- കുഞ്ഞുണ്ണിമാഷിന്റെ ഈ വാക്കുകൾ സൂചിപ്പിക്കുന്നതെന്താണ്?
- കാതുള്ളവരോട് മിണ്ടരുതെന്നും നാവുള്ളവരുടെ അരികത്തെങ്ങും ചെല്ലരുതെന്നും പറയുന്നതിന്റെ പൊരുളെന്താണ്?

കേട്ടതെല്ലാം പറഞ്ഞു പ്രചരിപ്പിക്കുകയും അതിൽ സ്വന്തം വകയായി ഇല്ലാത്തതു കൂട്ടിച്ചേർത്തു പറയുകയും അമിതമായി സംസാരിക്കുകയും ചെയ്യുന്നവരെ സൂക്ഷിക്കണമെന്നാണ് ഈ വരികളുടെ പൊരുൾ. അത്തരക്കാരോട് രഹസ്യങ്ങളൊന്നും പറയരുത്. അവരുമായി സഹവസിക്കുന്നതും സൂക്ഷിക്കണം. വ്യാജവാർത്തകളായും അപവാദങ്ങളായും അവർ പലതരം അപകടങ്ങളുമുണ്ടാക്കുന്നുണ്ട്.

ഗ്രൂപ്പിൽ ചർച്ച ചെയ്ത് വിശദീകരണക്കുറിപ്പ് തയ്യാറാക്കട്ടെ. ഓരോ ഗ്രൂപ്പും തയ്യാറാക്കിയ കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തിയശേഷം എല്ലാ കുട്ടികളും നോട്ടുബുക്കിൽ പകർത്തട്ടെ.

**പൊരുൾ കണ്ടെത്താം** WB

ടീച്ചർ BBയിൽ കുറിക്കുന്നു: "ചൊല്ലുന്നു പല്ല് ............മെനിക്കെടോ."

- അതിമൗനം അപകടമാണ്; എന്നാൽ അതിസംസാരം അതിലേറെ അപകടകരമാണ്.
- സമയവും സന്ദർഭവും നോക്കിവേണം സംസാരിക്കാൻ.
- കേൾക്കുന്നതിലും ചിന്തിക്കുന്നതിലുമൊക്കെ മറ്റുള്ളവരോടു പറയാൻ പറ്റുന്നതും പറ്റാത്തതുമുണ്ടാവും. ഇതൊന്നും ശ്രദ്ധിക്കാതെ കേട്ടതും വായിൽതോന്നിയതുമൊക്കെ സംസാരിച്ചാലോ?
- പല്ലിന്റെ മുന്നറിയിപ്പ് ശ്രദ്ധിക്കുക:
  പല്ല് നാവിനോട് പറയുന്നു; നീ അധികപ്രസംഗം നടത്തരുത്, ശ്രദ്ധിച്ചുവേണം സംസാരിക്കാൻ. അല്ലെങ്കിൽ എനിക്കാണു കുഴപ്പം. വായിൽ നിന്നു ഞാൻ തെറിച്ചുപോയേക്കും.
  പറയരുതാത്ത കാര്യം വീണ്ടുവിചാരമില്ലാതെ പറഞ്ഞാൽ ജനങ്ങൾ അടിച്ചു പല്ലുകൊഴിക്കുമെന്നു സാരം.

**ആലോചിച്ചെഴുതുക**

- മൗനം സ്വർണ്ണമായിത്തീരുന്ന സന്ദർഭം : ഒരാളെക്കുറിച്ച് മറ്റൊരാൾ നിങ്ങളോട് ചില രഹസ്യങ്ങൾ പറഞ്ഞു. അത് ജനങ്ങളറിഞ്ഞാൽ അപകടകരമായിരിക്കും. പറയപ്പെട്ടയാളറിഞ്ഞാലും കുഴപ്പമുണ്ടാവും. എങ്കിൽ നിങ്ങൾ ആ കാര്യം മറ്റാരോടും പറയാതിരിക്കുന്നത് വലിയയൊരു പുണ്യം തന്നെയായിരിക്കും.

മൗനം കുറ്റകരമാകുന്ന സന്ദർഭം: നിങ്ങൾ ചില രഹസ്യങ്ങളറിയുന്നു. അവ ചിലരോട് വെളിപ്പെടുത്തിയാൽ അവർ വലിയൊരു അപകടത്തിൽ നിന്നു രക്ഷപ്പെടും. പറഞ്ഞില്ലെങ്കിൽ അവർ ചെന്ന് അപകടത്തിൽ ചാടും. ഈ സന്ദർഭത്തിൽ മൗനം കുറ്റകരമാണ്. പറയേണ്ട കാര്യം പറയേണ്ടവരോട് അതാതു സന്ദർഭത്തിൽ തന്നെ തുറന്നു പറയണം.

കുട്ടികൾ രണ്ടു സന്ദർഭങ്ങൾ ആലോചിച്ചു കണ്ടെത്തട്ടെ. അതിനുശേഷം ടീച്ചർ വേർഷൻ പ്രദർശിപ്പിക്കാം.

**അനുഭവക്കുറിപ്പ് തയ്യാറാക്കുക**

ടീച്ചർ ഒരനുഭവം വിവരിക്കുന്നു:

തുടർന്ന് ഏതാനും കുട്ടികൾ സ്വന്തം അനുഭവങ്ങൾ വിവരിക്കട്ടെ.

ഇത്തരം അനുഭവങ്ങൾ ഇല്ലാത്തവർ കുറയും. ഒന്നോ രണ്ടോ അനുഭവം കേൾക്കുമ്പോൾ മറ്റുള്ളവരുടെ മനസ്സിലും അനുഭവസ്മരണകൾ ഉണരാതിരിക്കില്ല.

കുട്ടികൾ വ്യക്തിഗതമായി അനുഭവക്കുറിപ്പുകൾ തയ്യാറാക്കട്ടെ.

ഹോംവർക്കായി ചെയ്താലും മതി. ടീച്ചർ വിലയിരുത്തണം.

**ഊഹിച്ചെഴുതുക**

തിന്മകൾക്കെതിരെ സംസാരിക്കേണ്ടവർ, ഉപദേശിക്കേണ്ടവർ, മൗനം പാലിച്ചാൽ..........

ആരൊക്കെയാണ് തിന്മകൾക്കെതിരെ ഉപദേശങ്ങൾ നൽകേണ്ടവർ? കുട്ടികൾ അഭിപ്രായപ്പെടട്ടെ:

- മാതാപിതാക്കൾ
- സഹോദരങ്ങൾ
- അധ്യാപകർ
- മതനേതാക്കൾ...........

ഇവർ മാത്രമാണോ? അല്ല ...... തിന്മകൾക്കെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും അത് കാണുകയോ മനസ്സിലാക്കുകയോ ചെയ്യുന്ന എല്ലാവർക്കും ബാധ്യതയുണ്ടെന്ന് കുട്ടികളെ ബോധ്യപ്പെടുത്തണം.

- ഒരു കുട്ടി മോഷ്ടിക്കുന്നത് നിങ്ങൾ കാണുന്നു. നിങ്ങളത് മറച്ചു വയ്ക്കുന്നു. അധ്യാപകരോടോ അവന്റെ രക്ഷിതാക്കളോടോ പറയുന്നില്ല. അവനോട് അത് തെറ്റാണെന്നും ചെയ്യരുതെന്നും ഉപദേശിക്കുന്നില്ല. അവനോടു കൂട്ടുകൂടി മോഷ്ടിച്ചെടുത്തതിൽ നിങ്ങൾ പങ്കുപറ്റുകയും ചെയ്യുന്നു എന്നു കരുതുക; അപ്പോൾ എന്താണ് സംഭവിക്കുക? കുട്ടികൾ ഊഹിച്ചു പറയട്ടെ.

സമൂഹത്തിൽ മൊത്തത്തിലുള്ള കാര്യവും ഇങ്ങനെയാണെന്ന് ബോധ്യപ്പെടുത്തണം.

ക്രോഡീകരണം:

- തിന്മ തടയാൻ, തിന്മകളെക്കുറിച്ച് ബോധ്യപ്പെടുത്താൻ ആരും തുനിയുന്നില്ലെങ്കിൽ നാട്ടിൽ തിന്മ വർദ്ധിക്കും.
- ഒറ്റപ്പെട്ട തിന്മകൾ സമൂഹത്തിലെങ്ങും വ്യാപകമാകും.
- അതുകാരണം നാട്ടിൽ കുഴപ്പങ്ങളുമുണ്ടാവും.
- ജനജീവിതം ദുസ്സഹമാവും.

കുട്ടികൾ ഊഹിച്ചെഴുതട്ടെ.

പാഠം 14

# ഉമർഖാസി - ധീരനായ സമരനായകൻ

ക്രാന്തദർശികളായ ചില മഹാത്മാക്കളുണ്ട്. ഭാവിയിൽ സമൂഹത്തിലും രാജ്യത്തും നടക്കാനിരിക്കുന്നത് അവർ മുൻകൂട്ടി കാണും. അതിന്നനുസരിച്ചുള്ള നീക്കങ്ങളായിരിക്കും അവർ നടത്തുക. സമകാലികസമൂഹത്തിന് അവരുടെ പ്രവർത്തനങ്ങൾ അതേവിധം ഉൾക്കൊള്ളാനും പൂർണമായി അവരോടു സഹകരിച്ചു പ്രവർത്തിക്കാനും കഴിഞ്ഞുകൊള്ളണമെന്നില്ല. എന്നാലും സ്വന്തം മഹത്വങ്ങൾകൊണ്ട് അവർ ചില അടയാളപ്പെടുത്തലുകൾ നടത്തും. കാലമാണ് അതിന്റെ പ്രസക്തി തെളിയിക്കുക. അപ്പോഴായിരിക്കും അവരുടെ വാക്കുകളുടെയും പ്രവൃത്തികളുടെയും പ്രാധാന്യവും മഹത്വവും ജനങ്ങൾ തിരിച്ചറിയുക. ഇത്തരമൊരു മഹാത്മാവായി ഉമർഖാസിയെ കാണാവുന്നതാണ്.

1765-ലാണ് ഉമർഖാസി ജനിക്കുന്നത്; ഒരു പണ്ഡിതകുടുംബത്തിലാണ് ജനനം എന്ന പ്രത്യേകതയുണ്ടെങ്കിലും സമൂഹത്തിന്റെ നേതൃസ്ഥാനത്തേക്ക് ഉയർന്നുവരാനുള്ള പശ്ചാത്തലമൊന്നും അന്നുണ്ടായിരുന്നില്ല. അക്കാലത്ത് ജ്ഞാനാന്വേഷികളായ മുസ്‌ലിംകളുടെ അത്യുന്നത പഠനകേന്ദ്രമായിരുന്ന പൊന്നാനി ദർസിലെത്തിപ്പെട്ടു എന്നത് സവിശേഷതയാണ്. അവിടെ നിന്നാണദ്ദേഹം ഖുർആൻ, ഹദീസ് (മുഹമ്മദ്നബിയുടെ വാക്കുകളും ചര്യകളും) ഭാഷാശാസ്ത്രം, കർമ്മശാസ്ത്രം, ചരിത്രം, സാഹിത്യം, തത്വശാസ്ത്രം തുടങ്ങിയ ജ്ഞാനശാഖകളിൽ അവഗാനം നേടിയത്.

ബ്രിട്ടീഷുകാരുടെ അതിക്രമത്തെക്കുറിച്ചും ദുർഭരണത്തെക്കുറിച്ചും അദ്ദേഹം ശരിക്കും ബോധവാനായിരുന്നുവെന്ന് ബ്രിട്ടീഷ് സർക്കാർ ചുമത്തിയ നികുതിനിഷേധിച്ചുകൊണ്ടു നടത്തിയ പ്രസ്താവനയിൽനിന്നു മനസ്സിലാക്കാവുന്നതാണ്. ശൈഖ് സൈനുദ്ദീൻ മഖ്ദൂമിന്റെയും മറ്റും കൃതികളിൽ നിന്നായിരിക്കാം ഖാസിക്ക് അതിനുള്ള പ്രചോദനമുണ്ടായത്. ഏതായാലും ആ പ്രഖ്യാപനത്തെതുടർന്ന് അദ്ദേഹം ജയിലിലായി. ഖാസിയുടെ ജയിൽവാസം മുസ്‌ലിംകൾക്കിടയിൽ ബ്രിട്ടീഷ്‌വിരോധം ആളിക്കത്തിച്ചു. അതൊരു വലിയ പ്രക്ഷോഭമായി പരിണമിക്കുമെന്നു ഭയന്നാണ് ബ്രിട്ടീഷുകാർ അദ്ദേഹത്തെ സ്വതന്ത്രനാക്കിയത്. ഇന്ത്യയിൽ ബ്രിട്ടീഷുകാർക്കെതിരെയുള്ള സമരമുന്നേറ്റത്തിനു തുടക്കം കുറിക്കുന്നതിനും എത്രയോ മുമ്പായിരുന്നു ഉമർഖാസിയുടെ നികുതിനിഷേധവും പ്രതിഷേധവും എന്നത് ശ്രദ്ധേയമാണ്. ഉമർഖാസിയുടെ ധീരമായ നിലപാടുകളെത്തുടർന്നാണ് മലബാർമേഖലയിൽ ബ്രിട്ടീഷുകാർക്കെതിരെ അനേകം കലാപങ്ങളുണ്ടായത്. മാപ്പിളലഹള എന്നു വിളിച്ച് ബ്രിട്ടീഷുകാരും തല്പരകക്ഷികളും അതിനെ നിസ്സാരവൽക്കരിക്കുന്നുണ്ടെങ്കിലും ഇന്ത്യയിലെങ്ങും പിന്നീട് അലയടിച്ച ബ്രിട്ടീഷ്‌വിരോധത്തിന്റെ ചെറിയ തോതിലെങ്കിലുമുള്ള സംഘടിതമുന്നേറ്റമായി അതിനെ വിലയിരുത്താവുന്നതാണ്.

ഉമർഖാസി കേവലമൊരു പണ്ഡിതനോ നേതാവോ ആയിരുന്നില്ല; ആത്മീയോന്നതി പ്രാപിച്ച സൂഫിവര്യനും പ്രവാചകസ്നേഹിയുമായ ഒരസാമാന്യ വ്യക്തിത്വമായിരുന്നു. ഖാസിയുടെ ഈ വ്യക്തിപ്രഭാവത്തെക്കുറിച്ചു പുതുതലമുറകളിൽ ബോധമുണർത്തുക, അഭിമാനകരമായ പാരമ്പര്യത്തെക്കുറിച്ച് അവബോധമുണ്ടാക്കുക, കേരളത്തിലെ രാഷ്ട്രീയ സാമൂഹിക സാഹചര്യത്തിൽ ആത്മീയതയുടെയും ആത്മീയനേതാക്കളുടെയും സാന്നിധ്യത്തെക്കുറിച്ച് തിരിച്ചറിവുണ്ടാക്കുക തുടങ്ങിയവയാണ് ഈ പാഠഭാഗത്തിലൂടെ ലക്ഷ്യമാക്കുന്നത്.

**പാഠാവതരണം**

ഒരു ചോദ്യത്തിലൂടെ ടീച്ചർ പാഠഭാഗത്തേക്കു ശ്രദ്ധ ക്ഷണിക്കുന്നു:

- ബ്രിട്ടീഷുകാർ ചുമത്തിയ നികുതി അണപൈസ പോലും തരില്ലെന്നു പ്രഖ്യാപിച്ച് കേരളത്തിൽ നികുതിനിഷേധ സമരത്തിനു തുടക്കം കുറിച്ചതാരാണെന്നറിയാമോ?

ഇതറിയാൻ 'ഉമർഖാസി - ധീരനായ സമരനായകൻ' എന്ന പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കാം. കുട്ടികൾ മൗനമായി വായിക്കട്ടെ.

പാഠഭാഗത്തെ ആശയങ്ങൾ പൂർണ്ണമായും വിശകലന വിധേയമാകുംവിധം ടീച്ചർ ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- എന്തുകൊണ്ടാണ് ഉമർഖാസി ഭരണാധികാരികളായ ബ്രിട്ടീഷുകാരുടെ നിയമം ധിക്കരിച്ചത്?
- എവിടെയാണ്, ഏതു വർഷത്തിലാണ് ഉമർഖാസി ജനിച്ചത്?
- അദ്ദേഹത്തിന്റെ പിതാവാര്?
- ഏതു തരത്തിലുള്ള വിദ്യാഭ്യാസമാണ് അദ്ദേഹം നേടിയത്?
- എവിടെയായിരുന്നു പഠിച്ചത്?
- ആ സ്ഥാപനത്തിന്റെ പ്രത്യേകതയെന്ത്?

ഇങ്ങനെ നിരന്തരം ചോദ്യങ്ങൾ ചോദിക്കാം. എല്ലാ കുട്ടികളോടും ചോദിക്കാൻ കഴിയും വിധം ചോദ്യങ്ങൾ കണ്ടെത്തണം.

**കണ്ടെത്താം**

അവധാരണ ചോദ്യങ്ങൾ വായിച്ച് കുട്ടികൾ സ്വയം ഉത്തരം കണ്ടെത്തട്ടെ. കണ്ടെത്തിയ ഉത്തരം ഗ്രൂപ്പിൽ ചർച്ചചെയ്തു മെച്ചപ്പെടുത്തി നോട്ടുബുക്കിലെഴുതട്ടെ. ടീച്ചർ വിലയിരുത്തണം

**അന്വേഷിച്ചറിയാം, കുറിപ്പ് തയ്യാറാക്കാം**

**ഗ്രൂപ്പ് പ്രവർത്തനം - ശ്രദ്ധിക്കേണ്ടത്:**

- ഓരോ പ്രവർത്തനത്തിനും അതാതു സന്ദർഭങ്ങളിൽ അംഗങ്ങളെ കണ്ടെത്തണം.
- ഗ്രൂപ്പിലെ അംഗങ്ങൾ സ്ഥിരമായിരിക്കരുത്.
- ഗ്രൂപ്പ് പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം.
- സ്വന്തം ഇഷ്ടപ്രകാരം ഗ്രൂപ്പ് തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകേണ്ടതില്ല.
- അംഗങ്ങളെ തീരുമാനിക്കുന്നതിൽ വ്യത്യസ്ത ഉപായങ്ങൾ സ്വീകരിക്കാം. നറുക്കെടുപ്പ്, സീരിയൽ നമ്പർ, ഒരു ബെഞ്ചിലിരിക്കുന്നവർ, നിശ്ചിത നമ്പറുകൾ........(എത്ര ഗ്രൂപ്പാണോ വേണ്ടത് അത്രയും നമ്പറുകൾ ആവർത്തിച്ച് എണ്ണുക. ഉദാ: 1,2,3,4,5. ഒന്ന് എന്നെ ണ്ണിയവരെല്ലാം ഒരു ഗ്രൂപ്പ്) എന്നിങ്ങനെ വ്യത്യസ്തരീതിയിലാവുന്നതാണുത്തമം.)

**പ്രഭാഷണം തയ്യാറാക്കാം**

പ്രഭാഷണം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മുമ്പ് ചർച്ച ചെയ്തിട്ടുണ്ടല്ലോ. ഒന്നുകൂടി ഓർമ്മപ്പെടുത്താം. പ്രഭാഷണത്തിന്റെ ഘടന കുട്ടികൾ പറയട്ടെ. ടീച്ചർ BBയിൽ ക്രമപ്രകാരം കുറിക്കുന്നു.

- അഭിസംബോധന
- ആമുഖം

- വിഷയാവതരണം
- സ്വാഭിപ്രായസമർത്ഥനം
- ഉപസംഹാരം

'ഉമർഖാസി, ധീരനായ ദേശാഭിമാനി' എന്ന വിഷയത്തിലുള്ള പ്രഭാഷണത്തിൽ എന്തെല്ലാം ഉൾക്കൊള്ളിക്കാം?

- ഖാസിയുടെ ജീവിതം - ചുരുക്കി എഴുതണം.
- ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള പ്രവർത്തനം
- നികുതി നിഷേധം
- ജനങ്ങളെ ബോധവൽക്കരിക്കാൻ ഖാസി സ്വീകരിച്ച മാർഗ്ഗങ്ങൾ :
  കത്ത്; കവിത, പ്രഭാഷണങ്ങൾ
- ജയിൽവാസം
- ഖാസിയെക്കുറിച്ചുള്ള അഭിപ്രായം................

ഗ്രൂപ്പിൽ ചർച്ച ചെയ്ത് ആശയരൂപീകരണം നടത്തിയ ശേഷം വ്യക്തിഗതമായി പ്രസംഗം എഴുതട്ടെ.

ഏതാനും പ്രസംഗങ്ങൾ ക്ലാസിൽ അവതരിപ്പിച്ചു വിലയിരുത്തണം.

**ശേഖരിക്കാം, പതിപ്പു തയ്യാറാക്കാം**

കേരളത്തിലെ സ്വാതന്ത്ര്യ സമര നായകർ

- പതിപ്പിലേക്കാവശ്യമായ വിവരശേഖരണത്തിനു സാവകാശം നൽകാം.
  കുട്ടികൾ വിവരങ്ങൾ ശേഖരിക്കട്ടെ.
- ശേഖരിച്ച വിവരങ്ങൾ ക്ലാസിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തലുകൾക്കു ശേഷം പ്രസിദ്ധീകരണ സമിതിക്കു നൽകാം.
- അവർ ഭംഗിയായി എഴുതി പതിപ്പ് തയ്യാറാക്കട്ടെ.
- കവർപേജ് കുട്ടികൾ വരച്ച ചിത്രങ്ങളാവട്ടെ.
- തുടർന്നുള്ള പേജുകളിൽ ആമുഖം, ഉള്ളടക്കം ....... ക്രമീകരിക്കണം.

പ്രസിദ്ധീകരണസമിതി:
- മാനേജിംഗ് എഡിറ്റർ
- ചീഫ് എഡിറ്റർ
- എഡിറ്റേഴ്സ്

**പ്രഭാഷണമെഴുതുക**

'ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ കേരളത്തിലെ മുസ്‌ലിംപണ്ഡിതരുടെ പങ്ക്.'

ക്ലാസിൽ ചർച്ച ചെയ്യാം:

- സ്വാതന്ത്ര്യസമരത്തിൽ കേരളത്തിലെ മുസ്‌ലിംപണ്ഡിതർക്ക് പങ്കുണ്ടോ?
- ആരൊക്കെയാണ് പങ്കെടുത്തത്?
- എന്തൊക്കെ പ്രവർത്തനങ്ങളാണവർ നടത്തിയത്?

**ക്രോഡീകരിക്കാം:**

- വിദേശഭരണത്തിനെതിരെ കേരളത്തിൽ ആദ്യമുണർന്നു പ്രതികരിക്കാൻ തയ്യാറായത് മുസ്‌ലിംപണ്ഡിതരാണ്.
- വിദേശികൾ ഇവിടെയുള്ള നാട്ടുരാജാക്കന്മാരെയും ജന്മിമാരെയും പ്രീതിപ്പെടുത്തി വരുതിയിലാക്കിയപ്പോൾ കൂടുതലും മുസ്‌ലിംകളാണ് എല്ലാ പ്രയാസങ്ങളും അനുഭവിക്കേണ്ടിവന്നത്.
- മുസ്‌ലിംകളെ അവർ പല വിധത്തിലും പീഡിപ്പിക്കുകയും നാട്ടുരാജാക്കന്മാരിൽ നിന്ന് അകറ്റാൻ ശ്രമിക്കുകയും ചെയ്തു.
- ബ്രിട്ടീഷുകാരിൽ നല്ലൊരു വിഭാഗം മതപ്രചാരണത്തിന്നാണു വന്നത്. മുസ്‌ലിംകളെയടക്കം മതം മാറ്റാൻ ശ്രമിച്ചപ്പോൾ മുസ്‌ലിംപണ്ഡിതന്മാർ അവർക്കെതിരെ രംഗത്തു വന്നു. ശൈഖ് സൈനുദ്ദീൻമഖ്ദൂം, ഉമർഖാസി, മമ്പുറം തങ്ങൾ, ആലിമുസ്‌ലിയാർ തുടങ്ങിയവർ അവരിൽ പ്രമുഖരാണ്.
- അവർ ബ്രിട്ടീഷ്, ഫ്രഞ്ച് ശക്തികൾക്കെതിരെ പ്രഭാഷണങ്ങൾ നടത്തുകയും ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു.
- അതിൽനിന്ന് ആവേശംകൊണ്ട് മുസ്‌ലിംപണ്ഡിതർ വിദേശിഭരണത്തിനെതിരെ ജനങ്ങളെ സംഘടിപ്പിക്കുകയും സമരം ചെയ്യുകയും ചെയ്തു.

## പാഠം – 15

# പതിനാലാമത്തെ മെമ്പർ

ഉറൂബ് എന്ന തൂലികാനാമത്തിൽ അറിയപ്പെട്ട പി.സി. കുട്ടികൃഷ്ണൻ രചിച്ച ശ്രദ്ധേയമായ ഒരു കഥയാണ് പതിനാലാമത്തെ മെമ്പർ. സാമൂഹികജീവിതത്തെ മാത്രമല്ല, വ്യക്തിജീവിതത്തെയും സൂക്ഷ്മനിരീക്ഷണത്തിനു വിധേയമാക്കി കഥകളിലൂടെ ഹൃദ്യമാക്കി അവതരിപ്പിച്ച കഥാകാരനാണദ്ദേഹം. അതിഗൗരവതരമായ രംഗങ്ങൾപോലും നർമ്മം കലർത്തി ആവിഷ്ക്കരിച്ച് വായനക്കാരെ പിടിച്ചിരുത്തുന്ന രചനാതന്ത്രമാണ് മിക്കകഥകളിലും അദ്ദേഹം പ്രയോഗിച്ചിരിക്കുന്നത്. മനുഷ്യമനസ്സിൽ ഒളിഞ്ഞിരിക്കുന്ന സ്നേഹത്തിന്റെ വ്യത്യസ്തമുഖങ്ങളെ അദ്ദേഹം ആവിഷ്കരിക്കുന്നുണ്ട്. അവയുടെയെല്ലാം അടിത്തട്ടിൽ മാനവമൂല്യങ്ങൾക്കുള്ള പ്രാധാന്യം വേണ്ടപോലെ സന്നിവേശിപ്പിച്ചിട്ടുമുണ്ട്.

സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ഏതാനും പേരുടെ പ്രവർത്തനങ്ങളാണ് പതിനാലാമത്തെ മെമ്പറിലെ പ്രമേയം. കാപട്യമല്ലാത്ത സ്നേഹത്തിന്റെയും വിവേചനം കാണിക്കാത്ത സേവനത്തിന്റെയും ആൾരൂപമായ മൗലവിയാണ് മറ്റു ചില കഥകളിലെപ്പോലെ ഈ കഥയിലെയും മുഖ്യകഥാപാത്രം. നേതാവ് സംഘടിപ്പിച്ച പ്രകടനത്തിൽ പരിഭവത്തോടെയാണെങ്കിലും മൗലവി ഓടിക്കൂടുന്നതോടെയാണ് കഥയാരംഭിക്കുന്നത്. മൗലവിയുടെ വരവ് കഥാകാരനെയും മുഹമ്മദിനെയും സന്തോഷിപ്പിക്കുന്നു. ഇടയ്ക്കിടെ പരിഹാസവാക്കുകൾ കേൾക്കേണ്ടി വന്നാലും മൗലവിയുണ്ടായാൽ ഭക്ഷണത്തിനു മുട്ടുവരില്ല. അതെവിടെ നിന്നെങ്കിലും അദ്ദേഹം സംഘടിപ്പിക്കും. സ്വയം പട്ടിണി കിടന്നും മറ്റുള്ളവരെ ഊട്ടുന്നയാളാണു മൗലവി.

പ്രകടനവും പൊതുയോഗവും കഴിഞ്ഞ് താമസസ്ഥലത്ത് തിരിച്ചെത്തിയപ്പോൾ മൗലവിയുടെ കൂടെ ഒരു സ്ത്രീയും കുഞ്ഞും. അതാരാണെന്ന നേതാവിന്റെ ചോദ്യത്തിന് മൗലവിയുടെ മറുപടി 'ഒരു സഹോദരി' എന്നുമാത്രം. ആ സ്ത്രീയും കുഞ്ഞും ഒരു ശല്യമായി അനുഭവപ്പെട്ടപ്പോൾ നേതാവും മൗലവിയും തമ്മിൽ ഏറ്റുമുട്ടുന്നു. അപ്പോഴാണ് മൗലവിയുടെ ഉദ്ദേശ്യശുദ്ധിയും സത്യസന്ധതയും ആത്മാർത്ഥതയുമൊക്കെ വ്യക്തമാകുന്നത്. ആ സ്ത്രീയുടെ ഊരോ പേരോ പോലും മൗലവിക്കറിയില്ല. ഒരു യുവതിയും കുഞ്ഞും സംരക്ഷകരില്ലാതെ അലയുന്നതുകണ്ട് രക്ഷപ്പെടുത്തിക്കൊണ്ടുവന്നതാണ്. അത്തരമൊരു സ്ത്രീയെ കൂടെകൊണ്ടുനടക്കുമ്പോഴുണ്ടാകാനിടയുള്ള അപവാദങ്ങളെക്കുറിച്ചാണ് നേതാവും കൂട്ടുകാരും ചിന്തിക്കുന്നത്. മൗലവിയെ സംബന്ധിച്ചിടത്തോളം നാഥനില്ലാത്തവർക്കു നാഥരെയുണ്ടാക്കാനും ചോദിക്കാനും പറയാനുമാളില്ലാത്തവർക്കു തുണയാവാനുമാണ് സ്വാതന്ത്ര്യസമരം. അവിടെ മറ്റൊന്നും നോക്കേണ്ടതില്ല. തന്റെ പക്ഷം സമർത്ഥിക്കാൻ അദ്ദേഹം ന്യായങ്ങൾ നിരത്തുന്നുണ്ട്. ഇവർക്കൊന്നുമെന്താണ് താൻ പറയുന്നത് മനസ്സിലാവാത്തതെന്നു പരിഭവിക്കുന്നുമുണ്ട്. നാഥനില്ലാത്തവളെ കൂടെകൊണ്ടുനടക്കാൻ പറ്റില്ലെന്നു നേതാവും കൂട്ടുകാരും തീർത്തുപറഞ്ഞപ്പോൾ ആ സ്ത്രീയെ ഭാര്യയാക്കി സനാഥയാക്കാനാണു മൗലവി തുനിയുന്നത്.

അവസാനം ഗോപാലന്റെ ശ്രമത്തിൽ അവൾക്കൊരു തൊഴിൽ വാങ്ങിക്കൊടുത്ത് പ്രശ്നം പരിഹരിച്ചപ്പോഴാണ് മൗലവി അവളുടെ ഊരും പേരും അന്വേഷിക്കുന്നത്. അതുകേട്ടതോടെ എല്ലാവരും സ്തബ്ധരായിപ്പോകുന്നു. സ്വാതന്ത്ര്യസമരത്തിന്നിറങ്ങിയതിനാൽ അന്തമാനിലേക്കു നാടുകടത്തപ്പെട്ട ഒരു ഹതഭാഗ്യന്റെ ഭാര്യയാണവർ. ഉമ്മയും ബാപ്പയും മരണപ്പെട്ടതോടെ അവൾ അനാഥയായി വീട്ടിൽ നിന്നിറങ്ങേണ്ടിവന്നു.

പല മാനങ്ങളിൽ വിലയിരുത്തപ്പെടേണ്ടതും പല സന്ദേശങ്ങൾ നൽകുന്നതുമാണ് ഈ കഥ. സ്വാതന്ത്ര്യം നേടിയെടുക്കാനായി അക്കാലത്തെ ജനങ്ങൾ സഹിച്ച ത്യാഗങ്ങൾ, അനുഭവിച്ച പീഡനങ്ങൾ കഥയിൽ തെളിഞ്ഞുകാണുന്നുണ്ട്. നിഷ്കളങ്കമായ സ്നേഹത്തിന്റെയും നിഷ്ക്കാമകർമ്മത്തിന്റെയും ഉത്തമമാതൃകകൾ ചൂണ്ടിക്കാട്ടുന്നുണ്ട്. ഗതകാലത്തെ സാമൂഹികാന്തരീക്ഷം പ്രകടമാകുന്നുണ്ട്. ഇത്തരം കാര്യങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരാനും തിരിച്ചറിവുകളിലേക്കു നയിക്കാനും അധ്യാപകർ ശ്രമിക്കേണ്ടതാണ്.

**പാഠാവതരണം**

മറ്റുള്ളവർക്കായി ചെയ്ത ഏതെങ്കിലുമൊരു നന്മയെക്കുറിച്ച്, അല്ലെങ്കിൽ ഒരു സേവനത്തെക്കുറിച്ച് – കുറിപ്പ് തയ്യാറാക്കാൻ ടീച്ചർ നിർദ്ദേശിക്കുന്നു.

കുട്ടികൾ വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു. അതിൽ മികവുറ്റ പ്രവർത്തനങ്ങൾ ടീച്ചർ ചൂണ്ടിക്കാട്ടുന്നു. മികവുറ്റ രചനയും കണ്ടെത്തുന്നു. അവരെ അഭിനന്ദിച്ചുകൊണ്ട് കഥയിലേക്കു വരാം.

നമുക്കിന്നൊരു കഥ വായിക്കാം, നന്മയുടെ കഥ!

ടീച്ചർ ഭാവാത്മകമായി കഥ വായിക്കുന്നു. കുട്ടികൾ ശ്രദ്ധിക്കട്ടെ.

ടീച്ചറുടെ വായനയ്ക്കു ശേഷം വ്യക്തിഗതവായനയ്ക്ക് അവസരം നൽകുന്നു. തുടർന്ന് കഥ വിശകലനം ചെയ്യുന്നു:

ആരൊക്കെയാണ് ഈ കഥയിലെ കഥാപാത്രങ്ങൾ? കുട്ടികൾ കണ്ടെത്തി പറയട്ടെ. ടീച്ചർ അവ BBയിൽ കുറിക്കുന്നു.

- ഞാൻ എന്ന കഥാകൃത്ത്
- അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ
- മി. ഗോപാലൻ
- നേതാവ്
- മുഹമ്മദ്
- മൗലവി
- പീടികക്കാരൻ മുതലാളി
- ഒരു സ്ത്രീയും കുട്ടിയും
- കൃഷിക്കാരൻ നായർ

- ഈ കഥയുടെ കേന്ദ്രാശയമെന്താണ്?
  കഥയുടെ ഉള്ളടക്കം കണ്ടെത്തുന്നതിന് കഥയിലെ ചില സവിശേഷ മുഹൂർത്തങ്ങൾ ടീച്ചർ ചൂണ്ടിക്കാണിക്കുന്നു.
- മൗലവി ഓടിക്കിതച്ചു വന്ന് നേതാവിനോട് തർക്കിക്കുന്നതും ജാഥയിൽ അംഗമാകുന്നതും
- ജാഥയിലെ അംഗങ്ങൾക്ക് മൗലവി ഇളനീർ സംഘടിപ്പിച്ചുകൊടുക്കുന്നത്.
- ഭക്ഷണസമയത്ത് ആന്ത്രവായുവിന്റെ ഉപദ്രവം പറഞ്ഞു ഭക്ഷണം കഴിക്കാതെ വെള്ളംകുടിച്ചു മതിയാക്കുന്നത്.

- ഒരു സ്ത്രീയെ കൂട്ടിക്കൊണ്ടുവന്നു ഭക്ഷണം നൽകുന്നതും കൂടെ പാർപ്പിക്കുന്നതും.
- നേതാവും മൗലവിയുമായി ആ സ്ത്രീയുടെ കാര്യത്തിൽ നടക്കുന്ന തർക്കം.
- ആ സ്ത്രീയെ വിവാഹം കഴിക്കാനൊരുങ്ങുന്നത്.
- പ്രശ്നപരിഹാരമുണ്ടായപ്പോൾ അവളോട് പേരും നാടും ചോദിച്ചറിയുന്നത്

സന്ദർഭങ്ങൾ വിലയിരുത്തി കഥയുടെ കേന്ദ്രാശയം കുട്ടികൾ കണ്ടെത്തട്ടെ.

**കണ്ടെത്താം**

നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്താം. ടീച്ചർ വിലയിരുത്തണം.

**പദങ്ങൾ കണ്ടെത്താം**

കഥയിലെ വാമൊഴിപ്പദങ്ങൾ കണ്ടെത്തി അവയുടെ വരമൊഴിരൂപം എഴുതണം. ഗ്രൂപ്പിൽ ചെയ്യാവുന്ന പ്രവർത്തനമാണിത്.

**സന്ദർഭങ്ങൾ കണ്ടെത്തി വിശദീകരിക്കാം**

പാഠഭാഗം വീണ്ടും വായിച്ച് ആശയം ഉൾക്കൊള്ളാനുള്ള പ്രവർത്തനമാണിത്.

നൽകിയിരിക്കുന്ന വാക്യങ്ങൾ ആരു പറഞ്ഞെന്നും ഏതു സന്ദർഭത്തിലെന്നും കുട്ടികൾ കണ്ടെത്തി പറയട്ടെ. ആ വാക്യങ്ങളിലെ സൂചനകൾ കൂടി വെളിപ്പെടുത്താൻ നിർദ്ദേശിക്കണം.

**കഥാപാത്ര നിരൂപണം തയ്യാറാക്കാം**

വർക്കുബുക്കിലും ഇതേ പ്രവർത്തനം നിർദ്ദേശിച്ചിട്ടുണ്ട്.

നിരൂപണത്തിൽ ഉൾക്കൊള്ളിക്കേണ്ട കാര്യങ്ങൾ ചർച്ചചെയ്തു രൂപപ്പെടുത്തണം.

- മൗലവി എന്ന കഥാപാത്രത്തിനു കഥയിലുള്ള സ്ഥാനം
- ആ കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ (പെരുമാറ്റ രീതി, സത്യസന്ധത, ആത്മാർത്ഥത, ത്യാഗം, ദയ, സമരവീര്യം, വീറും വാശിയും)
- വാക്കുകളും പ്രവൃത്തികളും

ഇവയെല്ലാം വിശദമായ ചർച്ചയ്ക്കു വിധേയമാകട്ടെ.

ക്ലാസിൽ നടന്ന പൊതുചർച്ചയ്ക്ക് ശേഷം രണ്ടോ മൂന്നോ പേരുൾക്കൊള്ളുന്ന ചെറുഗ്രൂപ്പുകളായി തിരിഞ്ഞ് കഥാപാത്രനിരൂപണം തയ്യാറാക്കട്ടെ. ശേഷം ഗ്രൂപ്പുകൾ കൈമാറി വായിക്കാം, അഭിപ്രായങ്ങൾ പറയാം, പോരായ്മകൾ ചൂണ്ടിക്കാട്ടാം, മെച്ചപ്പെടുത്താം.

ടീച്ചർ കാര്യങ്ങൾ നിയന്ത്രിക്കുകയും വിലയിരുത്തുകയും ചെയ്യണം.

വിലയിരുത്തൽ സൂചകങ്ങൾ:

- കഥാപാത്രത്തിന്റെ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്.
- കഥാസന്ദർഭത്തിലെ സ്ഥാനം വ്യക്തമാക്കിയിട്ടുണ്ട്

**അഭിനയിക്കാം**

- കഥയിലെ രംഗങ്ങൾ നാടകരൂപത്തിലാക്കി അഭിനയിക്കാം.
- ക്ലാസിലെ കുട്ടികളെ അഞ്ചോ ആറോ പേരടങ്ങുന്ന ഗ്രൂപ്പുകളാക്കി മാറ്റുന്നു.

- ഓരോ ഗ്രൂപ്പിനും നാടകമാക്കി അഭിനയിക്കേണ്ട ഭാഗം നിർദ്ദേശിക്കുന്നു.
- ഒരു ഗ്രൂപ്പിന് വിലയിരുത്തൽചുമതല നൽകാം. അവർ വിലയിരുത്തൽസൂചകങ്ങൾ തയ്യാറാക്കട്ടെ.
- മറ്റു ഗ്രൂപ്പുകൾ നിശ്ചിതഭാഗങ്ങൾ വായിച്ചു ചർച്ചചെയ്ത് അഭിനയിക്കാൻ പാകത്തിൽ സ്ക്രിപ്റ്റ് തയ്യാറാക്കട്ടെ. ആവശ്യമായ റിഹേഴ്സലിനും സമയം അനുവദിക്കണം.
- അവതരണശേഷം ഓരോ ഗ്രൂപ്പിന്റെയും അഭിനയം വിലയിരുത്തി വിലയിരുത്തൽ ഗ്രൂപ്പ് സംസാരിക്കണം.
- ടീച്ചർ അതാതു സന്ദർഭങ്ങളിൽ മെച്ചപ്പെടുത്താനാവശ്യമായ നിർദ്ദേശങ്ങൾ നൽകണം.

**അഭിനയം വിലയിരുത്തുമ്പോൾ**

- തയ്യാറാക്കിയ സ്ക്രിപ്റ്റിന്റെ ഭംഗി
- പ്രമേയത്തിന്റെ സമഗ്രതാപൊരുത്തം
- അവതരണഭംഗി
- അഭിനയചാതുര്യം
- പങ്കാളിത്തം
- രംഗസജ്ജീകരണം
- സംഭാഷണപ്പൊരുത്തം

**പൊരുൾ കണ്ടെത്തി എഴുതുക**

നൽകിയിരിക്കുന്ന വാക്യങ്ങളിലെ പൊരുൾ കണ്ടെത്താൻ ടീച്ചറുടെ സഹായം ആവശ്യമായി വന്നേക്കാം. "നേതാവ് മൗലവിയുടെ ............അല്പം നനഞ്ഞു."

തന്നോടു പറയാതെ ജാഥയാരംഭിച്ചതിൽ മൗലവി ഉടക്കിനിൽക്കുന്ന സന്ദർഭം. നേതാവ് പലതും പറഞ്ഞിട്ടും മൗലവി വഴങ്ങാതിരുന്നപ്പോഴാണ് കൈ കടന്നുപിടിച്ചത്. അതൊരു ഓർമ്മപ്പെടുത്തലായിരുന്നു. അവർ തമ്മിലുള്ള സ്നേഹബന്ധത്തിന്റെ ഓർമ്മപ്പെടുത്തൽ. മൗലവിയും നേതാവും തമ്മിൽ അഗാധമായ സ്നേഹബന്ധമുണ്ട്. രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങളിലൊക്കെ അവർ ഒന്നിച്ചാണു പ്രവർത്തിക്കുന്നത്. അതേസമയം മൗലവി നേതാവിനെ സ്വന്തം മകനെപ്പോലെ സ്നേഹിക്കുന്നുമുണ്ട്. ഈ സ്നേഹത്തെ ഓർമ്മിപ്പിക്കുന്നതായിരുന്നു നേതാവിന്റെ കൈപിടിക്കൽ. അപ്പോൾ മൗലവി വഴങ്ങുന്നു.

- "മുഹമ്മദ് എന്റെ ................. ഉണ്ടെന്ന്."

ഒരു ഘട്ടത്തിലും പട്ടിണി കിടക്കേണ്ടി വരില്ലെന്നും പടച്ചോൻ ഭക്ഷണം തരുമെന്നുമാണ് മുഹമ്മദിന്റെ വിശ്വാസം. പടച്ചോൻ ഭക്ഷണം തരുമെന്നു പറഞ്ഞു പണിയെടുക്കാതെ അലസനായിരുന്ന മുഹമ്മദിനെ മൗലവി ഒരു പാഠം പഠിപ്പിച്ചതാണ് 'പടച്ചോന്റെ ചോറ്' എന്ന കഥയിലെ പ്രമേയം. ഏതായാലും വയറ്റുപ്പിഴപ്പിന് വല്ല വഴിയും അതാതു സന്ദർഭങ്ങളിൽ ഒത്തുവരുമെന്ന മുഹമ്മദിന്റെ വിശ്വാസം മൗലവിയുടെ വരവോടെ യാഥാർത്ഥ്യമാവുകയായിരുന്നു. മൗലവി കൂടെയുണ്ടെങ്കിൽ പേടിക്കാനില്ലെന്നും ഭക്ഷണത്തിന്റെ കാര്യം അദ്ദേഹം പരിഹരിച്ചുകൊള്ളുമെന്നും സൂചന.

"രണ്ടുമൊലക്കുപ്പീം....................... പറഞ്ഞു."

- മൗലവിക്കറിയാം മുഹമ്മദും കഥാകൃത്തും പൂർണ്ണമനസ്സോടെയല്ല രാഷ്ട്രീയപ്രവർത്തനത്തിനിറങ്ങിയതെന്ന്. കൂട്ടത്തിൽ പ്രായം കുറഞ്ഞവരായ അവരെ മുലകുടി പ്രായത്തിലുള്ള കുട്ടികളോടു താരതമ്യം ചെയ്തു കളിയാക്കുകയാണ് മൗലവി.

- “ഓ, നിങ്ങളും ഞമ്മളും ................കൊടുക്കാത്ത യാജ്യം.”

മൗലവി കച്ചവടക്കാരൻ മുതലാളിയോട് ഇളനീർ ചോദിക്കുന്നു. അയാൾ കൊടുക്കില്ലെന്നു പറഞ്ഞപ്പോഴുള്ള മൗലവിയുടെ പ്രതികരണമാണിത്. താനും അയാളും വിശ്വസിക്കുന്ന മതത്തിൽ ഇത്തരമൊരു പ്രവൃത്തി വലിയ തെറ്റാണെന്നാണു മൗലവി സൂചിപ്പിക്കുന്നത്. ദാഹിച്ചവർക്ക് വെള്ളം കൊടുക്കൽ വലിയ പുണ്യമാണ്. എന്നിട്ടും ഒരു മുസ്ലിം അക്കാര്യത്തിൽ വിസമ്മതം കാണിക്കുന്നതിലുള്ള പ്രതിഷേധവും വിഷമവും മൗലവിയുടെ വാക്കുകളിൽ സ്ഫുരിക്കുന്നു.

- “അവനോ നശിക്കുക ................ നിശിപ്പിക്കുന്നു.”

കഥാകൃത്ത് ജ്യേഷ്ഠന്റെ നിർദ്ദേശപ്രകാരമാണ് ജാഥയിൽ അംഗമായത്. ജ്യേഷ്ഠൻ പറഞ്ഞാൽ ഒഴിഞ്ഞുമാറാൻ കഴിയാത്തതുകൊണ്ടാണ് കൂടെ പോന്നത്. രാഷ്ട്രീയപ്രവർത്തനം ഒട്ടും പ്രയോജനകരമല്ലെന്നും വെറുതെ സമയവും ആരോഗ്യവും നഷ്ടപ്പെടുത്തലാണെന്നുമുള്ള വിശ്വാസമാണ് അവരുടെ അമ്മയ്ക്കുള്ളത്. ജ്യേഷ്ഠൻ രാഷ്ട്രീയത്തിലിറങ്ങി നശിച്ചുകൊണ്ടിരിക്കയാണെന്നും അനുജനെക്കൂടി നശിപ്പിക്കാനുള്ള ശ്രമമാണു നടത്തുന്നതെന്നുമാണ് അമ്മയുടെ വാക്കിന്റെ പൊരുൾ.

<u>പ്രയോഗഭംഗിയും ആശയവും</u>

- “ബക്കാലത്തില്ലാത്ത ബക്കീലമ്മാർടെ ചേലിക്കാവൂലേ?”

  വാമൊഴി രൂപത്തിലുള്ള ഈ വാക്യം കുട്ടികൾ വരമൊഴി രൂപത്തിൽ പറയട്ടെ.
  ടീച്ചർ ആ വാക്യം ബോർഡിൽ എഴുതുന്നു.
  - വക്കാലത്തില്ലാത്ത വക്കീലന്മാരെപ്പോലെയാവും.
  - ആരുടെ വരികളാണിത്?
  - ഏത് സന്ദർഭത്തിലാണിങ്ങനെ പറയുന്നത്?
  - എന്താണ് ആ വാക്കുകളുടെ സൂചന?

ക്രോഡീകരണം:

- ജനങ്ങളുടെ കഷ്ടപ്പാട് തീർക്കാനാണ് മൗലവിയും കൂട്ടുകാരും പ്രവർത്തിക്കുന്നത്.
- വെള്ളക്കാരെ ഓടിച്ചാലേ ജനങ്ങൾക്ക് ഗുണം ലഭിക്കൂ എന്നവർ വിശ്വസിക്കുന്നു.
- ജനങ്ങളെന്നുവച്ചാൽ ആണും പെണ്ണുമൊക്കെപ്പെടും.
- അവരെയും സമരത്തിൽ പങ്കാളികളാക്കണം.
- ജനങ്ങളുടെ സഹകരണമില്ലെങ്കിൽ രാഷ്ട്രീയക്കാർ കേസൊന്നും ലഭിക്കാതെ വക്കീലായി ചമഞ്ഞു നടക്കുന്നവരെപ്പോലെയാവും.
- പാവങ്ങളായ ജനങ്ങളുടെ പിന്തുണയും പങ്കാളിത്തവും തങ്ങളുടെ സമരപ്രവർത്തനങ്ങൾക്ക് അനിവാര്യമാണെന്ന സത്യം പറഞ്ഞുപരിചയിച്ച ഒരു ചൊല്ലിലൂടെ സമർത്ഥിക്കുകയാണ് മൗലവി. ഇക്കാര്യം പൂർണ്ണമായി പ്രതിഫലിപ്പിക്കുന്ന പ്രയോഗം തന്നെയാണിത്.

- “നാടൻ നായിനെ ...........പോലെ.”

രാഷ്ട്രീയമൊന്നുമില്ലാത്ത തന്നെ ജാഥയിൽ നിർബന്ധിച്ചു കൊണ്ടുപോകുന്നതിനെക്കുറിച്ചുള്ള കഥാകൃത്തിന്റെ വിചാരപ്പെടലാണ് ഈ വാക്കുകൾ. നാടൻ നായ്ക്കൾക്കു കുളിച്ചു ശീലമില്ല. അവയെ കുളിപ്പിക്കാൻകൊണ്ടുപോകുന്നത് പ്രയാസമുള്ള കാര്യമാണ്. കഴുത്തിൽ കയറിട്ട് വലിച്ചുകൊണ്ടുപോകണം. അതുപോലെ ജ്യോഷ്ഠന്റെ ആജ്ഞയാകുന്ന കയറിൽ കുരുങ്ങിയാണ് തന്റെ നടത്തം എന്ന കാര്യം രസകരമായി ആവിഷ്ക്കരിച്ചിരിക്കയാണീ പ്രയോഗത്തിൽ.

ഈ രാഷ്ട്രീയപ്രവർത്തനത്തിൽ തനിക്കൊട്ടും താല്പര്യമില്ലെന്നും മറ്റുള്ളവരുടെ നിർബ ന്ധത്തിനു വഴങ്ങിയാണു പോകുന്നതെന്നുമുള്ള കാര്യം വളരെ ഭംഗിയായി ഈ പ്രയോഗത്തി ലൂടെ ആവിഷ്ക്കരിച്ചിരിക്കുന്നു.

ചർച്ചയിലൂടെ വ്യക്തമായ കാര്യങ്ങൾ ഉൾപ്പെടുത്തി കുട്ടികൾ കുറിപ്പ് തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തട്ടെ.

<u>അടിവരയിട്ട പദമുൾപ്പെടുത്തി വാക്യരചന</u>

ശൈലികളാണ് വാക്യത്തിൽ പ്രയോഗിക്കാൻ നൽകിയിരിക്കുന്നത്.

പുല്ലാണ്, ഈറ്റപ്പുലിയെപ്പോലെ, ചെവി കൂർപ്പിച്ചു, കെട്ടിവലിച്ചുകൊണ്ടുപോവുക എന്നീ ശൈലികളുടെ ആശയം ചർച്ചയിലൂടെ കുട്ടികളെ ബോധ്യപ്പെടുത്തണം.

- പുല്ലാണ് എന്നാൽ നിസ്സാരമാണ് എന്നർത്ഥം
- ഈറ്റപ്പുലിയെപ്പോലെ - ഈറ്റപ്പുലി എന്നാൽ പ്രസവിച്ചുകിടക്കുന്ന പുലി എന്നർത്ഥം. ഈ സമയത്ത് പുലിയുടെ ശൗര്യവും ക്രൗര്യവും വർദ്ധിക്കും. ആരെയും അങ്ങോട്ടടു ക്കാൻ അനുവദിക്കില്ല. ഇതുപോലെ ശൗര്യത്തോടെ ചെറുത്തുനിൽക്കുന്ന അവസ്ഥ യ്ക്കാണ് ഈ ശൈലി പ്രയോഗിക്കുന്നത്.
  - ചെവി കൂർപ്പിക്കുക എന്നാൽ സൂക്ഷ്മമായി ശ്രദ്ധിക്കുക എന്നാണർത്ഥം.
  - കെട്ടിവലിച്ചുകൊണ്ടുപോവുക എന്നതിനു നിർബന്ധിച്ചു കൂടെക്കൂട്ടുക എന്ന് ഉദ്ദേ ശ്യാർത്ഥം.

കുട്ടികൾ വ്യക്തിഗതമായി വാക്യങ്ങൾ രചിക്കട്ടെ

ഗ്രൂപ്പിൽ ചർച്ചചെയ്ത് മെച്ചപ്പെടുത്തിയശേഷം ഓരോ ഗ്രൂപ്പും വാക്യങ്ങൾ വായിച്ചു കേൾപ്പിക്കു ന്നു. മറ്റു കുട്ടികൾ വിലയിരുത്തട്ടെ. മെച്ചപ്പെടുത്താനുള്ള അവസരം നൽകണം.

<u>സ്വാഭിപ്രായമെഴുതുക</u>

മൗലവി ആ സ്ത്രീയെ കൂട്ടിക്കൊണ്ടുവന്ന സാഹചര്യം വിലയിരുത്താം:

- ഒരു യുവതിയും കുട്ടിയും അഭയമില്ലാതെ അലഞ്ഞു നടക്കുന്നു.
- പല വിധത്തിലുള്ള അപകടങ്ങൾ അവർക്കു സംഭവിക്കാം.
- പലരും അവരെ ദ്രോഹിച്ചേക്കാം.
- ഈ അവസരത്തിലാണ് മൗലവി അവരെ കൂട്ടിക്കൊണ്ടുവരുന്നത്. ഒരുപക്ഷേ ഏതെങ്കിലും അപകടമുഖത്തുനിന്നും രക്ഷപ്പെടുത്തിക്കൊണ്ടു വന്നതുമാവാം.

മൗലവിയുടെ ഈ പ്രവൃത്തിയെക്കുറിച്ച് എന്താണഭിപ്രായം?

കുട്ടികൾ വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കട്ടെ.

സ്വന്തം അഭിപ്രായത്തിനു ന്യായീകരണവും എഴുതാൻ നിർദ്ദേശിക്കണം.

<u>ഡയറിക്കുറിപ്പ്</u>

ഡയറിക്കുറിപ്പ് മുമ്പു പരിചയപ്പെട്ട പ്രവർത്തനമാണ്. ലഘുചർച്ച നടത്താം:

- പതിനാലാമത്തെ മെമ്പർ ആരായിരുന്നു?
- എന്താണ് അവരുടെ അവസ്ഥ?
- അവസാനം എന്തു സത്യമാണ് അവരുടെ സംസാരത്തിൽ നിന്നു മനസ്സിലാക്കി യത്?
- അതുകേട്ടു നിന്നവരുടെ അപ്പോഴത്തെ അവസ്ഥ എന്തായിരുന്നു?

ചർച്ചയിലൂടെ കാര്യങ്ങൾ കുട്ടികൾ വ്യക്തമായി ഉൾക്കൊള്ളണം.

നേതാവിന്റെ അവരുടെ നേർക്കുള്ള സമീപനവും ചർച്ച ചെയ്യണം.
ഉരുത്തിരിഞ്ഞ ആശയങ്ങൾ കുട്ടികൾ ഡയറി രൂപത്തിൽ എഴുതട്ടെ.
(താനാണ് നേതാവ് എന്ന നിലയിലായിരിക്കണം എഴുതുന്നത്)

വ്യക്തിഗതമായി എഴുതിയ കുറിപ്പ് ഗ്രൂപ്പിൽ അവതരിപ്പിച്ചു കൂട്ടിച്ചേർക്കലുകൾ നടത്തണം. ടീച്ചർ വേർഷൻ അവതരിപ്പിക്കുന്നത് പ്രയോജനം ചെയ്യും.

## ചരിത്ര പശ്ചാത്തലം കണ്ടെത്താം

സൂചനകൾ നൽകാം:

ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള പ്രതിഷേധം മലബാർമേഖലയിൽ വ്യാപകമായതോടെ അതിക്രൂരമായ ശിക്ഷാനടപടികളാണ് ബ്രിട്ടീഷ്പട്ടാളം കൈക്കൊണ്ടത്. ആദ്യഘട്ടത്തിൽ സമരങ്ങളിൽ പങ്കെടുത്തവരെ നാടുകടത്തുന്ന രീതിയാണ് സ്വീകരിച്ചത്. അങ്ങനെ മലബാറിലെ മുസ്‌ലിംകളെ ആസ്ത്രേലിയയിലെ ബോട്ടണിബേയിലേക്കും അന്തമാൻദ്വീപിലേക്കും നാടുകടത്തി. കൂടുതൽ പേരെയും അന്തമാനിലേക്കാണ് നാടുകടത്തിയത്. ആ നാടുകടത്തൽ വധശിക്ഷയെക്കാൾ വലിയ ക്രൂരതയായാണു പലരും കണ്ടത്. ഒരിക്കലും തിരിച്ചുവരാൻ കഴിയാത്തവിധം ബന്ധുക്കളിൽനിന്നും നാട്ടുകാരിൽനിന്നും ഒറ്റപ്പെട്ട് ജനവാസയോഗ്യമല്ലാത്ത ദ്വീപുകളിലും മറ്റും കിടന്ന് ഇഞ്ചിഞ്ചായി മരണം ഏറ്റുവാങ്ങുകയായിരുന്നു നാടുകടത്തപ്പെട്ടവരിൽ അധികം പേരും.

## മുറ്റുവിനയും പറ്റുവിനയും

ഒരു പ്രവൃത്തിയയോ സ്ഥിതിയെയോ കുറിക്കുന്ന പദത്തിനാണ് ക്രിയ എന്നു പറയുന്നത്. ക്രിയകളെ മുറ്റുവിന എന്നും പറ്റുവിന എന്നും രണ്ടായി തിരിക്കാം.

- വിന എന്നാൽ ക്രിയ – മുറ്റുവിനയെന്നാൽ പൂർണക്രിയ. മുറ്റുവിനയ്ക്ക് സ്വതന്ത്രമായി നിൽക്കാൻ കഴിയും. ഉദാ:ഓടുന്നു, പറഞ്ഞു, പിടിക്കുന്നു, വരുന്നു, വന്നു, നടന്നു.
- പറ്റുവിന എന്നാൽ അപൂർണ ക്രിയയാണ്. മറ്റൊരു ക്രിയയെയോ നാമത്തെയോ പറ്റിയാണ് (ചേർന്നാണ്) അവ നില്ക്കുക.

ഉദാ: ഓടുന്ന കുട്ടി, പറക്കുന്ന പക്ഷി, വായിച്ചാൽ പഠിക്കാം, പഠിച്ചില്ലെങ്കിൽ തോൽക്കും. കൂടുതൽ ഉദാഹരണങ്ങൾ നൽകാം.
തുടർന്ന് വർക്കുബുക്കിലെ പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി നിർവഹിക്കട്ടെ.
പരസ്പരം കൈമാറി വിലയിരുത്തണം.
ടീച്ചർ BBയിൽ കുറിച്ചാൽ വിലയിരുത്തൽ എളുപ്പമാകും.

## യൂണിറ്റ് 5

# നമ്മേ നമ്പി നാടിരുക്ക്

**ആമുഖം**

"മനുഷ്യകരങ്ങളുടെ പ്രവർത്തനങ്ങളാൽ കരയിലും കടലിലും നാശം വ്യാപകമായിരിക്കുന്നു" എന്നൊരു ദിവ്യവചനമുണ്ട്. പുതിയകാലത്ത് ഈ വസ്തുത കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കയാണ്. പ്രകൃതിയെ ദൈവം സംവിധാനിച്ചത് ജീവജാലങ്ങൾക്ക് സുമഗമമായി ജീവിക്കാൻ പര്യാപ്തമായ നിലയിലാണ്. ഓരോ പ്രദേശത്തെയും കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും അനുയോജ്യമായ വിധത്തിലാണ് അവിടങ്ങളിലെ ജീവജാലങ്ങളുടെ പ്രകൃതിയും. എന്നാൽ മനുഷ്യരുടെ ദുരയും അഹങ്കാരവും ആർത്തിയും അറ്റമില്ലാത്ത സുഖസൗകര്യതൃഷ്ണയും ഭൂമിയിൽ നാശം വിതിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ പരിണതഫലമെന്നോണം പ്രകൃതിയുടെ താളം തെറ്റുകയും ചെയ്യുന്നു. ഇത് ഭൂമിയിലെ ജീവജാലങ്ങളുടെ സുസ്ഥിതിയെ അതിഗുരുതരമായാണു ബാധിച്ചുകൊണ്ടിരിക്കുന്നത്. ഭൂമിയിൽ മനുഷ്യർക്കും കൃഷികൾക്കും വിഭവോല്പാദനങ്ങൾക്കും പലവിധത്തിൽ പ്രയോജനകരമായ അനേകം ജീവികളും സസ്യങ്ങളും മറ്റും തിരോധാനം ചെയ്തുകഴിഞ്ഞു എന്ന കണ്ടെത്തൽ അത് തെളിയിക്കുന്നുണ്ട്. മനുഷ്യരുടെയും ഇതരജീവികളുടെയും ജീവനുതന്നെ ഭീഷണിയായിത്തീരുന്ന അനേകം മാരകരോഗങ്ങളുടെ രംഗപ്രവേശം ഈ നാശങ്ങളുടെ പാർശ്വഫലമായിത്തന്നെയാണു കണക്കാക്കുന്നത്. ഈയവസരത്തിൽ മാനവസമൂഹം പുനർവിചിന്തിനത്തിനു വിധേയമാകേണ്ടതുണ്ട്. ഇന്നത്തെ സംഹാരാത്മകമായ നിലപാടുകൾ തുടർന്ന് സർവനാശത്തിന്റെ വേഗം വർദ്ധിപ്പിക്കേണമോ അതോ പരമാവധി നിയന്ത്രണം പാലിച്ച് ലോകത്തിന്റെ സുസ്ഥിതി വീണ്ടെടുക്കാൻ ശ്രമിക്കണമോ? പുതുതലമുറകളുടെ മനസ്സിൽ ഈ ചോദ്യം നിരന്തരം മുഴങ്ങിക്കൊണ്ടിരിക്കേണ്ടതുണ്ട്.

പ്രകൃതിനശീകരണവും മലിനീകരണവുമെല്ലാം ആഗോളപ്രതിഭാസമല്ലേ, നാം അതിനെക്കുറിച്ച് വേവലാതിപ്പെട്ടിട്ടും ചർച്ച ചെയ്തിട്ടും എന്തുകാര്യം എന്നുപറഞ്ഞ് ഗുരുതരമായ ഈ പ്രശ്നത്തെ ലാഘവത്തോടെ കാണുന്നവരുണ്ട്. എന്നാൽ ഓർക്കേണ്ട പ്രധാനകാര്യം നമ്മെപ്പോലുള്ളവർ ഉൾക്കൊള്ളുന്നതാണ് ആഗോളജനതയെന്നതും അതിലൊരു കണികയാണു നാമെന്നതുമാണ്. നമ്മുടെ അതിനിസ്സാരമായ ചില പ്രവർത്തനങ്ങൾപോലും ആഗോളതലത്തിൽ വിലയിരുത്തപ്പെടുന്ന അപകടാവസ്ഥയിൽ സ്വന്തം സ്ഥാനങ്ങൾ അടയാളപ്പെടുത്തുന്നുണ്ട് എന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. പുതുതലമുറകൾ ഇതിനെക്കുറിച്ചു ബോധമുൾക്കൊള്ളണം.

2018ൽ കേരളത്തിലുണ്ടായ വെള്ളപ്പൊക്കം ഇക്കാര്യത്തിൽ നമുക്കൊരു പാഠമാണ്. പ്രളയാനന്തര വിലയിരുത്തലിൽ ബോധ്യമായത് നമ്മുടെ അശാസ്ത്രീയമായ കെട്ടിട നിർമ്മാണങ്ങളും റോഡ്നിർമ്മാണങ്ങളും മണ്ണ്, മണൽ, പാറ, ചെങ്കല്ല് ഖനനങ്ങളും വനനശീകരണവും മറ്റും പ്രളയനാശം വർദ്ധിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ടെന്നാണ്. സ്വന്തംപറമ്പിലെ ഒറ്റപ്പെട്ട മരം മുറിക്കുന്നതുപോലും നമ്മെ പ്രതികൂലമായി ബാധിക്കുന്ന പ്രവർത്തനമാണെന്നു തിരിച്ചറിയേണ്ടതുണ്ട്. അന്തരീക്ഷ താപനില വർദ്ധിക്കുന്നതിലും മാരകരോഗകാരണമായ വൈറസുക

ളുടെ ആഗമനത്തിലും കാരണം കണ്ടെത്താനാവാത്തതും ചികിത്സകൾ ഫലിക്കാത്തതുമായ രോഗങ്ങളുടെ വ്യാപനത്തിലുമെല്ലാം നമ്മുടെ നിയന്ത്രണങ്ങളില്ലാത്ത ഉപഭോഗത്വരയുടെയും ലാഭേച്ഛയുടെയും കണ്ണും കാതുമില്ലാത്ത വികസനപ്രവർത്തനങ്ങളുടെയും സ്വാധീനം വായിച്ചെടുക്കാൻ സാധിച്ചേക്കും.ഒരുണർവ് വേണം. പ്രകൃതിയെ ചൂഷണം ചെയ്യുന്നത് അപകടമേ വരുത്തിവയ്ക്കുകയുള്ളൂ എന്ന വിചാരമുണ്ടാവണം. പ്രകൃതിക്ക് നിയതമായ ചില അവസ്ഥകളുണ്ടെന്നും അതിനു ഭംഗം വരുത്തുന്നത് സർവനാശത്തിനു വഴിവയ്ക്കുമെന്നുമുള്ള തിരിച്ചറിവുണ്ടാവണം. കുട്ടികളുടെ മനസ്സിൽ ഇത്തരം ചിന്തകളുണർത്താനുള്ള പാഠഭാഗങ്ങളാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മോഹനകൃഷ്ണൻ കാലടിയുടെ 'പണി തീരാത്ത വീട്' വീടിന്റെ കാര്യത്തിലുള്ള നമ്മുടെ വികലവിചാരങ്ങൾക്കു നേരെ വിരൽചൂണ്ടുന്ന കവിതയാണ്. താമസിക്കാനാളില്ലാതെ അനേകം മുറികളുള്ള കൊട്ടാരസമാനമായ വീടുകൾ നിർമ്മിച്ച് ഭൂമിക്കു ഭാരവും അന്തരീക്ഷത്തിനു ശാപവും തീർക്കുന്ന അഹന്തക്കെതിരെയുള്ള പരിഹാസം കൂടിയാണത്. 'ജലഗോപുരം തകരുമ്പോൾ' എന്ന ലേഖനം 2018 ലെ വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ ഒരു വീണ്ടുവിചാരമുണർത്തുന്നുണ്ട്. പശ്ചിമഘട്ടമലനിരകൾ എത്ര ആസൂത്രിതമായാണു സംവിധാനിച്ചിരിക്കുന്നതെന്നും അവിടേക്കുള്ള നമ്മുടെ കടന്നുകയറ്റവും കൈയേറ്റവും എത്ര അപകടകരമാണെന്നുമുള്ള തിരിച്ചറിവു നൽകുന്നുണ്ട് ഈ ലേഖനം. 'വെള്ളപ്പൊക്കമാല' എന്ന മാപ്പിളപ്പാട്ട് 1925-ലെ വെള്ളപ്പൊക്കത്തിലേക്കു ശ്രദ്ധ തിരിക്കുന്ന രചനയാണ്. പ്രകൃതിയിലെ മാറ്റങ്ങൾ എക്കാലത്തും കലാകാരന്മാരെ ചിന്താകുലരും രചനാതല്പരരുമാക്കിയിരുന്നെന്ന് ഈ പാട്ട് പറയുന്നു. പ്രകൃതിയെക്കുറിച്ചുള്ള, അതു നശിപ്പിക്കുന്നതിന്റെ അപകടത്തെക്കുറിച്ചുള്ള അവബോധമുണ്ടാക്കാൻ ഈ യൂണിറ്റിലെ പാഠഭാഗങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

## പ്രവേശക പ്രവർത്തനം

പ്രവേശകമായി നൽകിയ പാട്ട് കുട്ടികൾ സംഘമായി പാടട്ടെ.

എന്താണ് ഈ വരികളുടെ ആശയം?

അട്ടപ്പാടിയിലെ ഇരുളർവിഭാഗത്തിന്റെ ഈ പാട്ട് സൂചിപ്പിക്കുന്നതെന്താണ്?

ചർച്ചയിൽ പങ്കെടുത്ത് കുട്ടികൾ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കട്ടെ.

ടീച്ചർ ക്രോഡീകരിക്കുന്നു:

പ്രകൃതിയിലെ ഓരോ വസ്തുവും പരസ്പരം ആശ്രയിച്ചാണു നിലകൊള്ളുന്നത്.

മനുഷ്യരുടെ പ്രവർത്തനങ്ങളെ ആശ്രയിച്ചാണ് നാടിന്റെ നിലനില്പ്.

മണ്ണിനെ ആശ്രയിച്ചു മരം നിലകൊള്ളുന്നു.

മരത്തിനെ നമ്പിയാണ് മണ്ണ് നിലകൊള്ളുന്നത്.

മരത്തിൽ കൊമ്പുകളുണ്ടാവുന്നു. കൊമ്പുകളിൽ പൂവുകളുണ്ടാവുന്നു. പൂവുകളിൽനിന്നു കായ്കനികളുണ്ടാവുന്നു. കായ്കനികളാണ് പഴവർഗങ്ങളായി മാറുന്നത്. അത് ഭക്ഷണമാക്കിയാണ് നമ്മുടെ നിലനില്പ്. അതേസമയം നമ്മുടെ പ്രവൃത്തികളെ ആശ്രയിച്ചിരിക്കുന്നു നാടിന്റെ നിലനില്പ്. എല്ലാം പരസ്പരാശ്രിതമാണ്. ഇവയ്ക്കിടയിലുള്ള ഒരു ഘടകത്തിനു വല്ല കുഴപ്പവും സംഭവിച്ചാൽ ഈ ശൃംഖല തകരും. ആത്യന്തികമായി അതു ബാധിക്കുക മനുഷ്യജീവിതത്തെയായിരിക്കും. അപ്പോൾ പിന്നെ നാടിന്റെ കാര്യവും അവതാളത്തിലാകുമല്ലോ.

ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾക്കൊള്ളിച്ച് കുട്ടികൾ ലഘുകുറിപ്പ് തയ്യാറാക്കട്ടെ.

യൂണിറ്റ് 5

# യൂണിറ്റ് വിശകലനം

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പ്രധാന പ്രവർത്തനങ്ങൾ വ്യവഹാര /പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • കവിതകളുടെ കാലം, പ്രമേയം, ചമത്കാരഭംഗി എന്നിവ ഉൾക്കൊള്ളുകയും അവയെ താരതമ്യം ചെയ്ത് കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>•തെറ്റായ ജീവിതരീതിക്കെതിരെയുള്ള ഉത്തരാധുനിക കവിതകളിലെയും കഥകളിലെയും വിമർശനങ്ങളും പരിഹാസങ്ങളും തിരിച്ചറിയുന്നു. | പണിതീരാത്ത വീട് | •വീടുനിർമ്മാണത്തിലും ചില തിരിച്ചറിവുകൾ ആവശ്യമാണ്<br>•വലിയ -ആവശ്യത്തിൽ കവിഞ്ഞ വലിപ്പമുള്ള വീടുകൾ മനസ്സിൽ അസ്വസ്ഥതകളും ഭാരവും സൃഷ്ടിക്കുന്നുണ്ട്.<br>•ഒരേ പദത്തിനു വിവിധ സന്ദർഭങ്ങളിൽ തികച്ചും വ്യത്യസ്തമായ അർത്ഥങ്ങളാണുണ്ടാവാറുള്ളത് | കവിത ഭാവാത്മകമായി വായിക്കൽ<br>സമാനാശയമുള്ള കഥാവായന<br>സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കൽ<br>ഒരേ പദത്തിനു വിവിധ സന്ദർഭങ്ങളിലുള്ള അർത്ഥ വ്യത്യാസം തിരിച്ചറിയൽ പഴഞ്ചൊല്ല് വിശദീകരിക്കൽ, താരതമ്യം ചെയ്യൽ | കവിതാ വായന<br>കഥാവായന<br>സ്വാഭിപ്രായക്കുറിപ്പ്<br>കുറിപ്പ്<br>താരതമ്യക്കുറിപ്പ് | വായന<br>•ഭാവം ഉൾക്കൊണ്ടിട്ടുണ്ട്<br>•ആശയവ്യക്തത<br>•ഒഴുക്ക്<br>താരതമ്യക്കുറിപ്പ്<br>•സാമ്യവ്യത്യാസങ്ങൾ<br>•ആശയസമഗ്രത<br>•സ്വാഭിപ്രായം<br>•ഭാഷയുടെ അനുയോജ്യത |
| •ലേഖനം, നിരൂപണം, പഠനം, ഉപന്യാസം എന്നിവ വായിച്ച് പ്രമേയപരവും ആസ്വാദനപരവുമായ ആശയങ്ങൾ ഉൾക്കൊള്ളുകയും ജീവിത സന്ദർഭങ്ങളിൽ ഔചിത്യപൂർവ്വം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.<br>•പ്രകൃതിദുരന്തങ്ങളുടെ കാരണങ്ങൾ വിലയിരുത്തുകയും അതില്ലാതാക്കാനുള്ള ബോധവൽക്കരണം നടത്താൻ പരിശീലിക്കുകയും ചെയ്യുന്നു.<br>•വിവിധ വ്യവഹാരരൂപങ്ങൾ പരിചയപ്പെടുകയും സമാനമായവ തയ്യാറാക്കുകയും ചെയ്യുന്നു. | ജലഗോപുരം തകരുമ്പോൾ | •പശ്ചിമഘട്ട മലനിരകൾ കേരളത്തിനു പ്രകൃതിയൊരുക്കിയ സുരക്ഷാകവചമാണ്<br>•അതിന്റെ നാശം കേരളത്തിന്റെ നാശത്തിനു വഴിയൊരുക്കും<br>•വികസനത്തെക്കുറിച്ചുള്ള തെറ്റായ ധാരണകളാണ് പ്രകൃതി ദുരന്തങ്ങൾക്കും കാലാവസ്ഥാ വ്യതിയാനത്തിനും നിമിത്തം<br>•പ്രകൃതിചൂഷണത്തിനെതിരെ ശക്തമായ നിയമനിർമ്മാണം നടത്തേണ്ടതാണ്.<br>•സുസ്ഥിതിയുണ്ടാവണമെങ്കിൽ പ്രകൃതിയെക്കുറിച്ചുള്ള നമ്മുടെ ഇന്നത്തെ മനോഭാവം മാറേണ്ടതാണ് | ലേഖനം വായനയും വിശകലനവും<br>പ്രകൃതിയെ പ്രതികൂലമായി ബാധിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യൽ<br>പ്രഭാഷണം തയ്യാറാക്കൽ<br>നിവേദനം തയ്യാറാക്കൽ<br>പ്രതികരണക്കുറിപ്പ് തയ്യാറാക്കൽ | വായന<br>വിശകലനക്കുറിപ്പ്<br>ചർച്ചാക്കുറിപ്പ്<br>പ്രഭാഷണം<br>നിവേദനം<br>പ്രതികരണക്കുറിപ്പ് | വിശകലനക്കുറിപ്പ്<br>•ആശയവ്യക്തത<br>•വിശകലനശേഷി<br>•അഭിപ്രായങ്ങളുടെ യുക്തി<br>•ഭാഷയുടെ അനുയോജ്യത<br>നിവേദനം<br>•ഘടന<br>•ഉള്ളടക്കം<br>•ആശയവ്യക്തത<br>•ഭാഷ |

യൂണിറ്റ് 5

# യൂണിറ്റ് വിശകലനം

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പ്രധാന പ്രവർത്തനങ്ങൾ വ്യവഹാര /പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • മാപ്പിളപ്പാട്ടുകൾ, നാടൻപാട്ടുകൾ തുടങ്ങിയവയിലെ ഈണവും താളവും മനസ്സിലാക്കി പാടി അവതരിപ്പിക്കുന്നു<br><br>•ഇത്തരം പാട്ടുകളിലെ താളം തിരിച്ചറിഞ്ഞു രചനകളിൽ ഏർപ്പെടുന്നു.<br><br>•ഇവയിലെ പ്രമേയപരമായ സവിശേഷതകൾ വിലയിരുത്തി അക്കാലത്തെ സാമൂഹികാവസ്ഥ തിരിച്ചറിയുന്നു. | വെള്ളപ്പൊക്കമാല | •പ്രകൃതിദുരന്തങ്ങൾ വിഷയമായുള്ള രചനകൾ പഴയകാലത്തും മലയാളത്തിലുണ്ടായിട്ടുണ്ട്<br><br>•മാപ്പിളപ്പാട്ടുകളിൽ കാലാനുസൃതമായി വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്<br><br>•പഴയകാല നാടൻപാട്ടുകളുടെ ഈണവും താളവും മാപ്പിളപ്പാട്ടുകളിൽ കണ്ടെത്താവുന്നതാണ് | മാപ്പിളപ്പാട്ട് ആലാപനം<br><br>ആശയവിശകലനം<br><br>മാപ്പിളപ്പാട്ടുകളുടെ സവിശേഷതകൾ കണ്ടെത്തൽ<br><br>ആവിഷ്ക്കാരഭംഗി കണ്ടെത്തൽ<br><br>പാട്ടുകൾ ശേഖരിക്കൽ, ആലാപനം<br><br>സമാനപാട്ടുകൾ വിലയിരുത്തൽ | ഗാനാലാപനം<br><br>കുറിപ്പ്<br><br>കുറിപ്പ്<br><br>ഗാനമേള<br><br>വിലയിരുത്തൽ<br><br>കുറിപ്പ് | വിശകലനകുറിപ്പ്<br>•ആശയവ്യക്തത<br>•വിശകലനശേഷി<br>•അഭിപ്രായസമർത്ഥനം<br>•അനുയോജ്യ ഭാഷ<br><br>ഗാനമേള<br>•ഗാനങ്ങളിലെ വൈവിധ്യം<br>•ഈണവും താളവും<br>•പങ്കാളിത്തം |

## പാഠം 16

# പണി തീരാത്ത വീട്

ഈയടുത്ത കാലത്തായി നമ്മുടെ നാടുകളിൽ വലിയ വീടുകളോടുള്ള ഭ്രമം വ്യാപകമായിരിക്കയാണ്. ബാങ്കുകളിൽനിന്നു ലോണെടുത്തും ആസ്തികൾ പണയപ്പെടുത്തിയും വിറ്റും മറ്റും പല വിധത്തിൽ പണം സംഘടിപ്പിച്ചും വലുതും മനോഹരവുമായ വീടുകൾ സ്ഥാപിക്കുകയെന്നതാണ് പലരുടെയും ജീവിതസ്വപ്നം തന്നെ. ഈ രംഗത്ത് ഒരു തരം മത്സരം തന്നെയാണു നടക്കുന്നതെന്നു പറഞ്ഞാൽ തെറ്റില്ല. ഒരായുഷ്ക്കാലത്തെ സമ്പാദ്യംമുഴുവൻ ചെലവഴിച്ചാണു പലരും വീടുനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നത്.

ജീവിക്കാൻ സൗകര്യമുള്ള, സ്വസ്ഥത നൽകുന്ന, സുഖം നൽകുന്ന ഒരു വീട് ആവശ്യം തന്നെ. എന്നാൽ ഇന്നത്തെ രീതി അതാണോ? കോൺക്രീറ്റ്കാടുകൾ എന്ന് ഈ കെട്ടിടനിർമ്മാണത്തെ വിശേഷിപ്പിക്കാറുണ്ട്. പല വീടുകളും കാണുമ്പോൾ ആ പ്രയോഗം അക്ഷരാർത്ഥത്തിൽ ശരിയാണെന്നു തോന്നും. സൗകര്യത്തെക്കാളേറെ മോടിയിലാണ് അധികപേർക്കും ശ്രദ്ധ. മോടികൂട്ടാൻ എത്രയധികം സിമെന്റും കമ്പികളുമാണ് ഉപയോഗിക്കപ്പെടുന്നത്! സൂക്ഷ്മമായി പരിശോധിച്ചാൽ അവയിൽ പകുതിപോലും സാമാന്യനിലയിലുള്ള ഒരു വീട് നിർമ്മിക്കാൻ ആവശ്യമായി വരില്ലെന്നു മനസ്സിലാക്കാൻ കഴിയും. വീട്ടിലെ അലങ്കാരപ്പണികളും മറ്റു സജ്ജീകരണങ്ങളും ഇതിനു പുറമെയാണ്. വലിയ വീടാകുമ്പോൾ അതിനൊത്ത സംവിധാനങ്ങളും വേണ്ടിവരുമല്ലോ.

ഈ വലിയ വീടുകളിൽ താമസിക്കാനുള്ളതോ, രണ്ടോ മൂന്നോ പേർ, നാലോ അഞ്ചോ പേർ. അണുകുടുംബം എന്ന മനോഭാവം വേരുറച്ചുകഴിഞ്ഞ ഇക്കാലത്ത് അഞ്ചിലധികം അംഗങ്ങൾ ഒരു വീട്ടിൽ താമസിക്കുന്നത് അപൂർവ്വമായിരിക്കും. അഞ്ചുപേർക്ക് താമസിക്കാൻ അഞ്ച്ബെഡ്റൂമും ഒരടുക്കളയും ഒരു തീൻമുറിയും ആവശ്യമായിരിക്കാം. പലപ്പോഴും അത്രയും വേണ്ടിവരില്ല. അതിലധികമുള്ളതെല്ലാം ആവശ്യമില്ലാത്തതാണ്. അവയുടെ പരിചരണവും മറ്റും വലിയൊരു ബാധ്യതയായി എക്കാലവും നില നില്ക്കുന്നു. ഇത്തരമൊരു വീട് അടിച്ചുതുടച്ചു വൃത്തിയാക്കി കൊണ്ടുനടക്കുന്നതിന്റെ ക്ലേശം പല വീട്ടമ്മമാരും തുറന്നു പറയാറുണ്ട്. എന്നാലും 'ഇതെന്തിന്' എന്ന ആലോചന മനസ്സിലേക്കു കടക്കുന്നില്ല. വീടുകൾ നിർമ്മിച്ചുകൊണ്ടേയിരിക്കയാണ്. ഭൂമി മുഴുവൻ കമ്പിയും സിമെന്റും കൊണ്ടു നിറയുന്ന അവസ്ഥ എത്ര ഭയാനകമാണ്.

ഈ വീടുനിർമ്മാണഭ്രമത്തെ അപഹസിക്കുന്നതാണ് മോഹനകൃഷ്ണന്റെ കവിത. ഒരു കുട്ടിയുടെ കാഴ്ചപ്പാടിലൂടെ വീട്ടിനകത്തെ ഏകാന്തത കവി ആവിഷ്ക്കരിച്ചിരിക്കുന്നു. പണിക്കാരുടെ തിരക്കും ബഹളവുമെല്ലാം പണി കഴിയുവോളം മാത്രം. അതുകഴിഞ്ഞാൽ അവർ പോകണമല്ലോ. എന്നാൽ കുട്ടി ആഗ്രഹിക്കുന്നത് അവരെല്ലാം അവിടെയുണ്ടായിരുന്നെങ്കിൽ എന്നാണ്. അവരെയൊക്കെ ഈ വലിയ വീട്ടിൽ താമസിപ്പിക്കാൻ അച്ഛനോടു പറയാമായിരുന്നു എന്നാണ് ഏകാന്തതയുടെ അസ്വസ്ഥതയും പ്രയാസവും പേറുന്ന മനസ്സോടെയുള്ള കുട്ടിയുടെ ചിന്തകൾ. സമൂഹത്തിലെ തെറ്റായ രീതികൾക്കെതിരെയുള്ള പ്രതികരണമായി ഈ കവിതയെ കാണാവുന്നതാണ്.

**പാഠാവതരണം**

കുട്ടികൾ പാഠഭാഗത്തുള്ള ചിത്രം നിരീക്ഷിക്കട്ടെ.

- വലിയൊരു വീട്, വിജനമായ മുറ്റം.

കുട്ടി ഒറ്റയ്ക്കിരുന്ന് താടിയിൽ കൈ ഊന്നി എന്തോ ആലോചിച്ചുകൊണ്ടിരിക്കയാണ്.

- എന്തായിരിക്കാം അവന്റെ അവസ്ഥ?
- എന്തൊക്കെയാവാം അവൻ ആലോചിക്കുന്നത്?

കുട്ടികൾ സ്വന്തം ഭാവനയ്ക്കനുസരിച്ച് അഭിപ്രായപ്രകടനം നടത്തട്ടെ.
ടീച്ചർ ക്രോഡീകരിക്കുന്നു:

- പുതിയ വീടിന്റെ പണിയൊക്കെ കഴിഞ്ഞു; പണിക്കാരെല്ലാം പോയി.
- അച്ഛനും അമ്മയും ഏകമകനുമാണ് ആ വീട്ടിലെ താമസക്കാർ.
- അച്ഛൻ ഓഫീസിൽ പോയിട്ടുണ്ടാവും, അമ്മ എന്തോ തിരക്കിലായിരിക്കും.
- അല്ലെങ്കിൽ അവരും ജോലിസ്ഥലത്തായിരിക്കും.
- മകൻ വീട്ടിൽ ഒറ്റയ്ക്കാണ്. (അവന് സ്കൂൾ അവധിയായിരിക്കാം.)
- വലിയ ഗേറ്റും കോമ്പൗണ്ടുമൊക്കെയുള്ള വീടായതുകൊണ്ട് മറ്റു കുട്ടികളൊന്നും അങ്ങോട്ടു കയറില്ല. മകനാണെങ്കിൽ പുറത്തേക്കു പോകാൻ അനുവാദവുമില്ല.
- ഏകാന്തതയിൽ എത്ര വിഷമമായിരിക്കും അവൻ അനുഭവിക്കുന്നത്!
- അവന്റെ ചിന്തകൾ എന്തായിരിക്കാം?

'നമുക്കീ കവിത വായിച്ചുനോക്കാം' എന്ന ആമുഖത്തോടെ ടീച്ചർ കവിത വായിക്കാൻ നിർദ്ദേശിക്കുന്നു.
കുട്ടികൾ മൗനമായി കവിത വായിക്കട്ടെ.

## പ്രയോഗസവിശേഷതകൾ

വീടുപണിയിലേർപ്പെടുന്നവരുടെ ഓർമ്മകൾ കുട്ടിയുടെ ചിന്തകളിൽ ഉണർത്തുന്ന ഭാവഭേദങ്ങൾ വരികളിൽ പ്രകടമാണ്.

- ചട്ടുകം മറന്നുവച്ച് പോയ ചെത്തിപ്പടവുകാർ
- ബീഡിക്കെട്ട് മറന്നുവച്ച വാർപ്പുകാർ
- പമ്പരമുണ്ടാക്കിത്തരാമെന്നു പറഞ്ഞു തന്നെ പറ്റിച്ച ആശാരിമാർ.
- നൂറുവാട്ടിന്റെ ചിരി മങ്ങുംമുമ്പ് സ്ഥലം വിട്ട ഇലക്ട്രീഷ്യൻ.
- വീണ്ടും പണിക്കു വിളിക്കണമെന്നോർമ്മിപ്പിച്ചുപോയ പെയിന്റിങ്ങുകാർ. (അവരെ ഇടയ്ക്കിടെ വീട് മോടി കൂട്ടാൻ ആവശ്യമാണല്ലോ.)
- അടിച്ചുവാരി വൃത്തിയാക്കിയ ചിരുതത്തള്ള.

ഭാവസാന്ദ്രമായ വരികളോരോന്നും ഒരു കുട്ടിയുടെ മനസ്സിലൂടെ കടന്നുവരുന്ന വിചാരങ്ങളാണ്. ആ നിഷ്കളങ്കഭാവത്തിൽ നിന്നു തന്നെയാണ് അവന്റെ ആഗ്രഹവും പുറത്തുവരുന്നത്; അവരെയൊക്കെ ഈ വീട്ടിൽത്തന്നെ പാർപ്പിക്കാമായിരുന്നല്ലോ. അത്രമാത്രം സൗകര്യങ്ങളുണ്ടല്ലോ ഈ വലിയ വീട്ടിൽ!

## താരതമ്യം ചെയ്യാം

'കാട് വീടായപ്പോൾ ആശാരി പുറത്ത്.'

ഈ പഴഞ്ചൊല്ലിന്റെ വാച്യാർത്ഥത്തിനാണ് കവിതയിലെ ആശയവുമായി ബന്ധമുള്ളത്. വീട് ഭംഗിയായി നിർമ്മിച്ചു സംവിധാനിച്ചുകഴിഞ്ഞാൽ പിന്നെ പണിക്കാർക്ക് അവിടെ സ്ഥാനമൊന്നുമില്ല. അവർ പോയേ പറ്റൂ.

ഒരു കാര്യം സംഘടിപ്പിക്കാനും ഒരുക്കിത്തയ്യാറാക്കാനുമൊക്കെ മുന്നിട്ടിറങ്ങി പ്രവർത്തിച്ചയാൾ അതിന്റെ പ്രയോജനം അനുഭവിക്കാൻ നേരം പുറന്തള്ളപ്പെടുന്ന അവസ്ഥ

യാണ് പഴഞ്ചൊല്ല് വ്യംഗ്യമായി സൂചിപ്പിക്കുന്നത്.

കവിതയിലെ ആശയവുമായി താരതമ്യം ചെയ്ത് കുട്ടികൾ കുറിപ്പ് തയ്യാറാക്കട്ടെ.

**പൊരുൾ കണ്ടെത്താം, വിശദീകരിക്കാം**

കുട്ടിയുടെ മാനസികാവസ്ഥ ചർച്ച ചെയ്യാം:

- വലിയ വീട്ടിൽ അവൻ ഒറ്റയ്ക്കാണ്.
- ഇന്നലെവരെ പണിക്കാരുടെ സാന്നിധ്യവും ബഹളവുമുണ്ടായിരുന്നു.
- പണി പൂർത്തിയാക്കി അവരെല്ലാം പോയി. വീട്ടിൽ കനത്ത ഏകാന്തത.
- കുട്ടി അനുഭവിക്കുന്ന കടുത്ത മാനസികപ്രയാസമാണ് ഈ വാക്യത്തിൽ പ്രകടമാകുന്നത്.
- വലിയ വീടുകളിൽ ഒറ്റപ്പെട്ടുകഴിയുന്ന സ്ത്രീകളും കുട്ടികളും വൃദ്ധരുമൊക്കെ കടുത്ത മാനസികപ്രയാസങ്ങൾ അനുഭവിക്കുന്നുണ്ടെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.
- ഗേറ്റും കോമ്പൗണ്ട്വാളും കാവൽനായ്ക്കളുമൊക്കെയാവുമ്പോൾ മറ്റാരും അങ്ങോട്ടുകയറി ച്ചെല്ലില്ല. വലിയ കോമ്പൗണ്ട്വാളിനപ്പുറത്തുള്ള കാഴ്ചകളൊന്നും കാണാനൊക്കില്ല. ഈ അവസ്ഥ അകാരണമായ ഭയത്തിനും മാനസിക രോഗങ്ങൾക്കും കാരണമാകുന്നുണ്ടത്രേ.

വിശകലനത്തിലൂടെ മനസ്സിലാക്കിയ ആശയങ്ങൾ ഉൾപ്പെടുത്തി കുട്ടികൾ വിശദീകരണ ക്കുറിപ്പ് തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തിയ ശേഷം ഏതാനും കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിച്ചു വിലയിരുത്താം.

**കഥവായിക്കാം**

'പണിതീരാത്ത വീട്' എന്ന കവിതയുടെ സമാനാശയമുള്ള കഥയാണ് വായനയ്ക്കു നൽകി യിരിക്കുന്നത്. സമാനരചനകൾ പരിചയപ്പെടുക എന്ന നിലയ്ക്ക് ഈ കഥ പ്രസക്തമാണ്. കുട്ടി കൾ കഥ വായിക്കട്ടെ. മൗനവായനയ്ക്കു ശേഷം ടീച്ചർ ഭാവാത്മകമായി കഥ വായിക്കുന്നു.

**കഥാവിശകലനം:**

- കഥയിലെ മുഖ്യകഥാപാത്രം 'അയാൾ' ആണ്.
- അയാളുടെ വിചാരങ്ങളിലൂടെയാണ് കഥ വികസിക്കുന്നത്. തന്റെ ആയുഷ്ക്കാല സമ്പാ ദ്യവും പലരിൽ നിന്നും കടം വാങ്ങിയതുമായ പണമുപയോഗിച്ചാണ് അയാൾ പത്ത് ബെഡ്റൂമുകളുള്ള ആഡംബരഭവനം പണിതത്.
- ഗൃഹപ്രവേശം കഴിഞ്ഞ് ആ മനോഹരവീട്ടിൽ അധികദിവസം താമസിക്കാൻ അയാൾ ക്കാവില്ല. കടം വാങ്ങിയ പണം തിരിച്ചുകൊടുക്കാൻ കഠിനാധ്വാനം ചെയ്യണം. ഇനിയു മൊരു പതിനഞ്ചു വർഷം കഠിനാധ്വാനം ചെയ്താലേ ആ കടമെല്ലാം വീട്ടാൻ കഴിയൂ.
- വിദേശത്ത് അയാൾക്ക് അന്തിയുറങ്ങാനുള്ള ആകെ സൗകര്യം ആറുപേർ ഒന്നിച്ചു താമ സിക്കുന്ന മുറിയിൽ ഒരു ബെഡ്ഡാണ്. ആ കെട്ടിടത്തിൽ ആകെയുള്ള ഒരു ടോയ്ലറ്റിൽ പോകാൻ അന്നയാൾക്കു കിട്ടിയത് പത്താമത്തെ ടോക്കൺ!
- അതേസമയം അയാൾ പണികഴിപ്പിച്ച വീട്ടിൽ ഒരു വീടിന്നാവശ്യമായ സൗകര്യങ്ങളെല്ലാ മുള്ള പത്തു ബെഡ്റൂമുകളുണ്ട്. അയാളുടെ ഭാര്യയും കുട്ടികളും അയാൾ പോന്നതിന്റെ പിറ്റെ ദിവസംതന്നെ ആ വലിയ വീട്ടിൽ താമസിക്കാൻ ഭയപ്പെട്ട് അമ്മമ്മയുടെ ചെറിയ വീട്ടിലേക്കു താമസം മാറ്റുന്നു! തന്റെ വീട് അയൽവീടുകളെക്കാൾ ഉയർന്നതും ഭംഗിയു ള്ളതുമാണെന്ന അഹന്ത നിറഞ്ഞ സംതൃപ്തി മാത്രമാണയാൾക്ക് മിച്ചം.

ചർച്ചയിലൂടെ കഥയുടെ ആശയം കുട്ടികളെ ബോധ്യപ്പെടുത്തണം.

ഈ കഥയും 'പണിതീരാത്ത വീട്' എന്ന കവിതയും താരതമ്യം ചെയ്യും.

എന്തെല്ലാം സാമ്യവ്യത്യാസങ്ങൾ? കുട്ടികൾ പറയട്ടെ.

ക്രോഡീകരണം :

- വലിയ വീടാണ് രണ്ടിലെയും പ്രതിപാദ്യവിഷയം.
- രണ്ടു വീട്ടിലും താമസിക്കാൻ ആൾക്കാർ കുറവാണ്.
- കഥയിലെ ഗൃഹനാഥൻ വിദേശത്ത് വളരെ കഷ്ടപ്പെട്ട് ജീവിക്കുന്നയാളാണ്.
- കവിതയിൽ ഗൃഹനാഥന്റെ അവസ്ഥ സൂചിപ്പിക്കുന്നില്ല.
- കഥയിൽ വലിയ വീട്ടിൽ താമസിക്കാൻ ഭയന്ന് വീട്ടുകാർ ചെറിയ വീട്ടിലേക്കു താമസം മാറുന്നു.
- കവിതയിൽ ഒറ്റപ്പെട്ട് എങ്ങും പോവാനാവാത്ത അവസ്ഥയിൽ ഏകാന്തതയിൽ വീർപ്പുമുട്ടി ദു:ഖിച്ചിരിക്കുന്നു കുട്ടി.

ചർച്ചയിലൂടെ കണ്ടെത്തിയ വസ്തുതകൾ ഉൾപ്പെടുത്തി താരതമ്യകുറിപ്പ് തയ്യാറാക്കട്ടെ.

**ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതാം**

ചോദ്യങ്ങൾക്ക് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതട്ടെ.
പരസ്പരം കൈമാറി വിലയിരുത്താം.
മൂന്നാമത്തെ ചോദ്യത്തിന് ആവശ്യമെങ്കിൽ വിശദീകരണം നൽകാം:
പരിഹാസ്യമായ അവസ്ഥ : അയാൾ പണികഴിപ്പിച്ച വീട്ടിൽ പത്തുറൂമുകളിലും ടോയ്‌ലറ്റുണ്ട്. എന്നാൽ അയാളിപ്പോൾ താമസസ്ഥലത്ത് ടോയ്‌ലറ്റ് ക്യൂവിൽ പത്താമത്തെയാളാണ്; മുട്ടുകൾ കടിച്ചു പിടിച്ചു സഹിച്ചുകൊണ്ട്!

**കുറിപ്പ് തയ്യാറാക്കാം**

കവിതയുടെ ആശയവിശകലനം നടന്നു കഴിഞ്ഞല്ലോ. ഈ കുറിപ്പ് കുട്ടികൾ സ്വയം തയ്യാറാക്കട്ടെ. ഹോംവർക്കായി നൽകിയാൽ മതി.

**അഭിപ്രായമെഴുതാം**

ആവശ്യമില്ലാതെ വലിയ വീടുകൾ നിർമ്മിക്കുന്നത് ഭൂമിയോടു കാണിക്കുന്ന ക്രൂരതയും വമ്പിച്ച ധൂർത്തുമാണ് – എങ്ങനെ?
കുട്ടികൾ വിലയിരുത്തട്ടെ.

- ഒരു വീട് നിർമ്മിക്കാൻ എത്രമാത്രം കല്ലും മണലും മരങ്ങളും കമ്പിയും മറ്റും വേണം!
- ഇതെല്ലാം ഭൂമിയിൽനിന്നു ഖനനം ചെയ്തെടുക്കുന്നതാണല്ലോ.
- എടുക്കുന്നതിന്റെ കുറവ് ആ പ്രദേശത്തു പ്രതിഫലിക്കാതിരിക്കില്ല.
- അതെല്ലാംകൂടി ഒരിടത്തു നിക്ഷേപിക്കുന്നതിന്റെ ഭാരവും പ്രതികൂലമായി ബാധിക്കും.
- ആവശ്യത്തിനാണെങ്കിൽ ഇതെല്ലാം ഒരളവോളം ന്യായീകരിക്കാം; അനാവശ്യമായാണെങ്കിലോ?

കുട്ടികളുടെ ശ്രദ്ധ ഇത്തരം കാര്യങ്ങളിലേക്കു നയിക്കുന്നു.
അവർ ആലോചിച്ച് സ്വന്തം അഭിപ്രായം രൂപീകരിച്ച് എഴുതട്ടെ.

**വർക്കുബുക്കിലെ പ്രവർത്തനങ്ങൾ**

പഴയകാലത്തെ വീടുകളും പുതിയ കാലത്തെ വീടുകളും തമ്മിലുള്ള വ്യത്യാസങ്ങളും അനുബന്ധ ചിന്തകളും വിവരിച്ചിരിക്കുന്നു. കുട്ടികളുടെ മനസ്സിൽ ഇക്കാര്യത്തിൽ ഒരവബോധമുണ്ടാക്കുകയാണ് ലക്ഷ്യം. കൂടുതൽ വിശകലനം ചെയ്യേണ്ട ആവശ്യമില്ല. ആ ഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതാൻ നിർദ്ദേശിച്ചാൽ മതി.

**ശരിയായ പദം എടുത്തെഴുതുക**

ശരിയായ പദം:

- ശ്വാസോച്ഛ്വാസം
- വിമ്മിട്ടം
- പിന്നാക്കം
- പ്രവൃത്തി (നാമരൂപം)
- പ്രവർത്തിക്കുക (ക്രിയാരൂപം)
- അസ്തമയം
- ജ്യോതിഷം
- ഔദ്യോഗികം
- അഭ്യസ്തവിദ്യർ
- വ്യത്യസ്തം
- വ്യത്യാസം
- അടിമത്തം

**ഒരു പദത്തിനെത്ര അർത്ഥം?**

രസകരമായ ഒരു ഭാഷാപ്രവർത്തനമാണിത്.

ഒരേ ഭാഷാപദങ്ങൾക്ക് സന്ദർഭത്തിന്നനുസരിച്ച് അർത്ഥം മാറി മാറി വരുന്നതു മനസ്സിലാക്കാനും പദങ്ങൾ പ്രയോഗിക്കാനും ഈ പ്രവർത്തനം പ്രയോജനപ്പെടും. ഈ പ്രവർത്തനത്തിനായി ക്ലാസ് സമയം വിനിയോഗിക്കേണ്ടതില്ല. ഒഴിവുസമയം ഒരു വിനോദ പ്രവർത്തനമായി കണ്ടാൽ മതി.

**കുട്ടികൾ അർത്ഥങ്ങൾ കണ്ടെത്തട്ടെ.**

ശൈലികൾ വേർതിരിച്ചു മനസ്സിലാക്കട്ടെ. (ശൈലികൾ എന്നാൽ പദങ്ങളുടെ നേർക്കുനേരെയുള്ള അർത്ഥത്തിൽനിന്നു വ്യത്യസ്തമായി ചില സൂചിതാർത്ഥങ്ങൾ ഉൾക്കൊള്ളുന്ന പദങ്ങളാണ്)

ഉദാ: തലയിടുക. തല ഒരു പാത്രത്തിലോ മറ്റോ ഇടുക എന്ന അർത്ഥമല്ല ഇതിനുള്ളത്. 'ആവശ്യമില്ലാത്ത കാര്യങ്ങളിൽ തലയിടരുത്' എന്നതിന് അനാവശ്യകാര്യങ്ങളിൽ പങ്കാളികളാവരുത്, ഇടപെടരുത്, ബന്ധപ്പെടരുത് എന്നൊക്കെ ആശയങ്ങളാണുള്ളത്.

സമാനമായ വേറെയും പദപ്രയോഗങ്ങളും ശൈലികളും കുട്ടികൾ കണ്ടെത്തട്ടെ.

**പഴഞ്ചൊല്ല് വിശദീകരിക്കുക**

- അധികമായാൽ അമൃതും വിഷം.

അമൃത് ഏറ്റവും വിലപ്പെട്ടതാണ്. മരണത്തെയും അതിജയിക്കാൻ കരുത്ത് നൽകുന്നത് എന്നാണ് സങ്കല്പം. എന്നാൽ അമൃതുപോലും അധികമായാൽ വിപരീതഫലം ചെയ്യും എന്നു സൂചന.

പാഠഭാഗവുമായി ബന്ധപ്പെടുത്തുമ്പോൾ, വീടും സൗകര്യങ്ങളും വലിയ അനുഗ്രഹവും നേട്ടവുമാണെങ്കിലും പരിധിയിൽ കവിഞ്ഞാൽ അതും ഗുണകരമാവില്ല എന്നു വ്യാഖ്യാനിക്കാം.

**സ്വാഭിപ്രായമെഴുതുക**

കുട്ടികളുടെ സങ്കല്പത്തിൽ വീട് എങ്ങനെയായിരിക്കണം?

അവർ തന്നെ അഭിപ്രായങ്ങൾ പറയട്ടെ. ടീച്ചർ ഉചിതമായവ BBയിൽ കുറിക്കുന്നു:

- അത്യാവശ്യ സൗകര്യങ്ങളുണ്ടായിരിക്കണം.
- പഠിക്കാനും കളിക്കാനും ജീവിതാവശ്യങ്ങൾ നിറവേറ്റാനും സൗകര്യങ്ങൾ വേണം.
- സ്നേഹവും സൗഹൃദവുമുള്ള അന്തരീക്ഷമായിരിക്കണം.
- വഴക്കും ബഹളവുമുണ്ടാവരുത്.
- സ്വസ്ഥമായി വായിക്കാനും ഉറങ്ങാനുമൊക്കെ സൗകര്യം വേണം.

- എല്ലാവർക്കും ഒന്നിച്ചു ഭക്ഷണം കഴിക്കാനും വർത്തമാനങ്ങൾ പറയാനും അവസരമുണ്ടാകണം.
- അനുഭവങ്ങൾ പങ്കിടാൻ കഴിയണം....................

അഭിപ്രായങ്ങളിൽ അനുയോജ്യമായവയ്ക്ക് ടീച്ചർ ഊന്നൽ നൽകുന്നു.
അവ ഉൾപ്പെടുത്തി കുട്ടികൾ സ്വന്തം അഭിപ്രായമെഴുതട്ടെ.
അഭിപ്രായം വ്യക്തവും പ്രായോഗികവുമായിരിക്കണമെന്നു പ്രത്യേകം നിർദ്ദേശിക്കണം.
ടീച്ചർ വിലയിരുത്തണം.

## പാഠം -17

# ജലഗോപുരം തകരുമ്പോൾ

കേരളത്തോളം പ്രകൃതിവൈവിധ്യത്താൽ സമ്പന്നമായ പ്രദേശം ലോകത്തുണ്ടോ എന്ന കാര്യം സംശയമാണ്. ജൈവവൈവിധ്യത്തിന്റെ കലവറയാണ് ഈ നാട്; അതുപോലെത്തന്നെയാണ് കേരളത്തിന്റെ ഭൂപ്രകൃതിയും. പശ്ചിമഘട്ട മലനിരകളും ചെങ്കുത്തായ ചരിവുകളും പാറക്കെട്ടുകളും ചെറുകുന്നുകളും പുൽമേടുകളും സമതലങ്ങളും പീഠഭൂമിയും കാട്ടരുവികളും ചെറുതോടുകളും പുഴകളും കായൽപ്പരപ്പുകളും നിത്യഹരിതവനങ്ങളും കാവുകളും കണ്ടൽക്കാടുകളും ചതുപ്പുകളും വയലുകളും കേരളത്തോളംനീണ്ട കടൽത്തീരവും കേരളത്തിന്റെ പ്രകൃതിയെ അതിരമണീയമാക്കുന്നു; അതോടൊപ്പം അതിസങ്കീർണവുമാക്കുന്നുണ്ട്.

കേരളത്തെ പല നിരീക്ഷകരും ഒരു സ്ഫടികശില്പത്തോട് ഉപമിച്ചത് ശ്രദ്ധേയമാണ്. നയനാനന്ദകരവും ഹൃദയാവർജ്ജകവുമാണെങ്കിലും ശ്രദ്ധയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ തകർന്നടിഞ്ഞുപോകുംവിധം ലോലമാണ് കേരളത്തിന്റെ പ്രകൃതി എന്നാണ് ഈ ഉപമ സൂചിപ്പിക്കുന്നത്. കേരളത്തെ മൊത്തം പരിസ്ഥിതിലോല പ്രദേശമായി കണക്കാക്കുന്നതിൽ തെറ്റില്ല എന്നാണവരുടെ പക്ഷം.

എന്നാൽ പ്രസ്തുത പരിസ്ഥിതിസവിശേഷതകളെ ഒട്ടും പരിഗണിക്കാത്ത വികസനസംസ്കാരമാണ് ഈയടുത്ത കാലത്തായി കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്നത്. കേരളപ്രകൃതിയോട് യുദ്ധം പ്രഖ്യാപിച്ചതുപോലെയാണിന്നു പല തല്പര കക്ഷികളുടെയും നിലപാട്. യുദ്ധത്തിന്റെ കിഴക്കൻമുന്നണിയിൽ നൂറുകണക്കിന് ജെ.സി.ബികൾ അണിനിരന്നിരിക്കുന്നു. കുന്നുകളും പാറക്കെട്ടുകളും ഇടിച്ചുനിരത്തി ടിപ്പർലോറികളിൽ നിറയ്ക്കുന്ന തിരക്കിലാണവർ. ആ ടിപ്പർലോറികൾ ഇടതടവില്ലാതെ കുതിച്ചു പായുന്നത് നെൽവയലുകളിലേക്കും തണ്ണീർതടങ്ങളിലേക്കും തോടുകളിലേക്കുമാണ്. അവയെല്ലാം നിരപ്പാക്കി ഫ്ളാറ്റുകളും കൂറ്റൻകെട്ടിടങ്ങളും റോഡുകളും നിർമ്മിക്കുന്ന തീവ്രയത്നമാണു നടന്നുകൊണ്ടിരിക്കുന്നത്. പ്രകൃതിക്കെതിരായ ഈ യുദ്ധം ഇത്ര ശക്തമായി മുമ്പൊരുകാലത്തും ഉണ്ടായിരുന്നില്ല.

പ്രകൃതിയോടുള്ള ഈ പോരാട്ടത്തിനുള്ള തിരിച്ചടിയാണ് 2018-ൽ കേരളത്തിലുണ്ടായ മഹാപ്രളയം. പ്രകൃതി തന്നെ നമ്മുടെ കണ്ണുതുറപ്പിക്കാൻ നടത്തിയ നടപടിയായി അതിനെ കാണേണ്ടതുണ്ട്. ഒരു നൂറ്റാണ്ടുകാലത്തിനിടയിൽ ഏറ്റവും കൂടുതൽ മഴ, ഏറ്റവും കുറഞ്ഞ കാലയളവിൽ പെയ്തതിനെതുടർന്നാണ് പ്രളയദുരന്തം കേരളത്തെ പിടിച്ചുകുലുക്കിയത്. വെള്ളം തടഞ്ഞുനിർത്തിയും ഭൂമിക്കടിയിലേക്കു വലിച്ചെടുത്തും പുഴകളെയും നീർച്ചാലുകളെയും സമ്പന്നമാക്കുന്ന സംവിധാനം മരങ്ങൾ മുറിച്ചും പാറകളും മറ്റും ഖനനംചെയ്തും മനുഷ്യൻ തകർത്തതു കാരണം ആ വെള്ളമത്രയും താഴ്ന്ന പ്രദേശങ്ങളിലേക്കു കുതിച്ചിറങ്ങുകയായിരുന്നു. താഴ്ന്നപ്രദേശങ്ങളായ വയലുകളും ചതുപ്പുനിലങ്ങളും മണ്ണിട്ടു നികത്തി കെട്ടിടങ്ങൾ പണിതതിനാൽ വെള്ളത്തിനു നിൽക്കാൻ അവിടെയും ഇടമില്ലാതായി. പിന്നെ വെള്ളമെന്തുചെയ്യും? കടലിലേക്കു വലിയാമെന്നു വച്ചാൽ ആ സംവിധാനവും തകർന്നു കിടക്കുകയായിരുന്നല്ലോ. അപ്പോൾ വെള്ളം റോഡിലേക്കും വീടുകളിലേക്കും കുതിച്ചു കയറിയതിൽ അത്ഭുതമൊന്നുമില്ല.

ഇതൊരു മുന്നറിയിപ്പാണ്. പ്രകൃതിചൂഷണം അവസാനിപ്പിച്ചില്ലെങ്കിൽ, പ്രകൃതി സൗഹൃദ വികസനരീതികളിലേക്കു കടന്നുചെല്ലുന്നില്ലെങ്കിൽ വരാനിരിക്കുന്ന ദുരന്തം ഇതിനെക്കാൾ ഭയാനകമായിരിക്കും. വരുംതലമുറകളിൽ പരിസ്ഥിതിയെക്കുറിച്ചുള്ള ഈ അവബോധം വളർത്തേണ്ടത് അനിവാര്യമാണ്. നാളെകൾ അവരുടേതാണ്. നമ്മുടെ പരിസ്ഥിതി സംരക്ഷിക്കാൻ അവർക്കും ഉത്തരവാദിത്വമുണ്ട്. ഈ ഉത്തരവാദിത്വബോധമുണർത്താൻ, പരിസ്ഥിതിസംരക്ഷണയജ്ഞങ്ങളിൽ പങ്കാളികളാവാൻ പ്രേരണയുണ്ടാക്കുകയാണ് ഈ പാഠഭാഗത്തിന്റെ ലക്ഷ്യം.

**പാഠാവതരണം**

പാഠഭാഗത്തു നൽകിയ ചിത്രം നിരീക്ഷിക്കാൻ ടീച്ചർ കുട്ടികളോടാവശ്യപ്പെടുന്നു.

- ചിത്രത്തിൽ എന്തൊക്കെയാണ് കാണുന്നത്?
- എന്തു പ്രവൃത്തിയാണവിടെ നടന്നു കൊണ്ടിരിക്കുന്നത്?
- നമ്മുടെ പ്രദേശങ്ങളിൽ ഇത്തരം പ്രവൃത്തികൾ നടക്കുന്നത് കാണാറില്ലേ?
- അതിന്റെ അനന്തര ഫലങ്ങളെക്കുറിച്ചു ചിന്തിക്കാറുണ്ടോ?

കുട്ടികൾ അഭിപ്രായങ്ങൾ പറയട്ടെ.

കുന്നുകൾ ഇടിക്കുന്നതും വയലുകളും തണ്ണീർതടങ്ങളും നികത്തുന്നതുമായ കാര്യങ്ങളിലേക്കു ചർച്ച ക്രോഡീകരിക്കാം. ഇത്തരം പ്രവർത്തനങ്ങളുടെ ദുരന്തഫലങ്ങളെക്കുറിച്ചു മനസ്സിലാക്കേണ്ടേ? ഈ പാഠഭാഗം വായിച്ചു നോക്കൂ.

കുട്ടികളോട് ടീച്ചർ 'ജലഗോപുരം തകരുമ്പോൾ' എന്ന പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കുന്നു. ദൈർഘ്യമുള്ള പാഠമാണ്. മുഴുവൻ ഒന്നിച്ചു വായിച്ച് ആശയ വിശകലനം നടത്തുക പ്രയാസമായേക്കും. അതുകൊണ്ട് നിശ്ചിതഭാഗങ്ങളാക്കിത്തിരിച്ച് ഓരോ ഭാഗവും വായിച്ചു കഴിഞ്ഞ ശേഷം അവധാരണചോദ്യങ്ങളിലൂടെ ആശയബോധം വരുത്തി മുന്നോട്ടുപോകാം.

വായനയിലും വൈവിധ്യമാവാം. ആദ്യഭാഗം കുട്ടികൾ മൗനവായന നടത്തിയതാണെങ്കിൽ അടുത്തഭാഗം ടീച്ചർ തന്നെ ശ്രാവ്യവായന നടത്താം. തുടർന്നുള്ള ഭാഗങ്ങൾ നന്നായി വായിച്ചവതരിപ്പിക്കാൻ കഴിവുള്ള കുട്ടികൾ വായിക്കട്ടെ. ഇങ്ങനെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ വിരസതയകറ്റാൻ ശ്രദ്ധിക്കണം. വൈജ്ഞാനികപ്രാധാന്യമുള്ള ലേഖനമായതുകൊണ്ട് ധാരാളം കാര്യങ്ങൾ അറിയാനും മനസ്സിലാക്കാനുമുണ്ട്. എല്ലാ ഭാഗങ്ങളെയും സ്പർശിക്കുംവിധം അവധാരണ ചോദ്യങ്ങൾ ഉന്നയിച്ച് വിശകലനം സമഗ്രമാക്കാൻ ശ്രദ്ധിക്കണം. ഇടയ്ക്ക് ആവശ്യമായ വിശദീകരണം നൽകുകയും വേണം.

**കണ്ടെത്താം**

ചോദ്യങ്ങൾക്ക് കുട്ടികൾ ഉത്തരം കണ്ടെത്തട്ടെ.

ടീച്ചർ ചോദ്യങ്ങൾ വായിച്ച് ചില കുട്ടികളുടെ പേരു വിളിച്ച് ഉത്തരം പറയാനാവശ്യപ്പെടുന്നു.

ആ കുട്ടികൾ അവതരിപ്പിച്ച ഉത്തരം ശരിയാണോ? മറ്റു കുട്ടികൾ അഭിപ്രായപ്പെടട്ടെ .

എന്തെല്ലാം പോരായ്മകളുണ്ട്? വല്ലതും കൂട്ടിച്ചേർക്കേണ്ടതുണ്ടോ?

ചർച്ചയിലൂടെ പൂർണ്ണ ഉത്തരത്തിന്റെ രൂപം കുട്ടികൾ തിരിച്ചറിയുന്നു.

തുടർന്ന് വ്യക്തിപരമായി ഉത്തരങ്ങൾ നോട്ടുബുക്കിലെഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

**അന്വേഷിച്ചറിയാം**

2018 ലെ പ്രളയത്തെക്കുറിച്ചു പാഠഭാഗത്തു പരാമർശിച്ചിട്ടുണ്ടല്ലോ. ടീച്ചർ അവ വിശദീകരിച്ചിട്ടുണ്ടാകും. ആ ദുരന്തത്തിന്റെ വ്യാപ്തി കുട്ടികൾ അന്വേഷിച്ചറിഞ്ഞു കുറിപ്പ് തയ്യാറാക്കട്ടെ.

- എന്തൊക്കെയാണു സംഭവിച്ചത്?
- എങ്ങനെയൊക്കെയാണ് വെള്ളപ്പൊക്കം ജനങ്ങളെ ബാധിച്ചത്?
- ഏതൊക്കെ പ്രദേശങ്ങൾ വെള്ളത്തിനടിയിലായി?
- എന്തൊക്കെ നാശനഷ്ടങ്ങളുണ്ടായി?
- എങ്ങനെയൊക്കെയാണ് ആ പ്രളയത്തെ കേരളീയർ അതിജീവിച്ചത്?
- പ്രളയത്തിന്റെ അനന്തരഫലങ്ങൾ എന്തൊക്കെയാണ്?

കുട്ടികൾ ശേഖരിച്ച അറിവുകൾ കുറിപ്പുകളാക്കി ക്ലാസ്സിൽ അവതരിപ്പിക്കട്ടെ. ചർച്ച ചെയ്ത് പ്രളയത്തിന്റെ വിവിധവശങ്ങളെക്കുറിച്ചു മനസ്സിലാക്കാം.

## ചർച്ച സംഘടിപ്പിക്കാം

- കെട്ടിടനിർമ്മാണങ്ങൾ, റോഡ്നിർമ്മാണങ്ങൾ തുടങ്ങിയവ പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ?
- രാജ്യത്തിന്റെ വികസനം എന്നാൽ എന്താണ്? എങ്ങനെയെല്ലാമാണ് വികസിക്കേണ്ടത്?
- കെട്ടിടങ്ങളും റോഡുകളും വികസനമല്ലേ? അതിലെന്താണ് കുഴപ്പം? ഭരണകൂടങ്ങളുടെ അനുമതി വാങ്ങിയാണല്ലോ കെട്ടിടങ്ങൾ പണിയുന്നത്, തെറ്റായ വിധത്തിൽ കെട്ടിട നിർമ്മാണം നടത്താൻ സർക്കാർ അനുവദിക്കാറില്ലല്ലോ.

കുട്ടികൾ സ്വതന്ത്രമായി അഭിപ്രായങ്ങൾ പറയട്ടെ.
ക്രോഡീകരണം :

- രാജ്യത്തിന്റെ വികസനമെന്നാൽ കുറെ കൂറ്റൻ കെട്ടിടങ്ങളും റേഡുകളുമല്ല; അത് ഒരു വിധത്തിലുള്ള വികസനമാവാം, എന്നാൽ ജനജീവിതത്തെ പ്രതികൂലമായി ബാധിക്കുമ്പോൾ അവ വികസനമായി കാണാൻ കഴിയില്ല.
- യഥാർത്ഥവികസനം ജനങ്ങളെ ക്ഷേമത്തിലേക്കും ഐശ്വര്യത്തിലേക്കും നയിക്കുന്ന വിദ്യാഭ്യാസപരവും കാർഷികപരവും ശാസ്ത്ര സാങ്കേതികപരവും ആരോഗ്യപരവുമായുള്ള മെച്ചപ്പെട്ട അവസ്ഥകളാണ്.
- എന്നാൽ ഇക്കാര്യത്തിലുള്ള വികസനത്തെക്കാൾ ഫ്ളാറ്റുകളും വീടുകളും റോഡുകളുമൊക്കെയാണ് ഇന്നു വികസിക്കുന്നത്. ഇതിന്റെ പ്രയോജനം കൂടുതലും സമൂഹത്തിലെ സമ്പന്നർക്കു മാത്രം ലഭിക്കുന്നതാണ്. പണക്കാരും പാവങ്ങളും തമ്മിലുള്ള അന്തരം വർദ്ധിപ്പിക്കാനേ ഇത് ഉപകരിക്കുകയുള്ളൂ.
- വലിയ കെട്ടിടങ്ങൾ അധികവും ഉയർന്നുവരുന്നത് വയലും ചതുപ്പുനിലങ്ങളുമൊക്കെ മണ്ണിട്ടു നികത്തിക്കൊണ്ടാണ്. അവ മണ്ണിട്ടുനികത്താൻ കുന്നുകളും മലകളും ഇടിച്ചു നിരപ്പാക്കുന്നു.
- ഈ കെട്ടിടങ്ങളിൽ നല്ലൊരു ശതമാനം പൊങ്ങച്ചപ്രകടനത്തിന്റെയും ആർഭാടത്തിന്റെ ഭാഗമായാണു നിർമ്മിക്കപ്പെടുന്നത്. അവയ്ക്കുവേണ്ടിയാണ് വിലപ്പെട്ട പാറയും മണലും മണ്ണുമെല്ലാം ഖനനം ചെയ്തെടുക്കുന്നത്.
- ഇങ്ങനെ നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങളിൽ നല്ലൊരു ശതമാനം താമസിക്കാനാളില്ലാതെ, ഒരു പ്രയോജനവുമില്ലാതെ ഒഴിഞ്ഞുകിടക്കുകയാണ്.
- കെട്ടിടം നിർമ്മിക്കാൻ പാടില്ലാത്ത കടലോരത്തും പുഴയോരത്തുംവരെ പല വഴികളിലൂടെയും ഭരണകൂടത്തിന്റെ അനുവാദം വാങ്ങി കെട്ടിടങ്ങൾ നിർമ്മിക്കാറുണ്ട്.
- വലിയ റോഡുകൾ നിർമ്മിക്കുമ്പോൾ കൃഷിഭൂമികൾ നഷ്ടമാവുകയും പാവങ്ങൾ വഴിയാധാരമാവുകയും ചെയ്യുന്ന അവസ്ഥ വരാറുണ്ട്.

ഇത്തരം കാര്യങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ മതി.
ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ അവർ ചുരുക്കി എഴുതട്ടെ.

## നിവേദനം തയ്യാറാക്കാം

നിവേദനം കുട്ടികൾ അറിഞ്ഞിരിക്കേണ്ട വ്യവഹാരരൂപങ്ങളിലൊന്നാണ്. വ്യക്തികളുടെയോ സമൂഹത്തിന്റെയോ ആവശ്യങ്ങൾ മേലധികാരികളുടെ ശ്രദ്ധയിൽ പെടുത്താനാണ് നിവേദനങ്ങൾ തയ്യാറാക്കുന്നത്. എങ്ങനെയാണ് നിവേദനങ്ങൾ തയ്യാറാക്കുക?

- നിവേദനമായി നൽകേണ്ട വസ്തുത എന്താണെന്ന് ആദ്യം കണ്ടെത്തണം.
- ചോദ്യം വായിച്ച് കുട്ടികൾ അതു കണ്ടെത്തട്ടെ.
- നിവേദനത്തിന്റെ ഘടന എങ്ങനെയാണ്? ചർച്ച ചെയ്യാം.
- ആർക്ക്, ആരാണ് നിവേദനം സമർപ്പിക്കുന്നത് എന്ന് ആദ്യഭാഗത്ത് സൂചിപ്പിക്കണം. തുടർന്ന് എന്ത് കാര്യം പരിഹരിക്കാനാണ് നിവേദനം നൽകുന്നത് എന്ന സൂചന നൽകണം.
- ശേഷം ആ വസ്തുത ലളിതവും സമഗ്രവുമായി അവതരിപ്പിക്കണം.
- പ്രശ്നത്തിന്റെ ഗൗരവവും സ്വീകരിക്കേണ്ട പരിഹാരനടപടികളും വ്യക്തമാക്കണം.
- അനുയോജ്യമായ ഭാഷ ഉപയോഗിക്കണം
- അവസാനഭാഗത്ത്, സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും വേണം.
- നിവേദനം നൽകുന്ന സ്ഥലവും തീയതിയും കാണിക്കണം.

ചർച്ചയിലൂടെ ഏകദേശധാരണ ഉണ്ടായിക്കഴിഞ്ഞാൽ നിവേദനം തയ്യാറാക്കാൻ നിർദ്ദേശിക്കാം. അതിനുമുമ്പ് ടീച്ചർവേർഷൻ അവതരിപ്പിക്കുന്നത് പ്രയോജനകരമാണ്.

## നിവേദനം - ടീച്ചർ വേർഷൻ

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിക്ക്,
പുഴയോരം ഹയർസെക്കന്ററി സ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർത്ഥികൾ
സമർപ്പിക്കുന്ന നിവേദനം:
സർ,

വിഷയം : അനധികൃതമായ കെട്ടിടനിർമ്മാണം സംബന്ധിച്ച്

പുഴയോരം ഗ്രാമപഞ്ചായത്തിലെ ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥികളാണു ഞങ്ങൾ. ഞങ്ങളുടെ ഈ ഗ്രാമം പൊൻപുഴയുടെ ഓരങ്ങളിൽ കടലിനോടടുത്താണ് സ്ഥിതി ചെയ്യുന്നത്. ഈയടുത്ത കാലത്തായി ഞങ്ങളുടെ നാട്ടിൽ പുഴയുടെ തീരത്തും കായലുകളോടടുത്തും കടലോരത്തും കൂറ്റൻകെട്ടിടങ്ങൾ ഉയർന്നുവരുന്നതായി കാണുന്നു.
വിനോദസഞ്ചാരികളെ ഉദ്ദേശിച്ചു നിർമ്മിക്കുന്ന ഈ കെട്ടിടങ്ങൾ കാരണം ഗ്രാമത്തിലെ താമസക്കാർക്ക് വളരെയധികം പ്രയാസങ്ങളുണ്ടാവുന്നുണ്ട്. പുഴയുടെ ഒഴുക്ക് തടസ്സപ്പെടുകയും അതു കാരണം വെള്ളം കരയിൽകയറി നാശനഷ്ടങ്ങളുണ്ടാവുകയും ചെയ്യുന്നു. കടലോരത്തെ കെട്ടിടങ്ങൾ പലനിലക്കും ഞങ്ങളുടെ സ്വസ്ഥജീവിതത്തിനു തടസ്സമുണ്ടാകുന്നുണ്ട്.

ആയതിനാൽ താങ്കൾ ഈ പ്രശ്നം പരിശോധിച്ച് ജനങ്ങൾക്ക് വിനയായിത്തീരുന്ന വിധത്തിലുള്ള കെട്ടിടനിർമ്മാണങ്ങൾ തടയാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു വിനയപൂർവ്വം അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ
പുഴയോരം ഗ്രാമവാസികൾക്കു വേണ്ടി
ഒപ്പ്

പുഴയോരം
10/06/2019

**പ്രതികരണക്കുറിപ്പ് തയ്യാറാക്കാം**

- പാഠഭാഗത്തെ പ്രസ്തുത പരാമർശം ശരിയാണോ?
  കുട്ടികൾ വിലയിരുത്തി പ്രതികരിക്കട്ടെ
- ലേഖകന്റെ അഭിപ്രായം ശരിയാണ്.

സൂചനകൾ:

- നാട്ടിൽ കാണുന്ന പല വീടുകളിലും താമസക്കാരെ കാണാറില്ല.
- ഒന്നോ രണ്ടോ ആളുകൾക്കു താമസിക്കാൻ നിർമ്മിക്കുന്ന വീടുകൾ ധാരാളം പേർക്കു താമസിക്കാൻ സൗകര്യമുള്ളവയാണ്.
- ഫ്ളാറ്റുകൾ പലയിടത്തും താമസിക്കാനാളില്ലാതെ ഒഴിഞ്ഞുകിടക്കുകയാണ്.
- വാടകയ്ക്കു കൊടുക്കാൻ വേണ്ടിയാണ് പലരും കെട്ടിടങ്ങൾ പണിയുന്നത്. നഷ്ടമില്ലാതെ, വരുമാനം ഉറപ്പാണെന്ന നിലയിലാണ് കെട്ടിടനിർമ്മാണത്തിൽ താല്പര്യം കാണിക്കുന്നത്.

കുട്ടികൾ വ്യക്തിഗതമായി പ്രതികരണക്കുറിപ്പ് തയ്യാറാക്കട്ടെ. സൂചനകൾ നൽകിയത് അഭിപ്രായ രൂപീകരണത്തിന് സഹായകമാവാൻ വേണ്ടിയാണ്. പ്രതികരണം കുട്ടികൾ സ്വയം തയ്യാറാക്കേണ്ടതാണ്. ടീച്ചർ വിലയിരുത്തിയാൽ മതി.

**അർത്ഥഭേദം തിരിച്ചറിയാം**

വാക്യങ്ങൾക്ക് ഉദ്ദേശ്യാർത്ഥം ലഭിക്കണമെങ്കിൽ ഇരട്ടിക്കേണ്ടിടത്ത് ഇരട്ടിക്കുകയും ഇടവിടേണ്ടിടത്ത് ഇടവിടുകയും വേണം. അല്ലെങ്കിൽ വാക്യാർത്ഥം തന്നെ മാറിപ്പോകും. ഈ ബോധം കുട്ടികളിലുണ്ടാക്കാനാണ് ഈ പ്രവർത്തനം.

തുമ്പികൈയിൽ പിടിക്കുന്നതും തുമ്പിക്കൈയിൽ പിടിക്കുന്നതും എത്ര ഭിന്നം!

'കൊഞ്ചിപ്പറഞ്ഞു' എന്നതിനു പകരം 'കൊഞ്ചി പറഞ്ഞു' എന്ന് എഴുതിയാൽ അർത്ഥം മാറുന്നില്ലേ?

ഇതുപോലെ മറ്റു പദങ്ങളുടെയും അർത്ഥവ്യത്യാസം കുട്ടികൾ തിരിച്ചറിയട്ടെ.

**വിപരീതപദമെഴുതുക**

| | | |
|---|---|---|
| സുസ്ഥിതി | x | ദു:സ്ഥിതി |
| ആഗിരണം | x | വിഗിരണം |
| വികാസം | x | സങ്കോചം |
| പ്രത്യക്ഷം | x | പരോക്ഷം |
| സുസ്ഥിരത | x | അസ്ഥിരത |

വിപരീതാർത്ഥങ്ങൾ കുട്ടികൾ കണ്ടെത്തുകയാണ് വേണ്ടത്.

**വിഗ്രഹിച്ചെഴുതുക**

| | | |
|---|---|---|
| ഭൂപ്രകൃതി | - | ഭൂമിയുടെ പ്രകൃതി |
| ജലഗോപുരം | - | ജലത്തിന്റെ ഗോപുരം |
| ജലാഗിരണശേഷി | - | ജലം ആഗിരണം ചെയ്യാനുള്ള ശേഷി |
| അംബരചുംബി | - | അംബരത്തെ ചുംബിക്കുന്ന അവസ്ഥയിലുള്ളത് |
| തണ്ണീർത്തടം | - | തണ്ണീർ നിറഞ്ഞ തടം |
| പ്രകൃതിവിഭവങ്ങൾ | - | പ്രകൃതിയിലെ വിഭവങ്ങൾ |
| ജലസുരക്ഷ | - | ജലത്തിന്റെ സുരക്ഷ |

| | | |
|---|---|---|
| ഭക്ഷ്യസുരക്ഷ | - | ഭക്ഷണത്തിന്റെ സുരക്ഷ |
| മലയോരം | - | മലയുടെ ഓരം |

## വാക്യത്തിൽ പ്രയോഗിക്കുക

പ്രയോഗിക്കേണ്ട പദങ്ങൾ ഉൾക്കൊള്ളുന്ന ആശയം ചർച്ചയിലൂടെ കുട്ടികൾ മനസ്സിലാക്കട്ടെ. തുടർന്ന് ഗ്രൂപ്പുകളിൽ വാക്യനിർമ്മാണം നടത്താം.
ടീച്ചർ വേർഷൻ പ്രദർശിപ്പിക്കാം:

- രാജ്യത്തിന്റെ വരുമാനത്തിൽ സിംഹഭാഗവും ചെലവഴിക്കുന്നത് പ്രതിരോധത്തിനാണ്.
- മണ്ണിനെ ജീവസ്സുറ്റതായി നിലനിർത്തുകയെന്നത് കർഷകരുടെ കടമയാണ്.
- നഗരവൽക്കരണമാണ് ഇന്നു നാം നേരിടുന്ന വലിയൊരു പ്രശ്നം.
- അംബരചുംബികളായ ഫ്ളാറ്റുകൾ ഇന്നു ഗ്രാമപ്രദേശങ്ങളിൽ പോലും ഉയർന്നുകൊണ്ടിരിക്കുന്നു.

## പ്രഭാഷണം തയ്യാറാക്കുക

പ്രഭാഷണം തയ്യാറാക്കുന്ന പ്രവർത്തനം മുൻപ് പരിചയിച്ചതാണെങ്കിലും ഇവിടെ അല്പം കൂടി മെച്ചപ്പെട്ട രീതി അവലംബിക്കാവുന്നതാണ്. പരിസ്ഥിതിയെക്കുറിച്ചുള്ള ഒരു പ്രഭാഷണം കുട്ടികളെ കേൾപ്പിക്കുന്നു. (ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തണം). പ്രഭാഷണത്തിന്റെ രൂപം, ഘട്ടങ്ങൾ, ഉള്ളടക്കം തുടങ്ങിയവ കുട്ടികൾ ശ്രദ്ധിച്ചു വിലയിരുത്തട്ടെ. എന്തൊക്കെ സവിശേഷതകളാണ് ആ പ്രഭാഷണത്തിൽ ശ്രദ്ധയിൽപ്പെട്ടത്? ചർച്ച ചെയ്യാം.

ഭാഷാശൈലി, പ്രയോഗസവിശേഷതകൾ, വാക്യഘടന, ഭാഷയിലെ ലാളിത്യം, ആശയം തുടങ്ങിയവ ചർച്ചക്കു വിധേയമാക്കണം.

ചർച്ചയിലൂടെ വ്യക്തമായ കാര്യങ്ങൾ പരിഗണിച്ച് കുട്ടികൾ പ്രഭാഷണം എഴുതിത്തയ്യാറാക്കട്ടെ. ടീച്ചർ വിലയിരുത്തണം.

**വിലയിരുത്തുമ്പോൾ :**

- വിശേഷപ്പെട്ട പദങ്ങൾ, പ്രയോഗങ്ങൾ തുടങ്ങിയവ ഔചിത്യപൂർവ്വം പ്രയോഗിച്ചിട്ടുണ്ട്.
- മനസ്സിലുള്ള ആശയം വ്യക്തമാക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.
- നേരനുഭവം പ്രദാനംചെയ്യുന്ന രീതിയിൽ അവതരിപ്പിച്ചിട്ടുണ്ട്.
- ആശയങ്ങളുടെ അവതരണത്തിൽ അടുക്കും ചിട്ടയുമുണ്ട്.
- അഭിസംബോധന, ആമുഖം, വിഷയാവതരണം, ഉപസംഹാരം തുടങ്ങിയ പ്രസംഗത്തിന്റെ ഘട്ടങ്ങൾ പാലിച്ചിട്ടുണ്ട്.

## ലഘുവാക്യങ്ങളാക്കുക

"തെക്കേ ഇന്ത്യയിലെ ജലഗോപുരം" എന്നാണ് പശ്ചിമഘട്ടമലനിരകൾ വിളിക്കപ്പെടുന്നത്. ഈ മലനിരകൾ സംഭരിച്ചുവയ്ക്കുന്ന ജലമാണ് 44 നദികളെയും നൂറു കണക്കിനു പോഷകനദികളെയും സമ്പുഷ്ടമാക്കുന്നത്. ഈ നദികളും പോഷകനദികളുമാണ് കേരളത്തെ ഹരിതാഭമാക്കിയത്.

**പദങ്ങൾ കണ്ടെത്തി അർത്ഥമെഴുതുക.**

- ഉപയോഗം - പുനരുപയോഗം = വീണ്ടും ഉപയോഗിക്കൽ
- അവലോകനം - പുനരവലോകനം = വീണ്ടും പരിഗണിക്കൽ
- അന്വേഷണം - പുനരന്വേഷണം = വീണ്ടും അന്വേഷിക്കൽ
- ആഗമനം - പുനരാഗമനം = വീണ്ടും വരൽ
- നിർമ്മാണം - പുനർനിർമ്മാണം = വീണ്ടും നിർമ്മിക്കൽ
- ജന്മം - പുനർജന്മം = വീണ്ടും ജനിക്കൽ
- വായന - പുനർവായന = വീണ്ടും വായിക്കൽ
- ഉത്ഥാനം - പുനരുത്ഥാനം = വീണ്ടുമുള്ള ഉണർവ്വ്
- വിന്യാസം - പുനർവിന്യാസം = വീണ്ടും ക്രമപ്പെടുത്തൽ

**ക്രിയ - സകർമ്മകം - അകർമ്മകം**

കർത്താവ്, കർമ്മം, ക്രിയ എന്നിവയെക്കുറിച്ചുള്ള സാമാന്യബോധം നേരത്തെ കൈവരിച്ചിട്ടുണ്ടല്ലോ. ക്രിയ ചെയ്യുന്നത് കർത്താവും ക്രിയയുടെ ഫലം വന്നു ചേരുന്ന വസ്തു കർമ്മവുമാണ്. 'കുട്ടി ഉറങ്ങുന്നു' എന്ന വാക്യമെടുക്കാം. ഇതിൽ ഉറങ്ങുന്നതു കുട്ടിയാണ്. ഉറക്കത്തിനു വിധേയമാകുന്നതും കുട്ടി തന്നെ. അപ്പോൾ ഈ വാക്യത്തിൽ കർമ്മത്തിന്റെ ആവശ്യമില്ല. ഇതുപോലെ കരയുന്നു, ചിരിക്കുന്നു, ഓടുന്നു, ചാടുന്നു തുടങ്ങിയ പല ക്രിയകൾക്കും കർമ്മം ആവശ്യമായി വരുന്നില്ല. ഇത്തരം ക്രിയകളെ 'അകർമ്മകക്രിയ' എന്നാണു പറയുന്നത്.

എന്നാൽ പിടിക്കുന്നു, കാണുന്നു, കുടിക്കുന്നു, തല്ലുന്നു എന്നൊക്കെ പറയുമ്പോൾ ആര്, എന്ത്, ആരെ എന്നൊക്കെയുള്ള ചോദ്യമുയരുന്നുണ്ട്. ഈ ചോദ്യത്തിന് ഉത്തരമായി ലഭിക്കുന്ന പദം കർമ്മമാണ്. ക്രിയയുടെ വ്യാപാരം കർത്താവിലും ഫലം കർമ്മത്തിലുമാണ് ചെന്നുചേരുന്നതെങ്കിൽ അത് സകർമ്മകക്രിയയാണ് എന്നു ചുരുക്കം. ക്രിയാപദങ്ങളെ ഇങ്ങനെ അർത്ഥം നോക്കി രണ്ടായി തിരിക്കാമെന്ന ബോധം കുട്ടികളുടെ മനസ്സിലുണ്ടാകണം.

ശേഷം സകർമ്മകക്രിയയും അകർമ്മകക്രിയയും കുട്ടികൾ വേർതിരിച്ചെടുക്കട്ടെ.

## പാഠം - 18

# വെള്ളപ്പൊക്കമാല

മലയാളകവിതയിലും ഗാനസാഹിത്യത്തിലും സാമൂഹികസാംസ്കാരിക മത രാഷ്ട്രീയജീവിതത്തിലും മഹത്തായ സ്വാധീനംചെലുത്തിയ മാപ്പിളപ്പാട്ടുകൾ അറബിസാഹിത്യത്തിലെ ഏറ്റവും സമ്പന്നമായ സാഹിത്യശാഖയാണ്. ഭാഷാപിതാവായി ഗണിക്കപ്പെടുന്ന തുഞ്ചത്തെഴുത്തച്ഛന്റെ രാമായണത്തിനുമുൻപ് എഴുതപ്പെട്ടതും അറുനൂറ് കൊല്ലത്തിലധികം പഴക്കമുള്ളതുമായ പാട്ടുകൾ ഈ വിഭാഗത്തിലുണ്ട്. ലളിതസുന്ദരമായ ഭാഷയിൽ രചിക്കപ്പെട്ട മുഹ്യുദ്ദീൻമാലയാണ് ഈ വിഭാഗത്തിൽ കണ്ടുകിട്ടിയതിൽ ഏറ്റവുംപഴക്കമുള്ള കൃതി. മലയാളഗാനശാഖയിൽ ഏറ്റവും ജനകീയത നേടിയ കൃതിയാണ് മുഹ്യുദ്ദീൻശൈഖിന്റെ മഹത്വങ്ങൾ വിവരിച്ചെഴുതിയ ഈ പാട്ട്.

'മുത്തും മാണിക്യവും ഒന്നായി കോത്തപോൽ.'

മുഹ്യുദ്ദീൻ മാലേന കോത്തേൻ ഞാനെന്നോവർ' എന്ന വരികളിൽ സൂചിപ്പിച്ചപോലെ മാലയിൽ മണികൾ കോർക്കുന്നപോലെ പദങ്ങൾ കോർത്തെടുക്കുന്നതിനെ സൂചിപ്പിച്ചാകാം 'മാല' എന്ന പേരു വന്നത്. ഇതിനു ശേഷം നഫീസത്ത് മാല, മഞ്ഞക്കുളംമാല, ബദർമാല, രിഫാഈ മാല എന്നിങ്ങനെ പ്രസിദ്ധമായ അനേകം മാലകൾ രചിക്കപ്പെട്ടിട്ടുണ്ട്.

ഗാനാത്മകതയാണ് മാപ്പിളപ്പാട്ടിന്റെ മുഖ്യസവിശേഷത. ഇശലുകൾ എന്നാണ് മാപ്പിളപ്പാട്ടുകൾ ആലപിക്കുന്ന രീതികൾക്കുള്ള സാമാന്യനാമം. ഈ പേര് തമിഴിൽ നിന്നു സ്വീകരിച്ചതാണ്. മലയാളവാക്കുകൾക്കാണ് മുൻതൂക്കമെങ്കിലും തമിഴ്, കന്നട, സംസ്കൃതം, അറബി, പേർഷ്യൻ ഭാഷകളിലുള്ള ധാരാളം പദങ്ങൾ മാപ്പിളപ്പാട്ടുകളിൽ ഔചിത്യപൂർവ്വം കലർത്തിയതായി കാണാം.

നാടൻപാട്ടുകളുടെ സവിശേഷതകളധികവും മാപ്പിളപ്പാട്ടിനും ബാധകമാണെങ്കിലും അവ അജ്ഞാതകർതൃകങ്ങളല്ല. മിക്ക കൃതികളിലും രചയിതാവിന്റെ പേരും രചനാ കാലവും ചേർത്തിട്ടുണ്ട്. 1970-കൾ വരെ മാപ്പിളപ്പാട്ടുകൾ എഴുതിയിരുന്നത് അറബിമലയാളത്തിൽ തന്നെയായിരുന്നു. എഴുപതുകൾക്കു ശേഷമാണ് മലയാളത്തിൽ പാട്ടുകൾ രചിക്കാൻ തുടങ്ങിയത്. വിവിധങ്ങളായ പ്രാസങ്ങൾക്കൊത്ത് സൃഷ്ടിക്കുന്ന ശബ്ദാലങ്കാരം സമീപകാലംവരെ മാപ്പിളപ്പാട്ടുകളിൽ ഒരു ചട്ടംപോലെ പാലിച്ചുവന്നിരുന്നു.

മഹാത്മാക്കളുടെ അപദാനങ്ങളും ഇസ്ലാമിക ചരിത്രങ്ങളും യുദ്ധചരിത്രങ്ങളും പ്രേമകഥകളും പ്രാദേശിക സംഭവവികാസങ്ങളുമെല്ലാം മാപ്പിളപ്പാട്ടുകൾക്ക് വിഷയീഭവിച്ചിട്ടുണ്ട്. 'വെള്ളപ്പൊക്കമാല' പുലിക്കോട്ടിൽ ഹൈദർ (1879-1975) രചിച്ച മനോഹരമായ ഒരു കാവ്യമാണ്. മലപ്പുറം ജില്ലയിലെ വണ്ടൂർ സ്വദേശിയായ അദ്ദേഹം 1924-ൽ നാടിനെ ബാധിച്ച വെള്ളപ്പൊക്കത്തിന്റെ രംഗങ്ങളാണ് ഈ പാട്ടിലൂടെ ആവിഷ്കരിച്ചിരിക്കുന്നത്. പ്രാസ നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്ന രചനകളാണ് ഹൈദറിന്റേത്. ധാരാളം പാട്ടുകൾ എഴുതിയിട്ടുണ്ടെങ്കിലും അവയിൽ മുപ്പത്താറെണ്ണമാണ് സമാഹരിച്ചു പ്രസിദ്ധീകരിച്ചത്. അദ്ദേഹം സുഹൃത്തുക്കൾക്ക് കത്തയച്ചിരുന്നത് പാട്ടുകളായിട്ടായിരുന്നുവത്രെ!. ഹൈദറിന്റെ ഏറ്റവും മികച്ച രചനയാണ് 'മറിയക്കുട്ടിയുടെ കത്ത്' എന്ന കൃതി.

1924-ലെ വെള്ളപ്പൊക്കരംഗങ്ങൾ മുമ്പിൽകാണുന്ന അനുഭൂതിയുണ്ടാക്കുംവിധമാണ് വെള്ളപ്പൊക്കമാലയുടെ രചന. 2018-ലെ വെള്ളപ്പൊക്കരംഗങ്ങളുമായി ഇവയ്ക്ക് സമാനതകളേറെയുണ്ട്. പാട്ടിലെ പ്രമേയം വിലയിരുത്തുന്നതിനുപുറമെ മാപ്പിളപ്പാട്ടുകളുടെ സവിശേഷതകൾ തിരിച്ചറിയാനും പാട്ടുകൾ ആലപിച്ചു രസിക്കാനുമുള്ള അവസരം കുട്ടികൾക്കു ലഭിക്കുംവിധം പാഠഭാഗം പ്രയോജനപ്പെടുത്തേണ്ടതാണ്.

**പാഠാവതരണം**

ടീച്ചർ BB യിൽ കുറിക്കുന്നു: 'വെള്ളപ്പൊക്കം'

ഐ.സി.ടി സാധ്യതകൾ ഉപയോഗപ്പെടുത്തി 2018-ലെ വെള്ളപ്പൊക്കത്തിന്റെ ദൃശ്യങ്ങൾ പ്രദർശിപ്പിക്കുന്നു.

പ്രദർശനം സാധ്യമല്ലെങ്കിൽ വിവരണം നൽകാം.

- വെള്ളം കുതിച്ചുകയറി റോഡുകളും വീടുകളും വിഴുങ്ങുന്നത്!
- രണ്ടുനില കെട്ടിടങ്ങൾവരെ വെള്ളത്തിനടിയിലായത്!
- വാഹനങ്ങളും മറ്റും ഒലിച്ചുപോയത്, ഉരുൾപൊട്ടലിന്റെ ഭീകരദൃശ്യങ്ങൾ!
- ജനങ്ങൾ ദിവസങ്ങളോളം പല തുരുത്തുകളിലും ഭക്ഷണമില്ലാതെ ഒറ്റപ്പെട്ടുപോയത്!
- അഭയാർത്ഥി ക്യാമ്പുകളിലെ രംഗങ്ങൾ......................!

'ഇതുപോലൊരു വെള്ളപ്പൊക്കം ഏകദേശം ഒരു നൂറ്റാണ്ടുമുമ്പ് നമ്മുടെ നാട് കണ്ടിട്ടുണ്ട്. ആ സംഭവം ഒരു പാട്ടിലൂടെ പരിചയപ്പെടാം' എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ ടീച്ചർ ആവശ്യപ്പെടുന്നു.

കുട്ടികൾ മൗനമായി പാഠഭാഗം വായിക്കട്ടെ.

തുടർന്ന് ടീച്ചർ ഈണത്തിൽ 'വെള്ളപ്പൊക്കമാല' അവതരിപ്പിക്കുന്നു.

ഐ.സി.ടി. സാധ്യത ഉപയോഗപ്പെടുത്താം.

പാട്ടിന്റെ ഇശൽ കുട്ടികൾ തിരിച്ചറിയുന്നു. സംഘങ്ങളായി പാട്ട് പാടി അവതരിപ്പിക്കുന്നു.

**ആശയവിശകലനം**

ഈ മലയാളനാട്ടിൽ ഇപ്രാവശ്യമുണ്ടായതുപോലൊരു വെള്ളപ്പൊക്കം മുമ്പൊരിക്കലുമുണ്ടായതായി കണ്ടിട്ടില്ല. ചെറിയതും വലിയതുമായ എത്രയോ വീടുകളും മലയും കുന്നും തോടുമൊക്കെ കുതിച്ചുവന്ന മലവെള്ളത്തിൽ ഒഴുകിപ്പോയി.വലിയ ആൽമരങ്ങൾപോലും അടിവേരു പറിഞ്ഞു നിലംപതിച്ചു. വെട്ടിമുറിച്ചു പണിത്തരമാക്കിവച്ച മാവിന്റെയും തേക്കിന്റെയും പ്ലാവിന്റെയുമൊക്കെ തടികൾ എത്രയാണ് ഒഴുകിപ്പോയതെന്നതിന് കണക്കില്ല. തെങ്ങും കവുങ്ങും പ്ലാവും മാത്രമല്ല ആളുകളും ഒഴുകിപ്പോയിട്ടുണ്ട്.

ഈവിധം ജനങ്ങൾ പല കെണികളിലും പെട്ടു വലഞ്ഞു. സ്വർണാഭരണങ്ങളും കൃഷിവിത്തും കൊപ്രയും കുരുമുളകും എള്ളും നെല്ലും ഒഴുകിപ്പോയതിന് ഒരു കണക്കുമില്ല.

കിഴക്കു വഴിക്കു നിലമ്പൂർറോഡ് മുതൽ മമ്പാട് വരെയുള്ള ദേശങ്ങളൊക്കെ വെള്ളത്തിൽ മുങ്ങിപ്പോയി. വെള്ളപ്പൊക്കത്തിന്റെ ദോഷങ്ങൾ ഏറ്റവും കൂടുതൽ ബാധിച്ചത് മലപ്പുറം ദിക്കുമുതലാണ്.

പുഴയിലൂടെ ഒഴുകിവരുന്ന കോളുകൾ ചാടിപ്പിടിക്കാൻ ധാരാളംപേർ പുഴയോരത്ത് വന്നുനിരന്നു. നല്ല പെട്ടികളും കസേരകളും മേശയും കട്ടിലും വീടുകളിലെ വിലപിടിച്ച ഓട്ടിൻപാത്രങ്ങളും ചെമ്പുകളുമൊക്കെ ഒഴുകിവന്ന കൂട്ടത്തിലുണ്ടായിരുന്നു.

തിരിഞ്ഞും മറിഞ്ഞും കറങ്ങിയും ഉരുണ്ടും പലയിടങ്ങളിൽ തങ്ങിയും തട്ടിയും മുട്ടിയും പല വഴികൾ മാറിക്കൊണ്ടുള്ള പാത്രങ്ങളുടെയും മറ്റും ആ ഒഴുക്ക് രസകരമായിരുന്നു.

പട്ടിയും പൂച്ചയും പുരപ്പുറത്തു കയറി രക്ഷപ്പെട്ടു. പലയിടത്തും ആടുകളും മാടുകകളും വെള്ളത്തിൽ മുങ്ങി ശവങ്ങളായി ചീർത്തുപൊങ്ങി. അനേകം കോഴികളും പെരുമ്പാമ്പും മൂർഖൻപാമ്പുമൊക്കെ ചത്തുചീർത്ത് ഒഴുകിവന്നു.

ആശയവിശകലനത്തോടൊപ്പം നാടൻ പദപ്രയോഗങ്ങളുടെ അർത്ഥവും കുട്ടികളെ ബോധ്യപ്പെടുത്തണം. രീതിയൊപ്പിക്കാനുള്ള ശ്രമത്തിൽ സംഭവങ്ങളുടെ വിവരണത്തിൽ പലയിടത്തും ക്രമം തെറ്റിച്ചതും ആവർത്തനങ്ങളും ആശയക്ലിഷ്ടതയുണ്ടാക്കിയേക്കും. മൊത്തത്തിലുള്ള ആശയം കുട്ടികളെ ബോധ്യപ്പെടുത്തുന്നതാണ് ഉചിതം.

**കണ്ടെത്താം**

അവധാരണ ചോദ്യങ്ങൾക്ക് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതട്ടെ. ടീച്ചർ വിലയിരുത്തണം

**ആവിഷ്കാരഭംഗി കണ്ടെത്താം**

“വീട്ടിൽ മറ്റുള്ള ...........................പുരപ്പുറമേറി”

ചെമ്പുകളുടെയും ഭാരമുള്ള ഓട്ടുപാത്രങ്ങളുടെയും ഒഴുകിവരവാണ് ഈ വരികളിൽ വർണ്ണിച്ചിരിക്കുന്നത്. ഒഴുക്കിൽ ഉരുണ്ടുമറിഞ്ഞും അവിടവിടെ തങ്ങിയും പല വഴികളിലൂടെ മാറിയുമുള്ള ആ പോക്ക് ജലസഞ്ചാരത്തിന്റെ താളത്തിനൊത്ത് ഈ വരികളിൽ ആവിഷ്ക്കരിച്ചിരിക്കുന്നു.

**ചർച്ച സംഘടിപ്പിക്കാം**

മാപ്പിളപ്പാട്ടുകളിലെ ഭാഷ, രീതി, താളം, ആവിഷ്കാരഭംഗി എന്നിവയെക്കുറിച്ചു ചർച്ച ചെയ്യാം:

കുട്ടികളെ മൂന്ന് സംഘങ്ങളാക്കിത്തിരിച്ച് ഓരോ സംഘത്തിനും ചർച്ചാവിഷയത്തിന്റെ ഓരോ ഭാഗങ്ങൾ നൽകാം.

1. മാപ്പിളപ്പാട്ടുകളിലെ ഭാഷ
2. മാപ്പിളപ്പാട്ടുകളിലെ രീതിയും താളവും
3. മാപ്പിളപ്പാട്ടുകളിലെ ആവിഷ്ക്കാരഭംഗി

ഓരോ ഗ്രൂപ്പും തങ്ങൾക്കു ലഭിച്ച വിഷയങ്ങളിൽ പരമാവധി വിവരങ്ങൾ ശേഖരിക്കട്ടെ. ടീച്ചർ ലഘുവിവരണം നൽകുന്നു:

- അറബിമലയാളമാണ് മാപ്പിളപ്പാട്ടുകളിലെ ഭാഷയെങ്കിലും സംസ്കൃതം, ഉർദു, തമിഴ്, പേർഷ്യൻ, കന്നഡ തുടങ്ങിയ ഭാഷകളിലുള്ള പദങ്ങളും ധാരാളമായി കാണാം.
- ആദ്യമാപ്പിളപ്പാട്ട് കൃതിയായി അറിയപ്പെടുന്ന മുഹ്യിദ്ദീൻമാലയിൽ അറുപത് ശതമാനത്തോളം പദങ്ങൾ സാധാരണക്കാരുടെ സംസാരഭാഷയിൽനിന്നും ബാക്കി അറബിയിൽനിന്നും തമിഴിൽ നിന്നുമാണ്. എന്നാൽ മോയിൻകുട്ടി വൈദ്യരുടെയും ശേഷമുള്ളവരുടെയും പാട്ടുകളിൽ മുകളിൽപറഞ്ഞ ഭാഷകളിലെയെല്ലാം പദങ്ങൾ കാണാം. ഇമ്പമാർന്ന രീതിയും താളവുമാണ് മാപ്പിളപ്പാട്ടുകൾക്കുള്ളത്. മധുവൊഴുകുന്ന ഇശലുകൾ എന്നാണവ വിശേഷിപ്പിക്കപ്പെടുന്നത്. അറബിസംഗീതത്തിന്റെയും തമിഴ് ഇശലുകളുടെയും കേരളീയ ശീലുകളുടെയും പകർപ്പു

കളും പകർച്ചകളും മാപ്പിളപ്പാട്ടുകളിൽ കാണാം. മാപ്പിളപ്പാട്ടിലെ രീതികളെ ഇശൽ എന്നാണു പറയുക. രാഗംകൊണ്ടോ താളംകൊണ്ടോ വ്യതിരിക്തത സ്ഥാപിക്കാനാവാത്തതും നാടൻപാട്ടിന്റെ വാർപ്പിലുള്ളതുമാണ് ഇശലുകൾ. എന്നാൽ രചനാതലത്തിൽ മാപ്പിളപ്പാട്ട് നാടൻപാട്ടിന്റെ ഗണത്തിൽപ്പെടുകയുമില്ല.

- കേരളത്തിലെ മാപ്പിളജീവിതത്തിന്റെ തുടിപ്പുകൾ ആഴത്തിൽ പതിഞ്ഞുകിടക്കുന്ന കാവ്യമേഖലയാണ് മാപ്പിളപ്പാട്ടുകൾ. ജീവിതത്തിലെ അനുഭവങ്ങളോടുള്ള വൈകാരിക പ്രതികരണങ്ങളാണ് മാപ്പിളപ്പാട്ടുകളിൽ കാണുന്നത്. അതിൽ നല്ലൊരു വിഭാഗം ആത്മീയതയുമായി ബന്ധപ്പെട്ടതാണ്. പുണ്യപുരുഷന്മാരെ പ്രകീർത്തിക്കുന്ന മാലപ്പാട്ടുകളും മറ്റ് ആത്മീയമേഖലയിലേക്കു ശ്രദ്ധ തിരിക്കുന്ന തത്വചിന്താപരവും സ്വൂഫീസംബന്ധവുമായ കാവ്യകൃതികളും ഉദാഹരണം.
- ഇവകൂടാതെ പ്രേമകാവ്യങ്ങളും ആഘോഷവുമായി ബന്ധപ്പെട്ട പലതരം പാട്ടുകളും നാട്ടിൽനടക്കുന്ന സംഭവവികാസങ്ങൾ പ്രതിപാദിക്കുന്ന പാട്ടുകളും അസംബന്ധപാട്ടുകളും കത്തുപാട്ടുകളുമെല്ലാം ഈ വിഭാഗത്തിലുണ്ട്. ഏതു കാര്യവും വർണനകളിൽ ചാലിച്ചുകൊണ്ട് അതിമനോഹരമായി ആവിഷ്കരിക്കുന്ന രീതിയാണ് മാപ്പിളപ്പാട്ടു രചയിതാക്കൾ സ്വീകരിക്കാറുള്ളത്.

ചർച്ചയിലൂടെ വ്യക്തമായ വസ്തുക്കൾ ഉൾക്കൊള്ളിച്ച് കുട്ടികൾ കുറിപ്പ് തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തണം.

### ഗാനമേള സംഘടിപ്പിക്കാം

കുട്ടികൾക്ക് ഏറെ താല്പര്യമുള്ളതായിരിക്കും ഈ പ്രവർത്തനം. കുട്ടികളെ നാലോ അഞ്ചോ ഗ്രൂപ്പുകളായി തിരിക്കാം. ഗാനമേളയുടെ ദിവസവും സമയവും നിശ്ചയിച്ച് തയ്യാറാവാനുള്ള സമയം നൽകണം. കുട്ടികൾ ഗ്രൂപ്പുകളായി ഗാനമേള നടത്തട്ടെ. ഓരോ ഗ്രൂപ്പും അവതരിപ്പിക്കുമ്പോൾ ഇതരഗ്രൂപ്പുകൾ വിലയിരുത്തണം. ഏതു ഗ്രൂപ്പാണ് ഏറ്റവും ഭംഗിയായി അവതരിപ്പിച്ചതെന്നു കണ്ടെത്തണം. പ്രോത്സാഹിപ്പിക്കണം.

വിലയിരുത്തലിൽ പങ്കാളിത്തം, ഇശലുകൾ പാലിച്ചുകൊണ്ടുള്ള അവതരണം, ഈണം, താളം – സർവ്വോപരി ഗാനാത്മകത്വം തുടങ്ങിയവ പ്രത്യേകം പരിഗണിക്കണം.

### വായിക്കാം, കണ്ടെത്താം

കണ്ടുകിട്ടിയതിൽവച്ചേറ്റവും പഴക്കമുള്ള മാപ്പിളപ്പാട്ടുകൃതിയായ മുഹ്‌യുദ്ദീൻ മാലയിൽനിന്നുള്ള ഏതാനും വരികളും ലഘുവിവരണവുമാണ് നൽകിയിരിക്കുന്നത്. മുഹ്‌യുദ്ദീൻമാലയെ പരിചയപ്പെടുത്താൻ ഈ അവസരം പ്രയോജനപ്പെടുത്തണം. മാലയിൽനിന്നുള്ള കൂടുതൽ വരികൾ ക്ലാസിൽ അവതരിപ്പിക്കാം. കുട്ടികൾ അവ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കട്ടെ. ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതട്ടെ.

### അന്വേഷിച്ചറിയാം, കുറിപ്പ് തയ്യാറാക്കാം

2018-ൽ നടന്ന വെള്ളപ്പൊക്കത്തെക്കുറിച്ചു മുമ്പു പരാമർശിച്ചിട്ടുണ്ടല്ലോ.

ഇവിടെ ഒരു താരതമ്യക്കുറിപ്പ് തയ്യാറാക്കാനാണ് നിർദ്ദേശം. മാലയിൽ പ്രതിപാദിച്ച കാര്യങ്ങളും 2018 ലുണ്ടായ വെള്ളപ്പൊക്കത്തിൽ സംഭവിച്ച കാര്യങ്ങളും തമ്മിൽ എന്തെല്ലാം സാമ്യവ്യത്യാസങ്ങളുണ്ട്? ചർച്ച ചെയ്യാം.

- വെള്ളപ്പൊക്കത്തിലെ നാശനഷ്ടങ്ങൾ : അന്ന് കവുങ്ങും തെങ്ങും പ്ലാവുകളും മാവുകളുമെല്ലാം കടപുഴകി വീണ് ഒഴുകിപ്പോയി. വീട്ടുമൃഗങ്ങളും കാട്ടുമൃഗങ്ങളും ചത്തൊടുങ്ങി. വീട്ടിലെ പാത്രങ്ങളും ഉപകരണങ്ങളും ഒഴുകിപ്പോയി. വീടുകൾ തകർന്നു. റോഡുകൾ തകർന്നു. പലരും മരണപ്പെട്ടു.

- ഒരു നൂറ്റാണ്ടോളം പിന്നിട്ടുനടന്ന വെള്ളപ്പൊക്കത്തിലും അങ്ങനെയൊക്കെ സംഭവിച്ചുവല്ലോ. ഒഴുകിപ്പോകുന്ന വീട്ടുപകരണങ്ങളും ഫലവർഗ്ഗങ്ങളുമൊക്കെ ശേഖരിക്കാൻ അന്ന് പുഴയോരത്ത് ജനങ്ങൾ അണിനിരന്നു. പുതിയകാലത്തും അതാവർത്തിച്ചു.
- അന്നത്തേതിൽനിന്നു വ്യത്യസ്തമായി രക്ഷാപ്രവർത്തനത്തിനു പുതിയകാലത്ത് കൂടുതൽ സംവിധാനങ്ങളുണ്ടായിരുന്നു. അതുകൊണ്ട് ആളപായത്തിന്റെയും നാശനഷ്ടങ്ങളുടെയും വ്യാപ്തി കുറഞ്ഞു എന്നുമാത്രം.

ചർച്ചയിൽനിന്നു വ്യക്തമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് കുട്ടികൾ താരതമ്യക്കുറിപ്പ് തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തിയശേഷം ഏതാനും കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിച്ചു ചർച്ച ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിൽ എല്ലാവരും തങ്ങളുടെ രചനകൾ മെച്ചപ്പെടുത്തുന്നു.

**മാപ്പിളപ്പാട്ടിൽ മാറ്റം സംഭവിച്ചിട്ടുണ്ടോ?**

- പുതിയകാലത്തെ മാപ്പിളപ്പാട്ടുകൾക്ക് പഴയകാലത്തേതിൽ നിന്നു മാറ്റമുണ്ടോ? ഉണ്ടെങ്കിൽ എന്തൊക്കെ?
  മോയിൻകുട്ടി വൈദ്യരുടെയോ മറ്റോ വരികളും പുതിയ മാപ്പിളപ്പാട്ടുകാരുടെ ഏതെങ്കിലും വരികളും കുട്ടികളുടെ ശ്രദ്ധയിൽപെടുത്താം. അവർ നിരീക്ഷിച്ച് അഭിപ്രായങ്ങൾ പറയട്ടെ.

ക്രോഡീകരണം:

- പഴയകാലത്തെ മാപ്പിളപ്പാട്ടുകളിൽ സംസ്കൃതം, തമിഴ്, കന്നഡ, അറബി, പേർഷ്യൻ ഭാഷകളിലെ പദങ്ങൾ ധാരാളമുണ്ട്. ശരിയായി അപഗ്രഥനം നടത്താതെ അവയുടെ ആശയം മനസ്സിലാക്കാനാവില്ല.
- എന്നാൽ പുതിയകാലത്ത് മാപ്പിളപ്പാട്ടുകൾ മാനകമലയാളത്തിലാണ് രചിക്കപ്പെടുന്നത്. അവയുടെ ഭാഷയും രീതികളുമെല്ലാം വളരെ ലളിതമാണ്. ശ്രവണമാത്രയിൽ തന്നെ ആശയം മനസ്സിലാക്കാൻ പ്രയാസമുണ്ടാവില്ല.
- സങ്കീർണമായ ഇശലുകൾ പുതിയ എഴുത്തുകാർ സ്വീകരിക്കുന്നില്ല. പ്രയാസമില്ലാതെ പാടി അവതരിപ്പക്കാൻ പറ്റിയ രീതികളാണ് അവർ അവലംബിക്കുന്നത്.
- മാപ്പിളപ്പാട്ടെന്ന പേരിൽ ആർക്കും എന്തും പാടാമെന്നുള്ള ഒരവസ്ഥ വന്നുചേർന്നിരിക്കുന്നു. തനി ആഭാസകരവും അറപ്പുളവാക്കുന്നതുമായ മാപ്പിളപ്പാട്ടുകൾ ഇന്ന് രചിക്കപ്പെടുന്നുണ്ട്.
- പുതിയകാലമാപ്പിളപ്പാട്ടുകളിൽ ആശയഗാംഭീര്യം ചോർന്നുപോയിരിക്കുന്നു. ലോലമായ വൈകാരിക ആവിഷ്ക്കാരങ്ങൾക്കാണിന്നു മുൻഗണന.

ചർച്ചയിൽ ഉരുത്തിരിഞ്ഞ വസ്തുതകൾ ഗ്രൂപ്പുകളിൽ വീണ്ടും ചർച്ച ചെയ്ത് ചിട്ടപ്പെടുത്തി കുറിപ്പ് തയ്യാറാക്കട്ടെ. ഏതാനും കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകാം. അതുസംബന്ധമായ ചർച്ചയിലൂടെ മെച്ചപ്പെടുത്തലുകൾ നടത്താം.